# ഇടയകീർത്തനം



## നിത്യപ്രാർത്ഥനാക്രമവും വലിയനോമ്പിലെ പ്രാർത്ഥനകളും

Morth Smooni Jacobite Syriac Orthodox Church
Ghala, Muscat, Sultanate of Oman



# ഇടയകീർത്തനം

Published by : Morth Smooni Jacobite Syriac
Orthodox Church
Ghala, Muscat
Sultanate of Oman
Year of Publishing : February 2021
Printed at : Muscat Printing Press
Page Setting & Layout : St. Marys Printers, Manarcadu

*For Private Circulation only*

**JACOBITE SYRIAN CHRISTIAN CHURCH**

(Under the Holy Apostolic see of Antioch and All the East)

***Ireneous Paulose Metropolitan***
**- Bishop of Kozhikode Diocese**
**- Patriarchal Vicar of the Sultanate of Oman**

**Mount Horeb Bishop's House**
**Thamarassery. P.O., Karadi**
**Calicut- 673573**
**Kerala State- India**
**Phone: +91 495 2523475**
**Email: ireneouspaulose@yahoo.co.in**
**Mobile: +91 9496414122**


നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഗാല മൊർത്ത് ശ്മൂനി യാക്കോബായ സുറിയാനി ഓർത്തഡോക്സ് പള്ളിയുടെ ബഹുമാനപ്പെട്ട വികാരിക്കും, കമാണ്ടർമാർക്കും, കൈക്കാരന്മാർക്കും, കമ്മറ്റിക്കാർക്കും, ഭക്തസംഘടനാ ഭാരവാഹികൾക്കും, ശേഷം വിശ്വാസികൾക്കും കർത്താവിൽ വാഴ്‌വ്.

ശാസ്ത്ര - സാങ്കേതിക - വിജ്ഞാന - സാമ്പത്തിക മേഖലകളിൽ ഉണ്ടായ അഭൂതപൂർവ്വമായ പുരോഗതി മനുഷ്യന്റെ ജീവിതശൈലിയെ മാത്രമല്ല ആഭിമുഖ്യങ്ങളേയും മാറ്റിമറിച്ചിരിക്കുന്നു. ഉപഭോഗതൃഷ്ണ എല്ലാ അതിർത്തികളെയും ഭേദിച്ച് മനുഷ്യന്റെ അന്തഃസത്തയെത്തന്നെ ആശങ്കാജനകമായ വിധത്തിൽ കാർന്നുതിന്നുന്ന ആസക്തിയായി, ആഭിമുഖ്യമായി, സാംസ്കാരികമായി പരിണമിച്ചുകഴിഞ്ഞു. ഈ ദശാസന്ധിയിൽ മനുഷ്യന് ദൈവോന്മുഖരായി തീരാൻ ഒരൊറ്റവഴി മാത്രമേയുള്ളൂ. അത് പ്രാർത്ഥനയും ജാഗരണവുമാണ്. അതുകൊണ്ടാണ് സുറിയാനി പിതാക്കന്മാർ എല്ലാ യാമങ്ങളിലും പ്രാർത്ഥന ക്രമീകരിച്ചിരിക്കുന്നത്. പ്രാർത്ഥിക്കുമ്പോൾ വേദവായനയും, ദൈവീക കീർത്തനങ്ങളും അത്യന്താപേക്ഷിതമാണ്. അത് നമ്മെ അനിർവചനീയമായ ആത്മിക തലങ്ങളിൽ എത്തിക്കും. ദൈവജനത്തിന്റെ ആദ്ധ്യാത്മിക നിറവിന് ഉപയുക്തമാകുമാറ് പ്രാർത്ഥനകളും പാട്ടുകളും അടങ്ങുന്ന ഒരു പുസ്തകം 'ഇടയകീർത്തനം' എന്ന പേരിൽ നമ്മുടെ ഗാല മൊർത്ത് ശ്മൂനി ദൈവാലയം പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. ഈ പുസ്തകത്തിലൂടെ ദൈവീകസമാധാനം നിങ്ങളുടെ ഹൃദയത്തിൽ എന്നും വസിക്കട്ടെ എന്ന് ആശംസിക്കുന്നു. ശേഷം പിന്നാലെ...

ദൈവം അനുഗ്രഹിക്കട്ടെ.

**ഐറേനിയോസ് പൗലോസ് മെത്രാപ്പോലീത്താ**

*താമരശ്ശേരിയിലുള്ള മൗണ്ട് ഹോറേബ്*
*ബിഷപ്പ് ഹൗസിൽനിന്നും*
*25.02.2020*

# പ്രസാധകക്കുറിപ്പ്

ക്രിസ്തുമത വിശ്വാസികളുടെ സ്വഭാവജന്യമായ ദൗത്യമാണ് ക്രിസ്താനുകരണം. അതിന് ഒരുവനെ ഒരുക്കി എടുക്കുന്നത് പ്രാർത്ഥനയാണ്. സുറിയാനി സഭയുടെ പ്രാർത്ഥനകൾ ഏഴ് യാമങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഓരോ യാമപ്രാർത്ഥനകളെക്കുറിച്ചും പരിശുദ്ധ സഭയിലെ മല്പാന്മാരുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

സന്ധ്യാപ്രാർത്ഥന – ഭൂമിയിലെ അദ്ധ്വാനത്തിന്റേത്

സൂത്താറാ – വിത്തിന്റേത്

രാത്രിയിലെ നാലു സമയങ്ങൾ (കൗമകൾ) – വിത്തു വെടിപ്പാക്കുന്നത് സംബന്ധിച്ച്

1. കളകളിൽ നിന്ന്
2. മുൾച്ചെടികളിൽനിന്ന്
3. മുള്ളുകളിൽനിന്ന്
4. മുൾപ്പടർപ്പുകളിൽനിന്ന്

പ്രഭാതം : കൊയ്ത്തിന്റേത്

മൂന്നാംമണി : കറ്റയുടേത്

ആറാംമണി : ശേഖരിക്കപ്പെടുന്ന വിളവു സംബന്ധിച്ച്....

ഒമ്പതാംമണി : വിളവിന്റെ ആദ്യഫലത്തിൽ നിന്നുള്ള ദാനം സംബന്ധിച്ച്

ഏഴ് യാമങ്ങളെ കർത്താവിന്റെ കഷ്ടാനുഭവങ്ങളുടെ ഏഴ് ഘട്ടങ്ങളുമായി ബന്ധപ്പെടുത്തിയും പറയാറുണ്ട്.

രാത്രി : ഗത്സമനെ തോട്ടത്തിൽവച്ച് യേശുവിനെ ബന്ധിച്ച് മഹാപുരോഹിതന്മാരുടെ അരമനയിലേക്ക് കൊണ്ടുപോയി

പ്രഭാതം : മഹാപുരോഹിതന്മാരുടെ മുമ്പിലും പിന്നീട് നാടുവാഴിയായ പീലാത്തോസിന്റെ മുമ്പിലും വിസ്തരിക്കപ്പെട്ടു.

| | | |
|---|---|---|
| മൂന്നാംമണി | : | പീലാത്തോസ് മൂന്നാംമണി സമയത്ത് യേശുവിനെ മരണശിക്ഷയ്ക്ക് വിധിക്കുകയും ക്രൂശുമരണത്തിന് യഹൂദന്മാർക്ക് ഏല്പിച്ചുകൊടുക്കുകയും ക്രൂശിക്കുകയും ചെയ്തു. |
| ആറാംമണി | : | യേശു ക്രൂശിൽ കിടക്കുന്നു |
| ഒമ്പതാംമണി | : | കർത്താവ് പ്രാണനെ വിട്ടു |
| സന്ധ്യ | : | യൗസേപ്പും നിക്കോദിമോസും കൂടി കർത്താവിനെ കുരിശിൽ നിന്നിറക്കി |
| സൂത്താറാ | : | യേശു കല്ലറയിൽ സംസ്ക്കരിക്കപ്പെട്ടു |

സുറിയാനി സഭയിൽ നിത്യപ്രാർത്ഥനകൾക്കു പുറമേ ഓരോ ദിവസത്തിനുമുള്ള പ്രാധാന്യം താഴെപ്പറയുന്ന വിധമാണ്.

| | | |
|---|---|---|
| തിങ്കൾ, ചൊവ്വ | : | അനുതാപം |
| ബുധൻ | : | ദൈവമാതാവ് |
| വ്യാഴം | : | സകല മല്പാന്മാരും, ശ്ലീഹന്മാരും |
| വെള്ളി | : | കർത്താവിന്റെ ക്രൂശുമരണം |
| ശനി | : | വാങ്ങിപ്പോയ പുരോഹിതന്മാരും, വിശ്വാസികളും |
| ഞായർ | : | കർത്താവിന്റെ പുനരുദ്ധാന ദിവസം |

പ്രിയമുള്ളവരേ, നമ്മുടെ കർത്താവും രക്ഷിതാവുമായവൻ പ്രാർത്ഥനാ ജീവിതത്തിന്റെ മാതൃകയാണ്. ക്രിസ്തുവിന്റെ പ്രാർത്ഥനകളിൽ സ്തോത്ര ഗീതം ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളതും നാം മനസ്സിലാക്കേണ്ട വസ്തുതയാണ്. മത്തായി 26:30 “പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവു മലയ്ക്കു പുറപ്പെട്ടു” നാം ഒരുമിച്ചുകൂടിവരുമ്പോൾ ഉപയോഗിക്കത്തക്ക വിധത്തിൽ ഗാനങ്ങളും ഈ പ്രാർത്ഥനാ പുസ്തകത്തോടൊപ്പം ചേർത്തിരിക്കുന്നു. ഈ പുസ്തകം നിങ്ങളുടെ ആത്മിക ജീവിതത്തിന് ഒരു മുതൽക്കൂട്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പള്ളി ഭരണസമിതിക്കുവേണ്ടി,

**വികാരി /-**

# ഉള്ളടക്കം


| | |
|---|---|
| ആരംഭം | 1 - 2 |
| ഒൻപതാംമണി നേരത്തെ പ്രാർത്ഥന | 2 - 3 |
| സന്ധ്യാപ്രാർത്ഥന | 3 - 8 |
| അതാതു ദിവസം സന്ധ്യയ്ക്കുള്ള പ്രത്യേക പ്രാർത്ഥനകൾ | 8 - 12 |
| സൂത്താറാ പ്രാർത്ഥന | 12 - 19 |
| പാതിരാത്രി നമസ്ക്കാരം | 19 - 32 |
| പ്രഭാത പ്രാർത്ഥന | 32 - 36 |
| അതാതു ദിവസം പ്രഭാതത്തിലുള്ള പ്രത്യേക പ്രാർത്ഥനകൾ | 36 - 41 |
| മൂന്നാംമണി നേരത്തെ പ്രാർത്ഥന | 41 - 42 |
| മദ്ധ്യസ്ഥ പ്രാർത്ഥന | 42 - 43 |
| വലിയനോമ്പ് നമസ്കാരം (സാധാരണ നമസ്കാരം) | 44 - 51 |
| നമസ്കാരങ്ങളുടെ അവസാനത്തിൽ ചൊല്ലേണ്ടുന്ന അപേക്ഷ | 51 - 52 |
| വലിയനോമ്പ് നമസ്കാരം (പാമ്പാക്കുട) | 52 - 63 |
| വലിയനോമ്പ് പാതിരാത്രിയുടെ നമസ്കാരം | 63 - 69 |
| വലിയനോമ്പു പ്രഭാതപ്രാർത്ഥന | 69 - 76 |
| വലിയനോമ്പ് മൂന്നാം മണി നേരത്തെ പ്രാർത്ഥന | 76 - 77 |
| വലിയനോമ്പ് മദ്ധ്യാഹ്നപ്രാർത്ഥന | 77 - 78 |
| വലിയനോമ്പ് ഒൻപതാംമണി നേരത്തെ പ്രാർത്ഥന | 78 - 79 |
| കുമ്പസാരമുറ | 79 - 80 |
| കുമ്പസാരിക്കാൻ പുരോഹിതന്റെ മുമ്പിൽ | |
| മുട്ടുകുത്തുമ്പോൾ പറയേണ്ടുന്ന പ്രാർത്ഥന | 80 - 81 |
| പത്തുകല്പനകൾ | 81 |
| വിശ്വാസി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | 81 - 82 |

**അ** P.No.

1. അരൂപിയാൽ നിറയാൻ 83
2. അമ്മേ! അമ്മേ! തായേ 107
3. അതിരുകളില്ലാത്ത സ്നേഹം 92

**ആ**

4. ആരാധനയ്ക്കു യോഗ്യനേ 98
5. ആരാധന.... ആരാധന 102
6. ആകാശങ്ങളിലിരിക്കും 104
7. ആരാധിക്കുന്നു ഞങ്ങൾ 105
8. ആരാധ്യനേ! സമാരാധ്യനേ 106

**ഇ**

9. ഈ ഭൂമിയിലെന്നെ 83

**ഉ**

10. ഉണർവ്വിൻ കൊടുങ്കാറ്റേ 93

**എ**

11. എത്ര നല്ലവൻ 90
12. എണ്ണമേറും പാപത്താൽ 94
13. എന്നുള്ളിലെന്നും 85
14. എന്നെ കൈപിടിച്ചു 98
15. എനിക്കായ് എന്റെ ദൈവം 108
16. എന്റെ മുഖം വാടിയാൽ 110
17. ഏഴുവിളക്കിൻ നടുവിൽ 97

**ഒ**

18. ഒന്നുവിളിച്ചാലോടിയെന്റെ 94
19. ഒരു നിമിഷം എൻ 109
20. ഓ.... പാവനാത്മാവേ 97

**ക**

21. കർത്താവിലെന്നും എന്റെ ആശ്രയം 89
22. കാണുന്നു ഞാൻ 102
23. കരയാൻ എനിക്കൊരു 96
24. കർത്താവിന്റെ കരബലം 110
25. കരഞ്ഞാൽ കണ്ണീരൊപ്പും 111

**ഞ**

26. ഞാൻ നിന്നെ സൃഷ്ടിച്ച 103
27. ഞാനെൻ നാഥനെ വാഴ്ത്തുന്നു 89
28. ഞാൻ ജീവിക്കുന്നു 109

**ത** P.No.

29. തന്നാലും നാഥാ! ആത്മാവിനെ 87

**ദ**

30. ദൈവാരൂപിയേ 105
31. ദൈവത്തിന്റെ ആത്മാവിറങ്ങി 113

**ന**

32. നിൻ തിരുരക്തത്താൽ 91
33. നിന്റെ തകർച്ചയിൽ 100
34. നിത്യവിശുദ്ധയാം 104
35. നിത്യസഹായനാഥേ 104
36. നിത്യപിതാവേ ആരാധന 112
37. നിൻ ദാനം ഞാൻ അനുഭവിച്ചു 147
38. നിർമ്മലമായൊരു ഹൃദയമെന്നിൽ 148
39. നീ എന്റെ രക്ഷകൻ 148
40. നീ എന്റെ സങ്കേതവും 148
41. നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ 149
42. നീയെന്റെ വെളിച്ചം 149

**പ**

43. പരിശുദ്ധാത്മാവേ!നീയെഴുന്നള്ളി 83
44. പോകുന്നേ ഞാനും എൻ 86
45. പരിശുദ്ധാത്മാവിൻ 91
46. പാവനാത്മാവേ! 95
47. പെറ്റമ്മ മറന്നാലും 96
48. പാപബോധവും 100
49. പുതിയൊരു ജനനം 113
50. പരമപിതാവിനു സ്തുതി പാടാം 150
51. പരിശുദ്ധൻ മഹോന്നത ദേവൻ 151
52. പരിശുദ്ധാത്മാവേ 151
53. പാടി പുകഴ്ത്തിടാം 152
54. പെന്തക്കോസ്തു നാളിൽ 152
55. പ്രാർത്ഥന കേൾക്കണമേ 153
56. പ്രാർത്ഥനയാൽ സാധിക്കാത്ത 154

**ഭ**

57. ഭയപ്പെടേണ്ട 101
58. ഭൂവാസികളേ 154

P.No.

**മ**

59. മനസ്സൊരുക്കുക നാം 114
60. മൽപ്രിയനേ! എന്നേശുനായകനെ 114
61. മറവിടമായെനിക്കേശുവുണ്ട് 115
62. മാതാശുദ്ധിമതി 116
63. മാറിടാത്ത യേശുനാഥൻ 116
64. മൃദുവായ് നീ തൊടുകിൽ 117
65. മൺമയമാം ഈയുലകിൽ 155
66. മദ്ധ്യാകാശത്തിങ്കൽ 155
67. മനമേ പക്ഷിഗണങ്ങളുണർന്നിതാ 156

**യ**

68. യേശു നല്ലവൻ അവൻ വല്ലഭവൻ 86
69. യേശുവല്ലാതാരുമില്ല 108
70. യഹോവയിരേ 127
71. യേശു എൻ പക്ഷമായ് 127
72. യേശുക്രിസ്തു ഉയിർത്തു 128
73. യേശു നല്ലവൻ 128
74. യേശുമണവാളൻ നമ്മെ 129
75. യേശു മതിയെനിക്കേശു മതി 129
76. യേശു മഹോന്നതനേ 130
77. യേശു വിളിക്കുന്നു 131
78. യേശുവിന്റെ രക്തത്താൽ 131
79. യേശുവേ നിന്റെ രൂപമീയെന്റെ 132
80. യേശുവേ നീയെനിക്കായ് 132
81. യേശുവോടു ചേർന്നിരിപ്പതെത്ര 133

**ര**

82. രാജാധി രാജൻ മഹിമയോടെ 133
83. രാജാധി രാജൻ വരുന്നിതാ 134

**ല**

84. ലോകമാം ഗംഭീര വാരിയിൽ 88
85. ലോകത്തിൽ ഏക ആശ്രയം 135
86. ലോകമാം ഗംഭീരവാരിധിയിൽ 135
87. ലോകെ ഞാനെൻ ഓട്ടം 137

**വ**

88. വത്സരേ! ദൂരത്തെന്തിനു 138

P.No.

89. വന്നീടുവിൻ യേശുപാദം 138
90. വരുവിൻ ഈ നല്ല സമയം 139
91. വഴിയരികിൽ പഥികനായ് 140
92. വാ വാ യേശുനാഥാ! 140
93. വാഴും ഞാനെൻ രക്ഷിതാവിൻ 141
94. വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു 142
95. വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക 142
96. വിശുദ്ധിയെ തികച്ചു നാം 143
97. വിശ്വാസജീവിത പടകിൽ 144
98. വീണ്ടെടുക്കപ്പെട്ട കൂട്ടമേ 144
99. വെള്ളത്തിന്മീതെ പരിവർത്തിച്ച 145

**ശ**

100. ശുദ്ധർ സ്തുതിക്കും വീടേ 119
101. ശുദ്ധാത്മാവേ! വന്നെന്നിൽ 119
102. ശുദ്ധത തിങ്ങും 117
103. ശ്ലീഹന്മാരിലിറങ്ങി വസിച്ചൊരു 120
104. ശ്രീയേശുനാമം അതിശയനാമം 120

**സ**

105. സന്താപം തീർന്നല്ലോ 84
106. സമർപ്പണത്തിൻ 101
107. സർവ്വശക്തനാണല്ലോ 111
108. സ്തോത്രഗാനങ്ങൾ 121
109. സർവ്വ നന്മകൾക്കും 122
110. സർവ്വവും യേശുനാഥനായ് 122
111. സർവ്വസൃഷ്ടികളുമൊന്നായ് 123
112. സീയോൻ യാത്രയതിൽ 123
113. സീയോൻ സഞ്ചാരി ഞാൻ 124
114. സ്തുതിക്കും ഞാനെന്നും 125
115. സ്തുതി സ്തുതി എൻ മനമേ 125
116. സ്തോത്രഗാനങ്ങൾ പാടി 126

**ഹ**

117. ഹാ മനോഹരം! യാഹേ 146
118. ഹൃദയം തകർന്നൊരുനാൾ 146

**ക്ഷ**

119. ക്ഷമാശീലനാമെന്നേശുവേ! 95

# നിത്യപ്രാർത്ഥനാക്രമം

## ആരംഭം

+ പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യേക ദൈവത്തിന്റെ തിരുനാമത്തിൽ, തനിക്ക് സ്തുതി.

നമ്മുടെമേൽ തന്റെ കരുണയും മനോഗുണവും രണ്ടുലോകങ്ങളിലും ഇന്നും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ

ആകാശവും ഭൂമിയും തന്റെ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഉയരങ്ങളിൽ സ്തുതി.

ദൈവമായ കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

**കൗമാ**

ദൈവമേ! നീ പരിശുദ്ധനാകുന്നു. ബലവാനേ! നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനെ! നീ പരിശുദ്ധനാകുന്നു. ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ! + ഞങ്ങളുടെമേൽ കരുണ ചെയ്യണമെ (3 പ്രാവശ്യം)

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമെ. ഞങ്ങളുടെ കർത്താവേ ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ദൈവമേ! നിനക്കു സ്തുതി, സ്രഷ്ടാവേ! നിനക്ക് സ്തുതി/പാപികളായ നിന്റെ അടിയാരോട് കരുണ ചെയ്യുന്ന മശിഹാ രാജാവേ!/നിനക്കു സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!/നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടണമെ/നിന്റെ രാജ്യം വരണമെ/നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ/ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന അപ്പം

ഇന്നു ഞങ്ങൾക്ക് തരണമെ/ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ച തുപോലെ/ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോട് ക്ഷമിക്കണമെ/ പരീക്ഷയിലേക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതേ/പിന്നെയോ ദുഷ്ടനിൽ നിന്ന് ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ/എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും നിനക്കുള്ളതാകുന്നു. ആമ്മീൻ

+ കുരിശു വരയ്ക്കണം

കൃപനിറഞ്ഞ മറിയമെ! നിനക്കു സമാധാനം/ഞങ്ങളുടെ കർത്താവ് നിന്നോ ടുകൂടെ/സ്ത്രീകളിൽ നീ വാഴ്ത്തപ്പെട്ടവളാകുന്നു/നിന്റെ ഉദരഫലമായ ഞങ്ങളുടെ കർത്താവായ യേശുമിശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു/ദൈവ മാതാവായ വിശുദ്ധ കന്യകമർത്തമറിയമേ തമ്പുരാന്റെ അമ്മേ/ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തും/പാപികളായ ഞങ്ങൾക്കുവേണ്ടി ദൈവംതമ്പുരാനോട് അപേക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

## ഒൻപതാംമണി നേരത്തെ പ്രാർത്ഥന

## കോലോകൾ (പാട്ടുകൾ)

മരിച്ചവരെ ജീവിപ്പിക്കുന്നവനായുള്ളോവേ! നിനക്കു സ്തുതി/കബറടക്ക പ്പെട്ടവരെ ഉയിർത്തെഴുന്നേൽപിക്കുന്നവനെ! നിനക്കു സ്തുതി/നിനക്ക് സ്തുതിയും/നിന്നെ അയച്ച പിതാവിനും വിശുദ്ധ റൂഹായ്ക്കും പുകഴ്ചയും ഉണ്ടായിരിക്കട്ടെ. ബാറെക്മോർ.

തിരുവുള്ളത്താൽ മൂന്നുദിവസം കബറിൽ പാർത്തവനായി/ത്രിത്വത്തിൽ ഒരുവനായുള്ളോവേ!/നിന്റെ വിലയേറിയ രക്തത്താൽ വിലയ്ക്കു വാങ്ങ പ്പെട്ടവരായ/മരിച്ചുപോയവരെ നീ ഉയിർപ്പിച്ച് ജീവിപ്പിക്കണമെ./മൊറിയോ....

## മോർ ബാലായിയുടെ ബോവൂസൊ

## (അപേക്ഷാഗീതം)

കരുണകൾ നിറഞ്ഞിരിക്കുന്നവനെ! ഉയിർപ്പുദിവസത്തിൽ നിന്റെ സൃഷ്ടിയെ നീ പുതുതാക്കണമേ.

കർത്താവേ! നിന്നിലുള്ള ശരണത്തോടുകൂടെ നിദ്ര പ്രാപിച്ച്/നിന്റെ വര വിനായി കാത്തിരിക്കുന്ന/ ഞങ്ങളുടെ മരിച്ചുപോയവരെ നീ ആശ്വസി പ്പിച്ച് പുണ്യപ്പെടുത്തേണമേ.

കർത്താവേ! നിന്നുള്ള ആശാബന്ധത്തോടുകൂടെ നിദ്ര പ്രാപിച്ചിരിക്കുന്ന വരായ നിന്റെ ദാസരെ/അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ വസിപ്പിക്കേണമേ.

വന്നവനും വരുന്നവനും മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന്/ശരീരങ്ങളും ആത്മാക്കളും ഒന്നുപോലെ അട്ടഹസിച്ച് പറയുമാറാകണമെ ആമ്മീൻ

(ദൈവമേ നീ പരിശുദ്ധനാകുന്നു.... ഇത്യാദി)

## സന്ധ്യാപ്രാർത്ഥന

ദൈവമേ നീ പരിശുദ്ധനാകുന്നു. ഇത്യാദി കൗമ ചൊല്ലണം.

51-ാം മസ്മൂർ (സങ്കീർത്തനം)

ദൈവമേ! നിന്റെ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ/നിന്റെ കരുണയുടെ ബഹുത്വത്തിൻപ്രകാരം/എന്റെ പാപങ്ങളെ മായ്ച്ചുകളയണമെ.

എന്റെ അന്യായത്തിൽ നിന്നും എന്നെ നന്നായി കഴുകി,/എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ/എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു/എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരെയിരിക്കുന്നു.

നിനക്ക് വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു/നിന്റെ തിരുമുമ്പിൽ തിന്മകളെ ഞാൻ ചെയ്തു/അത് നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും/നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്യുവാനായിട്ടു തന്നെ;/എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു/പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു./നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു/നിന്റെ സോപ്പാകൊണ്ട് എന്റെമേൽ തളിക്കണമേ/ ഞാൻ വെടിപ്പാക്കപ്പെടും./അതിനാൽ എന്നെ നീ വെൺമയാക്കണമേ/ ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെൺമയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ/ ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും/എന്റെ പാപങ്ങളിൽ

നിന്ന് നിന്റെ തിരുമുഖം തിരിച്ച്/എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചുകളയണമെ.

ദൈവമേ, വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ/സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ/നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ/നിന്റെ വിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കയുമരുതേ/എന്നാലോ നിന്റെ ആനന്ദവും രക്ഷയും എനിക്കു തിരിച്ചുതരണമേ/മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ/അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴി പഠിപ്പിക്കും. പാപികൾ നിങ്കലേക്ക് തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ!/രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ/എന്റെ നാവ് നിന്റെ നീതിയെ സ്തുതിക്കും/കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ/എന്റെ വായ് നിന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ നീ ഇഷ്ടപ്പെട്ടില്ല/ഹോമബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു/ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമെ/ഊർശ്ലേമിന്റെ മതിലുകളെ പണിയണമെ/അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും നീ ഇഷ്ടപ്പെടും/അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാഴ്ചകൾ ബലിയായി  കരേറും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.-

ബാറെക്മോർ.

## കുറിയേലായിസോൻ

## 140, 141, 118, 16, മസുമൂറകൾ

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ എന്നോടു ഉത്തരമരുളിചെയ്യണമെ/എന്റെ വചനങ്ങളെ സൂക്ഷിച്ച് കേട്ട് കൈക്കൊള്ളുകയും ചെയ്യണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും/എന്റെ കൈകളിൽ നിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും ഇരിക്കുമാറാകണമെ/ എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും/ഞാൻ

അന്യായപ്രവർത്തികളെ ചെയ്യാതെയും ഇരിക്കത്തക്കവണ്ണം/എന്റെ വായ്ക്കും എന്റെ അധരങ്ങൾക്കും കാവൽക്കാരെ നിയമിക്കേണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ/നീതിമാൻ എന്നെ പഠിപ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ/ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്ക് കൊഴുപ്പാകാതെയിരിക്കട്ടെ/എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷത്തെക്കുറിച്ചാകുന്നു/അവരുടെ വിധികർത്താക്കൾ പാറയുടെ മുനയാൽ തടയപ്പെട്ടു/ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു/കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്കുയർത്തി നിന്നിൽ ശരണപ്പെട്ടു/എന്റെ ആത്മാവിനെ തള്ളിക്കളയരുതേ.

എനിക്കായി കെണികളെ മറച്ചുവച്ചിട്ടുള്ള/പ്രശംസക്കാരുടെ/കൈയ്യിൽനിന്ന് എന്നെ/ഞാൻ കടന്നുപോകുന്നതുവരെ കാത്തുകൊള്ളണമെ/അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചു വീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ ഞാൻ കർത്താവിനെ വിളിച്ചു/എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോട് പ്രാർത്ഥിച്ചു/അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു/അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു/നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവച്ചു/ഞാൻ വലത്തോട്ടുനോക്കി. എന്നെ അറിയുന്നവനില്ലെന്നു ഞാൻ കണ്ടു/സങ്കേതസ്ഥലം എനിക്കില്ലാതെയായി/എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല/കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത്/എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു.

ഞാൻ ഏറ്റവും താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ ശ്രദ്ധിച്ച് കേൾക്കേണമെ/എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട്/അവരിൽ നിന്ന് എന്നെ വിടുവിക്കണമേ/ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട്/എന്റെ ആത്മാവിനെ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുവിക്കണമെ/നീ എന്നോട് ഉത്തരമരുളിച്ചെയ്യുമ്പോൾ/നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും/

നിന്റെ വചനം എന്റെ കാലുകൾക്ക് ദീപവും/എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു/നിന്റെ നീതിയുള്ള വിധികളെ ആചരിക്കുമെന്ന് ഞാൻ ആണയിട്ട് നിശ്ചയിച്ചു/ഞാൻ ഏറ്റവും ക്ഷീണിച്ചു/കർത്താവേ! നിന്റെ വചന പ്രകാരം എന്നെ ജീവിപ്പിക്കണമേ/കർത്താവേ! എന്റെ വായിൽ നിന്നു വരുന്ന വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ/നിന്റെ ന്യായങ്ങളിൽ നിന്ന് എന്നെ പഠിപ്പിക്കണമേ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു/നിന്റെ വേദ പ്രമാണത്തെ ഞാൻ മറന്നില്ല. പാപികൾ എന്നെ കുടുക്കുവാൻ കെണികളെ വച്ചു/എന്നാലും ഞാൻ നിന്റെ കല്പനകളിൽ നിന്ന് മാറിപ്പോയില്ല/ഞാൻ നിന്റെ സാക്ഷിയെ എന്നേക്കും അവകാശമായി സ്വീകരിച്ചു/എന്തെന്നാൽ അത് എന്റെ ഹൃദയത്തിന് ആനന്ദമാകുന്നു/നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട്/ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു.

സകലജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ/സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ/എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു/അവൻ സത്യമായിട്ടും എന്നേക്കും കർത്താവാകുന്നു. ദൈവമേ! സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

## എക്ബോ (പ്രത്യേക പ്രാർത്ഥന)

കർത്താവേ! കരുണയോടെ നിന്റെ ചെവി ചായിച്ച്/ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളോടുത്തരമരുളിച്ചെയ്യണമേ/ഞങ്ങളുടെ ശുശ്രൂഷകളും പ്രാർത്ഥനകളും/ദയവോടെ കൈക്കൊള്ളുവാൻ നിനക്കിഷ്ടമുണ്ടാവുകയും ചെയ്യണമേ. സ്തൗമെൻ കാലോസ്...

## കോലോകൾ - ധൂപപ്രാർത്ഥന

കർത്താവേ! ഞങ്ങളുടെ പ്രാർത്ഥന നിന്റെ സന്നിധിയിൽ സുഗന്ധവർഗ്ഗം പോലെ ഇമ്പകരമായി ഭവിക്കണമേ/സുഗന്ധധൂപം പോലെ അതു നിന്റെ സന്നിധിയിലേക്ക് ഉയരുമാറാകണമേ/സുഗന്ധവർഗ്ഗങ്ങളുടെ വാസന നിനക്കിമ്പമായിരിക്കുന്നതുപോലെ/ഞങ്ങളുടെ നമസ്ക്കാരങ്ങളിലും, പ്രാർത്ഥനകളിലും, അപേക്ഷകളിലും, സ്തോത്രങ്ങളിലും നീ ഇഷ്ടപ്പെട്ട്/ഞങ്ങളിലുള്ള അയോഗ്യതകളെ ഓർക്കാതെ/അവയെ കൈക്കൊള്ളുകയും/ഞങ്ങളുടെ യാചനകളെ നൽകുകയും ചെയ്യണമെ. ബാറെക്മോർ.

## ദൈവമാതാവിനോട്

കന്യകയായ ദൈവമാതാവേ/എല്ലാ ഭാഗങ്ങളിൽ നിന്നും ഞങ്ങൾക്കു വന്നു കൂടുന്ന ഉപദ്രവങ്ങളേയും/ഈ ലോക സമുദ്രത്തിന്റെ ഓളങ്ങളേയും ചുഴലികളേയും നീ തടയണമേ/മാതാവേ! ദൈവസന്നിധിയിൽ നിനക്കുള്ള ധൈര്യപൂർവ്വമായ പ്രവേശനം മൂലം/ദൈവം ഞങ്ങൾക്കു കരുണയും പാപ മോചനവും/രോഗികൾക്ക് സൗഖ്യവും/ഞെരുക്കത്തിലിരിക്കുന്നവർക്കു ആശ്വാസവും/അകലെപോയിരിക്കുന്നവർക്ക് തിരിച്ചുവരവും നൽകുവാനായിട്ട്/ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## പരിശുദ്ധന്മാരോട്

സഹദേൻമ്മാരെ, ജലപ്രളയകാലത്തിൽ/നീതിമാനായ നോഹ/തന്നോടു കൂടെ പെട്ടകത്തിനകത്ത് പ്രവേശിച്ച ജീവജന്തുക്കളെ അതിന്റെ ഉള്ളിൽ മറച്ചുകൊണ്ടപ്രകാരം/ലോകത്തെ ചുറ്റിയിരിക്കുന്ന തിരമാലകളിൽ നിന്നും/ചുഴലികളിൽനിന്നും അതിനെ നിങ്ങൾ മറച്ചുകൊള്ളണമെ.

## ഏക പരിശുദ്ധനോട് - (മോർ തോമാശ്ലീഹ........)

നിന്റെ ശോഭ മേലുള്ളവരെ വിസ്മയിപ്പിച്ചു/നിന്റെ ശ്രേഷ്ഠമായ നാമം താഴെയുള്ളവരുടെ ഇടയിൽ പുകഴ്ത്തപ്പെടുന്നു/നിന്റെ യജമാനനായ മിശിഹാ നിന്റെ നല്ല നടപടികളെക്കണ്ട്/നിന്റെ ഓർമ്മയെ ബഹുമാനിച്ച് ശ്രേഷ്ഠതപ്പെടുത്തിയിരിക്കുന്നു/നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമേ.

## അനുതാപത്തിന്റെ

പരമാർത്ഥികളെ സ്നേഹിക്കുന്ന നിർമ്മലനായിരിക്കുന്ന ദൈവമായ കർത്താവേ/ഞങ്ങൾക്ക് എല്ലായ്പ്പോഴും നിർമ്മല ഹൃദയത്തെ തരണമേ/നിനക്കിഷ്ടമില്ലാത്ത വ്യർത്ഥവിചാരങ്ങളേയും/ദുഷ്ചിന്തകളേയും ഞങ്ങളിൽനിന്ന് നീക്കിക്കളയണമേ/കർത്താവേ! കള്ളന് തുറന്നുകൊടുത്തപ്രകാരം/നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്ക് നീ തുറന്നുതരണമേ/ചുങ്കക്കാരന്റെയും പാപിനിയായ സ്ത്രീയുടെയും അനുതാപത്തെ കൈക്കൊണ്ടതുപോലെ/ഞങ്ങളുടെ അനുതാപത്തെയും കൈക്കൊള്ളണമേ/മാനസാന്തരപ്പെട്ട് തന്റെ അടുക്കലേക്ക് വരുന്ന/അനുതാപക്കാരിൽ പ്രീതിപ്പെടുന്ന കരുണാസമ്പൂർണ്ണനായ കർത്താവേ/നിന്നെ ഉപേക്ഷിച്ച് പറഞ്ഞതിനുശേഷവും/ശെമഓനെ നീ പുണ്യപ്പെടുത്തിയ പ്രകാരം ഞങ്ങളുടെ കടങ്ങളേയും പാപങ്ങളേയും പരിഹരിക്കണമേ.

കർത്താവേ നിന്റെ അന്ത്യന്യായവിസ്താരത്തിൽ മുഖപക്ഷമില്ലാത്തതിനെ ഓർത്ത്/കുറ്റക്കാരായ ഞങ്ങൾ ഏറ്റവും ദുഃഖിക്കുന്നു/ഭയങ്കരമേറിയ കണക്കു പുസ്തകങ്ങൾ വിടർത്തി/ഞങ്ങളുടെ കുറ്റങ്ങൾ വായിക്കുന്ന സമയത്ത്/നിന്റെ കൃപ പ്രബലപ്പെട്ട് നിന്റെ നീതിയാൽ ഞങ്ങളെ സഹായി ക്കണമെ/കുറ്റക്കാരായ ഞങ്ങൾക്ക് മോചനം ലഭിക്കുകയും ചെയ്യുമാറാ കണമെ/കർത്താവേ! ഞങ്ങൾ പാപം ചെയ്തുപോയി എന്ന് സമ്മതിക്കുന്നു/ ദയവോടെ ഞങ്ങളോട് കരുണ ചെയ്യണമേ.

## വാങ്ങിപ്പോയവർക്കുവേണ്ടി

കർത്താവേ! പുണ്യപ്പെടുത്തുന്നതായ നിന്റെ വിശുദ്ധ ശരീരത്തേയും/രക്ത ത്തേയും അനുഭവിച്ചിട്ടുള്ള/വിശ്വാസികളായ മരിച്ചുപോയവരെക്കുറിച്ച് നല്ല സ്മരണയുണ്ടാകുമാറാകണമെ/മ്ശിഹാ കർത്താവേ! നിന്റെ മാലാഖമാ രോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ/ഞങ്ങളുടെ മരിച്ചുപോയവർ മുഖപ്രസാദത്തോടുകൂടെ/നിന്റെ വലത്തുഭാഗത്തുനിന്നുകൊണ്ട് നിന്റെ ദൈവത്വത്തെ സ്തുതിക്കുമാറാകണമെ. മൊറിയോ...

## അതാതുദിവസം സന്ധ്യയ്ക്കുള്ള പ്രത്യേക പ്രാർത്ഥന ഞായർ (സന്ധ്യ)

കർത്താവ് എത്ര വലിയവനും മഹത്വമുള്ളവനും ആകുന്നു/ഞായറാഴ്ച ദിവസം എല്ലാ ദിവസങ്ങളേക്കാൾ പ്രധാനമായിട്ടുള്ളതാകയാൽ/അതിനെ വിശ്വാസത്തോടും ഭക്തിയോടും ആചരിക്കുന്നവൻ ഭാഗ്യവാൻ/മരണം കൊല്ലപ്പെട്ടതായ ഈ ദിവസത്തിൽ/ആകാശവും ഭൂമിയും സന്തോഷി ക്കുന്നു/മരിച്ചവർക്ക് ആശ്വാസവും ജീവനോടിരിക്കുന്നവർക്ക് ശരണവും ലഭിക്കപ്പെടുന്നു. - ബാറെക്മോർ.

കർത്താവേ! ഞായറാഴ്ച ദിവസത്തിൽ ഞങ്ങൾ വെടിപ്പോടും വിശുദ്ധി യോടുംകൂടി ശോഭിപ്പാനും/നിനക്കിഷ്ടമുള്ള സൽപ്രവൃത്തികളോടുകൂടെ നിന്നെ സ്തുതിപ്പാനും/ഞങ്ങൾ സന്തോഷത്തോടും ആനന്ദത്തോടുംകൂടെ നിന്റെ വേദപ്രമാണങ്ങളിൽ ധ്യാനിച്ചുകൊണ്ട്/നിന്റെ കല്പനകളെ ആചരി പ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ......... മൊറിയോ.......

## ബോവൂസൊ

പരിശുദ്ധ ശ്ലീഹന്മാർ  ഞങ്ങൾക്കു തെളിയിച്ചുതന്നിട്ടുള്ള മാർഗ്ഗത്തിൽകൂടി നടന്നുകൊണ്ട്/പുറജാതികളുടെയും സ്വജാതികളുടേയും ഇടയിൽ ഞങ്ങൾ നിന്റെ ഏവൻഗേലിയോനെ വഹിക്കുന്നവരായിത്തീരുമാറാകണമേ/നിന്നിൽ വിശ്വസിക്കാതെ ഹൃദയാന്ധകാരത്തിൽ ഇരിക്കുന്നവർക്ക്/ഞങ്ങൾ പ്രകാശവും ദൃഷ്ടാന്തവും ആയിരിക്കുമാറാകണമേ/ലോകത്തിന്റെയും, മരണത്തിന്റെയും, സാത്താന്റെയും അധികാരം ഞങ്ങളിൽ പ്രബലപ്പെടാതെയും/അവയാൽ ഞങ്ങൾ വഞ്ചിക്കപ്പെടാതെയും/നിന്റെ സ്ലിബായുടെ ശക്തിയാൽ കരുണയോടെ ഞങ്ങളെ കാത്തുകൊള്ളണമെ.

## തിങ്കൾ (സന്ധ്യ) (കോലോകൾ)

കർത്താവേ! ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം/അവയുടെ പാപങ്ങളെക്കുറിച്ച് അവയ്ക്ക് ഒരുമിച്ചു നിന്നോടപേക്ഷിക്കാൻ കഴിയാത്തതിനാൽ/അവ ലോകത്തിൽ ഒരുമിച്ചിരിക്കുമ്പോൾ തന്നെ നീ അവയോടു കരുണ ചെയ്‌വാനായിട്ട് നിന്നെ വിളിക്കുന്നു/ന്യായാസനത്തിങ്കൽ അവ രണ്ടിനോടും കരുണ ചെയ്യണമേ. - ബാറെക്മോർ.

ഞങ്ങളുടെ കർത്താവേ! ഈ അഴിഞ്ഞുപോകുന്ന സന്ധ്യയാൽ ആക്രമിക്കപ്പെടാത്ത പകൽ നീ ഞങ്ങൾക്കായിരിക്കണമേ/നിന്റെ സ്ലീബാ, ഞങ്ങളോടു യുദ്ധം ചെയ്യുന്ന ദുഷ്ടനിൽ നിന്നും/അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളുന്ന കോട്ടയായിരിക്കണമെ/മൊറിയോറാഹേം......

## ബോവൂസൊ

കർത്താവേ! സന്ധ്യ ഞങ്ങളെ പിടികൂടി/രാത്രിയാമത്തിൽ ആക്കിയിരിക്കുന്നതിനാൽ/നീ ഞങ്ങൾക്കു രാത്രിയിൽ സൂര്യനായിരിക്കുകയും/നിന്നിൽ ഞങ്ങൾ നടക്കുകയും ചെയ്യുമാറാക്കണമേ.

## ചൊവ്വ (സന്ധ്യ) (കോലോകൾ)

അദ്ധ്വാനക്കാരും വേലക്കാരും ആശ്വസപ്പെടുന്നതിനായിട്ടും/കൃപയാൽ നമ്മെ മെനഞ്ഞുണ്ടാക്കിയ പിതാവിനെയും/സ്ലീബായാൽ നമ്മെ രക്ഷിച്ച പുത്രനെയും പരിശുദ്ധാത്മാവിനെയും സ്തുതിക്കുന്നതിനായിട്ടും/സമാധാനത്തിന്റെ സന്ധ്യയും ആശ്വാസത്തിന്റെ രാത്രിയും നമുക്കു തന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. - ബാറെക്മോർ

നീതിയുള്ള രാജാവും, മഹത്വമുള്ള ദീർഘദർശിയും ആയ ദാവീദിനെപ്പോലെ/തന്റെ കുറ്റങ്ങളെ തന്റെ കണ്ണുകളുടെ നേരെ വച്ചിരിക്കുന്നവർ ഭാഗ്യവാനാകുന്നു/ദൈവമേ! എന്നോട് കരുണ ചെയ്ത് എന്റെ അകൃത്യങ്ങളെ മോചിക്കണമെ എന്ന്/ദാവീദ് അനുതാപത്തോടെ നിലവിളിച്ചു പറഞ്ഞതുപോലെ/ഞങ്ങളും പറയുവാനായിട്ട് അനുതാപമുള്ള ഹൃദയം ഞങ്ങൾക്കു തരണമേ. മൊറിയോറാഹേം.....

## ബോവൂസൊ

ഞങ്ങളുടെ കുറ്റങ്ങളെല്ലാം തന്റെ സന്നിധിയിൽ പരസ്യമായി വെളിപ്പെട്ടിരിക്കുന്ന മിശിഹാരാജാവേ/നീ ന്യായവിസ്താരം ചെയ്യുന്ന സമയത്ത് ഞങ്ങളോട് കരുണ ചെയ്യണമെ.

## ബുധൻ (സന്ധ്യ) (കോലോകൾ)

ദൈവമാതാവായ വിശുദ്ധ കന്യകമറിയമെ/നിന്റെ പുകഴ്ചകളെ വിവരിപ്പാൻ ഞങ്ങൾക്കു പ്രാപ്തിയില്ല/ലോകൈകനാഥനായവന് മാതാവായിത്തീർന്ന കന്യകയായുള്ളവളെ/നിന്റെ ചരിത്രം അവർണ്ണനീയം തന്നെ/നിന്റെ പ്രാർത്ഥന ഞങ്ങൾക്കു സഹായമായിരിക്കണമെ/ - ബാറെക്മോർ.

കർത്താവേ നിന്നെ പ്രസവിച്ച കന്യകയായ മാതാവിന്റെ പ്രാർത്ഥനകളാൽ/നിന്റെ സഭയിൽ നിന്നു ശിക്ഷകളും/ക്രോധത്തിന്റെ വടികളും നീക്കിക്കളയണമെ/കർത്താവേ! കന്യാവൃതത്തിൽ നിന്നെ പ്രസവിച്ചവളായ വി. കന്യകയോടുകൂടെ/നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമെ - മൊറിയോ......

## ബോവൂസൊ

ദൈവമാതാവേ! രാജാധിരാജനായവൻ ലോകമൊക്കെയും തന്റെ നിരപ്പും സമാധാനവും വസിപ്പിപ്പാനും/ഭൂതലത്തിൽ നിന്നു ക്രോധത്തിന്റെ വടികളെ നീക്കുവാനുമായിട്ട്/ഞങ്ങളോടുകൂടെയും ഞങ്ങൾക്കുവേണ്ടിയും നീ അവനോട് പ്രാർത്ഥിക്കണമെന്ന് നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു.

## വ്യാഴം (സന്ധ്യ) (കോലോകൾ)

കൃഷിക്കാരെപ്പോലെ ലോകത്തിലേക്കു പുറപ്പെട്ടവരായി/വിശ്വാസ പ്രസംഗികളായ പരിശുദ്ധ ശ്ലീഹന്മാരെ/ഞങ്ങളുടെ ഇടയിൽനിന്ന് കളകൾ ചുവടെ പറിച്ചു നീക്കപ്പെടുവാനും നല്ല വിത്ത് ഞെരുക്കപ്പെടാതിരിപ്പാനും ആയിട്ട്

നിങ്ങൾ പ്രാർത്ഥിക്കണമെ/ഭൂലോകത്തിൽ തന്റെ ഏവൻഗേലിയോനെ വിതച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു-ബാറെക്മോർ

ഇയ്യോബ് കുപ്പയിൽനിന്നും/ദാനിയേൽ കുഴിയുടെ ഉള്ളിൽ നിന്നും/മൂന്ന് പൈതങ്ങൾ അഗ്നിച്ചൂളയിൽനിന്നും നിന്നെ വിളിക്കുകയും/നീ അവരെ രക്ഷിക്കുകയും ചെയ്തുവല്ലോ/അപ്രകാരം ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ വിളിക്കുന്നു/ഞങ്ങളോട് കരുണ ചെയ്യണമെ. മൊറിയോറാഹേം....

## ബോവൂസൊ

കർത്താവേ പരിശുദ്ധ പിതാക്കന്മാരുടെയും/സത്യവിശ്വാസികളായ ഉപദേഷ്ടാക്കന്മാരുടെയും/പ്രാർത്ഥനകളാലും അപേക്ഷകളാലും/നിന്റെ സ്ലീബായാൽ രക്ഷിക്കപ്പെട്ടിരിക്കുന്ന നിന്റെ സഭയോട് കൃപ ചെയ്യണമെ/

## വെള്ളി (സന്ധ്യ)
## (കോലോകൾ)

വിശുദ്ധ സ്ലിബായെ കുസ്തന്തീനോസ് രാജാവ് ആകാശത്തിൽ കാണുകയും/അത് യുദ്ധങ്ങളിൽ അവനെ രക്ഷിക്കുകയും ചെയ്ത പ്രകാരം/ സ്ലീബാ ലോകാവസാനം വരെ പള്ളികൾക്കും ദയറാകൾക്കും രക്ഷയുടെ കോട്ടയായിരിക്കണമെ/കർത്താവേ നിന്റെ സ്ലീബായാൽ ലോകത്തിന്റെ നാനാഭാഗങ്ങളെയും നീ സമാധാനപ്പെടുത്തണമെ. - ബാറെക്മോർ.

സഹദേന്മാരേ! പാപത്തിൽ ഉൾപ്പെട്ടിരിക്കുന്ന ഞങ്ങളുടെ വംശം നിങ്ങളുടെ പ്രാർത്ഥനമൂലം കരുണ പ്രാപിക്കണമെ/നിങ്ങളുടെ പ്രാർത്ഥനയുടെ ശക്തിയാൽ സാത്താന് ലജ്ജ ഭവിക്കുകയും/അവന്റെ സൈന്യങ്ങൾക്ക് വീഴ്ച ഭവിക്കുകയും ചെയ്യുമാറാകണമെ/നിങ്ങളുടെ പ്രാർത്ഥന എന്നും ഞങ്ങൾക്ക് സഹായമായിരിക്കണമെ- മൊറിയോ....

## ബോവൂസൊ

കർത്താവേ ഞങ്ങളുടെ വർഗ്ഗത്തിന്മേൽ ശക്തിപ്പെട്ടവനായ ആകെൽക്കറുസായെ/നിന്റെ സ്ലീബാമൂലം നീ ചവിട്ടി മറിച്ചിട്ടതിനാൽ/ ജീവൻ നൽകുന്നതായ നിന്റെ സ്ലീബായെ ഞങ്ങൾ വന്ദിക്കുന്നു.

## ശനി (സന്ധ്യ) (കോലോകൾ)

കർത്താവേ ജീവിച്ചിരിക്കുമ്പോൾ പള്ളികളിലും ദയറാകളിലും/വി. മദ്ബഹായിൽ നിനക്കു ശുശ്രൂഷ ചെയ്തിട്ടുള്ള/പട്ടക്കാരും ശുശ്രൂഷക്കാരുമായ നിന്റെ ആചാര്യന്മാരെ നീ പുണ്യപ്പെടുത്തണമെ/അവർ പാപമോചനത്തിനായിട്ട് തങ്ങളുടെ കൈകൾകൊണ്ട് നിന്റെ ശരീരത്തേയും രക്തത്തേയും എടുത്ത് ആഘോഷിച്ചതിനാൽ/നിന്റെ ശരീരം മൂലം അവരുടെ കടങ്ങൾ പരിഹരിക്കപ്പെടുകയും/നിന്റെ രക്തംമൂലം അവരുടെ പാപങ്ങൾ മോചിക്കപ്പെടുകയും/അവർ നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് നിനക്കു സ്തുതി പാടുകയും ചെയ്യുമാറാകണമെ-ബാറെക്മോർ

കർത്താവേ ജീവനുള്ള നിന്റെ ശരീരത്തേയും രക്തത്തേയും അനുഭവിച്ചവരായ/ഞങ്ങളുടെ മരിച്ചുപോയവരെ/സ്വർഗ്ഗീയ ഊർശ്ലേമിൽ നല്ല ഓർമ്മയ്ക്കു നീ ഇടയാക്കണമേ/നീ നിന്റെ ന്യായാസനത്തിൻമേൽ ഇരുന്ന്/ദുഷ്ടന്മാരിൽ നിന്ന് നല്ലവരെ വേർതിരിക്കുന്ന സമയത്ത്/അവർ മുഖപ്രസാദത്തോടുകൂടെ നിന്റെ വലത്തുഭാഗത്ത് നിൽക്കുമാറാകണമെ/മൊറിയോറാഹേം മേലൈനു ആദാറൈൻ.

## ബോവൂസോ

ദൈവപുത്രാ! ആഴിവില്ലാത്ത സ്വർഗ്ഗരാജ്യത്തിൽ/ശുദ്ധിമാന്മാരോടും നീതിമാന്മാരോടുംകൂടെ നിന്റെ ദാസരെ ആശ്വസിപ്പിക്കണമേ.

ഞങ്ങളുടെ കർത്താവായ യേശുമശിഹാ!/നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ/കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു/ഞങ്ങളോട് കരുണയുണ്ടാകണമെ.

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ട്/നിന്റെ സ്നേഹം നിന്റെ സ്ഥാനത്ത് നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു,/ഞങ്ങളോടു കരുണയുണ്ടാകണമേ.

ദൈവമേ നീ പരിശുദ്ധനാകുന്നു. ഇത്യാദി

## സൂത്താറാ പ്രാർത്ഥന
## കൗമ
## (കോലോകൾ-അനുതാപത്തിന്റെ)

കർത്താവേ! നിന്റെ സർവ്വ കല്പനകളുടെയും വഴി ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങൾ അവയെ ആചരിച്ച് നിന്റെ കൃപയാൽ ജീവിക്കുമാറാകണമെ/

നിന്റെ നൽവരത്തിന്റെ ഭണ്ഡാരം കവർച്ച ചെയ്യപ്പെടാതിരിക്കാൻ/ഞങ്ങളുടെ അവയവങ്ങളുടെ തുറക്കപ്പെട്ട വാതിലുകൾക്ക് നീ കാവൽക്കാരെ നിയമിക്കണമെ/ബാറെക്മോർ

വിശുദ്ധന്മാരാൽ തന്റെ വിശുദ്ധത കൊണ്ടാടപ്പെടുന്ന പരിശുദ്ധനായ ദൈവമേ/കർത്താവു പരിശുദ്ധനെന്നും/തന്റെ നാമം വാഴ്ത്തപ്പെട്ടതെന്നും സ്രോപ്പേൻമാർ സ്തുതിക്കുന്നതുപോലെ ഞങ്ങൾ നിന്നെ സ്തുതിപ്പാനായിട്ട്/ഞങ്ങളെല്ലാവരുടെയും വിചാരങ്ങളെ നീ വിശുദ്ധീകരിച്ച് വെടിപ്പാക്കേണമേ. മൊറിയോ....

## ബോവൂസൊ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണയുണ്ടായി ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമേ

നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്നു കരുണയും കൃപയും മോചനവും ഞങ്ങൾക്ക് അയച്ചു തരേണമേ.

ഞങ്ങളുടെ പ്രവൃത്തികൾ നിന്നെ കോപിപ്പിപ്പാൻ തക്കവയാകുന്നുവെങ്കിലും/നീ കോപത്തിനു ആഗ്രഹമില്ലാത്തവനാകുന്നു/നീ കരുണാസമ്പൂർണ്ണനായിരിക്കുന്നതുകൊണ്ട്/നിന്റെ ശാന്തത കലങ്ങാത്തതുമാകുന്നു.

നിന്റെ കരുണാസമുദ്രത്തിന്റെ വലിപ്പത്തിങ്കൽ ഞങ്ങളുടെ പാപം അസംഖ്യമെങ്കിലും/അത് ചെളിയുടെ ഒരു തുള്ളിപോലെ മാത്രം ഇരിക്കുന്നു/മഹാസമുദ്രത്തെ/ഒരു തുള്ളി ചെളിക്കു കലക്കുവാൻ കഴിയുന്നതല്ലല്ലോ.

പ്രാർത്ഥനകളെ കേൾക്കുന്നവനും യാചനകളെ നൽകുന്നവനും ആയുള്ളോവേ/ഞങ്ങളുടെ പ്രാർത്ഥനകളെ കേട്ട് ഞങ്ങളുടെമേൽ പ്രീതി തോന്നി/ നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകളെ നല്കണമേ.

## മോർ അപ്രേമിന്റെ മെമ്രൊ

കർത്താവേ! കൃപ ചെയ്യണമെ- പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻ ദയയും നിൻ മോചനവും  നിന്നറയിൽ നിന്നേകണമെ.

എന്നുടയോനെ സന്നിധിയിൽ നിദ്ര തെളിഞ്ഞിന്നീയടിയാൻ
വന്നുണർവോടെ നിൽപ്പതിനായ് ഉന്നതനെ നീ കൃപ ചെയ്ക

പിന്നെയുമീനിന്നടിയാൻ ഞാൻ നിദ്രയിലായെന്നാകിലുമേ
എന്റെയുറക്കം സന്നിധിയിൽ ദോഷം കൂടാതാകണമെ

തിന്മകൾ ഞാനുണർവ്വിൽ ചെയ്താൽ നന്മയോടൊക്കെപ്പോക്കുക നീ
നിദ്രയിൽ ഞാൻ പിഴ ചെയ്തെങ്കിൽ നിൻ ദയ മോചിച്ചീടണമെ.

താഴ്മയെഴും നിൻ കുരിശാലെ + നല്ലയുറക്കം നൽകണമെ
മായകൾ ദുഃസ്വപ്നാദികൾ നിൻ ദാസനു കാണാറാകരുതേ

ഇന്നു സമാധാനം നിറയും നിദ്രയൊടെന്നെക്കാക്കുക നീ
എന്നിലസത്തും ദുർന്നിനവും വന്നധികാരം ചെയ്യരുതേ

നിന്നടിയാൻ ഞാനെന്നതിനാൽ എന്നുടലിന്നും കാവലിനായ്
നിൻവെളിവിന്റെ ദൂതനെ നീ എന്നരികത്താക്കീടണമെ

യേശുവേ ജീവനിരിക്കും നിൻ ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ ചിത്തമതിൽ തോന്നീടരുതേ

രാവിലുറങ്ങുമ്പോഴരികിൽ കാവലെനിക്കായ് തിരുരക്തം
നിന്നുടെ രൂപത്തിനുസദാ നീ വിടുതൽ തന്നീടണമെ

നിൻകൈമെനഞ്ഞോരെന്നുടലിൽ നിന്റെ വലംകൈയാകണമെ
നിൻകൃപ ചുറ്റും കോട്ടയുമായ് കാവലതായും തീരണമെ

അംഗമടങ്ങും നിദ്രയതിൽ നിൻബലമെന്നെ കാക്കണമെ
എന്റെയുറക്കം നിന്നരികിൽ ധൂപം പോലെയുമാകണമേ

അൻപൊടു നിന്നെ പ്രസവിച്ചോ- രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻ ശയനത്തിന്മേൽ രാവിൽ ദുഷ്ടനടുക്കാറാകരുതേ

എൻ ദുരിതത്തിൻ പരിഹാരം നൽകിയ നിന്റെ ബലിയാലെ
എന്നെ ഞെരുക്കീടാതെ മഹാ-ദുഷ്ടനെ നീ മാറ്റീടണമേ

നിന്നുടെ വാഗ്ദാനം കൃപയാൽ എങ്കലഹോ നീ നിറവേറ്റി
നിൻ കുരിശാലെൻ + ജീവനെ നീ-മംഗലമോടും കാക്കണമെ

ഏറിയൊരെന്റെ ഹീനതയിൽ പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻ കൃപയെ ഓർത്തു പുകഴ്ത്താറാകണമേ

നിന്തിരുവിഷ്ടം നിന്നടിയാ- നൻപിലറിഞ്ഞായതുപോലെ
തന്നെ നടപ്പാൻ നിൻ കൃപയാൽ എന്നിൽ നിത്യം കൃപ ചെയ്ക

നന്മ നിറഞ്ഞോരന്തിയെയും നന്മവിളങ്ങും രാവിനെയും
എന്നുടയോനാം മശിഹായെ നിന്നടിയങ്ങൾക്കേകണമേ

സത്യവെളിച്ചം നീ പരനെ- നിന്റെ മഹത്വം വെളിവിൽ താൻ
നൽ വെളിവിൻ സുതരായവരും നിൻ മഹിമയ്ക്കായ് സ്തുതി പാടും

മാനവരക്ഷകനേ! സ്തുതി നിൻ ദാസരിലെന്നും നിൻ കൃപയെ
ഈയുലകിൽ നീയെന്നതുപോൽ ആലോകത്തിലുമേകണമേ

എന്നുടയോനേ! സ്തുതി നല്കീ-ടുന്നു നിനക്കെൻ രക്ഷകനെ
ആയിരമോടൊത്തായിരമായ് -യേശുവേ! നിന്നെ സ്തുതി പാടും

പ്രാർത്ഥനയെ കേൾക്കുന്നവനെ യാചനയെ നൽകുന്നവനെ
പ്രാർത്ഥന കേട്ടീ ദാസരുടെ യാചനയെ നല്കീടണമേ
കുറിയേ......കുറിയേ......കുറിയേ......

## 91, 120 മസ്മൂർകൾ

ബാറെക്മോർ, അത്യുന്നതന്റെ മറവിലിരിക്കുന്നവനും ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ!

ബാറെക്മോർ, നീ കർത്താവിനോടു എന്റെ ശരണവും/എന്റെ സങ്കേതസ്ഥലവും/ഞാനാശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നു പറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽനിന്നും/വ്യർത്ഥ സംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും/അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും/അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽ നിന്നും/പകൽപറക്കുന്ന അസ്ത്രത്തിൽനിന്നും/ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽനിന്നും/ഉച്ചയിൽ ഊതുന്ന കാറ്റിൽ നിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് നിന്ന് ആയിരങ്ങളും/നിന്റെ വലതുഭാഗത്തുനിന്നും പതിനായിരങ്ങളും വീഴും

അവർ നിങ്കലേക്ക് അടുക്കയില്ല/എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ട് തന്നെ കാണും/ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും/

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല/ശിക്ഷ എന്റെ കൂടാരത്തിന് സമീപിക്കയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടതിന്/അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പിക്കും

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാൻ/അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും

ഗോർസോ സർപ്പത്തേയും ഹെർമ്മോനോ സർപ്പത്തേയും നീ ചവിട്ടും/ സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ച് ബലപ്പെടുത്തും/അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും/ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും/അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും/എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും.

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും/എന്നെ സഹായിക്കുന്നവൻ എവിടെനിന്ന് വരും

എന്റെ സഹായം/ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല/നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നുമില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവൽക്കാരൻ കർത്താവാകുന്നു/കർത്താവ് വലതുകൈകൊണ്ട് നിനക്ക് നിഴലിടും

പകൽ ആദിത്യനെങ്കിലും/രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും/ കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും

അവൻ നിന്റെ ഗമനത്തേയും/നിന്റെ ആഗമനത്തേയും ഇന്നുമുതൽ എന്നേക്കും കാത്തുകൊള്ളും

ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

**ശുബഹോ...** (പുരോഹിതൻ ഉള്ളപ്പോൾ മാത്രം)
**ഹാലേലുയ്യാ ഉഹാലേലുയ്യ ഉഹാലേലുയ്യ**
**മെനഓലം വാദാമൊൽ ഓലം ഒൽമ്മീനാമ്മീൻ**

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ!/നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ/ഞങ്ങളെ മറച്ച് ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ/നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമെ

മഹത്വമുള്ള രാജാവായി/ഞങ്ങളുടെ രക്ഷകനായ മശിഹാ/നിരപ്പു നിറഞ്ഞിരിക്കുന്ന സന്ധ്യയും/പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു/ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി/ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച്/നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ/നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും/അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമേ/

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും/നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ/നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും/നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ/ദൈവമേ! ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

## കൗമാ

+ കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു (3 പ്രാവശ്യം).

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ... വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ...

നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു/നീ എന്നേക്കും വിശുദ്ധിയും മഹത്വവുമുള്ളവനാകുന്നു/നീ എന്നേക്കും വിശുദ്ധിയും മഹത്വവും ഉള്ളവനും നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്കു സ്തുതി/ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി/ഞങ്ങളുടെ ശരണവുമേ എന്നേയ്ക്കും നിനക്ക് സ്തുതി/ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..... ഇത്യാദി

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി/ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ/സകലത്തിന്റെയും സൃഷ്ടാവായ/സത്യ ഏകദൈവത്തിൽ **ഞങ്ങൾ വിശ്വസിക്കുന്നു.**

ദൈവത്തിന്റെ ഏകപുത്രനും/സർവ്വലോകങ്ങൾക്കു മുമ്പെ പിതാവിൽനിന്നു ജനിച്ചവനും/ പ്രകാശത്തിൽ നിന്നുള്ള പ്രകാശവും/ സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും/ജനിച്ചവനും സൃഷ്ടിയല്ലാത്തവനും/സാരാംശത്തിൽ പിതാവിനോട് സമത്വമുള്ളവനും/തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും/മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി/തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി + വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും/ ശരീരിയായിത്തീർന്ന് മനുഷ്യനായി/പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ/ഞങ്ങൾക്കുവേണ്ടി + കുരിശിൽ തറയ്ക്കപ്പെട്ട്/കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ്/ സ്വർഗ്ഗത്തിലേക്ക് കരേറി +/തന്റെ പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നവനും/ജീവനുള്ളവരേയും മരിച്ചവരേയും ന്യായം വിധിപ്പാൻ/തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും/ തന്റെ രാജ്യത്വത്തിന് അവസാനമില്ലാത്തവനുമായ/ യേശുമിശിഹായായ ഏകകർത്താവിലും **ഞങ്ങൾ വിശ്വസിക്കുന്നു.**

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും/പിതാവിൽ നിന്ന് പുറപ്പെട്ട്/ പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും/ നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനുമായി/ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും/കാതോലികവും ശ്ലൈഹികവുമായ ഏകവിശുദ്ധ സഭയിലും/ **ഞങ്ങൾ വിശ്വസിക്കുന്നു.**

പാപമോചനത്തിന് മാമോദീസ/ഒന്നു മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റു പറഞ്ഞ്/മരിച്ചുപോയവരുടെ ഉയിർപ്പിനും/വരുവാനിരിക്കുന്ന ലോകത്തിലെ/ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ. ബാറെക്മോർ, സ്തൌമെൻകാലോസ് കുറിയേലായിസ്സോൻ, കുറിയേ....കുറിയേ

ഞങ്ങളുടെ കർത്താവേ! ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളി ചെയ്ത് ഞങ്ങളോടു കരുണ ചെയ്യണമേ. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി. ഞങ്ങളുടെ ശരണവുമേ എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ......

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

കൃപനിറഞ്ഞ മറിയമേ! ഇത്യാദി.

# പാതിരാത്രി നമസ്ക്കാരം

## ഒന്നാം കൗമ

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ..... ഇത്യാദി കൗമാ ചൊല്ലിയതിനുശേഷം

## അപേക്ഷ

ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ എന്റെ കർത്താവേ!/നിന്റെ ഉണർവിനെ സ്തോത്രം ചെയ്യുവാനായിട്ട്/പാപത്തിന്റെ മുഴുകലിൽ നിന്ന് ഞങ്ങളുടെ ഉറക്കത്തെ ഉണർത്തേണമേ/മരണമില്ലാത്ത ജീവനുള്ളവനേ/നിന്റെ കരുണയെ ഞങ്ങൾ വന്ദിപ്പാനായിട്ട്/മരണത്തിന്റെയും നാശത്തിന്റെയും ഉറക്കത്തിൽ നിന്നു ഞങ്ങളുടെ മരണത്തെ ജീവിപ്പിക്കേണമെ/പിതാവും പുത്രനും പരിശുദ്ധ റൂഹായുമേ/സ്വർഗ്ഗത്തിലും ഭൂമിയിലും സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും നീ തന്നെ ആകുന്നു എന്നതുകൊണ്ട്/

നിന്നെ സ്തുതിക്കുന്ന സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള കൂട്ടങ്ങളോടുകൂടെ/നിന്നെ സ്തുതിച്ചു വാഴ്ത്തുവാൻ ഞങ്ങളെ യോഗ്യരാക്കേണമേ. ആമ്മീൻ.

## 133, 118, 116 മസുമൂറകൾ

ബാറെക്മോർ, രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി/കർത്താവിന്റെ സകല ദാസന്മാരുമായുള്ളോരെ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

ബാറെക്മോർ, നിങ്ങൾ ശുദ്ധസ്ഥലത്തേക്കു നിങ്ങളുടെ കൈകകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കർത്താവ്/സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ/നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമെ/എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ/നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ....

എന്റെ നാവു നിന്റെ വചനത്തെ ഉച്ചരിക്കും/എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ/എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും/ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും/

എന്റെ ആത്മാവ് നിന്റെ രക്ഷക്കായിട്ട് കാത്തിരുന്നു/നിന്റെ വേദപ്രമാണത്തെ ഞാൻ ധ്യാനിച്ചു.

എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കുകയും/നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി/നിന്റെ ഭൃത്യനെ അന്വേഷിക്കണമെ/എന്തെന്നാൽ ഞാൻ നിന്റെ കല്പനകളെ മറന്നില്ല.

സകല ജാതികളുമെ! കർത്താവിനെ സ്തുതിപ്പിൻ/സകല ജനങ്ങളുമെ! അവനെ സ്തുതിപ്പിൻ/എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു/അവൻ സത്യമായിട്ട് എന്നേക്കും കർത്താവാകുന്നു. ദൈവമേ സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എന്യോനോ (ധ്യാനകീർത്തനം)

ഉറക്കമില്ലാത്ത ഉണർവുള്ളവനേ അനുതാപത്തിലേക്ക് ഞങ്ങളെ ഉണർത്തേണമേ.

വി.കന്യകയായ മാതാവേ നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കേണമേ.

ദീർഘദർശിമാരും ശ്ലീഹന്മാരുമേ/നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കേണമേ.

ഈഹീദായക്കാരും ദയറാക്കാരുമേ/നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് സഹായമായിരിക്കണമേ.

ഉത്തമനായ പുത്രാ! നിന്റെ കൃപയുടെ സമൃദ്ധമായ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമേ.

കർത്താവേ വിശ്വാസികളായ മരിച്ചുപോയവരെ നീ ആശ്വസിപ്പിക്കണമേ കുറിയേലായിസോൻ കുറി.... കുറി....

### (ദൈവമാതാവ്)

## എക്ബോ

വി. കന്യകയായ മാതാവേ/ഞങ്ങളുടെ ഇടയിൽ സമാധാനം ഉണ്ടാകുവാനും ഞങ്ങൾക്ക് കരുണ ലഭിക്കുവാനുമായിട്ട് നിന്റെ ഏകപുത്രനോട് നീ അപേക്ഷിക്കണമെ/നിന്റെ പ്രാർത്ഥനകളാൽ യുദ്ധങ്ങളില്ലാതാവുകയും/ഭരണകർത്താക്കൾ സമാധാനമായിരിക്കുകയും/സഭ മഹത്വപ്പെടുകയും/സഭാമക്കൾ അദൃശ്യമായ മഹാശക്തിയെ സ്തുതിച്ചുകൊണ്ട്/സന്തോഷ പെരുന്നാൾ ആഘോഷിക്കുമാറാകണമേ.

സ്തൗമെൻ കാലോസ് കുറിയേ.....

## കോലോകൾ

കർത്താവേ! കന്യാവൃതത്തോടും/വെടിപ്പോടും വിശുദ്ധിയോടുംകൂടെ/നിന്നെ പ്രസവിച്ച മാതാവിന്റെ ഓർമ്മ/പരിമളധൂപം പോലെ നിനക്കു ഇമ്പമായിരിക്കണമെ/ഇവിടെ ഭൂമിയിലും മീതെ സ്വർഗ്ഗത്തിലും അവൾക്കു നല്ല ഓർമ്മ ഉണ്ടാവുകയും ചെയ്യണമേ/ബാറെക്മോർ

വിശുദ്ധ കന്യകയായുള്ളവളെ/ആദിമുതലേ നിന്നെ തിരഞ്ഞെടുത്ത പിതാവിനു സ്തുതിയും/തിരുവുള്ളത്താൽ നിന്നിൽനിന്ന് ശരീരിയായിതീർന്ന പുത്രന് സ്തോത്രവും/മേലിൽനിന്നിറങ്ങിവന്ന് നിന്നെ തന്റെ കൂടാരമാക്കിത്തീർത്ത്/നിന്നിൽ വസിച്ച വിശുദ്ധ റൂഹായ്ക്കു പുകഴ്ചയും ഉണ്ടായിരിക്കട്ടെ. മൊറിയോ.....

## മോർ യാക്കോബിന്റെ ബോവൂസോ

ദൈവപുത്രാ! ഒമ്പതുമാസം നിന്നെ വഹിച്ച മാതാവിന്റെ പ്രാർത്ഥനകളാൽ ഞങ്ങളിൽ നിന്ന് ക്രോധത്തിന്റെ വടികളെ നീക്കിക്കളയണമെ.

## 2-ാം കൗമാ

കർത്താവിന്റെ ബഹുമാനം.... ഇത്യാദി കൗമായുടെ ശേഷം.

(പരിശുദ്ധന്മാർ)

## എക്ക്ബൊ

തിരഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധന്മാരുമായ സഹദേന്മാരെ!/നിങ്ങളെ ലോകത്തിനു സഹായങ്ങളെ ഒഴുക്കുന്ന ഉറവകളാക്കിത്തീർക്കുകയും/നിങ്ങളുടെ അസ്ഥികളാകുന്ന നിക്ഷേപത്തിൽ/ശക്തികളെ വസിപ്പിക്കുകയും ചെയ്തവനായ കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു/ഞങ്ങൾക്കുവേണ്ടി നിങ്ങൾ കർത്താവിനോടപേക്ഷിക്കണമെ.

സ്തൗമെൻ കാലോസ് കുറിയേ....

## കോലോകൾ

കർത്താവേ! നീ തെരഞ്ഞെടുത്തിട്ടുള്ള പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രാർത്ഥനകളാൽ/സംവത്സരത്തിന്റെ പന്ത്രണ്ടു മാസങ്ങളേയും കൃപയോടെ വാഴ്ത്തണമെ/വേനലും വർഷവും നിയമപ്രകാരം അതാതു കാലത്തു ക്രമമായിട്ടുണ്ടാവുകയും/സ്വർഗ്ഗീയ നന്മകളും ഭൂമിയുടെ വിളവുകളും ഞങ്ങൾക്കു ലഭിക്കുകയും ചെയ്യണമെ/കർത്താവേ! ഫലങ്ങൾ വളരുകയും/അഗതികളും ദരിദ്രന്മാരും ഭക്ഷിച്ച്/നിന്റെ തിരുനാമത്തെ മഹത്വപ്പെടുത്തുകയും ചെയ്‌വാൻ തക്കവണ്ണം/വാഴ്‌വിന്റെ മഴകളേയും/ചാറൽ മഴകളേയും നീ പെയ്യിക്കണമെ. ബാറെക്മോർ.

സത്യത്തിന്റെ പ്രസംഗകനായ യോഹന്നാനും/സ്തേഫാനോസും/ശ്രേഷ്ഠനായ തേവോദോറോസും/ഗീവർഗീസ് സഹദായും/ശ്രേഷ്ഠഭടന്മാരായ

സർഗ്ഗീസും, ബാക്കോസും/മോർ കുറിയാക്കോസും/അവന്റെ മാതാവായ യൂലിത്തിയും/വാഴ്ത്തപ്പെട്ട മാതാവായ ശ്മൂനിയും/അവളുടെ ഏഴു മക്കളും/പരിശുദ്ധ നാല്പതു സഹദേന്മാരും/തിരഞ്ഞെടുക്കപ്പെട്ടവനായ മോർ ബഹനാമും/ആയ എല്ലാവരുടേയും പ്രാർത്ഥന നമുക്ക് സഹായക മായിത്തീരട്ടെ. മൊറിയോ റാഹേം....

## മോർ അപ്രേമിന്റെ ബോവൂസോ

കർത്താവേ! നിന്നെ ഇഷ്ടപ്പെടുത്തുന്നവരുടെ പ്രാർത്ഥനകളാൽ ഞങ്ങളോടു കരുണ ചെയ്യണമെ.

റൂഹായാൽ നിന്നെക്കുറിച്ച് സംസാരിച്ച ദീർഘദർശിമാരും/നിന്റെ പ്രത്യക്ഷതയെ അറിയിച്ച ശ്ലീഹന്മാരും/നിന്നോടുള്ള സ്നേഹം നിമിത്തം മരണത്തെ സ്വീകരിച്ച സഹദേന്മാരും/ഞങ്ങൾക്കുവേണ്ടി നിന്നോടപേക്ഷിക്കുന്നു. ഞങ്ങളോടു കൃപ ചെയ്യണമെ.

പരിശുദ്ധന്മാരേ!/ശിക്ഷകളേയും ക്രോധത്തിന്റെ വടികളേയും/ഞങ്ങളിൽ നിന്ന് ഒഴിച്ച് നീക്കിക്കളവാനായിട്ട്/നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളാൽ പ്രസാദിപ്പിച്ചിട്ടുള്ള കർത്താവിനോടു/ഞങ്ങളോടുകൂടെ അപേക്ഷിക്കണമെ.

## 3-ാം കൗമാ

കർത്താവിന്റെ ബഹുമാനം ................ ഇത്യാദിശേഷം

## (വാങ്ങിപ്പോയവർ)

(ഞായർ, ബുധൻ, വെള്ളി, ശനി, മോറാനായപ്പെരുനാളുകൾ, പെരുനാളുകൾ എന്നിവയ്ക്കു താഴെകാണുന്ന മൂന്നാമതു കൗമാ ചൊല്ലണം)

## എക്ക്ബോ

കർത്താവേ!/ഞങ്ങളുടെ മരിച്ചുപോയവരെ നിന്റെ മഹിമയുള്ള ഭവനങ്ങളിൽ ആശ്വസിപ്പിക്കണമെ./കർത്താവേ!/ഞങ്ങളുടെയും അവരുടെയും തെറ്റുകളെ ക്ഷമിച്ച് ഇല്ലായ്മ ചെയ്തുകൊണ്ട്/അവരെ ആശ്വസിപ്പിക്കുകയും/ഞങ്ങളോട് കൃപയുണ്ടായിരിക്കുകയും ചെയ്യണമെ.

സ്തൗമെൻ കാലോസ് കുറിയേ....

## കോലോകൾ

മിശിഹാ കർത്താവേ!/ഞങ്ങളെക്കുറിച്ച് നീ മൗനമായിരിക്കയും/നിന്നെ ആരാധിക്കുന്നവരിൽ നിന്ന് അകലെയായിരിക്കുകയും അരുതെ/

എന്തെന്നാൽ ഞങ്ങളുടെ ആശ്രയം നിന്നിലാകുന്നു/കർത്താവേ! ഞങ്ങളെ ജീവന്റെ വഴിയിൽ നടത്തുകയും/രാപകൽ നിനക്കു സ്തുതി പാടുവാൻ ഞങ്ങളെ യോഗ്യരാക്കിത്തീർക്കുകയും ചെയ്യണമെ. ബാറെക്മോർ.

കർത്താവേ! ഉന്നതങ്ങളിൽ കൊമ്പിന്റെയും കാഹളത്തിന്റെയും ശബ്ദം കേൾക്കപ്പെടുകയും/ശവക്കല്ലറകളും പാറകളും പിളർക്കപ്പെടുകയും/എല്ലാ മരിച്ചവരും ഉയർത്തെഴുന്നേൽക്കുകയും ചെയ്യുന്ന സമയത്ത്/ഞങ്ങളോട് കരുണയുണ്ടാകുമാറാകണമെ./കർത്താവേ! ആ നാഴികയിൽ ഞങ്ങളെ നിന്റെ വലത്തുഭാഗത്തു നിർത്തുകയും ചെയ്യണമെ. മൊറിയൊ.....

## മോർ ബാലായിയുടെ ബോവൂസൊ

കരുണകൾ നിറഞ്ഞിരിക്കുന്നവനേ! ഉയിർപ്പുദിവസത്തിൽ നിന്റെ സൃഷ്ടിയെ പുതുതാക്കേണമേ.

കർത്താവേ! നിന്നിലുള്ള ശരണത്തോടുകൂടെ നിദ്രപ്രാപിച്ച്/നിന്റെ വരവിന് നോക്കിപ്പാർത്തിരിക്കുന്ന ഞങ്ങളുടെ വാങ്ങിപ്പോയവരെ/നീ ആശ്വസിപ്പിച്ച് പുണ്യപ്പെടുത്തേണമേ.

കർത്താവേ/നിന്റെ ശരണത്തിന്മേൽ നിദ്ര പ്രാപിച്ച/നിന്റെ ദാസരെ/അബ്രാഹാമിന്റെയും ഇസഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ വസിപ്പിക്കേണമെ.

വന്നവനും വരുന്നവനും/മരിച്ചുപോയവരെ ഉയിർപ്പിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു എന്ന്/ശരീരങ്ങളും ആത്മാക്കളും ഒരുമിച്ച് അട്ടഹസിച്ചു പറയുമാറാകട്ടെ.

## മൂന്നാം കൗമാ

### കർത്താവിന്റെ ബഹുമാനം... ഇത്യാദി കൗമാ

## അനുതാപം

(തിങ്കൾ, ചൊവ്വ, വ്യാഴം ദിവസങ്ങളിൽ മൂന്നാം കൗമയ്ക്ക് താഴെ കാണുന്ന ഏക്ബൊയും, ബോവൂസൊയും ചൊല്ലണം)

## എക്ബൊ

പിതാവിന്റെ പുത്രനായ യേശുവേ! നീ ഞങ്ങളെ സഹായിക്കണമേ/ മറിയാമിന്റെ പുത്രനായ യേശുവേ!/നീ ഞങ്ങളെ സംരക്ഷിക്കണമേ.

യേശുവേ! നീ ഞങ്ങളെ ബലപ്പെടുത്തുകയും/ദുഷ്ടനെ ഞങ്ങളിൽ നിന്ന് മായിക്കുകയും ചെയ്യണമേ. യേശുവേ! ഞങ്ങളുടെ കടങ്ങളും പാപങ്ങളും മോചിക്കണമേ/നീ ന്യായം വിധിക്കുമ്പോൾ ഞങ്ങളോടു കരുണ ചെയ്യണമേ. സ്തൗമെൻ.....

## കോലോകൾ

രാത്രിയിൽ ശെമവൂൻ കീപ്പാ കാരാഗൃഹത്തിൽ നിന്ന് പുറപ്പെടുകയും/ രാത്രിയിൽ പൗലൂസിന്റെ കൈകളിൽ നിന്ന് ചങ്ങല വീഴുകയും ചെയ്തു/ കർത്താവേ! രാത്രിയിൽ ഞങ്ങളിൽ നിന്ന്/പാപത്തിന്റെ ബന്ധനങ്ങളേയും കെട്ടുകളേയും ഛേദിക്കണമേ/ബാറെക്മോർ.

രാത്രിയിൽ വനത്തിനുള്ളിൽ യാക്കോബിന് പ്രകാശ നക്ഷത്രം ഉദിക്കുകയും, രാത്രിയിൽ യിസ്രായേൽക്കാർക്ക് പ്രകാശസ്തംഭം നിൽക്കുകയും ചെയ്തു/കർത്താവേ! രാത്രിയിൽ നിന്റെ ആരാധകരായ ഞങ്ങളുടെ ഹൃദയങ്ങളിൽ നിന്റെ പ്രകാശം ഉദിപ്പിക്കണമേ. മൊറിയോ റാഹേം.....

## മോർ ബാലായിയുടെ ബോവൂസൊ

പാപികളോടു കരുണ ചെയ്യുന്നവനേ/നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യുണമെ.

കരുണയുള്ളവനേ! ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതുക്കൽ മുട്ടുന്നു/നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമേ....

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു/ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായവനേ/ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമെ.

ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ,, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ,, ദൈവമേ നിനക്കു സ്തുതി
ഹാലേലുയ്യാ, ഉഹാലേലുയ്യാ,, ഹാലേലുയ്യാ ദൈവമേ നിനക്കു സ്തുതി
(താഴെ ബ്രാക്കറ്റിനകത്തുള്ളതു കുർബ്ബാനയിൽ സംബന്ധിക്കുന്ന ദിവസങ്ങളിൽ ചൊല്ലിയാൽ മതി)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമെ.

(നാം ദൈവത്തിന്റെ പുത്രന്മാരായിത്തീരുവാൻ ജീവിച്ചിരുന്നപ്പോൾ നമ്മെ പഠിപ്പിച്ചവരായ/നമ്മുടെ പിതാക്കന്മാരെ കുർബ്ബാനകളിലും പ്രാർത്ഥനകളിലും നാം ഓർക്കണം)

അഴിവില്ലാത്ത ലോകമായ സ്വർഗ്ഗത്തിൽ/നീതിമാന്മാരോടും പുണ്യവാന്മാരോടും കൂടെ ദൈവപുത്രൻ അവരെ ആശ്വസിപ്പിക്കട്ടെ. മൊറിയൊ....

## മാവൂർബൊ (മറിയാമിന്റെ പാട്ട്)

### (ലൂക്കോസ് 1:46 മുതൽ 55)

മറിയാം പറഞ്ഞതെന്തെന്നാൽ/എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു/എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു/എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മയെ നോക്കിക്കൊണ്ടിരിക്കുന്നു/കണ്ടാലും ഇതുമുതൽ സകല തലമുറകളും എന്നെ ഭാഗ്യവതിയെന്ന് കീർത്തിക്കും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധ നാമമുള്ളവനും ആയവൻ വലിയ കാര്യങ്ങളെ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു/അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെ മേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജംകൊണ്ട് ജയം ഉണ്ടാക്കി/തങ്ങളുടെ ഹൃദയവിചാരങ്ങളിൽ അഹങ്കാരികളെ ഛിന്നിപ്പിച്ചു/അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും/താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സംപൂർണ്ണരാക്കുകയും/സമ്പന്നൻമാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു/അവൻ നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും/അവന്റെ സന്തതിയോടും സംസാരിച്ചപ്രകാരം/എന്നേക്കും അവന്റെ കരുണയെ ഓർത്തുകൊണ്ട് അവന്റെ ദാസനായ ഇസ്രായേലിനെ സഹായിച്ചു. ആമ്മീൻ

## പൊതു മൗർബൊ

തന്റെ വിനയം നിമിത്തം രാജാക്കന്മാരുടെ നാഥന് മാതാവായി തീർന്ന മറിയമേ/നിന്റെ പ്രാർത്ഥനകളാൽ ഞങ്ങളെല്ലാവരുടെയുംമേൽ കരുണയുണ്ടാവാൻ മിശിഹായോട് അപേക്ഷിച്ചു പ്രാർത്ഥിക്കണമേ.

തന്നോടുള്ള സ്നേഹം നിമിത്തം/രാജാക്കന്മാരുടെ നാഥന് ബലിയായിത്തീർന്ന സഹദേന്മാരേ/നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങളെല്ലാവരുടേയുംമേൽ കരുണയുണ്ടാകുവാൻ മിശിഹായോട് അപേക്ഷിച്ച് പ്രാർത്ഥിക്കേണമേ.

സകലത്തിന്റെയും നാഥാ! നിന്റെ ശരണത്തിന്മേൽ നിദ്രപ്രാപിച്ച/നിന്റെ ദാസന്മാരുടെ ആത്മാക്കളെ/നീതിമാന്മാരുടേയും, പുണ്യവാന്മാരുടേയും സംഘങ്ങളിൽ/രാജ്യത്തിന്റെ മേശമേൽ വസിപ്പിച്ച് വിശ്രമിപ്പിക്കേണമേ. ബാറെക്മോർ.

പരിശുദ്ധ മൂന്ന് ക്നൂമാകളായിരിക്കെ/സാരാംശ സമമായിരിക്കുന്ന പിതൃ പുത്ര പരിശുദ്ധാത്മാവായ സത്യേക ദൈവത്തിന്റെ ശക്തിക്ക് ഞങ്ങൾ മഹത്ത്വം പാടുന്നു. ആമ്മീൻ.

## 132-ാം മസുമൂറാ

സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നന്മയും എത്ര സൗന്ദര്യ വുമാകുന്നു.

അത് അഹറോന്റെ തലയിലും അവന്റെ അങ്കിയുടെമേൽ വീണുകിടക്കുന്ന അവന്റെ താടിയിലും ഒഴുകുന്ന അഭിഷേകതൈലം പോലെയും സെഹി യോൻ മലമേൽ പൊഴിയുന്ന ഹെർമ്മോൻ മഞ്ഞുപോലെയും ആകുന്നു.

എന്തെന്നാൽ അവിടെ കർത്താവ് എന്നേക്കും അനുഗ്രഹത്തേയും ജീവ നേയും കൽപ്പിച്ചു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്...

## എനിയോനെ

ദൈവമാതാവിനു ഓർമ്മയും/അവളുടെ പ്രാർത്ഥനയാൽ നമുക്കു സഹാ യങ്ങളും ഉണ്ടാകട്ടെ.

നീതിമാന്മാർക്കു ഓർമ്മയും/അവരുടെ പ്രാർത്ഥനയാൽ നമുക്കു സഹാ യങ്ങളും ഉണ്ടാകട്ടെ.

ദീർഘദർശിമാരുടെയും ശ്ലീഹന്മാരുടെയും പ്രാർത്ഥന നമുക്കു കോട്ടയാ യിരിക്കട്ടെ.

കർത്താവേ! നിന്റെ സഹദേന്മാരുടെ തുറമുഖത്തിനും/നിന്റെ സ്നേഹിത ന്മാരുടെ കൂടാരങ്ങൾക്കും ഞങ്ങളെ യോഗ്യരാക്കണമെ.

ദയയുള്ളവനും കരുണ നിറഞ്ഞിരിക്കുന്നവനുമായുള്ളോവേ/നിന്റെ ന്യായ വിസ്താര ദിവസത്തിൽ ഞങ്ങളോടു കരുണ ചെയ്യണമെ.

തന്നെ വിളിക്കുന്ന പാപികൾക്കു/തന്റെ കരുണയെ വിരോധിക്കാത്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

കർത്താവേ! വിശ്വാസമുള്ള സഭയുടെ മക്കൾക്കു നല്ല ഓർമ്മയുണ്ടാകു മാറാകണമെ.

നിന്റെ ശ്രേഷ്ഠത ഉദിക്കുന്ന ദിവസത്തിൽ/അവർ നിന്റെ വലതുഭാഗത്ത് നിൽക്കുമാറാകണമെ.

## വേറൊരു എനിയോനൊ

കന്യകയായ മാതാവേ/എല്ലാക്കാലത്തും എല്ലാനേരത്തും നിന്റെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയായിരിക്കണമെ.

(കർത്താവേ!) എല്ലാ നാഴികയിലും ഞങ്ങൾക്കായി കെണികളെ വയ്ക്കുന്ന ദുഷ്ടനെ/നിന്റെ പരിശുദ്ധന്മാരുടെ പ്രാർത്ഥനയാൽ ഞങ്ങളിൽ നിന്നു മായിച്ചുകളയണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ സ്ലീബാ ഞങ്ങൾക്കു കോട്ടയായിരിക്കുകയും/അതിനകത്ത് ഞങ്ങൾ മറക്കപ്പെടുകയും ചെയ്യണമെ.

ദൈവവചനമായ യേശുതമ്പുരാനെ/ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളുകയും/മരിച്ചുപോയവരെ നിന്റെ കരുണയാൽ പുണ്യപ്പെടുത്തുകയും ചെയ്യണമെ/

നാം ജീവനോടിരിക്കുന്ന നാളൊക്കെയും/പിതാവിനെയും പുത്രനെയും വിശുദ്ധ റൂഹായേയും സ്തുതിച്ച് വന്ദിച്ച് മഹത്വപ്പെടുത്തണം.

ഏറ്റവും കരുണയുള്ളവനായ ഞങ്ങളുടെ ദൈവമെ/നീ എഴുന്നള്ളുന്നതായ നിന്റെ വലിയ ദിവസത്തിൽ/നിന്റെ വലത്തുഭാഗത്ത് ഞങ്ങളെ നിറുത്തണമെ.

ഈ സമയത്ത് നിനക്ക് സ്തുതിപാടുവാൻ ഞങ്ങളെ നീ യോഗ്യരാക്കിയിരിക്കകൊണ്ട്/നിന്റെ രാജ്യം അനുഭവിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഞങ്ങളുടെ മരണത്തിന്റേയും ജീവന്റേയും നാഥനായ കർത്താവേ/നിന്റെ കൃപ ഞങ്ങളുടെമേൽ ഉണ്ടായി/ഞങ്ങളുടെയും ഞങ്ങളുടെ മരിച്ചുപോയവരുടെയും ആത്മാക്കളിന്മേൽ കരുണചെയ്യണമെ.

കർത്താവേ! ഞങ്ങളോട് കരുണ ചെയ്ത് ഞങ്ങളെ സഹായിക്കണമെ.

(ഇതിന്റേശേഷം ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ. എന്നാദിയായി താഴെയുള്ളതു ചൊല്ലണം.)

(കുർബ്ബാനയിൽ സംബന്ധിക്കാത്ത ദിവസങ്ങളിൽ ഹാലേ.... ഉഹാലേ.... ഉഹാലേ.... ദൈവമേ! നിനക്കു സ്തുതി എന്നതിന്റേശേഷം)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മൊറിയൊ....

## 148, 149, 150 മസുമൂറാകൾ

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ/ആകാശത്തിൽനിന്ന് കർത്താവിനെ സ്തുതിപ്പിൻ/ഉന്നതങ്ങളിൽ അവനെ സ്തുതിപ്പിൻ.

അവന്റെ സകല ദൂതന്മാരുമേ! അവനെ സ്തുതിപ്പിൻ; അവന്റെ സകല സൈന്യങ്ങളുമേ! അവനെ സ്തുതിപ്പിൻ...

ആദിത്യചന്ദ്രൻമാരെ! അവനെ സ്തുതിപ്പിൻ. പ്രകാശമുള്ള സകല നക്ഷ ത്രങ്ങളുമേ! അവനെ സ്തുതിപ്പിൻ. ആകാശങ്ങളുടെ ആകാശവും ആകാശങ്ങളും ആകാശങ്ങൾക്കു മീതെയുള്ള വെള്ളങ്ങളുമായുള്ളോവേ! അവനെ സ്തുതിപ്പിൻ. അവ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

എന്തെന്നാൽ അവൻ പറഞ്ഞു. അവ ഉണ്ടായി/അവൻ കല്പിച്ചു; അവ സൃഷ്ടിക്കപ്പെട്ടു/അവൻ അവയെ എന്നെന്നേക്കുമായി സ്ഥിരപ്പെടുത്തി/ അവൻ ഒരു നിയമത്തെ നിശ്ചയിച്ചു അത് അഴിയുന്നതുമല്ല.

ഭൂമിയിൽ നിന്നു മഹാസർപ്പങ്ങളും/എല്ലാ ആഴങ്ങളും അഗ്നിയും കൽമ ഴയും/തൽഗോയും ഗ്ലീദോയും/അവന്റെ വചനപ്രകാരം പ്രവർത്തിക്കുന്ന കാറ്റുകളും കൊടുങ്കാറ്റുകളുമേ/കർത്താവിനെ സ്തുതിപ്പിൻ.

ഭൂമിയിലെ രാജാക്കന്മാരും/സകല ജാതികളും/ഭൂമിയിലെ പ്രഭുക്കന്മാരും സകല ന്യായാധിപതിമാരും/ശിശുക്കളും കന്യകമാരും വൃദ്ധന്മാരും യൗവ്വ നക്കാരുമായുള്ളോരേ/കർത്താവിനെ സ്തുതിപ്പിൻ/ഇവർ കർത്താവിന്റെ നാമത്തെ സ്തുതിക്കട്ടെ.

കർത്താവിനു ഒരു പുതിയ പാട്ടിനേയും/നീതിമാന്മാരുടെ സഭയിൽ അവന്റെ സ്തുതിയേയും പാടുവിൻ/ഇസ്രായേൽ തന്റെ സ്രഷ്ടാവിൽ സന്തോഷി ക്കുകയും/സെഹിയോന്റെ പുത്രന്മാർ തങ്ങളുടെ രാജാവിൽ ആനന്ദിക്കു കയും ചെയ്യട്ടെ/അവർ തപ്പുകളാലും, ചതുരത്തപ്പുകളാലും/അവന്റെ നാമത്തെ സ്തുതിക്കുകയും/വീണകളാൽ അവനു പാടുകയും ചെയ്യട്ടെ! എന്തെന്നാൽ കർത്താവ് തന്റെ ജനത്തിൽ ഇഷ്ടപ്പെടുകയും/അവൻ ദരി ദ്രന്മാർക്ക് രക്ഷ കൊടുക്കുകയും ചെയ്യുന്നു.

നീതിമാന്മാർ ബഹുമാനത്തിൽ ബലപ്പെടും/അവർ തങ്ങളുടെ കട്ടിലുകളി ന്മേൽ അവനെ സ്തുതിക്കയും/തങ്ങളുടെ കണ്ഠങ്ങൾകൊണ്ട് ദൈവത്തെ പുകഴ്ത്തുകയും ചെയ്യും.

പുറജാതികൾക്ക് പ്രതിക്രിയയും, ജാതികൾക്ക് ശിക്ഷയും ചെയ്‌വാനും, അവരുടെ രാജാക്കന്മാരെ ആലാത്തുകൾകൊണ്ടും അവരുടെ മാന്യന്മാരെ ഇരുമ്പുചങ്ങലകൊണ്ടും ബന്ധിപ്പാനും എഴുതപ്പെട്ടിരിക്കുന്ന ന്യായവിധി അവരുടെമേൽ നടത്തുവാനും, അവന്റെ സകല നീതിമാന്മാർക്കും മഹത്വം ഉണ്ടാകുവാനുമായിട്ട് അവരുടെ കൈകളിൽ ഇരുമുനവാൾ ഉണ്ട്.

കർത്താവിനെ അവന്റെ ശുദ്ധ സ്ഥലത്ത് സ്തുതിപ്പിൻ/അവന്റെ ശക്തിയുടെ ആകാശത്തട്ടിൽ അവനെ സ്തുതിപ്പിൻ.

തപ്പുകളാലും ചതുരതപ്പുകളാലും അവനെ സ്തുതിപ്പിൻ/രസമുള്ള കമ്പികളാൽ അവനെ സ്തുതിപ്പിൻ/നാദമുള്ള കൈത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ/ശബ്ദത്താലും ആർപ്പുവിളികളാലും അവനെ സ്തുതിപ്പിൻ/ എല്ലാ ശ്വാസവും കർത്താവിനെ സ്തുതിക്കട്ടെ/ദൈവമെ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും/ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു/ദൈവമേ! എല്ലാനേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## കോലോകൾ

ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുകയും/അവനു മാതാവായിത്തീരുകയും/അവൾ മുഖാന്തിരം ഭൂമിയിൽ ശാപം നീക്കപ്പെടുകയും ചെയ്തവളായ കന്യകയായുള്ളവളേ/നിന്റെ ഏകപുത്രന്റെ നിരപ്പും സമാധാനവും/ സഭയിലും നാനാഭാഗങ്ങളിലും വസിപ്പിപ്പാനായിട്ട് നീ അവനോട് അപേക്ഷിക്കണമെ. ബാറെക്മോർ

(മാർ തോമ്മാശ്ലീഹായുടെ) പ്രാർത്ഥനകളാൽ കർത്താവു ഭൂമിയിൽ ക്രോധത്തെ നീക്കുകയും/തന്റെ സഭയിലും നാനാഭാഗങ്ങളിലും നിരപ്പും സമാധാനവും വസിപ്പിക്കയും ചെയ്യട്ടെ/അവന്റെ ഓർമ്മയെ ആഘോഷിക്കുന്ന ജനസംഘം എല്ലായ്പ്പോഴും/സകലവിധ ഉപദ്രവങ്ങളിൽ നിന്നും കാത്തുകൊള്ളപ്പെടുകയും ചെയ്യട്ടെ... മെനഓലം....

കർത്താവേ!/മാമോദീസാ മൂലം നിന്നെ ധരിച്ചവരായ ഞങ്ങളുടെ മരിച്ചുപോയവരെ/സ്വർഗ്ഗരാജ്യത്തിൽ നിന്റെ വലത്തുകൈകൊണ്ട് മഹത്വത്തിന്റെ അങ്കി ധരിപ്പിക്കേണമേ. മൊറിയൊ....

## മോർ അപ്രേമിന്റെ ബോവൂസൊ

കർത്താവേ! നിന്റെ മാതാവിന്റെയും/വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

സമാധാനത്തിന്റെ ദൂതനായി വന്ന് കന്യകാമറിയാമിനോട് അറിയിച്ചവനായ മാലാഖ/ദൈവം ഞങ്ങളോട് സംയോജിച്ചിരിക്കുന്നു എന്ന് ഞങ്ങളോടറിയിക്കുമാറാകണമേ.

ഹാനാനിയ മുതലായ പൈതങ്ങളുടെമേൽ പനിനീർ തളിച്ചവനായ മാലാഖ/ മരിച്ചുപോയവരുടെ അസ്ഥികളിന്മേൽ/കരുണയാകുന്ന പനിനീർ തളിക്കു മാറാകണമേ.

കർത്താവേ! നിന്റെ മാതാവിന്റെയും വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ നിന്റെ മാതാവിന്റെയും വിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ/ ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും പുണ്യപ്പെടുത്തുകയും ചെയ്യണമെ.

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും പ്രധാന മാലാഖമാരും സ്തുതി ക്കുന്നതുപോലെ ബലഹീനരും പാപികളുമായി ഞങ്ങളും നിന്നെ സ്തുതി ക്കുന്നു.

എല്ലാക്കാലത്തും എല്ലാ സമയത്തും/ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും/ഭൂമിയിൽ സമാധാനവും നിരപ്പും/മനുഷ്യമക്കൾക്കു നല്ല ശര ണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു/സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവും സ്വർഗ്ഗാധിപതിയും സ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ നിന്നെയും/യേശുമിശിഹായായ ഏകപുത്രനായ ദൈവമായ കർത്താവേ/വിശുദ്ധ റൂഹായോടുകൂടെ നിന്നെയും/നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും/ലോകത്തിന്റെ പാപത്തെ വഹിക്കുന്ന വനും വഹിച്ചവനുമായ/ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ കർത്താവേ ഞങ്ങളോടു കരുണയുണ്ടാകണമേ.

ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും, വഹിച്ചവനും തന്റെ പിതാ വിന്റെ വലതുഭാഗത്ത് മഹത്വത്തോടുകൂടി ഇരിക്കുന്നവനുമായുള്ളോവേ! നിന്റെ ചെവി ചായ്ച്ച് ഞങ്ങളുടെ അപേക്ഷ കൈക്കൊണ്ട് ദയതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു/പിതാവായ ദൈവത്തിന്റെ മഹ ത്വത്തിനു/വിശുദ്ധ റൂഹായോടുകൂടെ/യേശുമശിഹായായ നീ മാത്രം കർത്താവും ആകുന്നു ആമ്മീൻ.

എല്ലാക്കാലത്തും/ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും/എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വം ഉള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ/ നീ വാഴ്ത്തപ്പെട്ടവനാകുന്നു/നിന്റെ നാമം മഹത്വമുള്ളതും നീ എന്നേയ്ക്കും മഹത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കു യോഗ്യമാകുന്നു/മഹത്വം നിനക്ക് യുക്തമാകുന്നു/സകലത്തിന്റേയും ദൈവവും/സത്യത്തിന്റെ പിതാവുമായവനെ നിനക്കും/ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച്ച ചേർച്ചയാകുന്നു/അത് ഇപ്പോഴും എല്ലാ സമയത്തും എന്നേക്കും തന്നെ ആമ്മീൻ

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ.... (പേജ് 12)

ദൈവമേ നീ പരിശുദ്ധനാകുന്നു.....

## പ്രഭാതപ്രാർത്ഥന
## കൗമ
## 51–ാം മസുമൂർ (പേജ് 3)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മൊറിയോ...

### 63– ാം മസുമൂർ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ/ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു/എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലത്തേയും/നിന്റെ ബഹുമാനത്തേയും കാൺമാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു/എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും/ നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സുംകൊണ്ട് എന്നപോലെ പുഷ്ടിയാകും/എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ നിന്നെ ഓർത്തു; രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു...

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു/നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു/നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും

അവർ വാളിന് ഏല്പിക്കപ്പെടുകയും/കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും/രാജാവ് ദൈവത്തിൽ സന്തോഷിക്കും

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും/എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

– ബാറെക്മോർ

## എനിയോനോ

സ്വർഗ്ഗസ്ഥനായ രാജാവേ!/പ്രഭാതസമയത്ത് ഞാൻ നിന്റെ അടുക്കൽ വന്ന് നിന്റെ സിംഹാസനത്തിൻ മുമ്പാകെ വന്ദിച്ചു/നിനക്ക് വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോട് ക്ഷമിക്കണമേ.

ഉത്തമനും ദയാലുവുമായുള്ളോവേ!/ഞാൻ നിന്നോടപേക്ഷിക്കുകയും നിന്റെ കരുണയ്ക്കായി ആഗ്രഹിക്കുകയും ചെയ്യുന്നു./നിനക്ക് വിരോധമായി ഞാൻ ചെയ്ത സകല പാപങ്ങളും എന്നോടു ക്ഷമിക്കേണമെ.

പ്രകാശത്തിൽ വസിക്കുന്നവനും/പ്രകാശമായിരിക്കുന്നവനുമേ/അന്ധകാരത്താൽ ആക്രമിക്കപ്പെടാത്ത പ്രകാശത്തിന് എന്നെ യോഗ്യനാക്കണമെ

സ്വർഗ്ഗത്തിലും ഭൂമിയിലും മഹത്വമുള്ളവനും/സ്വർഗ്ഗവാസികളും ഭൂവാസികളും മഹത്വപ്പെടുത്തുന്നവനുമായ കർത്താവേ!/നിനക്ക് സ്തുതി ആമ്മീൻ

## 113-ാം മസുമൂറാ

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി/ കർത്താവിന്റെ ഭൃത്യന്മാരെ! സ്തുതി പാടുവിൻ, നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെടുമാറാകട്ടെ

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശങ്ങൾക്ക് മീതെയും ആകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തെ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോട് സദൃശൻ ആകാശത്തിലും ഭൂമിയിലും ആരുള്ളൂ.

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടുന്നതിന് കുപ്പയിൽ നിന്ന് ഉയർത്തുന്നു/അവൻ മച്ചിയായവളെ/മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എക്ബോ

ദൈവമേ! ഞങ്ങളെ സഹായിക്കേണമെ/ഞങ്ങൾ ചെയ്ത പാപങ്ങളുടെ തിരമാലകളും ചുഴലികളും ഞങ്ങളെ ചുറ്റിയിരിക്കുന്നു/ഞങ്ങൾ പാപസമുദ്രത്തിൽ മുങ്ങിപ്പോകാതിരിപ്പാനായിട്ട് നീ ഞങ്ങൾക്ക് സമാധാനത്തിന്റെ തുറമുഖമായിരിക്കണമെ/ഞങ്ങൾ അനുതാപത്തിനായി കാത്തിരിക്കുന്നു/പത്രോസിന് എന്നപോലെ ഞങ്ങൾക്ക് നിന്റെ കൈ നീട്ടിത്തന്ന് ഞങ്ങളോട് കരുണ ചെയ്യണമെ. സ്തൗമെൻ കാലോസ് കുറിയേലായിസ്സോൻ

## കോലോകൾ

സുഗന്ധവാസനയായിട്ട് പിതാവായ ദൈവത്തിന് തന്നെതന്നെ കാഴ്ചയണച്ചവനായ മിശിഹാ തമ്പുരാനെ/നീ മൂലം ഞങ്ങൾ ദൈവസന്നിധിയിൽ സുഗന്ധവാസനയായി തീരുമാറാകണമെ/ഞങ്ങളുടെ നമസ്ക്കാരങ്ങളും ശുശ്രൂഷകളും നീ നിരസിക്കരുതേ/അവ നിനക്ക് സുഗന്ധവാസന വീശുന്ന സുഗന്ധവർഗ്ഗങ്ങളായി തീരണമേ. ബാറെക്മോർ

## ദൈവമാതാവിനോട്

അത്യുന്നതന്റെ ശക്തി ആവസിക്കുകയും/ലോകത്തിന്റെ രക്ഷകനെ പ്രസവിക്കുകയും ചെയ്ത ശുദ്ധിമതിയായ കന്യകയെ/ലോകത്തോട് കരുണ ചെയ്യുവാൻ നിന്റെ ഏകജാതനോട് നീ അപേക്ഷിച്ച് പ്രാർത്ഥിക്കണമെ/നിന്റെ പ്രാർത്ഥനയാലും അപേക്ഷയാലും അവൻ ലോകത്തോട് കരുണ ചെയ്യുമാറാകട്ടെ.

## പരിശുദ്ധന്മാരോട്

സഹദേന്മരേ!/ദൈവം തന്റെ കരുണയാൽ ഞങ്ങളെല്ലാവരോടും കൃപ ചെയ്യുവാനും/അവസാന നാളിലെ ശിക്ഷാവിധിയിൽ നിന്ന് ഞങ്ങളെ

രക്ഷിപ്പാനും/ജയത്തിന്റെ കിരീടങ്ങൾ നിങ്ങൾ പ്രാപിക്കുന്ന സമയത്ത്/ നിങ്ങളെ കാണ്മാൻ ഞങ്ങൾക്ക് ഇടവരുവാനുമായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

## കാവൽ പിതാക്കന്മാരോട്

(മോർ തോമാശ്ലീഹാ)/ഞെരുക്കത്തിൽ ഇരിക്കുന്ന എല്ലാവരും നിന്റെ സഹായം അന്വേഷിക്കുന്നു/നിന്റെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയും അഭയസ്ഥാനവും ആയിരിക്കണമെ/നിന്റെ പ്രാർത്ഥനകളാൽ ഞങ്ങളുടെ യാചനകൾ നല്കപ്പെടുകയും/ഞങ്ങളുടെ രോഗികൾ സുഖപ്പെടുകയും/പിശാചുക്കളാൽ പരീക്ഷിക്കപ്പെടുന്നവർ/സ്വതന്ത്രരാക്കപ്പെടുകയും ചെയ്യുമാറാകണമെ.

## അനുതാപത്തിന്റെ

കർത്താവേ നിന്റെ ന്യായവിധി ഉഗ്രവും/ഞങ്ങളുടെ കടങ്ങൾ ധാരാളവുമാകുന്നു/നീതി കോപിച്ചിരിക്കുന്നു/ഓടി ഒളിപ്പാൻ ഞങ്ങൾക്ക് കഴിവില്ല/ ഞങ്ങൾക്കുവേണ്ടി/ന്യായസ്ഥലത്തേക്ക് നിന്നെ അയച്ചതായ ആ സ്നേഹത്താൽ/ഞങ്ങളെ ന്യായവിധിയിലേക്ക് പ്രവേശിപ്പിക്കാതെയും/ഞങ്ങളുടെ കടങ്ങൾ ഓർക്കാതെയും ഇരിക്കണമേ/നീതി നിറഞ്ഞ ന്യായാധിപനായുള്ളോവേ! ദയ തോന്നി ഞങ്ങളോട് കരുണ ചെയ്യണമേ.

## വാങ്ങിപ്പോയവർക്കുവേണ്ടി

നിദ്ര പ്രാപിച്ചവരായ ഞങ്ങളുടെ മാതാപിതാക്കന്മാർക്കും സഹോദരങ്ങൾക്കും/ആശ്വാസവും നല്ല ഓർമ്മയും നൽകണമെ/കർത്താവേ! നിന്റെ ആരാധകരെ/വിശുദ്ധന്മാരുടെ സംഘങ്ങളിലും നിരകളിലും ചേർക്കണമെ/നീ നിന്റെ ന്യായാസനത്തിൻമേൽ ഇരിക്കുകയും/ദുഷ്ടന്മാരെ നല്ലവരിൽ നിന്നു വേർതിരിക്കുകയും ചെയ്യുന്ന സമയത്ത്/ന്യായാസനത്തിൽനിന്ന് അവർക്ക് നിന്റെ കരുണ ലഭിക്കുമാറാകണമെ/നിന്റെ മഹത്വം വെളിപ്പെടുന്ന നാളിൽ അവർ നിന്റെ വലതുഭാഗത്ത് നിൽക്കുകയും ചെയ്യണമെ. മൊറിയൊ.....

## മോർ യാക്കോബിന്റെ ബോവൂസൊ

കർത്താവേ! കരുണ നിറഞ്ഞിരിക്കുന്ന നിന്റെ വലിയ വാതിൽ ഞങ്ങൾക്ക് തുറന്നുതരേണമെ/ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോടു കരുണ ചെയ്യേണമെ/

പ്രഭാതസമയത്ത്/സകല സൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന പ്രകാശമായ കർത്താവേ!/നിന്റെ കൃപയെക്കുറിച്ച് സ്തോത്രം ചെയ്‌വാനായിട്ട്/ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കേണമെ.

## അതാതു ദിവസം പ്രഭാതത്തിലുള്ള പ്രത്യേക പ്രാർത്ഥന ഞായർ (പ്രഭാതം) കോലോകൾ

ഞങ്ങളുടെ രക്ഷയുടെ നാളിൽ/ഞങ്ങൾ ജഡമയൻമാരും മടിയൻമാരും ആയിരുന്നതുകൊണ്ട് നിന്നെ കോപിപ്പിക്കാതിരിക്കാനും/ഈ ദിവസത്തിൽ ഞങ്ങളുടെ അടിമത്വം വിടർത്തപ്പെട്ടു എന്നു ഓർത്തുകൊണ്ട്/ഹൃദയപൂർവ്വമായി നിന്നെ സ്തുതിപ്പാനും ഞങ്ങൾക്ക് സംഗതിയാക്കേണമെ/നിന്റെ മാതാവിനേയും, പരിശുദ്ധന്മാരേയും ഞങ്ങൾ അനുഗമിക്കുകയും/നിന്റെ മഹത്വ പ്രത്യക്ഷതയുടെ നാളിൽ/ഞങ്ങളും വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയവരും/മുഖപ്രസാദത്തോടെ നിന്റെ സന്നിധിയിൽ നിൽക്കുകയും ചെയ്യുമാറാകണമെ/ബാറെക്മോർ

നിന്റെ സന്നിധിയിൽ വെറുപ്പായിരിക്കുന്ന സകല ദുർനടപടികളേയും വിട്ട്/നിന്റെ കൃപയിൽമാത്രം ആശ്രയിക്കുന്നവരും/നിന്റെ കൃപയ്ക്ക് പാത്രമായിത്തീരുവാനും/ആകൽകറൂസായേയും/അവന്റെ സർവ്വശക്തിയേയും/വഞ്ചനകളേയും ജയിപ്പാനും/നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിങ്കൽ ലജ്ജ കൂടാതെ നിന്നെ എതിരേൽപ്പാനും/നിന്റെ വലത്തുഭാഗത്തെ കുഞ്ഞാടുകളോട് ചേരുവാനും/ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ. മൊറിയോ....

## ബോവൂസൊ

കർത്താവേ നല്ല അവസാനത്തിനും/സമാധാനത്തോടുകൂടിയ മരണത്തിനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ/രഹസ്യമായിട്ടും പരസ്യമായിട്ടുമുള്ള സകല ശത്രുക്കളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ/നിന്റെ പരിശുദ്ധ സ്ലീബാ ഞങ്ങൾക്ക് രക്ഷയുടെ പരിചയായിരിക്കേണമെ/ഞങ്ങളുടെ ഹൃദയനേത്രങ്ങളെ നീ പ്രകാശിപ്പിക്കേണമെ/നീ ഞങ്ങൾക്ക് ചെയ്തിട്ടുള്ള സർവ്വ സഹായങ്ങൾക്കുംവേണ്ടി/തിരിച്ചറിവോടും നന്ദിയുള്ള ഹൃദയത്തോടുംകൂടെ നിന്നെ സ്തുതിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ.

ഈ ലോകത്തിൽ ഞങ്ങളുടെ മാതാപിതാക്കന്മാരെ ഞങ്ങൾ അനുസരിക്കുകയും/സന്തോഷിപ്പിക്കുകയും ചെയ്യുന്നതുപോലെ/നിന്നെ അനുസരിപ്പാനും/നീതിയുടെ പ്രവൃത്തികളാലും സത്യവിശ്വാസത്താലും നിന്നെ

പ്രസാദിപ്പിക്കാനും ഞങ്ങൾക്ക് സംഗതിയാക്കണമെ/നിന്നെ പ്രസവിച്ച വിശുദ്ധ കന്യകമറിയാമിന്റെയും/സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥ നകളാൽ/ ഞങ്ങൾക്കും, വിശ്വാസികളായ ഞങ്ങളുടെ മരിച്ചുപോയ വർക്കും/കരുണയും പാപമോചനവും സ്വർഗ്ഗരാജ്യത്തിൽ പരമാനന്ദവും ലഭിക്കുകയും ചെയ്യുമാറാകണമെ.

## തിങ്കൾ (പ്രഭാതം) കോലോകൾ

പ്രഭാതസമയത്ത് കാഹളങ്ങൾ ധ്വനിക്കുകയും അവൻ ദൈവമായ കർത്താവ് തന്നെയെന്ന് ഇസ്രായേൽ ജനങ്ങൾ അട്ടഹസിക്കുകയും/ഈറീ ഹോയിലെ കോട്ടകൾ വീഴുകയും ചെയ്തു/സഹോദരന്മാരെ ദൈവം സർവ്വലോകത്തോടും കരുണ ചെയ്‌വാനായിട്ട്/നമ്മളും പ്രഭാത സമയത്ത് നമ്മുടെ ശബ്ദമുയർത്തി സ്തുതി പാടണം. ബാറെക്മോർ.....

പ്രഭാതസമയത്ത് സിംഹങ്ങളുടെ കുഴിയിൽ നിന്ന് ദാനിയേലും/ആഴത്തിന്റെ അടിയിൽനിന്ന് യൗനാനും പ്രാർത്ഥിച്ചതിനാൽ/കർത്താവേ! ദാനിയേലിനെ കുഴിയിൽനിന്നും/യൗനാനെ സമുദ്രത്തിൽനിന്നും നീ രക്ഷിച്ചുവല്ലോ/അപ്ര കാരം ഞങ്ങളേയും ദുഷ്ടനിൽനിന്നും രക്ഷിച്ച് ഞങ്ങളോട് കരുണ ചെയ്യണമേ. മോറിയോ....

## ബോവൂസൊ

കർത്താവേ കരുണ നിറഞ്ഞിരിക്കുന്ന നിന്റെ വലിയ വാതിൽ ഞങ്ങൾക്ക് തുറന്നു തരണമേ/ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ/

പ്രഭാത സമയത്ത് സകലസൃഷ്ടികളേയും പ്രകാശിപ്പിക്കുന്ന പ്രകാശമായ കർത്താവേ/നിന്റെ കൃപയ്ക്കുവേണ്ടി നിന്നെ സ്തോത്രം ചെയ്യുവാനാ യിട്ട്/ഞങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിക്കേണമേ.

## ചൊവ്വ (പ്രഭാതം) കോലോകൾ

കർത്താവേ ഞങ്ങൾ പാപം ചെയ്യുന്നതും/അനുതപിക്കുന്നതും സ്വന്തമന സ്സോടെയാണെങ്കിലും/സാത്താൻ ഞങ്ങളെ പാപത്തിൽ വീഴിച്ചു എന്നു കാരണം പറഞ്ഞുകൊള്ളുന്നു/അയ്യോ ഞങ്ങൾ തെറ്റിപ്പോയി/അയ്യോ ഞങ്ങൾ അനുതപിച്ചില്ല/അയ്യോ അവസാന ന്യായവിസ്താരം അടുത്തു

വല്ലോ/കർത്താവേ ന്യായവിസ്താരങ്ങളിൽ ഞങ്ങളുടെ നേരെ ദയവായിരിക്കേണമേ. ബാറെക്മോർ

കർത്താവേ ചോദിക്കുന്നവന് കിട്ടുമെന്നും/അന്വേഷിക്കുന്നവൻ കണ്ടെത്തുമെന്നും/കരുണയുടെ വാതിൽക്കൽ മുട്ടുന്നവന് തുറക്കപ്പെടുമെന്നും/പറഞ്ഞിരിക്കുന്നതിനാൽ/ഞങ്ങൾ നിന്റെ അടുക്കൽവന്ന് നിന്റെ വാതിൽക്കൽ മുട്ടുന്നു/ഞങ്ങളുടെ യാചനകളെ നൽകണമെ/അനുതപിക്കുന്ന പാപികൾക്ക് തന്റെ വാതിൽ തുറന്നിട്ടിരിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ....

## ബോവൂസൊ

കർത്താവേ കഴിഞ്ഞുപോകുന്നതായ ഈ പ്രഭാതസമയത്ത് ഞങ്ങളോട് കരുണ ചെയ്യണമെ/അഴിവില്ലാത്തതായ ഈ പ്രഭാതസമയത്ത് നിന്റെ വലതുഭാഗത്ത് ഞങ്ങളെ നിറുത്തേണമെ/കർത്താവേ മാടപ്രാവ് ആശ്വാസത്തിന്റെ പ്രതീകമായി/സൈത്തിന്റെ ഇല കൊത്തിപിടിച്ചുകൊണ്ട് നീതിമാനായ നോഹിന്റെ അടുക്കലേക്ക് തിരിച്ചുവന്നതുപോലെ/ഞങ്ങളുടെ പ്രാർത്ഥന നിങ്കൽനിന്ന് കൃപയും കരുണയും പ്രാപിച്ചുകൊണ്ട് ഞങ്ങളുടെ അടുക്കലേക്ക് തിരിച്ചുവരുമാറാകണമേ.

## ബുധൻ (പ്രഭാതം) കോലോകൾ

ദാവീദിന്റെ പുത്രിയായ മറിയമേ/ലോകത്തിലെ സകല വംശങ്ങളിലും വച്ച് നിന്നെ തെരഞ്ഞെടുക്കുകയും/നിന്നിൽനിന്ന് ശരീരമെടുക്കുകയും/ദൈവമായിരിക്കുമ്പോൾ സാധാരണ മനുഷ്യനെപ്പോലെ ഭൂമിയിൽ ഉദിക്കുകയും ചെയ്തവനായ മശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു/അവൻ നമുക്കുവേണ്ടി അവന്റെ മഹിമാവസ്ഥയെ ഏറ്റം താഴ്ത്തുകയും/അവന്റെ മാതാവിന്റെ ഓർമ്മയെ/നാനാഭാഗങ്ങളിലും പ്രാബല്യപ്പെടുത്തുകയും ചെയ്തതിനാൽ അവന് സ്തുതിയുണ്ടാകട്ടെ. ബാറെക്മോർ.

ദൈവത്തിന്റെ ജീവനുള്ള പുത്രനെ പ്രസവിച്ച മറിയമേ/ നിനക്ക് ഭാഗ്യം/വ്യാപാരിയെപ്പോലെ മശിഹാ കയറി വസിച്ചതായ അലങ്കരിക്കപ്പെട്ട കപ്പലായവളെ നിനക്ക് ഭാഗ്യം/സ്വർഗ്ഗീയ ശില്പിയെ കൈക്കൊണ്ടവളായി പണിക്കുറവു തീർന്ന കൊട്ടാരമായവളെ നിനക്കു ഭാഗ്യം/നീ നിന്റെ കന്യവ്രതത്തിന് ഭംഗം വരാതെ അവനെ വഹിക്കുകയും/മലിനപ്പെടാത്തവളായി അവനെ പ്രസവിക്കുകയും ചെയ്തുവല്ലോ/നിന്നിൽനിന്നുദിച്ച കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ....

## ബോവൂസൊ

ദാവീദിന്റെ പുത്രിയിൽ നിന്ന് ജഡപ്രകാരം ജനിച്ച ദൈവപുത്രാ/നിന്റെ ആട്ടിൻകൂട്ടത്തിന്മേൽ നിന്റെ കരുണകളെ ധാരാളമായി ചൊരിയണമെ/

## വ്യാഴം (പ്രഭാതം) കോലോകൾ

മശിഹായെ പ്രസാദിപ്പാനായിട്ട് ഞെരുക്കങ്ങളെ സഹിക്കുകയും/അവ നിൽനിന്ന് പരിശുദ്ധാത്മാവിനേയും/സ്വർഗ്ഗത്തിന്റെയും, ഭൂമിയുടേയും താക്കോലുകളേയും പ്രാപിക്കുകയും ചെയ്തവരായ ശ്ലീഹന്മാരെപ്പോലെ/ കർത്താവേ നിന്നെ പ്രസാദിപ്പിക്കുവാനും/നിന്റെ തിരുനാമത്തിനുവേണ്ടി ഞെരുക്കങ്ങൾ സഹിപ്പാനും ഞങ്ങളെ യോഗ്യരാക്കണമെ/അവരുടെ പ്രാർത്ഥനകളാൽ നിന്നിൽനിന്ന് സകല സഹായങ്ങളും/വാഴ്വുകളും ഞങ്ങൾ കൈക്കൊള്ളുമാറാകണമെ. ബാറെക്മോർ

യേശുബർനൂൻ/ആകാശത്തട്ടിൽ സൂര്യനേയും ചന്ദ്രനേയും തടസ്സം ചെയ്തു നിർത്തിയതുപോലെ/കർത്താവേ! മാർ പത്രോസ്ശ്ലീഹയുടേയും അവന്റെ കൂട്ടുശ്ലീഹന്മാരുടേയും പ്രാർത്ഥനകളാൽ നിന്റെ സഭയിൽ നിന്ന് ശിക്ഷകളേയും/ക്രോധത്തിന്റെ വടികളേയും/ഭിന്നതകളേയും നീ നീക്കി ക്കളയേണമേ. വേദവിപരീതികളുടേയും/ദുഷ്ടന്മാരുടേയും ഉപദ്രവങ്ങളിൽ നിന്നും നിന്റെ സഭയെ രക്ഷിക്കേണമേ/നിന്റെ നിരപ്പും സമാധാനവും എപ്പോഴും അതിൽ വാഴുമാറാകണമേ. മൊറിയോ.....

## ബോവൂസൊ

എപ്പിസ്കോപ്പന്മാരും പിതാക്കന്മാരും ആയുള്ളവരെ/നിങ്ങളുടെ പ്രാർത്ഥന ഞങ്ങൾക്ക് കോട്ടയായിരിക്കേണമെ/കർത്താവ് നിങ്ങളുടെ പ്രാർത്ഥന കൾമൂലം ഞങ്ങൾക്ക് പാപ പരിഹാരം നൽകട്ടെ.

വിശ്വാസത്തോടുകൂടെ നിങ്ങളിലാശ്രയിക്കുന്ന എല്ലാവരിൽനിന്നും/നിങ്ങ ളുടെ പ്രാർത്ഥനകൾമൂലം ക്രോധത്തിന്റെ വടികളെ കർത്താവ് നീക്കിക്ക ളയുമാറാകട്ടെ.

## വെള്ളി (പ്രഭാതം) കോലോകൾ

സ്ലീബാ സമാധാനത്തിന്റെ അടയാളമാകുന്നു/സ്ലീബായാൽ ഞങ്ങൾ രക്ഷി ക്കപ്പെട്ടിരിക്കുന്നു/അതിനാൽ ഞങ്ങൾ പ്രശംസിക്കുകയും ചെയ്യുന്നു/ കർത്താവായ യേശുവേ! നിന്റെ സ്ലീബായിൽ നിത്യവും ഞങ്ങൾ സങ്കേതം പ്രാപിക്കുന്നു/അതു ദുഷ്ടനിൽനിന്ന് ഞങ്ങളെ രക്ഷിക്കയും/സ്വർഗ്ഗരാജ്യ ത്തിൽ ഞങ്ങൾക്കവകാശമുണ്ടാക്കുകയും ചെയ്യുമാറാകട്ടെ. ബാറെക്മോർ

അന്യായക്കാരായ ന്യായാധിപതിമാരിൽ നിന്ന്/ദുഷ്ക്കർമ്മങ്ങളേയും ഞെരുക്കങ്ങളേയും സഹിച്ചവരായ വിശുദ്ധ സഹദേന്മാരേ/അഴിവില്ലാത്ത പ്രകാശമണവറയിൽ നിങ്ങൾക്ക് പ്രതിഫലം കാക്കപ്പെട്ടിരിക്കുന്നതുപോലെ/ നിങ്ങളുടെ പ്രാർത്ഥനകൾമൂലം നിങ്ങളോടുകൂടെ നല്ല പ്രതിഫലം കൈക്കൊള്ളുവാൻ ഞങ്ങളും യോഗ്യരായിത്തീരുമാറാകണമെ. മൊറിയോ....

## ബോവൂസൊ

തന്റെ സ്ലീബായാൽ വഴിതെറ്റിൽ നിന്ന് തന്റെ സഭയെ രക്ഷിച്ചവനായ പുത്രാ/ നിന്റെ സഭയിൽ എന്നന്നേക്കും നിന്റെ സമാധാനത്തെ സ്ഥാപിക്കണമെ/ അതിന്റെ പുത്രന്മാരെ പ്രകാശത്തിന്റെ സ്ലീബായാൽ കാത്തുകൊള്ളണമെ.

ദൈവപുത്രാ! സ്ലീബായിൽ വച്ച് വലതുഭാഗത്തെ കള്ളനോട് നീ കരുണ ചെയ്തപ്രകാരം ഞങ്ങളോടു കരുണ ചെയ്യണമേ.

## ശനി (പ്രഭാതം) കോലോകൾ

കർത്താവിനോടുള്ള സ്നേഹം നിമിത്തം വിശുദ്ധ മദ്ബഹായിൽ ശുശ്രൂഷിച്ചവരായ ആചാര്യന്മാരെ/ഈറേമോലാഖമാർ സന്തോഷസ്ഥലത്തേക്കു കൊണ്ടുപോകുമാറാകട്ടെ/ദൈവപുത്രാ! വിശുദ്ധിയോടെ നിനക്കു ശുശ്രൂഷ ചെയ്തവരായ പട്ടക്കാരെ നീ മറന്നുകളയരുതേ/നിന്റെ വരവിന്റെ വലിയ നാളിൽ അവർക്ക് മുഖപ്രസന്നത കൊടുക്കണമേ. ബാറെക്മോർ

നിന്റെ വിശുദ്ധ ശരീരം ഭക്ഷിക്കുകയും/നിന്റെ ജീവനുള്ള രക്തം കുടിക്കുകയും ചെയ്തിട്ടുള്ള/വിശ്വാസികളായ മരിച്ചവർ സൗരഭ്യധൂപം മൂലം പാപപരിഹാരം കൈക്കൊള്ളുകയും/നിന്റെ വലതുഭാഗത്തു നിന്നുകൊണ്ട് സ്തുതി പാടുകയും ചെയ്യുമാറാകണമെ. മൊറിയൊ.....

മരിച്ചവരെ കബറുകളിൽനിന്ന് ഉയിർപ്പിക്കുന്നവനും/ഉയിർപ്പുദിവസത്തിൽ അവരെ മഹത്വത്തിന്റെ അങ്കി ധരിപ്പിക്കുന്നവനും ആയ മിശിഹാതമ്പുരാനേ/ നിനക്ക് എന്നന്നേക്കും സ്തുതിയുണ്ടായിരിക്കട്ടെ.

## പ്രഭാതത്തിന്റെ സമാപനപ്രാർത്ഥന

കർത്താവേ നിന്നെ സ്തുതിക്കുന്നതും/ഉന്നതമായ നിന്റെ നാമത്തിനു പാടുന്നതും/പ്രഭാതകാലത്ത് നിന്റെ കൃപയും/രാത്രികാലങ്ങളിൽ നിന്റെ വിശ്വാസവും അറിയിക്കുന്നതും എത്ര നല്ലതാകുന്നു/കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം നീ കേൾക്കണമേ/പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമേ.

കർത്താവേ! നിന്റെ ജനത്തോടു കരുണ ചെയ്യണമേ/കർത്താവേ! ഞങ്ങളെല്ലാവരുടേയും പാപങ്ങൾ പരിഹരിച്ച് ക്ഷമിക്കണമേ/പരിശുദ്ധനായുള്ളവനേ/നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ നിത്യമായ നാമം നിമിത്തം ഞങ്ങളുടെ രോഗാവസ്ഥയ്ക്ക് പരിഹാരം നൽകണമെ.

(ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമ)

## മൂന്നാംമണി നേരത്തെ പ്രാർത്ഥന

(ദൈവമേ! നീ പരിശുദ്ധനാകുന്നു....... ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം)

## കോലോകൾ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!/നിന്നെ വിളിക്കുന്നവരായ ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യണമെ/എന്തെന്നാൽ ഞങ്ങളെ സഹായിപ്പാൻ കഴിയുന്നവനായ പിതാവ് ഞങ്ങൾക്ക് വേറെയില്ല/തിരുവുള്ളത്താൽ ഇല്ലായ്മയിൽ നിന്ന് ഞങ്ങളെ നീ സൃഷ്ടിച്ചുണ്ടാക്കി/ഞങ്ങൾ സൃഷ്ടിക്കപ്പെട്ടതിന്റെ ശേഷം ഇപ്പോൾ നിന്റെ കോപം ഞങ്ങളെ നശിപ്പിച്ചുകളയരുതേ/കർത്താവേ! നിന്റെ കൽപനകളെ ആചരിപ്പാൻ ഞങ്ങളെ പഠിപ്പിക്കണമെ/പുണ്യപ്രവർത്തികളാൽ ഞങ്ങൾ നിനക്കു ഇഷ്ടരായിത്തീരുമാറാകണമെ/കർത്താവേ! നിന്റെ കൃപയാൽ ഞങ്ങളോടു കരുണ ചെയ്യണമെ. ബാറെക്മോർ.

ഞങ്ങൾ ഞങ്ങളുടെ പ്രവൃത്തികളും പാപങ്ങളും നിമിത്തം/നിന്നിൽ നിന്ന് അകന്നുപോയിട്ടു/പേരിനുമാത്രം നിനക്കുള്ളവരായി ഭവിച്ചിരിക്കുന്നതു കൊണ്ട് ഞങ്ങൾ ദുഃഖിക്കുന്നു/അനുതപിപ്പാൻ ഞങ്ങൾക്കാഗ്രഹമുണ്ട്. ഞങ്ങളുടെ അഹങ്കാരമനസ്സ് ഞങ്ങളെ സമ്മതിക്കുന്നില്ല/ഞങ്ങൾ മറ്റുള്ളവരെ പഠിപ്പിക്കുന്നു/തന്നത്താൻ പഠിക്കുന്നില്ല. ഞങ്ങൾ മറ്റുള്ളവരുടെ ദാഹം തീർത്തു എങ്കിലും/ഞങ്ങൾ ദാഹത്തിൽ തന്നെ ഇരിക്കുന്നു/ചവളത്താൽ കുത്തിത്തുറക്കപ്പെട്ട/നിന്റെ തിരുവിലാവിലെ ഉറവയിൽനിന്ന് ഞങ്ങൾ കുടിച്ച് ഞങ്ങളുടെ ദാഹം തീർത്ത് ഞങ്ങൾ ആനന്ദിക്കട്ടെ. മൊറിയോ...

## ബോവൂസൊ

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു/ഞങ്ങളുടെ സഹായത്തിനു നീ വരണമെ/ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമെ/

കർത്താവേ! നിന്നോടുള്ള ചേർച്ചയിൽ നിന്ന് ഞങ്ങൾ അകന്നുപോകാതിരിപ്പാൻ ആഗ്രഹിക്കുന്നു/പാപം ഞങ്ങളെ പുറത്താക്കി എങ്കിലും/നിന്റെ ആർദ്രസ്നേഹം ഞങ്ങളെ അകത്തു കയറ്റണമെ/പാപം ഞങ്ങൾക്കായി ദയകൂടാതെ ഞങ്ങളെ മുറിവേൽപിച്ചിരിക്കുന്നു/മഹാവൈദ്യനായുള്ളവനെ/ ഞങ്ങളെ വേദനപ്പെടുത്തുന്ന മുറിവുകളെ നീ സുഖപ്പെടുത്തണമെ/

ദുഷ്ടൻ ഞങ്ങൾക്കു വലംവച്ച് അവന്റെ കുടുക്കിൽ ഞങ്ങളെ അകപ്പെടുത്തിയിരിക്കുന്നു/നീ അവന്റെ കുടുക്കിനെ പൊട്ടിച്ച്/അപകടത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമെ/നല്ല ഇടയനായുള്ളവനേ! വഴിതെറ്റിപ്പോയ ആടിനെ അന്വേഷിച്ച് പുറപ്പെടണമെ/അതിന്റെ ജീവനെ അന്വേഷിക്കുന്ന ദുഷ്ടന്റെ കൈകളിൽ അതിനെ നീ വിട്ടുകൊടുക്കരുതെ/സ്വർഗ്ഗത്തിലാക്കുവാനും നരകത്തിലാക്കുവാനും അധികാരമുള്ളവനായ മിശിഹാ തമ്പുരാനെ/ദയവോടെ നരകത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമെ/ ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമാ.

## മദ്ധ്യാഹ്ന പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു..... ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം

## കോലോകൾ

ശുദ്ധിമതിയായ മാതാവേ! ഞങ്ങൾക്കുവേണ്ടിയുള്ള അപേക്ഷയെ നീ മുടക്കരുതെ/നിന്റെ ഏക പുത്രൻ ഞങ്ങളെല്ലാവരോടും കൃപ ചെയ്‌വാനായിട്ട് ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ബാറെക്മോർ

സകലത്തിന്റെയും കർത്താവേ/നിന്നെ സ്നേഹിച്ചവരായ നിബിയന്മാരുടെയും/നിന്റെ സുവിശേഷം പ്രസംഗിച്ചവരായ ശ്ലീഹന്മാരുടെയും പ്രാർത്ഥനകളാലും അപേക്ഷകളാലും/ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്റെ നിരപ്പും സമാധാനവും വസിപ്പിക്കണമെ. മെനഓലം.....

കർത്താവേ! രണ്ടു ലോകങ്ങളും നിന്റെ അധികാരത്തിൽ ഇരിക്കുന്നു/ ജീവനോടിരിക്കുന്നവരെ നിന്റെ സ്ലീബായാൽ കാത്തുകൊള്ളണമെ/നിന്റെ ശരണത്തിൻമേൽ മരിച്ചുപോയവർക്കു/നിന്റെ കരുണയാൽ പാപ പരിഹാരം കൊടുക്കുകയും ചെയ്യണമെ. മൊറിയൊ.....

## ബോവൂസൊ

കർത്താവേ! നിന്റെ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ/ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും പുണ്യപ്പെടുത്തണമെ.

കന്യകമറിയാമിനെക്കുറിച്ചുള്ള ഓർമ്മ ഞങ്ങൾക്കു വാഴ്വായിരിക്കണമെ/ അവളുടെ പ്രാർത്ഥന ഞങ്ങളുടെ ആത്മാക്കൾക്കു കോട്ടയും ആയിരിക്കണമെ.

നിബിയൻമാരും/ശ്ലീഹൻമാരും സഹദേൻമാരും പരിശുദ്ധൻമാരും ആയുള്ളവരെ/ഞങ്ങൾക്കെല്ലാവർക്കുംവേണ്ടി കരുണക്കായി നിങ്ങൾ അപേക്ഷിച്ചു പ്രാർത്ഥിക്കണമെ.

കർത്താവേ! നിന്റെ ശരണത്തിന്മേൽ നിദ്ര പ്രാപിച്ചിരിക്കുന്നവരായ/ഞങ്ങളുടെ പിതാക്കന്മാരുടേയും സഹോദരന്മാരുടേയും മുഖത്ത് ആനന്ദമാകുന്ന പനിനീർ നീ തളിക്കണമെ.

കർത്താവേ/നിന്റെ മാതാവിന്റെയും സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ/ഞങ്ങളേയും ഞങ്ങളുടെ മരിച്ചുപോയവരേയും പുണ്യപ്പെടുത്തണമെ.

(വി.കുർബ്ബാനയിൽ സംബന്ധിക്കാത്ത ദിവസങ്ങളിൽ മാത്രം താഴെ കാണുന്ന മാനീസൊ ചൊല്ലണം)

## മാർ സേവറിയോസ് പാത്രിയർക്കീസിന്റെ മാനീസൊ

നിന്നെ പ്രസവിച്ച മാതാവിന്റെയും/നിന്റെ പരിശുദ്ധന്മാരെല്ലാവരുടെയും പ്രാർത്ഥനയാൽ/സ്വഭാവപ്രകാരം മരണമില്ലാത്തവനും/തന്റെ കൃപയാൽ മനുഷ്യവർഗ്ഗം മുഴുവന്റെയും ജീവനും രക്ഷയ്ക്കും വേണ്ടിവന്ന്/വിശുദ്ധിയും മഹത്വവും വെടിപ്പുമുള്ള/ദൈവമാതാവായ കന്യകാമറിയാമിൽ നിന്ന് ഭേദംകൂടാതെ മനുഷ്യനായിത്തീരുകയും/ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്തവനായി/സ്വർഗ്ഗീയപിതാവിന്റെ ഏകപുത്രനും/ വചനവുമായിരിക്കുന്ന രാജാവായ എന്റെ കർത്താവേ! നിന്നെ ഞാൻ പുകഴ്ത്തും/

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ചവിട്ടിക്കൊന്നവനും/വിശുദ്ധത്രിത്വത്തിൽ ഏകനും/തന്റെ പിതാവിനോടും ജീവനുള്ള തന്റെ വിശുദ്ധറൂഹായോടുംകൂടെ/ഒന്നുപോലെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ഞങ്ങളുടെ മിശിഹാതമ്പുരാനെ!/ഞങ്ങളെല്ലാവരോടും കൃപ ചെയ്യണമെ.

ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമാ

വിശ്വാസപ്രമാണം (പേജ് 18)

ഞങ്ങളുടെ കർത്താവേ ഞങ്ങളോട് കരുണ ചെയ്യണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

കൃപ നിറഞ്ഞ മറിയമേ.... ഇത്യാദി

# വലിയനോമ്പിലെ നമസ്കാരം

## (പഴയത്)

## സന്ധ്യാപ്രാർത്ഥന

### (ഒരു കൗമാ)

### അപേക്ഷ

കർത്താവേ, നിന്നെ സ്നേഹിച്ചവരായ, വാഴ്ത്തപ്പെട്ട സഹദേന്മാരോടു കൂടെയും/തങ്ങളുടെ പ്രവൃത്തികളാൽ നിനക്ക് ഇഷ്ടന്മാരായിത്തീർന്ന പരിശുദ്ധന്മാരോടുകൂടെയും/ഞങ്ങളുടെ മരിച്ചവർക്ക് ഓർമ്മയെ ചമച്ച്/ നിന്റെ വലത്തുഭാഗത്തു നില്പാൻ അവരെ യോഗ്യന്മാരാക്കി ആശ്വസിപ്പി ക്കണമേ/കർത്താവേ/ശുദ്ധമുള്ള നിന്റെ സഭ/അതിന്റെ പ്രജകൾക്കായി ദുഃഖത്തോടു നിലവിളിച്ചുകൊണ്ട് നിന്നോട് അപേക്ഷിച്ചുപറയുന്നു/ കർത്താവേ/മാമ്മോദീസായാൽ നിന്നെ ധരിച്ചു എന്ന ജനങ്ങൾ/നിന്നാൽ അനുകൂലപ്പെടുകയല്ലാതെ അഗ്നിനരകം നേടുമാറാകരുതേ.

## മാർ ബാലായിയുടെ അപേക്ഷ

അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്നവനേ!/അനുകൂലത്തിന്റെ ദിവസത്തിൽ നിന്റെ സൃഷ്ടിപ്പിനെ നീ പുത്തനാക്കി അനുകൂലമാക്കേണമെ/കർത്താവേ! നിന്റെ ആശ്രയത്തെക്കുറിച്ചു മരിച്ചു/നിന്റെ വരവിനെ നോക്കിപ്പാർത്തിരി ക്കുന്ന ഞങ്ങളുടെ മരിച്ചവരെ നീ പുണ്യമാക്കേണമെ/അബ്രഹാമിന്റെയും, ഇസ്സഹാക്കിന്റെയും, യാക്കോബിന്റെയും മടിയിൽ അവരെ നീ പാർപ്പി ക്കേണമെ. വന്നവനും വരുവാനിരിക്കുന്നവനും മരിച്ചവരെ അനുകൂലമാ ക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു എന്ന് ശരീരങ്ങളും ആത്മാ ക്കളും ശരിയായിട്ടു നിലവിളിച്ചു പറയുമാറാകണമെ.

(രണ്ടു കൗമാ നമസ്ക്കരിക്കണം)

### അപേക്ഷ

കർത്താവേ! ഞങ്ങളുടെ നോമ്പും നമസ്ക്കാരവും നിനക്കു വെടിപ്പുള്ള ധൂപം പോലെ ആയി/സൗരഭ്യങ്ങളുടെ പുകപോലെ നിന്റെ സന്നിധാന ത്തിങ്കൽ കൈക്കൊള്ളപ്പെടുമാറാകേണമെ/ശുദ്ധമുള്ള നോമ്പു ജയത്തിന്റെ അടയാളവും/ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധവും ആകുന്നു/കർത്താവേ, ഞങ്ങളുടെ നമസ്ക്കാരം നിനക്ക് ഇമ്പമുള്ളതാ കേണമെ/ഞങ്ങളുടെ അപേക്ഷ നിന്റെ തിരുമുമ്പാകെ പ്രവേശിക്കുമാറാ കേണമെ/ആനന്ദപരിമളംപോലെ നിന്റെ ശ്രേഷ്ഠതയുടെ മുമ്പാകെ അതു കൈക്കൊള്ളപ്പെടുമാറാകേണമെ/കർത്താവേ! നിന്നെ ഞങ്ങൾ നോക്കി

വിളിക്കുന്നതുകൊണ്ട്/ഞങ്ങളുടെ സഹായത്തിനു നീ എഴുന്നള്ളി/ ഞങ്ങളുടെ ആത്മാക്കൾമേൽ അനുഗ്രഹം ചെയ്യേണമെ/നീതിമാന്മാരുടെയും, പുണ്യവാന്മാരുടെയും നോമ്പിനെ കൈക്കൊണ്ട് എന്ന മശിഹാ തമ്പുരാനേ ഞങ്ങളുടെ നോമ്പും നമസ്ക്കാരവും നീ കൈക്കൊണ്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ ആമ്മീൻ.

മോറാനീശോമിശിഹാ!/നിന്റെ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങളുടെ മുഖങ്ങളുടെ നേരെ നീ അടയ്ക്കരുതേ/കർത്താവേ/ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു/ഞങ്ങളുടെമേൽ നീ അനുഗ്രഹം ചെയ്യേണമെ/കർത്താവേ/നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മായപ്പെടുവാനായി/നിന്റെ സ്നേഹം/നിന്നെ നിന്റെയിടത്തിൽ നിന്നു ഞങ്ങളുടെ അടുക്കലേക്ക് ഇറക്കി/ഞങ്ങളെ അനുഗ്രഹിക്കേണമെ.

(രണ്ടു കൗമാ നമസ്ക്കരിക്കണം)

## നാലാം മസുമൂറാ

എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷിതാവുമേ നിന്നെ ഞാൻ വിളിച്ചപ്പോൾ എന്നോടു നീ ഉത്തരം പറഞ്ഞു/എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ചു/എന്റെ മേൽ അനുഗ്രഹം ചെയ്ത്/എന്റെ പ്രാർത്ഥനയെ കേൾക്കണമേ/മനുഷ്യമക്കളെ നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മൂടി/മായയെ സ്നേഹിച്ചു/എന്നേക്കും വ്യാജം അന്വേഷിക്കുന്നു/ തന്റെ തിരഞ്ഞെടുക്കപ്പെട്ടവനെ കർത്താവ് അത്ഭുതത്താൽ തനിക്കായി വേർതിരിച്ചു എന്ന് നിങ്ങൾ അറിവീൻ/നിങ്ങൾ പാപം ചെയ്യരുത്/നിങ്ങളുടെ ഹൃദയങ്ങളിൽ പറഞ്ഞു/നിങ്ങളുടെ കിടക്കകളിൽ നിങ്ങൾ നിരൂപിപ്പീൻ/നീതിയുടെ ബലികളെ നിങ്ങൾ കഴിച്ചു കർത്താവിൽ ശരണം പ്രാപിപ്പിൻ/നമുക്ക് നന്മ ആരു കാണിക്കുമെന്നു പറയുന്നവർ പലരുണ്ട്/തന്റെ മുഖപ്രകാശം ഞങ്ങളുടെ മേൽ താൻ വിരിക്കട്ടെ/കർത്താവേ അവരുടെ ധാന്യവും വീഞ്ഞും എണ്ണയും സമാധാനത്താലെ ഒന്നിച്ചു വർദ്ധിച്ച കാലത്തേക്കാൾ/നിന്റെ സന്തോഷം എന്റെ മനസ്സിൽ നീ തന്നു/ഞാൻ കിടന്നുറങ്ങും/എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും. ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## മാർ യാക്കോബിന്റെ അപേക്ഷ

(കോറേനാൻ ലോഖ് എന്ന മട്ടിൽ)

കർത്തൃകർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നിപ്പോൾ
നീയെഴുന്നള്ളി പ്രാർത്ഥനകേട്ട് കൃപചെയ്യണമേ.

ഈറേൻമാലാഖമാരുടേയും ഉടയവനായ
കർത്തൃകർത്താവേ! ആത്മാക്കൾമേൽ കൃപചെയ്യണമെ

ബാവാപുത്രാ ശുദ്ധറൂഹായേ! വിശ്വാസത്താൽ
ഞങ്ങൾ മുട്ടി നിൻകൃപകൊണ്ട് ഉത്തരമരുൾകാ

നിൻ മനോഗുണത്തെ ഞങ്ങൾ കണ്ടു നിൻതിരുനാമം
സ്തോത്രം ചെയ്‌വാൻ ഞങ്ങളുടെ കൺകൾ വെളിവാക്കണമെ

നിന്റെ ദയയിൻ സങ്കേതത്തെ ഞങ്ങൾ പിടിച്ചു
നിന്നനുഗ്രഹത്താൽ ഞങ്ങളെ നീ ജീവിപ്പിക്കണമേ

ഞങ്ങളുടെ ദൈവമേ! നിന്നിൽ നിന്നു പ്രാർത്ഥിച്ചതിനാൽ
ഞങ്ങൾക്കായി ശുദ്ധഹൃദയം നൽകീടണമേ

റൂഹായുത്തെ ബീശേൻപക്കൽ പ്രയോഗിക്കാ
ഞങ്ങളുടെ മുറിവെ സൗഖ്യപ്പെടുത്തി രക്ഷിക്കണമേ

നിന്റെ പിന്നിൽ വന്നവരെ നാണിപ്പിക്കല്ലേ
എന്റെ കർത്താവേ! നിൻ വലംകയ്യാൽ രക്ഷിക്കണമേ

എന്റെയിഷ്ടം നിന്റേതാവാനാശിക്കുന്നു
സകലേശ്വരനാം സർവ്വപിതാവേ വന്ദിക്കുന്നു

സകലഗുണവും നിന്നിൽ നിന്നു ഞങ്ങൾ വാങ്ങി
വ്യാപാരിയെപ്പോൽ ഞങ്ങളുടെ ദ്രവ്യം നീ വാങ്ങണമേ

പഠിപ്പാൻ നിന്റെ സൽപുസ്തകത്തെ നൽകീടണമേ
ദാസാദാസീ സുതരേ നീ ജീവിപ്പിക്കേണമേ

എന്റെ കർത്താവേ! നിന്റെ ദേഹരക്തങ്ങളേയും
തിന്നുകുടിച്ചു ഞങ്ങളെ നീ ജീവിപ്പിക്കേണമെ

നിന്റെ സ്ളീബാ + ഞങ്ങളുടെ ദേഹോപദ്രവത്തിന്നു
കോട്ടയതായി ഞങ്ങൾക്കതിനെ നൽകീടണമേ

ഇടയാ നിന്റെയിടവകയുടെ കുഞ്ഞാടാക്കാ
നിന്റെ വലംകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കാ

ലോകപിതാവാം രാജരാജാവേ! നിനക്കു സ്തോത്രം
ഞങ്ങളുടെയപേക്ഷ കാഴ്ചയെപ്പോലെ കൈക്കൊള്ളണമേ

നിഖിലം ശ്രവിക്കും നമസ്ക്കാരം കൈക്കൊള്ളുന്നവനേ
പ്രാർത്ഥന കേട്ട് ആത്മാക്കളെ നീ രക്ഷിക്കണമേ.

## സൂത്താറാ നമസ്ക്കാരം

കരുണയുള്ള ദൈവമേ, നിന്റെ കരുണയുടെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു/നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങളെ വിരോധിക്കരുതേ/ദൈവമേ ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു

നിന്നെ ഞങ്ങൾ വിളിക്കുന്നു/നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ട്/ നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നൽകുമാറാകണമേ/

## മാർ അപ്രേമിന്റെ മെമ്രോ

ഞങ്ങൾക്കുള്ള കർത്താവേ!
ഞാനിഹ നിദ്രയൊഴിഞ്ഞിട്ട്
ഉണർവോടെ നിൻ തിരുമുമ്പിൽ
നില്പാനെനിക്കു നീ നൽകണമേ

വീണ്ടും ഞാനുറങ്ങുന്നാകിൽ
എനിക്കുള്ള എന്റെയുറക്കം
കർത്താവേ നിൻ തിരുമുമ്പിൽ
ദോഷം കൂടാതാകണമേ

എന്നുണർച്ചയിൽ ഞാൻ ചതിപെടുകിൽ
നിൻ നന്മയിൽ ഞാൻ പൊറുക്കപ്പെടും
ഉറക്കത്തിൽ ഞാൻ പിഴച്ചെങ്കിൽ
പൊറുപ്പാൻ കരുണ നീ ചെയ്യണമേ

തവ ക്ഷീണത്തിൻ സ്കീപ്പായാൽ
നല്ലയുറക്കമെനിക്കു നീ താ
ആകാസ്വപ്നമശുദ്ധിയിൽ നിന്ന്
എന്നെ നീ രക്ഷിച്ചുകൊള്ളണമേ

നിരപ്പുനിറഞ്ഞയുറക്കത്തിൽ
രാവൊക്കെയും എന്നെ നീ ഭരിക്ക
തണ്യവരും വേണ്ടിനിനവും
എന്നിൽ മുഷ്ക്കരമാക്കല്ലെ

നിന്റെ അടിയാൻ ഞാനതിനാ -
ലെന്റെ സന്ധുക്കൾ കാപ്പാനായ്
വെളിവിനുടെ മാലാഖയെ
എനിക്കു നീ തരണം കർത്താവേ

ദ്വേഷതപെട്ടയപേക്ഷയിൽ നീ -
ന്നെന്നെ നീ രക്ഷിച്ചുകൊള്ളണമേ
ഉയിർപെട്ട നിൻ ദേഹത്തെ
ഞാനനുഭവിച്ചതെന്നതിനാലെ

ഞാൻ ചരിഞ്ഞനുകൂലത്താലുറങ്ങുമ്പോൾ
നിന്റെ ചോരയെനിക്കു കാവൽ
നിൻ മെനച്ചിലിനുടെ സ്വതകർമ്മം
നിൻകൃപയോടെ നൽകേണമെ

നിൻകൈ മെനഞ്ഞ ശരീരത്തെ
നിന്റെ വലംകൈ താങ്ങണമേ
നിന്റെ കരുണകൾ കോട്ടയതായ്
എനിക്കു നീ ചുറ്റിച്ചുകൊള്ളണമേ

ശരീരമടങ്ങിയുറങ്ങുമ്പോൾ
കാവലതായതു നിൻ ശക്തി
സൗരഭ്യമായ ധൂപം പോ-
ലെന്റെയുറക്കം തിരുമുമ്പിൽ

നിന്നെപ്പെറ്റാളമ്മയുടെ
നിന്നോടുള്ളയപേക്ഷയാലെ
എനിക്കുള്ള ശയനത്തിൻമേൽ
തിന്മപ്പെട്ടവനണയരുതേ

എനിക്കുവേണ്ടീട്ടുണ്ടായെന്നാ
നിനക്കുള്ള പൂജയാലെ
എന്നെ വ്യസനത്തിലാക്കായ്‌വാൻ
സാത്താനെ നീ മുടക്കണമെ

കർത്താവേ നിൻ പറഞ്ഞൊപ്പ് (വാഗ്ദാനം)
എന്റെ പക്കൽ തികയ്ക്കണമേ
നിനക്കുള്ള സ്ളീബായാലെ
എന്റെ ആയുസ്സു കാക്കണമേ

ഞാനുണരപ്പെട്ടന്നപ്പോൾ
നിന്നെ ഞാൻ കൊണ്ടാടുവാൻ
എന്റെ തളർച്ചയുടെ പക്കൽ
നിന്റെ ഉപവി നീ കാട്ടണമേ

നിൻ തിരുമനസ്സിനെ ഞാനറിഞ്ഞ്
ഞാനതിനെ ചെയ്‌വാനായി
നിൻതിരുമനോഗുണമതിനാലെ
എനിക്കു നീ മനോഗുണം ചെയ്യണമേ

നിരപ്പുനിറഞ്ഞോരന്തിയും
പുണ്യത്വത്തിനുടെ രാവും
ഞങ്ങളുടെ രക്ഷകാരൻ മിശിഹാ
കർത്താവേ! അടിയാർക്കു നീ തരിക

വെളിവിൽ താൻ പ്രകാശിച്ചു
വെളിവിൽ തന്നെ പാർക്കുന്നു
വെളിവിനുടെ സുതരായവരും
നിന്നെത്തന്നെ വന്ദിക്കുന്നു

നിനക്കു സ്തുതി നിന്റെയനുഗ്രഹങ്ങൾ
ഞങ്ങളുടെ മേലുമതാകണമേ
ഇഹലോകത്തിലുമതുപോലെ
പരലോകത്തിലുമതാകണമേ

എന്റെ കർത്താവേ നിനക്കു സ്തുതി
നിനക്കു സ്തുതി, സ്തുതി നിനക്കു സ്തുതി
ആയിരങ്ങളുടെ ആയിരവും
അളവുകൂടാതെ നിനക്കു സ്തുതി

സ്വർഗ്ഗാദൂതർക്കുടയവനേ
അവരാൽ മഹത്വപ്പെടുന്നവനേ
വന്ദനവോടു നിനക്കു സ്തുതി
പ്രാർത്ഥനകൾ കൈക്കൊള്ളണമേ

ത്രിയേക മേകത്രിയാം
ഏകദൈവമായുള്ള
പിതൃസുതപരിശുദ്ധാത്മാവാം
സത്യപരനെ നിനക്കു സ്തുതി

ബലഹീനരുടെ അപേക്ഷകളും
അനുതാപികളുടെ കണ്ണുനീരും
മുൻഫലമായ കാഴ്ചകൾപോൽ
കൈക്കൊൾവോനേ നിനക്കു സ്തുതി

സ്വർഗ്ഗാദൂതന്മാർ തന്നെ
സ്തുതിയാൽ ഘോഷിക്കുന്നവനെ
പൂഴികളായവരിൽനിന്ന്
അളവില്ലാതെ നിനക്കു സ്തുതി

പിതൃസുതപരിശുദ്ധാത്മാവാം
ഏകദൈവത്തിൻ പക്കൽ
നിർമ്മലമായ ബോധത്താൽ
സ്തോത്രം നാം ചെയ്തീടേണം

കൊല്ലും വഞ്ചനയായുള്ള
പൊന്നും വെള്ളിയും നേടേണ്ടാ
നിത്യജീവൻ പ്രാപിപ്പാൻ
സത്യോപദേശം കേൾക്ക

നാൽപതുനാൾ ഉപവസിക്ക
വിശക്കുന്നവനപ്പം കൊടുക്ക
ഈശായി സുതനേപ്പോൽ ദിനം
ഏഴുവട്ടം പ്രാർത്ഥിക്ക

മൂശയുമേലിയായും
നാല്പതുനാൾ നോമ്പെടുത്തു
നമ്മുടെ കർത്താവും നോറ്റു
ആകൽക്കറുസായേ ജയിച്ചു

കടൽ കൂപാമഗ്നികളിൽ
രക്ഷിച്ചെന്നാ പ്രാർത്ഥനകൾ
ഞങ്ങളുടെ നമസ്ക്കാരങ്ങൾക്ക്
കൃപയുടെ വാതിൽ തുറക്കണമേ

നമസ്ക്കാരം കേൾക്കുന്നവനേ
യാചനകൾ നൽകുന്നവനേ
ഞങ്ങളുടെ നമസ്ക്കാരം കേട്ട്
യാചനകൾ നൽകീടണമേ

അത്യുന്നതന്റെ മറവിൽ (പേജ് 15)
മഹോന്നതന്റെ മറവിൽ (പേജ് 17)
കർത്താവിന്റെ ബഹുമാനം (പേജ് 18)
വിശ്വാസപ്രമാണം (പേജ് 18)

## അപേക്ഷ

ശുദ്ധമുള്ള ബാവാ! ശുദ്ധമുള്ള നിന്റെ തിരുനാമത്താൽ ഞങ്ങളെ നീ കാത്തു കൊള്ളേണമേ/രക്ഷിതാവായ പുത്രാ ജയമുള്ള നിന്റെ സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളണമേ/ശുദ്ധമുള്ള റൂഹാ ശുദ്ധമുള്ള നിന്റെ

കുടിയിരിപ്പിന് ഭവനങ്ങളായി ഞങ്ങളെ ചമയ്ക്കേണമേ/ഞങ്ങളുടെ ദൈവമായ കർത്താവേ! എല്ലാ സമയവും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ എന്നന്നേയ്ക്കും ഞങ്ങളെ മറച്ചുകൊള്ളേണമേ. ആമ്മീൻ.

## അപേക്ഷ

പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനേ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ/തിന്മകളൊക്കെയിൽ നിന്നും/ദോഷങ്ങളൊക്കെയിൽനിന്നും തിന്മപ്പെട്ട മനസ്സൊക്കെയിൽ നിന്നും/വേശ്യാദോഷചിന്തയിൽനിന്നും/ശത്രുക്കളൊക്കെയിൽനിന്നും ചതിവിനുടെ സ്നേഹക്കാരിൽ നിന്നും/പിശാചുക്കളുടെ പരീക്ഷയിൽ നിന്നും, ദുഷ്ടമനുഷ്യരുടെ തിന്മയിൽനിന്നും/അശുദ്ധപ്പെട്ട വികാരങ്ങളിൽനിന്നും, മ്ലേച്ഛതപ്പെട്ട മോഹങ്ങളിൽനിന്നും/സാത്താനടുത്ത വിചാരങ്ങളിൽനിന്നും/തിന്മപ്പെട്ട സ്വപ്നങ്ങളിൽനിന്നും ഒളിക്കപ്പെട്ട കണികളിൽനിന്നും/മിനക്കെടപ്പെട്ട വചനങ്ങളിൽനിന്നും/വൻചതിവുകളിൽനിന്നും തിന്മപ്പെട്ട ഉത്തരപ്പിൽനിന്നും/ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽനിന്നും ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ/അരിശത്തിനുടെ വടിയിൽനിന്നും പെട്ടെന്നുള്ള മരണത്തിൽനിന്നും/കോപത്തിൽനിന്നും ദ്വേഷതയിൽനിന്നും/മിന്നലുകളിൽനിന്നും ഇടികളിൽനിന്നും/വസന്തകളിൽനിന്നും തീനരകത്തിൽനിന്നും/കടുമപ്പെട്ട ദുഷ്ക്കർമ്മങ്ങളിൽനിന്നും ചാകാത്ത പുഴുവിൽനിന്നും/കെടാത്ത തീയിൽനിന്നും പല്ലുകടിയിൽനിന്നും/കരച്ചിലിൽനിന്നും കയ്പുപെട്ട ഭവതിത്വത്തിൽനിന്നും/തിന്മപ്പെട്ട നാഴികയിൽനിന്നും/ഉപദ്രവിക്കുന്നതായ മുഷ്ക്കരത്വത്തിൽനിന്നും/പഞ്ഞത്തിൽനിന്നും പേടിയിൽനിന്നും/ഇളക്കത്തിൽനിന്നും സഹിക്കാൻ വയ്യാത്ത ശിക്ഷകൾ ഒക്കെയിൽനിന്നും/പോകുവിൻ/നിങ്ങളെ ഞാനറിയുന്നില്ല എന്നുള്ള തിരുവചനത്തിൽനിന്നും/നിന്നിൽനിന്നു ഞങ്ങളെ അകറ്റുന്നതായ സകലത്തിൽനിന്നും/കർത്താവേ! ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ. ആമ്മീൻ

(സന്ധ്യാനമസ്ക്കാരം തികഞ്ഞു)

## നമസ്ക്കാരങ്ങളുടെ അവസാനത്തിൽ ചൊല്ലേണ്ടുന്ന അപേക്ഷ

ബാവായും പുത്രനും ശുദ്ധമുള്ള റൂഹായും ആയ പട്ടാങ്ങപ്പെട്ട ദൈവംതമ്പുരാനേ! എന്നന്നേയ്ക്കും ഞങ്ങൾക്കുള്ള ദൈവംതമ്പുരാൻ നീ ആകുന്നു എന്നു വിശ്വസിച്ചു നിന്നോട് ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ നോമ്പും നമസ്ക്കാരവും ശുശ്രൂഷയും ആവലാതിയും നീ കൈക്കൊണ്ട് ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. അറിവോടും അറിവുകൂടാതെയും നിനക്കു വിരോധമായി ഞങ്ങൾ പിഴച്ച പിഴകളൊക്കെയും

ദോഷങ്ങളൊക്കെയും നീ പൊറുക്കേണമെ. നിനക്ക് ഇഷ്ടമുള്ള നിനവു കൊണ്ടും വചനംകൊണ്ടും പ്രവൃത്തികൊണ്ടും ഞങ്ങളുടെ ആയുസ്സുക ളുടെ ദിവസങ്ങളൊക്കെയും ജീവിപ്പാൻ ഞങ്ങളെ നീ സഹായിക്കേണമെ. തിന്മപ്പെട്ടവന്റെ പരീക്ഷണങ്ങളിൽനിന്നും ദേവസുകളുടെ അസൂയ യിൽനിന്നും തിന്മപ്പെട്ട മനുഷ്യരുടെ കഠിനത്തിൽനിന്നും ഞങ്ങളെ സങ്കട പ്പെടുത്തുന്നതായ സകല രോഗങ്ങളിൽനിന്നും കയ്പ്പുപെട്ട ഭവതിത്വ ത്തിൽനിന്നും ഞങ്ങളുടെ ദിഷ്ടതിയുടെ അപ്പം മുടക്കുന്നതായ അഗതി ത്വത്തിൽനിന്നും രഹസ്യത്താലെയും പരസ്യത്താലെയുമുള്ള ശത്രുക്കളൊ ക്കെയിൽ നിന്നും ദൈവംതമ്പുരാനേ! ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ. ചണ്ഡാളന്മാർക്കും മറുതലിപ്പുകാർക്കും ഒരുക്കിയിരിക്കുന്ന നരകം നേടു വാൻ ഞങ്ങളെ നീ കൈവിടരുതെ. ഞങ്ങൾക്കും ഞങ്ങളുടെ മരിച്ചുപോ യവർക്കും ചമയപ്പെട്ട സകല കുറ്റങ്ങളിൽനിന്നും പാപങ്ങളിൽനിന്നും മോചനം നൽകണമേ. പിന്നെയോ നിനക്ക് ഇഷ്ടന്മാരായ നീതിമാന്മാരോടും പുണ്യവാന്മാരോടുംകൂടെ നിന്റെ മോക്ഷത്തിൽ ആനന്ദിപ്പാൻ ഞങ്ങൾ എല്ലാവരെയും യോഗ്യരാക്കേണമെ. തമ്പുരാനെ പ്രസവിച്ച മർത്തമറിയമേ! തന്റെ സകല ശുദ്ധമുള്ളവരുമേ! ശുദ്ധമുള്ള സകല മാലാഖമാരേ! ഞങ്ങ ളുടെ രക്ഷയ്ക്കുവേണ്ടി ദൈവംതമ്പുരാനോട് അപേക്ഷിപ്പാൻ നിങ്ങളിലും ഞങ്ങൾ സങ്കേതപ്പെട്ടു ശരണത്താലെ ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മീൻ.

## വലിയനോമ്പിന്റെ നമസ്ക്കാരം
## (പാമ്പാക്കുട)

## സന്ധ്യാപ്രാർത്ഥന

ആരംഭവും..... ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമായും ചൊല്ലിയതിന്റെശേഷം

കർത്താവേ! നിന്നെ ഞാൻ വിളിച്ചുവല്ലോ. എന്നോടു നീ ഉത്തരമരുളിച്ചെ യ്യണമെ/എന്റെ വചനങ്ങളെ സൂക്ഷിച്ചുകേട്ട് കൈക്കൊള്ളുകയും ചെയ്യ ണമെ.

എന്റെ പ്രാർത്ഥന നിന്റെ മുമ്പാകെ ധൂപം പോലെയും/എന്റെ കൈക ളിൽനിന്നുള്ള കാഴ്ച സന്ധ്യയുടെ വഴിപാടുപോലെയും/ഇരിക്കുമാറാ കണമെ/എന്റെ ഹൃദയം ഒരു ദുഷ്ക്കാര്യത്തിനും ചായാതെയും ഞാൻ അന്യായക്രിയകളെ പ്രവൃത്തിക്കാതെയും ഇരിക്കത്തക്കവണ്ണം എന്റെ വായ്ക്ക് ഒരു കാവൽക്കാരനെയും എന്റെ അധരങ്ങൾക്ക് ഒരു കാവൽക്കാ രനേയും നിയമിക്കണമെ.

ദുഷ്ടമനുഷ്യരോടുകൂടെ ഞാൻ ചേരുമാറാകരുതേ/നീതിമാൻ എന്നെ പഠി പ്പിക്കുകയും ശാസിക്കുകയും ചെയ്യട്ടെ/ദുഷ്ടന്മാരുടെ എണ്ണ എന്റെ തലയ്ക്കു

കൊഴുപ്പാകാതിരിക്കട്ടെ/എന്തെന്നാൽ എന്റെ പ്രാർത്ഥന അവരുടെ ദോഷം നിമിത്തമാകുന്നു/അവരുടെ വിധികർത്താക്കൾ പാറയിൻമുനയാൽ തടയപ്പെട്ടു/ഇമ്പമുള്ള എന്റെ വചനങ്ങളെ അവർ കേട്ടു.

കൊഴുവ് ഭൂമിയെ പിളർക്കുന്നതുപോലെ ശവക്കുഴിയുടെ വായ്ക്കരികെ അവരുടെ അസ്ഥികൾ ചിതറപ്പെട്ടു/കർത്താവേ! ഞാൻ എന്റെ കണ്ണുകളെ നിന്റെ അടുക്കലേക്ക് ഉയർത്തി/നിന്നിൽ ശരണപ്പെട്ടു. എന്റെ ആത്മാവിനെ തള്ളിക്കളയരുതെ/

എനിക്കായി കെണികളെ മറച്ചുവെച്ചിട്ടുള്ള പ്രശംസക്കാരുടെ കൈയിൽ നിന്ന് എന്നെ കാത്തുകൊള്ളണമേ. ഞാൻ കടന്നുപോകുന്നതുവരെ അന്യായക്കാർ തങ്ങളുടെ വലകളിൽ ഒരുമിച്ചുവീഴട്ടെ.

എന്റെ ആത്മാവ് കുണ്ഠിതപ്പെട്ടപ്പോൾ എന്റെ ശബ്ദത്താൽ കർത്താവിനെ വിളിച്ചു/എന്റെ ശബ്ദത്താൽ ഞാൻ കർത്താവിനോടു പ്രാർത്ഥിച്ചു/ അവന്റെ മുമ്പാകെ ഞാൻ എന്റെ സങ്കടം ബോധിപ്പിച്ചു/അവന്റെ മുമ്പാകെ എന്റെ ഞെരുക്കത്തെ ഞാൻ അറിയിക്കുകയും ചെയ്തു/നീ എന്റെ ഊടുവഴികളെ അറിയുന്നുവല്ലോ.

എന്റെ നടപ്പുകളുടെ വഴിയിൽ അവർ എനിക്കായി കെണികളെ മറച്ചുവച്ചു/ഞാൻ വലത്തോട്ടുനോക്കി എന്നെ അറിയുന്നവൻ ഇല്ലെന്നു ഞാൻ കണ്ടു/സങ്കേതസ്ഥലം എനിക്കില്ലാതായി/എന്റെ ദേഹിക്കുവേണ്ടി പകരം ചോദിക്കുന്നവനും ഇല്ല/കർത്താവേ! ഞാൻ നിന്റെ അടുക്കൽ നിലവിളിച്ചു/കർത്താവേ! ജീവിച്ചിരിക്കുന്നവരുടെ ദേശത്ത് എന്റെ ആശ്രയവും എന്റെ ഓഹരിയും നീയാകുന്നു എന്ന് ഞാൻ പറഞ്ഞു,

ഞാൻ ഏറ്റം താഴ്ത്തപ്പെട്ടിരിക്കകൊണ്ട് എന്റെ അപേക്ഷയെ സൂക്ഷിച്ചു കേൾക്കണമെ/എന്നെ പീഡിപ്പിക്കുന്നവർ എന്നേക്കാൾ ബലവാന്മാരായതുകൊണ്ട് അവരിൽനിന്ന് എന്നെ വിടുവിക്കണമെ/ഞാൻ നിന്റെ നാമത്തെ സ്തോത്രം ചെയ്‌വാനായിട്ട്/എന്റെ ആത്മാവിനെ കാരാഗൃഹത്തിൽനിന്ന് പുറപ്പെടുവിക്കണമെ/നീ എന്നോടുത്തരമരുളിച്ചെയ്യുമ്പോൾ നിന്റെ നീതിമാന്മാർ എനിക്കായി കാത്തിരിക്കും.

നിന്റെ വചനം എന്റെ കാലുകൾക്കു വിളക്കും/എന്റെ ഊടുവഴിക്ക് പ്രകാശവുമാകുന്നു/നിന്റെ നീതിയുള്ള വിധിപ്പുകളെ ആചരിപ്പാനായിട്ട് ഞാൻ ആണയിട്ടു നിശ്ചയിച്ചു/ഞാൻ ഏറ്റവും ക്ഷീണിച്ചു/കർത്താവേ! നിന്റെ വചനപ്രകാരം എന്നെ ജീവിപ്പിക്കണമെ/കർത്താവേ! എന്റെ വായിലെ വചനങ്ങളിൽ നീ ഇഷ്ടപ്പെടണമെ. നിന്റെ ന്യായങ്ങളിൽനിന്ന് എന്നെ പഠിപ്പിക്കണമെ.

എന്റെ ദേഹി എല്ലായ്പ്പോഴും നിന്റെ കൈകളിൽ ഇരിക്കുന്നു/നിന്റെ വേദ പ്രമാണത്തെ ഞാൻ മറന്നില്ല/പാപികൾ എനിക്കായിട്ട് കെണികളെ വച്ചു എന്നാലും ഞാൻ നിന്റെ കല്പനകളിൽനിന്നും മാറിപ്പോയില്ല/ഞാൻ നിന്റെ സാക്ഷിയെ എന്നേയ്ക്കും അവകാശമായി സ്വീകരിച്ചു/എന്തെന്നാൽ അതു എന്റെ ഹൃദയത്തിനു ആനന്ദം ആകുന്നു/നിന്റെ കല്പനകളെ എന്നേക്കും സത്യത്തോടെ നിവർത്തിപ്പാനായിട്ട് ഞാൻ എന്റെ ഹൃദയത്തെ തിരിച്ചു/

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ. സകല ജനങ്ങളുമേ! അവനെ സ്തുതിപ്പിൻ/എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെ ട്ടിരിക്കുന്നു/അവൻ സത്യമായിട്ടും എന്നേയ്ക്കും കർത്താവാകുന്നു/ ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനൊ

തന്റെ പരിശുദ്ധതയ്ക്കു ഭംഗമില്ലാതിരിക്കെ/ഞങ്ങൾക്കുവേണ്ടി നോമ്പു നോറ്റവനായ മിശിഹാ!/നിനക്ക് ഇഷ്ടമാകുന്ന പ്രകാരം നോമ്പു നോൽപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യണമെ.

എല്ലാ സൃഷ്ടികളേയും പോറ്റുന്നവനായിരിക്കെ/ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി വനത്തിൽവച്ച് വിശന്നവനായ കർത്താവേ!/വയറിനെ സ്നേഹി ക്കാതെ നോമ്പ് നോൽപ്പാൻ ഞങ്ങളെ യോഗ്യരാക്കണമെ.

കർത്താവേ! ഞങ്ങളുടെ നോമ്പ് നിനക്കിഷ്ടമുള്ളതായിരിക്കണമേ. അങ്ങിനെ ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കയും ചെയ്യണമേ.
സ്തൗമെൻ കാലോസ് കുറിയേ....

## കോലോകൾ

നോമ്പ് സാത്താനോട് യുദ്ധം ചെയ്വാനുള്ള പ്രധാന ആയുധമാകുന്നു/ മോശയും ഏലിയായും നാല്പതു ദിവസം നോമ്പ് നോറ്റു/നോമ്പാലും പ്രാർത്ഥനയാലും സാത്താനെ ജയിപ്പാൻ ഞങ്ങളെ പഠിപ്പിച്ചവനായ മിശിഹാതമ്പുരാനു സ്തുതി. ബാറെക്മോർ.

നോമ്പുമൂലം മോശ ദൈവത്താൽ എഴുതപ്പെട്ട കൽപ്പലകകളെ പ്രാപിച്ചു/ നോമ്പിനാൽ ഏലിയ ദൈവേഷ്ടനായിത്തീരുകയും ചെയ്തു/അസൂയ, കുരള മുതലായ തിന്മകളെ വെടിഞ്ഞ് നോമ്പ് നോറ്റ് പ്രാർത്ഥിക്കുകയും/ തന്റെ നടപടികളാൽ കർത്താവിനെ ഇഷ്ടപ്പെടുത്തുകയും ചെയ്യുന്നവൻ ഭാഗ്യവാനാകുന്നു. മൊറിയൊ....

## വീണ്ടും കോലോകൾ

ദൈവമേ! ഞങ്ങളുടെ കുറ്റങ്ങൾക്കു പരിഹാരമുണ്ടാക്കണമെ/ഞങ്ങളുടെ അകൃത്യങ്ങളെയെല്ലാം മോചിക്കണമെ/ഞങ്ങൾ പാപം ചെയ്തു നിന്നെ കോപിപ്പിച്ചിരിക്കയാൽ/പാപിനിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ അടുക്കൽ നിലവിളിക്കുന്നു/മനുഷ്യസ്നേഹമുള്ളവനെ/ഞങ്ങളെ കൈകൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ/നീ വലിയ മഹത്വത്തോടെ എഴുന്നള്ളുന്ന ദിവസത്തിൽ/നിന്റെ ശുദ്ധിമാന്മാരോടുകൂടെ നിന്റെ കൃപയ്ക്കു ഞങ്ങൾ സ്തുതിപാടുമാറാകണമെ. ബാറോക്മോർ

കർത്താവേ! ആ മുടിയനായ പുത്രനെപ്പോലെ ഞങ്ങൾ നിന്റെ അടുക്കൽ നിലവിളിക്കുന്നു/ഞങ്ങളോടു കരുണ ചെയ്യണമേ/സ്വർഗ്ഗത്തിനും നിനക്കും വിരോധമായി ഞങ്ങൾ പാപം ചെയ്തു/കൂലിക്കാരെപ്പോലെയെങ്കിലും ഞങ്ങളെ കൈക്കൊള്ളണമേ. നിന്റെ ഭവനത്തിൽ ദാസൻമാരെപ്പോലെ യെങ്കിലും ഞങ്ങളെ വിചാരിക്കണമേ/നിനക്കു വിരോധമായി ഞങ്ങൾ ചെയ്തിട്ടുള്ള സകല പാപങ്ങളും ഞങ്ങളോടു ക്ഷമിക്കുകയും ചെയ്യ ണമേ. മൊറിയൊ....

## ബോവൂസൊ

ആത്മാവും ശരീരവും ഒരുമിച്ച് നോമ്പ് നോൽക്കേണ്ടിയിരിക്കുന്നതിനാൽ/ ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ആത്മാവ് തിന്മകളേയും വെടിയേ ണ്ടതാകുന്നു/ദുർവിചാരങ്ങളെ വെടിയാതെ ഭക്ഷണത്തെ മാത്രം വെടി ഞ്ഞിട്ടുള്ള നോമ്പ് വ്യർത്ഥമായിട്ടുള്ളതാകുന്നു/കർത്താവേ! ആത്മാവിലും ശരീരത്തിലും ശരിയായിട്ട് നോമ്പു നോൽപ്പാൻ നിന്റെ കൃപ ഞങ്ങൾക്കു കൂട്ടായിരിക്കണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതേ/കർത്താവേ! ഞങ്ങൾ പാപി കളാകുന്നു എന്ന് ഞങ്ങൾ ഏറ്റുപറയുന്നു/ഞങ്ങളോടു കരുണയുണ്ടാ കണമെ/

കർത്താവേ! നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകു വാനായിട്ട്/നിന്റെ സ്നേഹം നിന്റെ സ്ഥാനത്തുനിന്ന് ഞങ്ങളുടെ അടുക്കലേയ്ക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്നു/ഞങ്ങളോടു കരുണയു ണ്ടാകണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു...... ഇത്യാദി കൗമാ

## സുത്താറാ പ്രാർത്ഥന

ആരംഭവും ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമായും ചൊല്ലി യതിന്റെ ശേഷം

(ഇത് ഈ നോമ്പിലെ ഞായറാഴ്ച അസ്തമിച്ചുള്ള സന്ധ്യകൾക്കു മാത്രം ചൊല്ലിയാൽ മതി.)

ഉയരങ്ങളിൽ ദൈവത്തിനു സ്തുതി ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ

(മൂന്നു പ്രാവശ്യം ചൊല്ലി കുമ്പിടുക)

## 4-ാം മസ്മൂർ

1. ബാറെക്മോർ, എന്റെ ദൈവവും എന്റെ നീതിയുടെ രക്ഷകനുമായു ള്ളോവേ/ഞാൻ നിന്നെ വിളിച്ചപ്പോൾ നീ എന്നോട് ഉത്തരമരുളിച്ചെയ്തു
2. ബാറെക്മോർ. എന്റെ ഞെരുക്കങ്ങളിൽ എന്നെ നീ ആശ്വസിപ്പിച്ചു/നീ എന്നോട് കരുണ ചെയ്ത് എന്റെ പ്രാർത്ഥനയെ കേൾക്കണമേ.
3. മനുഷ്യപുത്രന്മാരേ! നിങ്ങൾ എത്രത്തോളം എന്റെ ബഹുമാനത്തെ മറയ്ക്കുകയും/വ്യർത്ഥത്തെ സ്നേഹിക്കുകയും/വ്യാജത്തെ അന്വേഷി ക്കുകയും ചെയ്യുന്നു. എന്നേയ്ക്കുമായിട്ടൊ...?
4. കർത്താവ് അത്ഭുതത്താൽ തിരഞ്ഞെടുക്കപ്പെട്ടവനെ തനിക്കായിട്ട് വേർതിരിച്ചു എന്നറിഞ്ഞുകൊൾവിൻ/ഞാൻ കർത്താവിനെ വിളിക്കു മ്പോൾ അവൻ കേൾക്കും.
5. നിങ്ങൾ കോപിപ്പിൻ പാപം ചെയ്യരുത്/നിങ്ങളുടെ ഹൃദയങ്ങളിൽ പറ യുകയും/നിങ്ങളുടെ കിടക്കകളിന്മേൽ വിചാരിക്കുകയും ചെയ്വീൻ.
6. നിങ്ങൾ നീതിയുടെ ബലികളെ കഴിച്ച് കർത്താവിൽ ആശ്രയിപ്പിൻ/
7. നല്ലവനെ നമുക്ക് ആര് കാണിച്ചുതരുമെന്നും/അവന്റെ മുഖപ്രകാശത്തെ നമ്മുടെമേൽ വിരിക്കട്ടെയെന്നും പറയുന്നവർ പലരുമുണ്ട്.
8. കർത്താവേ! അവരുടെ ഗോതമ്പും വീഞ്ഞും എണ്ണയും ഒരുമിച്ച് സമാ ധാനത്തോടെ വർദ്ധിച്ച കാലത്തേക്കാൾ/എന്റെ ഹൃദയത്തിൽ നിന്റെ സന്തോഷം നീ തന്നു.

9. ഞാൻ കിടന്നുറങ്ങും/എന്തെന്നാൽ കർത്താവേ! നീ മാത്രം എന്നെ അടക്കത്തോടെ വസിക്കുമാറാക്കും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## കോലോകൾ

സന്ധ്യയുടെ ഉടയവനേ/ഞങ്ങളുടെ ശുശ്രൂഷയും പ്രാർത്ഥനകളും തിരുമ്പാകെ ധൂപംപോലെ കൈക്കൊള്ളണമേ/ഞങ്ങളെല്ലാവരുടേയും അപേക്ഷകൾക്ക് നിന്റെ കരുണയാൽ മറുപടി നൽകുകയും/നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണ ചൊരിയുകയും ചെയ്യണമേ. ബാറെക്മോർ.

പ്രാർത്ഥനയിൽ ഉറ്റിരിക്കുന്നവർ ഭാഗ്യവാനാകുന്നു/അത് അവന് കോട്ടയും അഭയസ്ഥാനവും ആകുന്നു/ന്യായവിധിയുടെ ഭയങ്കരദിവസത്തിൽ/മിശിഹായുടെ സിംഹാസനത്തിന്റെ മുമ്പിൽ അത് അവനെ മുഖകാന്തിയോടെ നിറുത്തുകയും ചെയ്യുന്നു. മൊറിയോ.....

## മോർ യാക്കോബിന്റെ ബോവൂസൊ

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു/ഞങ്ങളുടെ സഹായത്തിന് നീ വരേണമേ/ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യണമേ.

തന്റെ മുഖം കണ്ണുനീരുകളാൽ നനയുമ്പോഴും/കഷ്ടത നിറഞ്ഞ വിലാപത്തോടുകൂടിയ കരച്ചിലാൽ തന്റെ വായ് അടയ്ക്കപ്പെടുമ്പോഴും/പാപി സ്നേഹിക്കപ്പെട്ടവനായിത്തീരുന്നു/അനുതാപിയുടെ കൺപോളകളിൽനിന്ന് ഒഴുകുന്ന കണ്ണുനീർതുള്ളികൾക്കുതുല്യം/വിലയേറിയ രത്നങ്ങൾ പോലും ശ്രേഷ്ഠമാകുന്നില്ല.

നല്ല വർണ്ണങ്ങളാൽ അനുതാപത്തിന് രൂപം വരക്കുവാൻ കണ്ണുനീരുകൾക്കേ സാധിക്കയുള്ളൂ/എന്തെന്നാൽ കണ്ണുനീർ അനുതാപത്തിന്റെ വലിയ പെരുന്നാൾ ആകുന്നു.

ആകയാൽ ഇവയെ നീ കൊണ്ടുവന്ന് ഉള്ളിൽ പ്രവേശിച്ച് മോചനം മൂലം ആനന്ദിക്കുക.

ദൈവമേ എന്നോട് ഉത്തരമരുളിചെയ്ത് എന്നോടു കരുണ ചെയ്യണമേ.

മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിലേക്ക് തിരിപ്പിക്കുകയും ചെയ്യണമേ.

## മാർ അപ്രേമിന്റെ മെമ്രൊ

കർത്താവേ! കൃപ ചെയ്യണമേ-പ്രാർത്ഥന നീ കൈക്കൊള്ളണമേ
നിൻ ദയയും നിൻ മോചനവും -നിന്നറയിൽ നിന്നേകണമേ

എന്നുടയോനെ സന്നിധിയിൽ-നിദ്രതെളിഞ്ഞിന്നീയടിയാൻ
വന്നുണർവ്വോടെ നിൽപ്പതിനായ്- ഉന്നതനെ നീ കൃപ ചെയ്ക

പിന്നെയുമീനിന്നടിയാൻ ഞാൻ-നിദ്രയിലായെന്നാകിലുമേ
എന്റെയുറക്കം സന്നിധിയിൽ-ദോഷം കൂടാതാകണമെ

തിന്മകൾ ഞാനുണർവ്വിൽ ചെയ്താൽ-നന്മയൊടൊക്കെപ്പോക്കുക നീ
നിദ്രയിൽ ഞാൻ പിഴ ചെയ്തെങ്കിൽ-നിൻ ദയമോചിച്ചീടണമേ.

താഴ്മയെഴും നിൻ കുരിശാലേ+ നല്ലയുറക്കം നൽകണമേ
മായകൾ ദുഃസ്വപ്നാദികൾ നിൻ-ദാസനു കാണാറാകരുതേ

ഇന്നു സമാധാനം നിറയും-നിദ്രയൊടെന്നെക്കാക്കുക നീ
എന്നിലസത്തും ദുർന്നിനവും- വന്നധികാരം ചെയ്യരുതേ

നിന്നടിയാൻ ഞാനെന്നതിനാൽ-എന്നുടലിന്നും കാവലിനായ്
നിൻവെളിവിന്റെ ദൂതനെ നീ-എന്നരികത്താക്കീടണമേ

യേശുവേ ജീവനിരിക്കും നിൻ- ദിവ്യശരീരം തിന്നതിനാൽ
നാശമുദിക്കുന്നാഗ്രഹമെൻ-ചിത്തമതിൽ തോന്നീടരുതേ

രാവിലുറങ്ങുമ്പോഴരികിൽ-കാവലെനിക്കായ് തിരുരക്തം
നിന്നുടെ രൂപത്തിനുസദാ- നീ വിടുതൽ തന്നീടണമേ

നിൻകൈമെനഞ്ഞോരെന്നുടലിൽ-നിന്റെ വലംകൈയാകണമേ
നിൻകൃപ ചുറ്റും കോട്ടയുമായ്-കാവലതായും തീരണമേ

അംഗമടങ്ങും നിദ്രയതിൽ-നിൻബലമെന്നെ കാക്കണമേ
എന്റെയുറക്കം നിന്നരികിൽ-ധൂപം പോലെയുമാകണമേ

അൻപൊടു നിന്നെ പ്രസവിച്ചൊ-രമ്മയുടെ നൽ പ്രാർത്ഥനയാൽ
എൻശയനത്തിൻമേൽ രാവിൽ- ദുഷ്ടനടുക്കാറാകരുതേ

എൻ ദുരിതത്തിൻ പരിഹാരം-നൽകിയ നിന്റെ ബലിയാലേ
എന്നെ ഞെരുക്കീടാതെ മഹാ-ദുഷ്ടനെ നീ മാറ്റീടണമേ

നിന്നുടെ വാഗ്ദാനം കൃപയാൽ-എങ്കലഹോ നീ നിറവേറ്റി
നിൻ കുരിശാലെൻ+ ജീവനെ നീ-മംഗലമോടും കാക്കണമേ

ഏറിയൊരെന്റെ ഹീനതയിൽ-പ്രീതിയെ നീ കാണിച്ചതിനാൽ
ഞാനുണരുമ്പോൾ നിൻ കൃപയെ-ഓർത്തു പുകഴ്ത്താറാകണമേ

നിന്തിരുവിഷ്ടം നിന്നടിയാ-നൻപിലറിഞ്ഞായതുപോലെ
തന്നെ നടപ്പാൻ നിൻ കൃപയാൽ-എന്നിൽ നിത്യം കൃപ ചെയ്ക

നന്മനിറഞ്ഞോരന്തിയെയും-നന്മവിളങ്ങും രാവിനെയും
എന്നുടയോനാം മശിഹായെ-നിന്നടിയങ്ങൾക്കേകണമേ

സത്യവെളിച്ചം നീ പരനെ-നിന്റെ മഹത്വം വെളിവിൽ താൻ
നൽ വെളിവിൻ സുതരായവരും-നിൻ മഹിമയ്ക്കായ് സ്തുതിപാടും

മാനവ രക്ഷകനേ! സ്തുതി നിൻ-ദാസരിലെന്നും നിൻ കൃപയെ
ഈയുലകിൽ നീയെന്നതുപോൽ-ആ ലോകത്തിലുമേകണമേ

എന്നുടയോനെ സ്തുതി നല്കീ-ടുന്നു നിനക്കെൻ രക്ഷകനെ
ആയിരമോടൊത്തായിരമായ്-യേശുവേ നിന്നെ സ്തുതിപാടും

ദിവ്യജനത്തിന്നുടയോനേ! ദിവ്യജനം വാഴ്ത്തുന്നവനേ!
കീർത്തനമോതീടുന്നവരിൽ-പ്രാർത്ഥനയെ കൈക്കൊള്ളണമേ

യാവനൊരുത്തൻ മൂവരുമായ്-മൂവരതൊന്നായും മരുവും
താതസുതാശ്വാസപ്രദാനം-സത്യപരന്നായ് സ്തുതിനിത്യം

ഹീനരുടെയീ പ്രാർത്ഥനയും-താപികൾ തൻകണ്ണീരുകളും
ആദ്യഫലത്തിൻ കാഴ്ചകൾപോൽ-ഏൽക്കുമവന്നായ് സ്തുതിയെന്നും

വാനവരെന്നും സ്തുതിയാലേ-നിന്നു പുകഴ്ത്തീടുന്നവനെ
പൂഴികളായീടുന്നവരും-നിൻ മഹിമയ്ക്കായ് സ്തുതിപാടും

താതസുതാശ്വാസപ്രദനാം -ഏകപരൻതൻ തിരുമുമ്പിൽ
ദോഷമകന്നോരറിവോടെ-പാടുക നാം സങ്കീർത്തനവും

കൊല്ലുന്നൊരു നഞ്ചായവയാം-വെള്ളികൾ പൊന്നും നേടരുതേ
നല്ലനു നിന്നിൽ പ്രീതിവരാൻ-നല്ലുപദേശം നേടുക നീ

നാല്പതുനോമ്പോടഗതിക്കാ-ർക്കപ്പവുമേകിപ്പോറ്റുക നീ
മന്നവനീശായ് സുതനെപ്പോ-ലേഴുകുറി പ്രാർത്ഥിച്ചിടുക

മോശയുമേലീയായുമവർ-നോറ്റുപവാസം നാൽപ്പതുനാൾ
യേശുവുമീനോമ്പേറ്റതിനാൽ-നാശകനെ തോൽപ്പിച്ചുടനെ

വൻകടലിൽനിന്നേറിയനൽ-യൗനാനിബിയാ പ്രാർത്ഥനപോൽ
ഈയടിയാർക്കും നിൻ കൃപയിൻ-വാതിൽ തുറക്കാറാകണമേ

സിംഹഗണത്തിൻ കുഴിയിൽ നി-ന്നേറിയ ദാനീയേലിനുടെ
പ്രാർത്ഥനയാലെ നിൻ കൃപയിൻ-വാതിൽ തുറക്കാറാകണമേ

തീക്കുഴിതന്നിൽ നിന്നരികെ-വന്നശിശുപ്രാർത്ഥനയാലെ
ഈയടിയാർക്കും നിൻകൃപയിൻ-വാതിൽ തുറക്കാറാകണമേ

പ്രാർത്ഥനയെ കേൾക്കുന്നവനേ! -യാചനയെ നൽകുന്നവനേ!
പ്രാർത്ഥനകേട്ടീദാസരുടെ -യാചനയെ നൽകീടണമേ

കുറിയേ....കുറിയേ....കുറിയേ....

## 91, 120 മസ്മൂറുകൾ

ബാറെക്മോർ. അത്യുന്നതന്റെ മറവിലിരിക്കുന്നവനും/ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നവനുമായ മനുഷ്യാ!

ബാറെക്മോർ, നീ കർത്താവിനോട് എന്റെ ശരണവും എന്റെ സങ്കേതസ്ഥലവും/ഞാനാശ്രയിച്ചിരിക്കുന്ന ദൈവവും നീയാകുന്നു എന്നുപറക.

എന്തെന്നാൽ അവൻ വിരുദ്ധത്തിന്റെ കെണിയിൽ നിന്നും/വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ട് നിന്നെ രക്ഷിക്കും/അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും/അവന്റെ സത്യം നിന്റെ ചുറ്റിലും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തിൽനിന്നും പകൽപറക്കുന്ന അസ്ത്രത്തിൽനിന്നും/ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തിൽ നിന്നും/ഉച്ചയിൽ ഊതുന്ന കാറ്റിൽനിന്നും ഭയപ്പെടുകയില്ല.

നിന്റെ ഒരു ഭാഗത്ത് നിന്ന് ആയിരങ്ങളും/നിന്റെ വലതുഭാഗത്തുനിന്നും പതിനായിരങ്ങളും വീഴും

അവർ നിങ്കലേക്ക് അടുക്കുകയില്ല/എന്നാലോ നീ നിന്റെ കണ്ണുകൾകൊണ്ട് തന്നെ കാണും/ദുഷ്ടന്മാർക്കുള്ള പ്രതിപകരത്തെ നീ കാണും.

എന്തെന്നാൽ ഉയരങ്ങളിൽ വാസസ്ഥലമാക്കിയ/എന്റെ ശരണമായ കർത്താവ് നീയാകുന്നു.

ദോഷം നിന്നോട് അടുക്കുകയില്ല/ശിക്ഷ നിന്റെ കൂടാരത്തിന് സമീപിക്കുകയുമില്ല.

എന്തെന്നാൽ നിന്റെ സകല വഴികളിലും  നിന്നെ കാക്കേണ്ടതിന്/അവൻ തന്റെ മാലാഖമാരോട് നിന്നെക്കുറിച്ച് കല്പ്പിക്കും

നിന്റെ കാലിൽ നിനക്ക് ഇടർച്ചയുണ്ടാകാതിരിപ്പാൻ/അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഗോർസൊ സർപ്പത്തേയും ഹെർമ്മോനോ സർപ്പത്തേയും നീ ചവിട്ടും/സിംഹത്തേയും പെരുമ്പാമ്പിനേയും നീ മെതിക്കും.

അവൻ എന്നെ അന്വേഷിച്ചതുകൊണ്ട് ഞാൻ അവനെ രക്ഷിച്ച് ബലപ്പെടുത്തും/അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ട് എന്നെ വിളിക്കും.

ഞാൻ അവനോട് ഉത്തരം പറയും/ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരിക്കും/അവനെ ഞാൻ ബലപ്പെടുത്തുകയും ബഹുമാനിക്കുകയും ചെയ്യും.

ദീർഘായുസ്സുകൊണ്ട് ഞാൻ അവനെ തൃപ്തിപ്പെടുത്തും/എന്റെ രക്ഷ അവനെ ഞാൻ കാണിക്കുകയും ചെയ്യും

ഞാൻ പർവ്വതത്തിലേക്ക് എന്റെ കണ്ണുകളെ ഉയർത്തും/എന്നെ സഹായിക്കുന്നവൻ എവിടെനിന്ന് വരും.

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ വഴുതുവാൻ സമ്മതിക്കയില്ല/നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവല്ക്കാരൻ കർത്താവാകുന്നു/കർത്താവ് വലത്ത് കൈകൊണ്ട് നിനക്ക് നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കുകയില്ല.

കർത്താവ് സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും/കർത്താവ് നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

അവൻ നിന്റെ ഗമനത്തേയും ആഗമനത്തേയും ഇന്നുമുതൽ എന്നേക്കും കാത്തുകൊള്ളും

ദൈവമേ സ്തുതി നിനക്ക് യോഗ്യമാകുന്നു. ബാറെക്മോർ

**ഹാലേലുയ്യാ ഉഹാലേലുയ്യാ, ഉഹാലേലുയ്യ മെനഓലം വാദാമൊല് ഓലം ഒൽമീനാമ്മീൻ**

മഹോന്നതന്റെ മറവിൽ ഇരിക്കുന്നവനായ കർത്താവേ!/നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻകീഴിൽ ഞങ്ങളെ മറച്ച്/ഞങ്ങളോട് കരുണ ചെയ്യണമേ.

സകലവും കേൾക്കുന്നവനേ!/നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കേണമെ.

മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മശിഹാ!/നിരപ്പുനിറഞ്ഞിരിക്കുന്ന സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു നീ തരണമേ

ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു/ഞങ്ങളുടെ കടങ്ങളും പാപങ്ങളും പുണ്യപ്പെടുത്തി/ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ കരുണ ഞങ്ങളെ മറച്ച്/നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമേ/നിന്റെ സ്ലീബാ ദുഷ്ടനിൽനിന്നും/അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ കാത്തുകൊള്ളണമേ.

ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകളൊക്കെയും/നിന്റെ വലതുകൈ ഞങ്ങളുടെമേൽ ആവസിപ്പിക്കണമേ.

നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമേ/നിന്നോടപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ.

നിന്നെ പ്രസവിച്ച മറിയാമിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടേയും പ്രാർത്ഥനായാൽ/ദൈവമേ! ഞങ്ങളുടെ കടങ്ങൾക്ക് പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമേ.

**കൗമാ**

+ കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് എന്നേക്കും വാഴ്ത്തപ്പെട്ടതാകുന്നു (3 പ്രാവശ്യം ചൊല്ലി കുമ്പിടുക)

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! ഞങ്ങളോടു കരുണ ചെയ്യണമേ. വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ! കൃപയുണ്ടായി ഞങ്ങളോടു കരുണ ചെയ്യണമേ.

നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു/നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനാകുന്നു/നീ എന്നേക്കും വിശുദ്ധിയും മഹത്ത്വവുമുള്ളവനും/നിന്റെ തിരുനാമം വാഴ്ത്തപ്പെട്ടതും ആകുന്നു.

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി/ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി/ഞങ്ങളുടെ ശരണവുമേ എന്നേയ്ക്കും നിനക്ക് സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..... ഇത്യാദി

## വിശ്വാസപ്രമാണം

സ്വർഗ്ഗസ്ഥനായ പിതാവേ!
കൃപ നിറഞ്ഞ മറിയമേ! ഇത്യാദി.

## പാതിരാത്രിയുടെ പ്രാർത്ഥന

### ഒന്നാം കൗമാ

ആരംഭവും ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമായും ചൊല്ലി യതിന്റെശേഷം.......

### പ്രാർത്ഥന

ഉറക്കമില്ലാത്ത ഉണർവുള്ളവനായ കർത്താവേ!/നിന്റെ ഉണർവിനെ സ്തുതിപ്പാനായിട്ട്/പാപമുഴുകലിൽനിന്ന് ഞങ്ങളുടെ ഉറക്കത്തെ നീ ഉണർത്തണമേ/മരണമില്ലാത്ത ജീവനുള്ളവനേ! നിന്റെ കരുണയെ വന്ദിപ്പാനായിട്ട് മരണവും ക്ഷയവുമാകുന്ന നിദ്രയിൽനിന്ന് ഞങ്ങളുടെ മരണത്തെ നീ ജീവിപ്പിക്കണമേ/പിതാവും പുത്രനും പരിശുദ്ധ റൂഹായുമായുള്ളോവേ/സ്വർഗ്ഗത്തിലും ഭൂമിയിലും നീ സ്തുതിക്കപ്പെട്ടവനും വാഴ്ത്തപ്പെട്ടവനും ആകകൊണ്ട്/നിന്നെ സ്തുതിക്കുന്നവരായ സ്വർഗ്ഗീയ മാലാഖമാരുടെ മഹത്വമുള്ള വൃന്ദങ്ങളൊടൊന്നിച്ച്/വിശുദ്ധിയോടുകൂടി ഇപ്പോഴും എല്ലാക്കാലത്തും/എന്നേയ്ക്കും നിന്നെ സ്തുതിച്ച് പുകഴ്ത്തുവാൻ ഞങ്ങളെ യോഗ്യമാക്കണമെ. ആമ്മീൻ.

## മസുമൂറാ (134, 119, 117)

ബാറെക്മോർ. രാത്രികാലങ്ങളിൽ കർത്താവിന്റെ ഭവനത്തിൽ നിൽക്കുന്നവരായി കർത്താവിന്റെ ദാസൻമാരുമായുള്ളവരേ! നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ.

നിങ്ങൾ വിശുദ്ധ സ്ഥലത്തേയ്ക്കു നിങ്ങളുടെ കൈകളെ ഉയർത്തി കർത്താവിനെ സ്തുതിപ്പിൻ

ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ച കർത്താവ് സെഹിയോനിൽ നിന്ന് നിന്നെ അനുഗ്രഹിക്കും

കർത്താവേ! എന്റെ സ്തുതി നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ/നിന്റെ വചനത്താൽ എന്നെ ജീവിപ്പിക്കണമേ/എന്റെ അപേക്ഷ നിന്റെ മുമ്പാകെ പ്രവേശിക്കട്ടെ. നിന്റെ വചനത്താൽ എന്നെ രക്ഷിക്കണമേ.

എന്റെ നാവു നിന്റെ വചനത്തെ ഉച്ചരിക്കും/എന്തെന്നാൽ നിന്റെ കല്പനകളെല്ലാം നീതിയോടുകൂടിയവയാകുന്നു.

നീ നിന്റെ കല്പനകൾ എന്നെ പഠിപ്പിക്കുമ്പോൾ എന്റെ അധരങ്ങൾ നിന്റെ സ്തുതികളെ ഉച്ചരിക്കും/ഞാൻ നിന്റെ കല്പനകളിൽ ഇഷ്ടപ്പെട്ടതിനാൽ നിന്റെ കൈ എന്നെ സഹായിക്കും.

എന്റെ ആത്മാവു നിന്റെ രക്ഷയ്ക്കായിട്ട് കാത്തിരുന്നു/നിന്റെ വേദപ്രമാണത്തെ ഞാൻ ധ്യാനിച്ചു/എന്റെ ആത്മാവ് ജീവിച്ച് നിന്നെ സ്തുതിക്കയും/ നിന്റെ ന്യായവിധി എന്നെ സഹായിക്കുകയും ചെയ്യും.

കാണാതെപോയ ആടുപോലെ ഞാൻ തെറ്റിപ്പോയി/നിന്റെ ഭൃത്യനെ അമ്പേഷിക്കണമേ/എന്തെന്നാൽ ഞാൻ നിന്റെ കല്പനകളെ മറന്നില്ല.

സകല ജാതികളുമേ! കർത്താവിനെ സ്തുതിപ്പിൻ/സകല ജനങ്ങളുമേ! അവനെ സ്തുതി/എന്തെന്നാൽ അവന്റെ കൃപ നമ്മുടെമേൽ ബലപ്പെട്ടിരിക്കുന്നു/അവൻ സത്യമായിട്ടും എന്നേയ്ക്കും കർത്താവാകുന്നു/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനൊ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി വിനയപ്പെടുകയും/നോമ്പു നോൽക്കുകയും/ സാത്താനാൽ പരീക്ഷിക്കപ്പെടുകയും ചെയ്തവനായ മിശിഹാതമ്പുരാനെ!/ യോഗ്യമായ വിധത്തിൽ നോമ്പു നോൽക്കുവാനും/ഞങ്ങളോടു യുദ്ധം ചെയ്യുന്ന സാത്താനെ ജയിപ്പാനും/നിന്റെ സഹായം ഞങ്ങൾക്കുണ്ടാകണമേ...

സത്യസ്നേഹത്തോടും, ദൈവികധ്യാനത്തോടും/വെടിപ്പോടുംകൂടെ നോമ്പു നോൽപ്പാൻ ഞങ്ങളെ പഠിപ്പിച്ചവനായ രക്ഷിതാവേ!/നിന്റെ തിരുവിഷ്ട പ്രകാരം നോമ്പുനോൽപ്പാനും/അതിനാൽ ഞങ്ങളുടെ സർവ്വഅനീതികൾക്കും മോചനം ലഭിപ്പാനും ഞങ്ങളെ യോഗ്യരാക്കിത്തീർക്കണമേ...

ഞങ്ങളുടെ കർത്താവേ! വഴിയും സത്യവും ജീവനും നീയാകുന്നുവല്ലോ/ നീ ഞങ്ങൾക്കു വഴിതെളിയിച്ചു തരികയും/വാതിൽ തുറന്നുതരികയും/ നിത്യജീവനിൽ പ്രവേശിപ്പാനും/നിന്റെ വിശുദ്ധന്മാരോടുകൂടെ ആനന്ദി പ്പാനും കൃപ നൽകുകയും ചെയ്യണമേ. ബാറെക്മോർ.

മനോഗുണവാനേ! ഞങ്ങളോടു കരുണ ചെയ്യണമേ/ഞങ്ങളുടെ പാപ ങ്ങൾക്കു പരിഹാരം നൽകണമെ/നിന്റെ കരുണയാൽ ഞങ്ങൾക്കു നിരപ്പും സമാധാനവും നൽകി രണ്ടു ലോകങ്ങളിലും ഞങ്ങളോടു കൃപ ചെയ്യണമേ. കുറിയെ.... കുറിയെ.... കുറിയെ

## എക്ക്ബൊ

കർത്താവേ, നീ കരുണാസമ്പൂർണ്ണനും ദയവാനും ആകുന്നു എന്ന് ഞാൻ അറിയുന്നു/കരുണയ്ക്കായി യാചിക്കുന്നവരുടെ പ്രത്യാശയും കരുണാ പൂർണ്ണനുമായ യേശുവേ!/കരുണ യാചിക്കുന്ന പാപികളുടെമേൽ കരുണയുടെ നാഴികയിൽ നിന്റെ കൃപയെ വർഷിക്കണമേ/സ്തൗമെൻ കാലോസ്.....

## കോലോകൾ

എല്ലാ കാര്യങ്ങളിലും ഞാൻ പരിശോധിച്ചിട്ടും ദൈവഭക്തിയേക്കാൾ വലുതായി യാതൊന്നും കണ്ടില്ല/അതിനെ സ്നേഹിക്കുന്നവൻ ഭാഗ്യവാ നാകുന്നു/നീതിമാനായ യൗസേഫ് അതിനെ സ്നേഹിക്കുകയും/ മെസ്രേനിൽ രാജാവാകുകയും ചെയ്തു/വലിയവനായ മോശ അതിനെ സ്നേഹിക്കുകയും/തന്റെ വടികൊണ്ട് സമുദ്രത്തെ ഭാഗിക്കുകയും ചെയ്തു/ഹാനനിയാ ആദിയായവർ അതിനെ സ്നേഹിക്കുകയും/അഗ്നി യിൽ നിന്ന് അവരെ അത് രക്ഷിക്കുകയും ചെയ്തു/ഇത് സ്വർണ്ണത്തേ ക്കാൾ മോഹനീയവും/തേൻകട്ടയേക്കാൾ മാധുര്യമുള്ളതുമാകുന്നു/ദൈവ ഭക്തിയെ സ്നേഹിക്കുന്നവൻ ഭാഗ്യവാനാകുന്നു. ബാറെക്മോർ.

## ബോവൂസൊ

ഞങ്ങളുടെ നാഥനായ കർത്താവേ! നിന്നെ ഞങ്ങൾ വിളിക്കുന്നു. ഞങ്ങ ളുടെ സഹായത്തിന് നീ വന്ന് ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കളോട് കരുണ ചെയ്യണമേ.

കർത്താവേ! നിന്റെ ക്ഷമ എന്നിലേക്ക് വരുവാൻ ഞാൻ ആഗ്രഹിക്കുന്നു/ അവസരമുള്ളപ്പോൾ കരുണ യാചിപ്പാനായി എനിക്ക് കണ്ണുനീരിനെ നൽകണമേ/എന്തെന്നാൽ നിന്റെ കരുണയ്ക്കായി ഞാൻ ദാഹിച്ചിരിക്കുന്നു/ കരുണയുടെ സമുദ്രമായുള്ളോവേ!/നിന്റെ കരുണാസമൃദ്ധി എന്റെമേൽ ഒഴുക്കണമേ.

## രണ്ടാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തു നിന്ന്.... ഇത്യാദി കൗമാ

## എക്ക്ബൊ

കർത്താവേ നിന്റെ പരിശുദ്ധ നാമത്തെ ഞാൻ ഉപേക്ഷിച്ചില്ല/എന്റെ സ്നേഹിതർക്ക് ഞാൻ നിന്ദയായി ഭവിക്കരുതേ!/മനുഷ്യരുടെ മുമ്പാകെ ഞാൻ നിന്നെ ഏറ്റുപറഞ്ഞതുകൊണ്ട്/നിന്റെ പിതാവിന്റെ മുമ്പാകെ എന്നെ നീ ഏറ്റുപറയണമേ/നിന്റെ തിരുശരീര രക്തങ്ങളെ ഞാൻ അനുഭവിച്ചതിനാൽ/ നിന്റെ രാജ്യത്തിനും നിന്നോടുള്ള ആനന്ദത്തിനും എന്നെ അർഹനാക്കണമേ/നിന്റെ മാലാഖമാരോടുകൂടെ മഹത്വത്തിൽ നീ വരുമ്പോൾ/നിന്റെ കൃപയാൽ എന്റെ കടങ്ങളെ പരിഹരിക്കണമേ. സ്തൗമെൻകാലോസ്......

## കോലോകൾ

നല്ല പേര് സമ്പാദിക്കുന്നവൻ ഭാഗ്യവാനാകുന്നു/അത് സ്വർണ്ണത്തെക്കാളും വെള്ളിയേക്കാളും വലുതാകുന്നു/ലോകമോ നീങ്ങിപ്പോകുന്നു. നല്ല പേര് നീങ്ങിപ്പോകുന്നില്ല/ഉത്സാഹത്തോടെ അതിനെ നേടുന്നവൻ ഭാഗ്യവാനാകുന്നു/എന്തെന്നാൽ ഈ ലോകത്തിൽ അവൻ ബഹുമാനിക്കപ്പെടുകയും/ വരുവാനിരിക്കുന്ന ലോകത്തിലെ സ്വർഗ്ഗരാജ്യം അവകാശിക്കുകയും ചെയ്യുന്നു. ബാറെക്മോർ.

തന്റെ ആത്മാവിനെ ഈ ലോകത്തോട് ബന്ധിക്കുന്നവന് കഷ്ടം/അത് ഒരിക്കലും ഛേദിക്കപ്പെടാത്ത വലിയ ബന്ധനമാകുന്നു/അത് വളരെ ആഗ്രഹിക്കത്തക്കതാണെങ്കിലും അതിനെ സ്നേഹിക്കുന്നവന് മഹാനാകുവാൻ കഴിയുന്നതല്ല/എന്തെന്നാൽ അതിനെ കാണുന്നവരെ അത് വഴിതെറ്റിക്കുന്നു. ഉത്സാഹിയായ വ്യാപാരിയെപ്പോലെ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന നിത്യജീവൻ സമ്പാദിക്കുന്നവന് ഭാഗ്യം മൊറിയോ....

## 3-ാം കൗമാ

കർത്താവിന്റെ ബഹുമാനം തന്റെ സ്ഥാനത്തുനിന്ന് .......

ഇത്യാദി കൗമാ...

## എക്ക്ബൊ

കരുണകൾ നിറഞ്ഞിരിക്കുന്ന മഹാസമുദ്രമായ കർത്താവേ!/ചുഴലികളിൽ നിന്ന് പത്രോസിനെയെന്നപോലെ/ഈ ലോകത്തിന്റെ മുഴുകലിൽനിന്ന് എന്നേയും കോരിയെടുക്കണമേ/എന്തെന്നാൽ നിന്നിൽ ശരണം പ്രാപിക്കുന്നവർക്ക് സമാധാനം നിറഞ്ഞിരിക്കുന്ന തുറമുഖം നീയാകുന്നുവല്ലോ. സ്തൗമൻകാലോസ്.....

## കോലോകൾ

രാത്രിയിൽ വനത്തിനുള്ളിൽ യാക്കോബിന് പ്രകാശനക്ഷത്രം ഉദിക്കുകയും/ രാത്രിയിൽ യിസ്രായേൽക്കാർക്ക് പ്രകാശസ്തംഭം നിൽക്കുകയും ചെയ്തു/കർത്താവേ, രാത്രിയിൽ നിന്റെ ആരാധകരുടെ ഹൃദയങ്ങളിൽ പ്രകാശമുദിപ്പിക്കണമേ. ബാറെക്മോർ.

കർത്താവേ, നിന്റെ സഭ നിന്റെ വാതിൽക്കൽ നിന്നുകൊണ്ട്/മരത്തിൻ മുകളിൽ വച്ച് അവൾക്കുവേണ്ടി നീ സഹിച്ച കഷ്ടപ്പാടുകൾ മൂലം നിന്നോട് അപേക്ഷിക്കുന്നു/നിന്റെ സ്ലീബായുടെ വലിയ അടയാളത്താൽ/സഭയുടെമേലും അവളുടെ മക്കളുടെമേലും നീ കരുണ ചെയ്യണമേ. മൊറിയോ റാഹേം....

## ബോവൂസൊ

പാപികളോട് കരുണ ചെയ്യുന്നവനേ! നിന്റെ ന്യായവിധി ദിവസത്തിൽ ഞങ്ങളോട് കരുണ ചെയ്യണമേ.

കരുണയുള്ളവനേ! ഞെരുക്കത്തിലിരിക്കുന്നവർ നിന്റെ വാതിൽക്കൽ മുട്ടുന്നു/നിന്റെ കരുണയാൽ അവരുടെ യാചനകൾ നൽകണമേ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! ഞങ്ങൾ നിന്നോടപേക്ഷിക്കുന്നു/ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

മേലുള്ളവരുടെ ഉടയവനും താഴെയുള്ളവരുടെ ശരണവുമായവനേ/ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് ഞങ്ങളോട് കരുണ ചെയ്യണമേ.

ഹലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
ഹലേലുയ്യാ, ഉഹാലേലുയ്യാ, ഉഹാലേലുയ്യാ, ദൈവമേ! നിനക്കു സ്തുതി
കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോടു കരുണ ചെയ്യണമേ. മൊറിയൊ....

## 148. 149, 150 മസുമൂറുകളിൽ നിന്ന്

ഉറങ്ങിയവരേ! നിങ്ങൾ ഉണർന്നെഴുന്നേറ്റു സ്തുതിപ്പിൻ/ആകാശത്തിൽ നിന്നു കർത്താവിനെ സ്തുതിപ്പിൻ...... ഇത്യാദി 29-ാം പേജ്.

ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. ത്രിത്വത്തിനു സ്തുതി. സ്തുതിക്കപ്പെട്ടതും ഉണ്മയായതും ആദിയുമന്തവുമില്ലാത്തതുമായ ത്രിത്വത്തെ ഞങ്ങൾ സ്തുതിക്കുന്നു. ദൈവമേ! എല്ലാ നേരത്തും സ്തുതി നിനക്കു യോഗ്യമാകുന്നു.

## കോലോകൾ

ഭക്ഷണസ്നേഹം മൂലം ആദാം പറുദീസായിൽവച്ച് കനി തിന്നുകയും/ ഭക്ഷണം മുഖാന്തിരം ഏദൻതോട്ടത്തിൽ നിന്ന് ലജ്ജയിലേക്ക് തള്ളപ്പെടുകയും ചെയ്തു/നമ്മുടെ രക്ഷകൻ ഇറങ്ങിവന്ന് വെടിപ്പുള്ള നോമ്പാൽ ഭക്ഷണ മോഹത്തെ കീഴടക്കുകയും ചെയ്തു/ആ കനി തിന്ന ദാസന്റെ മേൽ തന്റെ കരുണ മുഖാന്തിരം ദയ ചെയ്യുകയും/അവനെ വഴിതെറ്റിച്ച ദുഷ്ടനെ മറിച്ചിടുകയും ചെയ്ത/ആ നല്ലവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ബാറെക്മോർ

വിവേകികൾക്ക് നോമ്പ് മാലാഖമാരുടെ ശോഭയും/സ്വർഗ്ഗത്തിലേക്കു പറക്കുവാനുള്ള ആത്മീയ ചിറകുകളും സമ്പാദിപ്പിക്കുന്നു. വാഗ്ദത്തമായ നിത്യജീവൻ നാമും അവകാശമാക്കേണ്ടതിന്/നോമ്പിന്റെ വെടിപ്പുമുള്ള ദിവസങ്ങളിൽ നാം വെണ്മയുള്ളവരായി തീരണം. മൊറിയോറാഹേ.....

## ബോവൂസൊ

തന്റെ നോമ്പാൽ ഞങ്ങളെ സ്വതന്ത്രപ്പെടുത്തിയ കർത്താവേ, ഞങ്ങളോട് കരുണ ചെയ്യണമേ.

മോശയുടെ നോമ്പാൽ അവന്റെ മുഖം പ്രകാശിച്ചു/സൂര്യന്റെ കിരണങ്ങളേക്കാളും അവന്റെ മുഖഭാവം വിളങ്ങി/ഉന്നതമായ സീനായിമലയിൽ അവൻ നാല്പതു ദിവസം ഉപവസിച്ചു/

തന്റെ പുത്രന്റെ നോമ്പുമൂലം നമ്മെ രക്ഷിച്ച കാരുണ്യവാനായ പിതാവിന് സ്തുതി/താൻ നോറ്റ നോമ്പാൽ നമ്മെ വിജയിപ്പിച്ച പുത്രന് സ്തോത്രം/ നോമ്പിൽ പ്രസാദിച്ച് പ്രീതിപ്പെടുന്നവനായ റൂഹായ്ക്ക് വന്ദനം.

തന്റെ നോമ്പാൽ ഞങ്ങളെ സ്വതന്ത്രപ്പെടുത്തിയ കർത്താവേ/ഞങ്ങളോട് കരുണ ചെയ്യണമേ/ഞങ്ങൾക്കുവേണ്ടി ഉപവസിച്ചവനായ മിശിഹാ ഞങ്ങളുടെ നോമ്പും പ്രാർത്ഥനയും കൈക്കൊള്ളണമേ.

**(മാലാഖമാരുടെ സ്തുതിപ്പ് - പേജ് 31)**

## പ്രഭാതപ്രാർത്ഥന

ആരംഭവും ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമായും ചൊല്ലിയശേഷം

## 51-ാം മസുമൂറാ (പേജ് 3)

കരുണയുള്ള ദൈവമേ! നിന്റെ കരുണയാൽ ഞങ്ങളോട് കരുണ ചെയ്യണമെ..... മൊറിയോ.....

## 63-ാം മസുമൂറാ

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ട് കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ/ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു/എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലത്തേയും നിന്റെ ബഹുമാനത്തേയും കാൺമാൻ ഇപ്രകാരം സത്യമായിട്ട് ഞാൻ നിന്നെ നോക്കി

എന്തെന്നാൽ നിന്റെ കരുണ ജീവനെക്കാൾ നല്ലതാകുന്നു/എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും/ നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ ഉയർത്തുകയും ചെയ്യും/

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സുംകൊണ്ട് എന്നപോലെ പുഷ്ടിയാകും/എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ സ്തുതിക്കുകയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ നിന്നെ ഓർത്തു/രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കയും ചെയ്തു.

എന്തെന്നാൽ നീ എനിക്ക് സഹായക്കാരനായിത്തീർന്നു/നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിന്തുടർന്നു/നിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിക്കാൻ അന്വേഷിച്ചു/അവർ ഭൂമിയുടെ ആഴങ്ങളിലേക്കു പ്രവേശിക്കും

അവർ വാളിനു ഏൽപ്പിക്കപ്പെടുകയും/കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും/രാജാവ് ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും/എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## എനിയോനെ

കർത്താവേ! നിന്റെ കരുണയാൽ ഞങ്ങളെ നല്ലതും വളമുള്ളതുമായ നിലമാക്കിത്തീർക്കുകയും/നിന്റെ കല്പനകളാകുന്ന വിത്ത് ഞങ്ങളിൽ വിതച്ച് മുളപ്പിച്ച് വളർത്തുകയും ചെയ്യണമേ.

രക്ഷിതാവേ! നിന്റെ കരുണയാൽ സകല അന്യായങ്ങളിൽനിന്നും സകല ദുഷ്ടതകളിൽ നിന്നും ലോകമോദങ്ങളിൽനിന്നും ഞങ്ങളെ തുടച്ച് വെടിപ്പാക്കണമേ/കർത്താവേ! നിന്റെ മുന്തിരിത്തോട്ടത്തിൽ നല്ല വേലക്കാരായിരിപ്പാൻ കൃപയോടെ ഞങ്ങളെ സഹായിക്കണമേ. ബാറെക്മോർ

സ്വർഗ്ഗീയ കൃഷിക്കാരനായ കർത്താവേ! ദുഷ്ടൻ ഞങ്ങളിൽ കളകൾ വിതയ്ക്കാതെ നിന്റെ കാവൽ ഉണ്ടായിരിക്കണമേ. കുറിയേ.....

## 19-ാം മസുമൂറാ

ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു/ആകാശത്തട്ട് അവന്റെ കൈവേലയെ കാണിക്കുന്നു/പകൽ പകലിനു വാക്കിനെ ഉച്ചരിക്കുന്നു/രാത്രി രാത്രിക്ക് അറിവിനെ അറിയിക്കുകയും ചെയ്യുന്നു.

അവയുടെ ശബ്ദം കേൾക്കപ്പെടാത്ത ഭാഷയുമില്ല/വാക്കുകളുമില്ല/ഭൂമിയിൽ എല്ലായിടവും/അവയുടെ അറിയിപ്പും/ഭൂലോകത്തിന്റെ അതിർത്തികളോളം അവയുടെ വചനങ്ങളും പുറപ്പെട്ടിരിക്കുന്നു.

അവൻ അവയിൽ സൂര്യന്റെമേൽ അവന്റെ കൂടാരം അടിച്ചു/അത് തന്റെ മണവറയിൽനിന്ന് പുറപ്പെടുന്ന മണവാളൻ എന്നപോലെ (ആകുന്നു)/പരാക്രമമുള്ളവൻ എന്നപോലെ തന്റെ വഴി ഓടുവാൻ സന്തോഷിക്കും.

ആകാശത്തിന്റെ അറ്റങ്ങളിൽനിന്ന് അതിന്റെ പുറപ്പാടും/ആകാശത്തിന്റെ അറുതികളിന്മേൽ അതിന്റെ താങ്ങലും ആകുന്നു/അതിന്റെ ആവിയിൽ നിന്ന് മറവായിരിക്കുന്നത് (ഒന്നും) ഇല്ല

കർത്താവിന്റെ വേദപ്രമാണം കറയില്ലാത്തതും ആത്മാവിനെ തിരിക്കുന്നതുമാകുന്നു/കർത്താവിന്റെ സാക്ഷി വിശ്വാസയോഗ്യവും ശിശുക്കളെ ജ്ഞാനമുള്ളവരാക്കുന്നതുമാകുന്നു/കർത്താവിന്റെ പ്രമാണങ്ങൾ ചൊവ്വുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്നവയുമാകുന്നു/കർത്താവിന്റെ കൽപ്പന തിരഞ്ഞെടുക്കപ്പെട്ടതും കണ്ണുകളെ പ്രകാശിപ്പിക്കുന്നതുമാകുന്നു.

കർത്താവിനെക്കുറിച്ചുള്ള ഭയം വെടിപ്പുള്ളതും എന്നേയ്ക്കും നിലനിൽക്കുന്നതുമാകുന്നു/കർത്താവിന്റെ ന്യായവിധികൾ സത്യമായിട്ടുള്ളവയും സകലത്തിലും നീതിയായിട്ടുള്ളവയുമാകുന്നു/അവ സ്വർണ്ണത്തെക്കാളും നല്ല രത്നങ്ങളേക്കാളും ആഗ്രഹിക്കത്തവയും/തേനിനെക്കാളും തേൻകട്ടയേക്കാളും മാധുര്യമുള്ളവയുമാകുന്നു.

അത്രയുമല്ല, നിന്റെ ദാസൻ അവയാൽ സൂക്ഷിക്കപ്പെടും/അവൻ അവയെ ആചരിച്ചാൽ വളരെ പ്രതിഫലം കിട്ടും/പിഴകളെ തിരിച്ചറിയുന്നവൻ ആര്?/രഹസ്യകാര്യങ്ങളിൽ നീ എന്നെ കുറ്റമില്ലാത്തവനാക്കിതീർക്കണമെ.

ദുഷ്ടന്മാർ എന്നിൽ അധികാരപ്പെടാതിരിപ്പാനും/പാപങ്ങളിൽനിന്നു ഞാൻ വെടിപ്പുള്ളവനായിരിപ്പാനും ആയിട്ട്/അന്യായത്തിൽ നിന്ന് നിന്റെ ദാസനെ തടയേണമേ. എന്റെ സഹായക്കാരനും എന്റെ രക്ഷിതാവുമായ കർത്താവേ!/എന്റെ വായിലെ വചനങ്ങൾ നിന്റെ ഇഷ്ടപ്രകാരവും/എന്റെ

ഹൃദയത്തിലെ ധ്യാനം നിന്റെ മുമ്പാകെയും ഇരിക്കണമേ/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനൊ

രക്ഷിതാവേ! ഞങ്ങൾ പാപക്കുഴിയിൽ വീണിരിക്കുന്നു/നിന്റെ മഹാകരുണയാൽ അതിൽനിന്നു ഞങ്ങളെ വലിച്ചുകയറ്റണമേ...

പ്രയോജനകരമായ ഈ നോമ്പിനെ ശരിയായി നിവർത്തിപ്പാൻ ഞങ്ങൾക്കു കൃപ ചെയ്യണമേ/കരുണയോടെ ഞങ്ങളുടെ കറകളെ കഴുകി വെടിപ്പാക്കുകയും ചെയ്യണമേ.

ആത്മാക്കളുടെ ഉത്തമവൈദ്യനായ കർത്താവേ! അശുദ്ധ മോഹങ്ങളാൽ രോഗപ്പെട്ടിരിക്കുന്ന/ഞങ്ങൾക്കു നീ ഔഷധം നൽകണമെ. ബാറെക്മോർ

സ്വർഗ്ഗരാജ്യത്തിലേക്കുള്ള വഴി ഞങ്ങളെ കാണിച്ചുതന്നവനായ മിശിഹാ!/ നിന്റെ ഇഷ്ടപ്രകാരം അതിൽക്കൂടി ചൊവ്വായിട്ട് നടപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ. കുറിയേ....

## ഏശായാ 42:10-13, 45:8

കർത്താവിന് ഒരു പുതിയ പാട്ടിനേയും/അവന്റെ സ്തുതിയെ ഭൂമിയുടെ അതിർത്തികളിൽനിന്നും പാടുവിൻ/സമുദ്രത്തിലേക്കു ഇറങ്ങിപ്പോകുന്നവരും/അതിലുള്ള സകലവും ദ്വീപുകളും അവയിൽ കുടിയിരിക്കുന്നവരുമേ! കർത്താവിനു പാടുവിൻ.

വനവും അതിലെ ഗ്രാമങ്ങളും സന്തോഷിക്കട്ടെ/കാദോർ മേച്ചിൽസ്ഥലങ്ങളായിരിക്കട്ടെ/പാറകളിൽ കുടിയിരിക്കുന്നവർ സ്തുതിക്കട്ടെ/അവർ പർവ്വതങ്ങളുടെ മുകളിൽനിന്ന് ആർത്തുകൊള്ളട്ടെ/കർത്താവിനു മഹത്വം കൊടുക്കുകയും/അവന്റെ സ്തുതികളെ ദ്വീപുകളിൽ അറിയിക്കുകയും ചെയ്യട്ടെ.

കർത്താവു പരാക്രമശാലി എന്നപോലെ പുറപ്പെടും/അവൻ യോദ്ധാവ് എന്നപോലെ വൈരാഗ്യത്തെ ജ്വലിപ്പിക്കും/അവൻ ആർത്തു പ്രബലപ്പെട്ട് തന്റെ ശത്രുക്കളെ സംഹരിക്കും.

ആകാശങ്ങളെ മേലിൽനിന്ന് ആനന്ദിപ്പിൻ/മേഘങ്ങൾ നീതിയെ തളിക്കട്ടെ/ഭൂമി തുറക്കപ്പെടട്ടെ, രക്ഷ വർദ്ധിക്കട്ടെ/നീതി ഒന്നിച്ചു മുളയ്ക്കുമാറാകട്ടെ/ഇവയെ സൃഷ്ടിച്ച കർത്താവു ഞാനാകുന്നു/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ

## എനിയോനെ

ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി സാത്താനോടു യുദ്ധം ചെയ്ത് അവനെ മറിച്ചിട്ടവനായ കർത്താവേ!/അവന്റെ ചതിവുകളിൽനിന്ന് ഉപായതന്ത്രങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ.

പാപി ജീവിപ്പാനല്ലാതെ മരിപ്പാൻ എനിക്കിഷ്ടമില്ലെന്ന് ദീർഘദർശിയെക്കൊണ്ട് പറയിച്ചവനായ ദൈവമേ!/ഞങ്ങൾ നിനക്കായിട്ട് ജീവിപ്പാനും നിന്റെ തൊഴുത്തിലേക്ക് വരുവാനും കൃപ ചെയ്യണമേ.

ദാനിയേൽ നോമ്പുനോറ്റ് സിംഹങ്ങളുടെ വായ് അടച്ചുവല്ലൊ/ കർത്താവേ! ഞങ്ങളെ പിടിപ്പാൻ കാത്തിരിക്കുന്ന പിശാചുക്കളിൽ നിന്ന് ഞങ്ങളെ രക്ഷിക്കണമേ. ബാറെക്മോർ

ഹാനനിയാ മുതലായ പൈതങ്ങളുടെ നോമ്പുമൂലം അവർ അഗ്നിയിൽ നിന്ന് രക്ഷിക്കപ്പെട്ടതുപോലെ/കർത്താവേ! ഞങ്ങളുടെ നോമ്പു മൂലം അഗ്നിനരകത്തിൽനിന്ന് ഞങ്ങളെ രക്ഷിക്കണമേ. ആമ്മീൻ

## 113 മസുമൂറാ

പ്രകാശത്തിന്റെ സൃഷ്ടാവിനു സ്തുതി/കർത്താവിന്റെ ഭൃത്യൻമാരേ! സ്തുതി പാടുവിൻ. നിങ്ങൾ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നന്നെയ്ക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവു സകല ജാതികൾക്കു മേലായി ഉന്നതനും/അവന്റെ മഹത്വം ആകാശങ്ങൾക്കു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തിൽ നോക്കുകയും ചെയ്യുന്ന നമ്മുടെ കർത്താവിനോടു സദൃശ്യൻ ആകാശത്തിലും ഭൂമിയിലും ആരുള്ളൂ.

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടുന്നതിനു കുപ്പയിൽനിന്ന് ഉയർത്തുന്നു/അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു/ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു.

ബാറെക്മോർ

## എക്ക്ബൊ

കന്യകമറിയാമിൽ നിന്ന് ശരീരമെടുത്ത് മനുഷ്യനായിത്തീർന്ന്/പാപികളായ ഞങ്ങളുടെ ഇടയിൽ വസിക്കുകയും/പരിശുദ്ധ നോമ്പിനെ തോറ്റു പോകാത്ത ആയുധമായി ഞങ്ങൾക്കു തരികയും ചെയ്ത രക്ഷിതാവേ!/ നിന്റെ ദൈവത്വത്തിന് ഇഷ്ടമായിരിക്കുന്ന അവസ്ഥയിൽ ജീവിച്ച് നിനക്ക് വാത്സല്യമുള്ളവരായിരിപ്പാൻ ഞങ്ങളെ യോഗ്യരാക്കണമേ...
സ്തൗമെൻകാലോസ് കുറിയേ....

## കോലോകൾ

നോമ്പിനാൽ പറുദീസായുടെ വാതിലുകൾ തുറക്കപ്പെടുന്നു/അതിനെ ശരിയായി ആചരിക്കുന്നവർക്ക് മാലാഖമാരുടെ പ്രഭയും/ഉയരത്തിലേക്ക് കരേറുവാൻ ആത്മീയ ചിറകുകളും ലഭിക്കുന്നു/മഹാ കരുണയുള്ള ദൈവമേ!/ ഞങ്ങളുടെ ഈ നോമ്പിൽ നിന്റെ വരങ്ങളും സഹായങ്ങളും ധാരാളമായി ഞങ്ങൾക്കു ചൊരിഞ്ഞുതരണമേ. ബാറെക്മോർ

ഈ ലോകത്തിൽ ദാനധർമ്മങ്ങളെ വിതയ്ക്കുന്നവന് ഉയിർപ്പിന്റെ നാളിൽ കൊയ്യുവാനിടയാകും. ധർമ്മം ചെയ്യുന്ന നീതിമാന്മാർ ഭാഗ്യവാന്മാർ തന്നെ. മിശിഹാ വന്ന് എല്ലാവരുടേയും പ്രവൃത്തികൾ പരിശോധിക്കുന്ന സമയത്ത്/ധർമ്മം ചെയ്തവർക്ക് നിത്യജീവൻ നൽകപ്പെടുന്നു. മുഖപക്ഷമില്ലാത്ത ന്യായാധിപതിയായ മിശിഹാതമ്പുരാനു സ്തുതി. മൊറിയൊ....

## വീണ്ടും കോലോകൾ

മഹാകാരുണ്യവാനായ ദൈവമേ! നിന്റെ വരങ്ങളെ ഞങ്ങൾക്കു വർദ്ധിപ്പിച്ചു തരണമേ. ദയാവാനായ കർത്താവേ! ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളണമേ. നിന്നിൽനിന്ന് എല്ലായ്പ്പോഴും വരങ്ങൾ ഒഴുകിക്കൊണ്ടിരിക്കുന്നതിനാൽ/നിന്നെ വിളിക്കുന്ന പാപികളോട് നീ ഉത്തരമരുളിച്ചെയ്ത് അവരുടെമേൽ നിന്റെ വരങ്ങളെ ഒഴുക്കണമെ/നിന്റെ വാതിൽക്കൽ മുട്ടുന്നവർക്ക് തുറന്നുകൊടുക്കുകയും ചെയ്യണമേ. ബാറെക്മോർ

കർത്താവേ! ഞങ്ങളുടെ അപേക്ഷപ്രകാരം ഞങ്ങൾക്കു കരുണയും പാപമോചനവും/സ്വർഗ്ഗരാജ്യത്തിൽ പുതിയജീവനും നൽകണമേ/സർവ്വ രഹസ്യങ്ങളും വെളിപ്പെടുന്നതായ ആ മഹാദിവസത്തിൽ/ഞങ്ങളെ ലജ്ജിപ്പിക്കാതെ/സ്വർഗ്ഗരാജ്യം അവകാശിപ്പാൻ യോഗ്യരാക്കിതീർക്കണമേ. നിന്റെ അടിയാരായ ഞങ്ങളുടെ നോമ്പും ശുശ്രൂഷയും നിന്നെ അനുകൂലപ്പെടുത്തുന്നതായിരിക്കുകയും ചെയ്യണമേ. മൊറിയൊ.....

## ബോവൂസൊ

കർത്താവേ! നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്കു തുറന്നു തരണമേ/ ദുഷ്കാലങ്ങൾ ഞങ്ങൾക്കു വന്നുകൂടുമാറാകരുതെ/ഞങ്ങളുടെ മുമ്പിൽ നിന്റെ വാതിൽ അടച്ചുകളഞ്ഞാൽ പിന്നെ ഞങ്ങൾ എവിടെപ്പോയി മുട്ടേണ്ടു!/നിന്റെ രൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരായ ഞങ്ങളുടെ നേരെ ദയവുതോന്നി/ഞങ്ങളെ കൈവിട്ടുകളയാതിരിക്കണമേ/ഞങ്ങളുടെ അകൃത്യങ്ങളുടെ നാറ്റം നിമിത്തം/നിന്റെ സന്നിധിയിൽ നിന്ന് ഞങ്ങളെ പുറത്തു തള്ളിക്കളയുകയും അരുതേ.

## പ്രഭാതകാലത്തെ പ്രാർത്ഥനാസ്തുതി

സകലത്തിന്റെയും ഉടയവനായ കർത്താവേ!/ഈ ദിവസത്തിൽ പാപമലി നതകൾകൂടാതെ നീതിയിൽ കാത്തുകൊള്ളപ്പെടുവാൻ ഞങ്ങളെ യോഗ്യ രാക്കണമേ/ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവേ! നീ എന്നേയ്ക്കും വാഴ്ത്തപ്പെട്ടവനും/പുകഴ്ത്തപ്പെട്ടവനും തിരുനാമമഹത്വ ത്തോടുകൂടിയിരിക്കുന്നവനുമാകുന്നു. ആമ്മീൻ

കർത്താവേ! ഞങ്ങളുടെ ശരണം നിന്റെമേൽ ഇരിക്കുന്നതുപോലെ/നിന്റെ കൃപയും കരുണയും ഞങ്ങളുടെമേൽ ഇരിക്കണമേ/കർത്താവേ! നീ വാഴ്ത്തപ്പെട്ടവനാകുന്നു/നിന്റെ കൽപനകളുടെ വഴി ഞങ്ങളെ പഠിപ്പിക്കയും കാണിക്കയും ചെയ്യണമേ/നീ വാഴ്ത്തപ്പെട്ടവനാകുന്നു/കർത്താവേ! നിന്റെ കൃപയാൽ നിന്റെ വേദപ്രമാണങ്ങളുടെ വഴി ഞങ്ങളെ പഠിപ്പിക്കണമെ/നീ വാഴ്ത്തപ്പെട്ടവനാകുന്നു/പരിശുദ്ധനായ കർത്താവേ!/നിന്റെ പ്രകാശങ്ങ ളാൽ ഞങ്ങളെ പ്രകാശിപ്പിക്കണമേ/നിന്റെ കരുണ എന്നേയ്ക്കും ഞങ്ങ ളുടെമേൽ ഉണ്ടായിരിക്കട്ടെ.

കർത്താവേ! നിന്റെ കൈവേലയെ നീ നിരസിച്ച് തള്ളിക്കളയരുതേ/നിനക്ക് സ്തുതി യോഗ്യമാകുന്നു/നിനക്ക് സ്തുതി ചേർച്ചയാകുന്നു/പിതാവും പുത്രനും പരിശുദ്ധാത്മാവുമായുള്ളോവേ! എന്നേക്കും നിനക്ക് മഹത്വം യുക്തമാകുന്നു. ആമ്മീൻ.

കർത്താവേ! നിനക്ക് സ്തോത്രം ചെയ്യുന്നതും/ഉന്നതപ്പെട്ട നിന്റെ നാമ ത്തിനു പാടുന്നതും/പ്രഭാതകാലത്ത് നിന്റെ കൃപയേയും/രാത്രികാലങ്ങ ളിൽ നിന്റെ വിശ്വസ്തതയേയും അറിയിക്കുന്നതും എത്ര നല്ലതാകുന്നു/

കർത്താവേ! പ്രഭാതസമയത്ത് എന്റെ ശബ്ദം നീ കേൾക്കണമേ/ കർത്താവേ! നിന്റെ ജനങ്ങളോട് കരുണ ചെയ്യണമേ/കർത്താവേ! ഞങ്ങളെല്ലാവരുടെയും പാപങ്ങളെ പരിഹരിച്ച് ക്ഷമിക്കണമേ/പരിശുദ്ധനായുള്ളോവേ! നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച്/നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ രോഗങ്ങളിൽ നിന്ന് ഞങ്ങളെ സുഖപ്പെടുത്തണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു...ഇത്യാദി കൗമാ

## മൂന്നാംമണി നേരത്തെ പ്രാർത്ഥന

ആരംഭവും ദൈവമേ! നീ പരിശുദ്ധനാകുന്നു.... ഇത്യാദി കൗമായും ചൊല്ലിയശേഷം

## കോലോകൾ

പാപികളെ! അവസാനമില്ലാത്ത അഗ്നിനരകത്തെ ഓർത്തു ഭയപ്പെടുവിൻ/ അന്യായത്തിൽനിന്ന് നിങ്ങളുടെ ഹൃദയങ്ങളെ വെടിപ്പാക്കുവിൻ/കണ്ണുനീരുകളാൽ പാപക്കറകളെ കഴുകുവിൻ/സ്വർഗ്ഗീയ രാജാവിനെ അനുകൂലപ്പെടുത്തുവിൻ/അവൻ അവസാന നാളിൽ നിങ്ങൾക്കു നിത്യാനന്ദത്തെ തരും അവന് എന്നേയ്ക്കും സ്തുതി യോഗ്യമാകുന്നു.ബാറെക്മോർ.

സഹോദരന്മാരേ! നമുക്കു ലഭിച്ച ഈ അവസരത്തിൽ അനുതപിക്കാം/ കർത്താവിനോടു കരുണകളെ യാചിക്കാം/അല്ലെങ്കിൽ അവസാനനാൾ രാത്രിയിൽ കള്ളനെപ്പോലെ വരുമ്പോൾ നാം പാപികളായി കണ്ടുപിടിക്കപ്പെടുകയും/കരുണ കൂടാതെ ശിക്ഷാവിധി അനുഭവിക്കേണ്ടിവരികയും ചെയ്യും/പാപികളുടെ മനസ്സുതിരിവിന് ആഗ്രഹിച്ചിരിക്കുന്ന കർത്താവ് വാഴ്ത്തപ്പെട്ടവനാകുന്നു. മൊറി....

## ബോവൂസൊ

ലോകാവസാനവും പ്രതികാരത്തിന്റെ നാളും അടുത്തിരിക്കുന്നതിനാൽ/ കർത്താവേ! നിന്റെ എതിരേൽപ്പിനു ദീപങ്ങളെ തെളിയിച്ചുകൊണ്ട് ഒരുങ്ങിയിരിപ്പാൻ ഉണർവ്വുള്ള ഹൃദയം ഞങ്ങൾക്കു നൽകണമേ/ആദാമിന്റെ മക്കളെല്ലാവരും ഉയിർത്തെഴുന്നേൽക്കുകയും/ദുഷ്ടന്മാരും നല്ലവരും തമ്മിൽ വേർതിരിക്കപ്പെടുകയും ചെയ്യുന്ന സമയത്ത്/കർത്താവേ! ഞങ്ങൾ നിന്റെ വലത്തുഭാഗത്തു നിന്നുകൊണ്ട്/ഇടവിടാതെ നിനക്കു സ്തുതി പാടുവാൻ യോഗ്യരായിത്തീരുമാറാകണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി കൗമാ

## മദ്ധ്യാഹ്ന പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു... ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം

## കോലോകൾ

കർത്താവേ! നിന്റെ സഭയുടെ നോമ്പും നമസ്ക്കാരങ്ങളും നീ കൈക്കൊണ്ട്/ നാനാഭാഗങ്ങളിലും അതിനെ സമാധാനപ്പെടുത്തണമെ/വിരുദ്ധതകളേയും വേദവിപരീതങ്ങളേയും തർക്കങ്ങളേയും കലഹങ്ങളേയും അതിൽനിന്നു നീക്കിക്കളയണമേ/നിന്റെ ഇഷ്ടപ്രകാരം ഭരിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമേ/അതു നിന്റെ രാജ്യത്തിൽ നിന്റെ പിതാവിന്റെ വലത്തു ഭാഗത്തു  ആനന്ദിക്കുകയും ചെയ്യുമാറാകണമേ. ബാറെക്മോർ.

ലോകമേ! ഞാൻ നിന്നിൽ ഇരുന്നുകൊണ്ട് അനേകം പാപങ്ങളെ ചെയ്തു/ നീ പാപങ്ങളുടെ സമുദ്രമാകുന്നു/ഞങ്ങളുടെ ദുഷ്ടമനസ്സ് ഞങ്ങളെ ദുർഘടവഴിയിൽക്കൂടി നടത്തിയിരിക്കുന്നു/ന്യായവിധിയുടെ ദിവസത്തിൽനിന്നും എരിതീ ഒഴുകുന്ന ആറിൽനിന്നും ഞങ്ങൾ ഭയപ്പെടുന്നു/കർത്താവേ! നിന്റെ സ്ലീബായുടെ അടയാളം ഞങ്ങൾക്കു കൂട്ടായിരിക്കണമെ/അതുമൂലം ഞങ്ങൾ അഗ്നിനദിയെ കടന്ന് നിന്റെ കൃപയിൽ ജീവിക്കുമാറാകണമേ. മൊറിയൊ...

## ബോവൂസൊ

ദരിദ്രർക്കും യാചകർക്കും കൊടുക്കാതെ ഭൂമിയിൽ ദ്രവ്യത്തെ ഒളിച്ചു വയ്ക്കുന്നവർക്കു കഷ്ടം/തീക്കനലുകൾ വീണു നശിച്ചുപോകുന്നതായ ദ്രവ്യത്തെ ആശ്രയിച്ച് അതിപലിശ വാങ്ങുന്നവർക്കു കഷ്ടം/ഉടുപ്പില്ലാത്തവരെ ഉടുപ്പിക്കുന്നവർ ഭാഗ്യവാന്മാർ/അവർ പ്രകാശത്തിന്റെ മണവറയിൽ നാശമില്ലാത്ത മഹത്വം ധരിക്കും/തങ്ങളുടെ മേശയിൽനിന്ന് പട്ടിണിക്കാരെ തൃപ്തിപ്പെടുത്തുന്നവരും ഭാഗ്യവാന്മാർ/അവർ സ്വർഗ്ഗത്തിൽ ആനന്ദിക്കും/ കർത്താവേ! ഞങ്ങൾ നിന്നെ വിട്ട് ദ്രവ്യത്തിൽ ആശ്രയിച്ചിട്ട്/ നിന്നിൽ നിന്നുള്ള കരുണകൾക്കു അയോഗ്യരായിത്തീരുമാറാകരുതേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു. ഇത്യാദി കൗമാ

## ഒൻപതാംമണി നേരത്തെ പ്രാർത്ഥന

ദൈവമേ! നീ പരിശുദ്ധനാകുന്നു....
ഇത്യാദി കൗമായും ചൊല്ലിയതിന്റെ ശേഷം

## കോലോകൾ

ദയവാനായ കർത്താവേ! വലത്തുഭാഗത്തെ ഇരിപ്പിന് എല്ലാവരും ആഗ്രഹിക്കുന്നതായ ആ ദിവസത്തിൽ/ഞങ്ങളെ നിന്റെ സന്നിധിയിൽനിന്ന് തള്ളിക്കളയരുതേ/നിന്റെ ശരീരവും രക്തവും ഞങ്ങളിൽ ഇരിക്കുന്നതുകൊണ്ട്/ഞാൻ നിങ്ങളെ അറിയുന്നില്ലാ എന്ന് നീ ഞങ്ങളോട് കൽപ്പിക്കരുതെ/ഞങ്ങൾ കൈക്കൊണ്ടിട്ടുള്ള മാമോദീസാ/ഞങ്ങൾക്കു മുങ്ങിപ്പോകാത്ത കപ്പലായിത്തീർന്നിട്ട്/അതിനാൽ ഞങ്ങൾ അഗ്നിക്കടലിനെ കടന്നു നിന്റെ കൃപയിൽ ജീവിക്കുമാറാകണമെ. ബാറെക്മോർ.

കർത്താവേ! ഞങ്ങളുടെ പാപങ്ങൾ ഞങ്ങളെ മൂടിയിരിക്കുന്നു/ഞങ്ങൾ ചെയ്തുപോയ കുറ്റങ്ങൾ എപ്പോഴും ഞങ്ങളുടെ നേരെ നിൽക്കുന്നു/ഞങ്ങൾ എങ്ങിനെ ആകാശത്തിലേക്കു നോക്കി മോചനത്തെ അപേക്ഷിക്കേണ്ടൂ/പാപിനിയായ സ്ത്രീയെപ്പോലെ ഞങ്ങൾ നിന്റെ കരുണയിൽ ആശ്രയിച്ചുകൊണ്ട് നിന്റെ വാതിൽക്കൽ മുട്ടിവിളിക്കുന്നു/ഞങ്ങളോട് ഉത്തരമരുളിച്ചെയ്ത് ഞങ്ങളുടെ പാപങ്ങൾക്ക് പരിഹാരം നൽകണമെ. മൊറിയൊ...

## ബോവൂസൊ

കാരുണ്യവാനായ ദൈവമേ! ഞങ്ങളിൽ നിന്ന് നിന്റെ തിരുമുഖത്തെ തിരിച്ചുകളയരുതേ/ഞങ്ങളുടെ പ്രാർത്ഥനകളെ നിരസിച്ചുകളയരുതേ/ഞങ്ങളെ നീ തള്ളികളയരുതേ/ഞങ്ങൾ നിന്നിൽമാത്രം ആശ്രയിക്കുന്നു/നിന്റെ കൃപ ഞങ്ങളെ രക്ഷിക്കുമാറാകണമേ/കർത്താവേ! ഞങ്ങൾ പാപച്ചെളിയിൽ മുങ്ങിക്കിടക്കുന്നു/നിന്റെ വെടിപ്പുള്ള സോപ്പായാൽ ഞങ്ങളെ തളിക്കണമേ/ഞങ്ങളുടെ മലിനതകളെ കൃപയോടെ കഴുകിക്കളണയണമേ/ഞങ്ങൾ നിനക്കുള്ളവരായിരിപ്പാനും നിരപ്പുള്ളവരായിരിപ്പാനും/നിന്റെ ഇഷ്ടപ്രകാരം നടപ്പാനും ന്യായവിധിയുടെ ദിവസത്തിൽ നിന്റെ വലത്തുഭാഗത്ത് നിന്നുകൊണ്ട് സ്തുതി പാടുവാനും യോഗ്യരായിത്തീരുകയും ചെയ്യണമേ.

ദൈവമേ! നീ പരിശുദ്ധനാകുന്നു, (ഇത്യാദി - കൗമാ)

വിശ്വാസപ്രമാണം

സ്തൗമെൻ കാലോസ് കുറിയേലായിസോൻ

1. കുറിയേലായിസോൻ
2. ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമേ...
3. ഞങ്ങളുടെ കർത്താവേ! കൃപയുണ്ടായി ഞങ്ങളോട് കരുണ ചെയ്യണമേ

4. ഞങ്ങളുടെ കർത്താവേ! ഉത്തരമരുളിചെയ്ത് ഞങ്ങളോട് കരുണ ചെയ്യണമേ....

(ഇവ നാലും പത്ത്‌വീതം ചൊല്ലി നാല്പതു പ്രാവശ്യം കുമ്പിടണം)

ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി, ഞങ്ങളുടെ കർത്താവേ! നിനക്ക് സ്തുതി, ഞങ്ങളുടെ ശരണവുമേ! എന്നേക്കും നിനക്ക് സ്തുതി. ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!...
കൃപ നിറഞ്ഞ മറിയമേ....
വലിയനോമ്പ് പ്രാർത്ഥനാക്രമം സമാപ്തം

## കുമ്പസാരമുറ

പാപങ്ങൾ ഏറ്റുപറയുവാൻ (കുമ്പസാരിപ്പാൻ) വരുന്നയാൾ വിനയത്തോടും സങ്കടഹൃദയത്തോടുംകൂടെ മേൽപ്പട്ടക്കാരന്റെയോ പട്ടക്കാരന്റെയോ അടുക്കൽവന്ന് മുട്ടുകുത്തി തലകുനിച്ച് കീഴോട്ടു നോക്കിക്കൊണ്ട് തന്റെ സകല പാപങ്ങൾക്കും മോചനം ലഭിക്കുമെന്നുള്ള ധൈര്യത്തോടുകൂടെ പാപങ്ങളെല്ലാം ലജ്ജയോ, ശങ്കയോ കൂടാതെ ഏറ്റുപറയണം. ഹൃദയങ്ങളെ അറിയുന്നവനായ ദൈവസന്നിധിയിലാണ് താൻ നിൽക്കുന്നത് എന്നും പട്ടക്കാരൻ തനിക്കും ദൈവത്തിനും ഇടയിൽ മധ്യസ്ഥനാണെന്നും, ഏതെങ്കിലും പാപത്തെ മറച്ചുവച്ചാൽ അത് ദൈവത്തിങ്കൽ മറഞ്ഞിരിക്കുന്നതല്ലെന്നും മറച്ചുവയ്ക്കുന്ന പാപങ്ങൾക്ക് മോചനം ലഭിക്കാതെ ശിക്ഷയ്ക്ക് കാരണമായിത്തീരുമെന്നും പാപമോചനം ചെയ്യുവാൻ പട്ടക്കാരന് അധികാരമുണ്ടെന്ന് ഓർക്കുകയും വിശ്വസിക്കുകയും ചെയ്യുന്നതുകൂടാതെ, മേലാൽ പാപത്തിലുൾപ്പെടാതെ പരിശുദ്ധമായി ജീവിച്ചുകൊള്ളാമെന്നും നിശ്ചയിക്കുകയും വേദവായന, ധ്യാനം, നോമ്പ്, പ്രാർത്ഥന, കുമ്പിടീൽ, ധർമ്മം വഴിപാട് മുതലായി പട്ടക്കാരൻ കല്പിക്കുന്ന പ്രതിവിധികൾ (പാപത്തിന്റെ ഔഷധങ്ങൾ) താമസത്തിന് ഇടവരുത്താതെ കഴിയുന്ന വേഗത്തിൽ ഭയഭക്തിയോടും വിശ്വാസത്തോടുംകൂടെ പ്രവർത്തിച്ച് നിവർത്തിക്കുകയും വേണം. കുമ്പസാരത്തിനുമുമ്പായി പാപങ്ങളെ ഓർമ്മയിൽ വരുത്തണമെന്നല്ലാതെ ഇന്ന ഇന്ന പ്രാർത്ഥനകൾ നടത്തണമെന്ന് പ്രത്യേകം നിയമം ഇല്ലെങ്കിലും പാപങ്ങൾ ഓർമ്മയിൽ വരത്തക്കവണ്ണമുള്ള പുസ്തകങ്ങൾ വായിച്ച് ധ്യാനിക്കുകയോ അതിനുതക്കതായ പ്രാർത്ഥന നടത്തുകയോ ചെയ്യേണ്ടതാകുന്നു.

പാപങ്ങളെ ഓരോന്നായി വിവരിക്കുന്ന വലിയ മൗദ്യോനൂസ്സൊ പ്രാർത്ഥനയും ഉണ്ട്. പാപങ്ങളെ പ്രത്യേകം പ്രത്യേകമായി വിവരിക്കുന്ന

മൗദ്യോനുസ്സോയിൽനിന്ന് തങ്ങൾ ഉൾപ്പെടാത്ത പാപങ്ങളെ വിട്ടുകളയാവുന്നതും അതിൽ വിവരിക്കാത്ത പാപങ്ങൾ തങ്ങൾക്കുണ്ടെങ്കിൽ അവകളെ അതിൽ ചേർക്കാവുന്നതുമാകുന്നു,

പൊതുവായിട്ടും ചുരുക്കമായിട്ടും ഉള്ളതിൽനിന്ന് ഒന്നും വിട്ടുകളയേണ്ടതായിട്ട് വരികയില്ല. കുമ്പസാരിക്കുന്ന ആളിനോട് പട്ടക്കാരൻ പല ഗുണദോഷങ്ങൾ പറയുകയും പാപങ്ങളെക്കുറിച്ച് ചോദിക്കുകയും ചെയ്യുമെങ്കിലും ചോദിക്കാതെതന്നെ തന്റെ പാപങ്ങളെ പട്ടക്കാരന്റെ മുമ്പാകെ ഏറ്റുപറയേണ്ടത് ചുമതലയാകയാൽ ചോദിച്ചെങ്കിൽ പറയാമെന്നോ ചോദിച്ചില്ലെങ്കിൽ പറയണ്ടാ എന്നോ യുക്തിയോടുകൂടിയ ഉത്തരം കൊടുക്കാമെന്നോ വിചാരിക്കുന്നത് കഷ്ടവും ശിക്ഷാർഹവുമാകുന്നു.

## കുമ്പസാരിക്കാൻ പുരോഹിതന്റെ മുമ്പിൽ മുട്ടുകുത്തുമ്പോൾ പറയേണ്ട മൗദ്യോനുസ്സോ പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ സത്യമുള്ള ഏകദൈവത്തിന്റെ തിരുനാമത്തിൽ പാപിയായ ഞാൻ സർവ്വശക്തനായ ദൈവത്തോട് എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നു. നിത്യകന്യകയാകുന്ന ദൈവമാതാവായ മർത്ത മറിയാമിനോടും മാലാഖമാരുടെ തലവൻമാരായ മാർ മീഖായേലിനോടും മാർ ഗബ്രിയേലിനോടും സ്ലീഹന്മാരുടെ താലവന്മാരായ മാർ പത്രോസിനോടും മാർ പൗലോസിനോടും 72 അറിയിപ്പുകാരോടും നിഖ്യായിലും കുസ്തന്തീനോപ്പോലിസിലും എഫേസോസിലും സഭ കൂടിയ സത്യവിശ്വാസികളായ പിതാക്കന്മാരുടെ മൂന്ന് സുന്നഹദോസുകളോടും ഞാൻ എന്റെ കുറ്റങ്ങളെ ഏറ്റുപറയുന്നു. ബഹുമാനപ്പെട്ട എന്റെ ആത്മീയ പിതാവേ! അവിടുന്ന് ഭൂമിയിൽ കെട്ടുന്നതൊക്കെയും ആകാശത്തിലും കെട്ടപ്പെട്ടിരിക്കുമെന്നും, ഭൂമിയിൽ അഴിക്കുന്നതൊക്കെയും ആകാശത്തിലും അഴിഞ്ഞിരിക്കുമെന്നും ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. വിചാരത്തിലും വചനത്തിലും പ്രവൃത്തിയിലും ഞാൻ പാപിയാകുന്നു. ഞാൻ മഹാപാപിതന്നെ. എന്റെ മഹാപാപങ്ങൾ വളരെയാകുന്നു. അതുകൊണ്ട് അവിടുത്തെ മുമ്പാകെ ഞാൻ കുമ്പസാരിക്കുന്നു. ദൈവത്തിനും എനിക്കുമിടയിൽ അവിടുന്ന് മദ്ധ്യസ്ഥനാകുന്നു. അവിടുത്തെ മദ്ധ്യസ്ഥതയിൽ കരുണയും പാപമോചനവും പ്രാപിപ്പാൻ ഞാൻ അപേക്ഷിക്കുന്നു. ആമ്മീൻ.

# പത്തുകല്പനകൾ

1. നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു. ഞാനൊഴികെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്.
2. മേൽ ആകാശത്തിലും താഴെ ഭൂമിയിലും ഭൂമിക്കുകീഴെ വെള്ളത്തിലും ഉള്ള യാതൊന്നിന്റെയും പ്രതിമയോ സാദൃശ്യമോ നീ ഉണ്ടാക്കുകയോ വന്ദിക്കുകയോ ചെയ്യരുത്.
3. നിന്റെ ദൈവമായ കർത്താവിന്റെ നാമംകൊണ്ട് വ്യാജമായി ആണയിടരുത്.
4. ശാബതു ദിവസത്തെ ശുദ്ധീകരിപ്പാൻ ഓർക്ക
5. നിന്റെ മാതാവിനേയും പിതാവിനേയും ബഹുമാനിക്കുക
6. കൊലചെയ്യരുത്
7. വ്യഭിചാരം ചെയ്യരുത്
8. മോഷ്ടിക്കരുത്
9. കള്ളസാക്ഷി പറയരുത്
10. നിന്റെ കൂട്ടുകാരന്റെ യാതൊന്നിനേയും മോഹിക്കരുത്

ഈ പത്ത് കല്പനകളിൽ നാല് കല്പനകൾ ദൈവത്തോട് ബന്ധപ്പെട്ടതും ആറ് കല്പനകൾ മനുഷ്യരോട് ബന്ധപ്പെട്ടതുമാണ്.

ഈ പത്ത് കല്പനകൾ പ്രധാനമായും രണ്ടു കല്പനകളിൽ അടങ്ങിയിരിക്കുന്നു.

1. നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും പൂർണ്ണ മനസ്സോടും കൂടെ നിന്റെ ദൈവമായ കർത്താവിനെ നീ സ്നേഹിക്കണം.
2. നീ നിന്നെ സ്നേഹിക്കുന്നതുപോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

3. ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പാചരിക്കുക
4. പട്ടക്കാരന്റെ മുമ്പാകെ കുമ്പസരിക്കുക
5. വി.കുർബ്ബാന അനുഭവിക്കുക
6. വിരോധിക്കപ്പെട്ട (വിലക്കപ്പെട്ട) നാളുകളിൽ വിവാഹബന്ധത്തിൽ നിന്നും ഒഴിഞ്ഞിരിക്കുക.
7. വഴിപാടുകളും ദശാംശങ്ങളും കൊടുക്കുക

## മനോഗുണ പ്രവൃത്തികൾ

1. വിശപ്പുള്ളവർക്ക് ഭക്ഷിപ്പാൻ കൊടുക്കുക
2. ദാഹിക്കുന്നവർക്ക് കുടിപ്പാൻ കൊടുക്കുക
3. പരദേശികളെ സല്ക്കരിക്കുക
4. നഗ്നർക്ക് വസ്ത്രം നൽകുക
5. രോഗികളെ സന്ദർശിക്കുക
6. തടവിലിരിക്കുന്നവരെ ചെന്നുകാണുക
7. മരിച്ചവരെ സംസ്ക്കരിക്കുക
8. സംശയമനസ്ക്കരെ ഉറപ്പിക്കുക
9. അജ്ഞാനികൾക്ക് ജ്ഞാനം ഉപദേശിക്കുക
10. പാപികൾക്കു കുറ്റബോധം വരുത്തുക
11. തെറ്റുകളെ ക്ഷമിക്കുക
12. സങ്കടക്കാരെ സമാധാനപ്പെടുത്തുക
13. സഹനശക്തി കാണിക്കുക
14. ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുക

## വിശുദ്ധ സഭയുടെ ഏഴ് കൂദാശകൾ

1. വി.മാമ്മോദീസ
2. വി.മൂറോൻ
3. വി.കുമ്പസാരം
4. വി.കുർബ്ബാന
5. വി.വിവാഹം
6. വി.പട്ടത്വം
7. വി.തൈലാഭിഷേകം

## എപ്പോഴും ഓർമ്മയിൽ ഇരിക്കേണ്ട സംഗതികൾ

1. മരണം
2. ന്യായവിസ്താരം
3. അഗ്നിനരകം
4. സ്വർഗ്ഗരാജ്യം

## ഒരുവനുണ്ടായിരിക്കേണ്ട മൂന്നു പ്രധാന സംഗതികൾ

1. വിശ്വാസം
2. സ്നേഹം
3. പ്രത്യാശ

## 1

അരൂപിയാൽ നിറയാൻ കവിയാൻ വരുന്നിതാ ഞങ്ങൾ
അരൂപിതൻ വരവും കൃപയും കരുത്തുമേകണമേ
ആ....ആ....ആ....

1. അനാഥമായ് വിടുകയില്ലാ അറിഞ്ഞുകൊള്ളൂ നിങ്ങൾ
അയച്ചീടും മമ താതൻ സത്യാത്മാവിനെയെന്നും
ആ....ആ....ആ.... (അരൂപി...)

2. സഹായകൻ അണയുമ്പോൾ സദാ വസിച്ചവനുള്ളിൽ
അനുസ്മരിപ്പിച്ചീടും അനന്തമാമെൻ വചനം
ആ....ആ....ആ.... (അരൂപി...)

3. അസ്വസ്ഥരായ് അലയാതെ ഭയം വെടിഞ്ഞുണരേണം
പ്രശാന്തി ഞാൻ പകരുന്നു.... പ്രമോദമാനസമാകൂ
ആ....ആ....ആ.... (അരൂപി...)

## 2

1. ഈ ഭൂമിയിലെന്നെ നീ ഇത്രമേൽ സ്നേഹിപ്പാൻ
ഞാനാരാണെൻ ദൈവമേ!
പാപാന്ധകാരം മനസ്സിൽ നിറഞ്ഞൊരു
പാപിയാണല്ലോ ഈ ഞാൻ

2. ശത്രുവാമെന്നെ പുത്രനാക്കീടുവാൻ
ഇത്രമേൽ സ്നേഹം വേണോ
നീചനാമെന്നെ സ്നേഹിച്ചു സ്നേഹിച്ചു
മാന്യനായ് മാറ്റിയല്ലോ.... (ഈ ഭൂമി.....)

3. ഭീരുവാമെന്നിൽ വീര്യം പകർന്നു നീ
ധീരനായ് മാറ്റിയല്ലോ
കാരുണ്യമേ നിൻ സ്നേഹവായ്പിന്റെ
ആഴമറിയുന്നു ഞാൻ.... (ഈ ഭൂമി.....)

## 3

1. പരിശുദ്ധാത്മാവേ!നീയെഴുന്നള്ളി
വരണമേ എന്റെ ഹൃദയത്തിൽ

ദിവ്യദാനങ്ങൾ ചിന്തി എന്നുള്ളിൽ
ദൈവസ്നേഹം നിറയ്ക്കണേ

2. സ്വർഗ്ഗവാതിൽ തുറന്നു ഭൂമിയിൽ
നിർഗ്ഗളിക്കും പ്രകാശമേ !
അന്ധകാര വിരിപ്പു മാറ്റിടും
ചന്തമേറുന്ന ദീപമേ...
കേഴുമാത്മാവിൽ ആശവീശുന്ന
മോഹന ദിവ്യഗാനമേ! പരിശുദ്ധാ....

3. വിണ്ടുണങ്ങി വരണ്ട മാനസം
കണ്ട വിണ്ണിൻ തടാകമേ!
മന്ദമായ് വന്നു വീശിയാനന്ദം
തന്ന പൊന്നിളം തെന്നലേ...
രക്തസാക്ഷികൾ ആഞ്ഞുപുൽകിയ
പുണ്യജീവിത പാത നീ പരിശുദ്ധാ....

# 4

സന്താപം തീർന്നല്ലോ സന്തോഷം വന്നല്ലോ
സന്തോഷമെന്നിൽ തന്നല്ലോ- ഹാലേലുയ്യാ
യേശുപാപം മോചിച്ചു എന്നെ മുറ്റും രക്ഷിച്ചു
സന്തോഷമെന്നിൽ തന്നല്ലോ

പാപത്തിൽ ഞാൻ പിറന്നു - ശാപത്തിൽ ഞാൻ വളർന്നു
പരമ രക്ഷകൻ തൻ തിരുനിണം ചൊരിഞ്ഞു
പാപിയാമെന്നെയും വീണ്ടെടുത്തു സന്താ....

ആരും തരാത്തവിധം ആനന്ദം തൻ സവിധേ
അനുദിനമധികം അനുഭവിക്കുന്നു ഞാൻ
അപഹരിക്കാവതല്ലീ അനുഗ്രങ്ങൾ സന്താ....

പാപത്തിൻ ശാപത്തിനാൽ-പാടുപെടുന്നവരേ!
സൗജന്യമാണീ സൗഭാഗ്യമാകയാൽ
സൗകര്യമാണിപ്പോൾ മനന്തിരിവീൻ സന്താ....

## 5

എന്നുള്ളിലെന്നും വസിച്ചീടുവാൻ-സ്വർഗ്ഗ
മണ്ഡപം വിട്ടിറങ്ങി-വന്ന
ഉന്നതനാം തങ്കപ്രാവേ ! നീ വന്നെന്നിൽ
എന്നുമധിവസിക്ക

1. തങ്കച്ചിറകടി എത്രനാൾ കേട്ടിട്ടും
ശങ്കകൂടാതെ നിന്നെ-തള്ളി
സങ്കേതം ഞാൻ കൊടു-ത്തന്യർക്കെന്നോർത്തിതാ
സങ്കടപ്പെട്ടീടുന്നു എന്നുള്ളിലെ....

2. കർത്തനേ! എത്ര അനുഗ്രഹങ്ങളയ്യോ
നഷ്ടമാക്കി ഈ വിധം-ഇന്നും
കഷ്ടത തന്നിൽ വലയുന്നു ഞാനിതാ
തട്ടിയുണർത്തേണമേ എന്നുള്ളിലെ....

3. ശൂന്യവും പാഴുമായ് തള്ളിയതാമീ നിൻ
മന്ദിരം തന്നിലിന്നു-ദേവാ
വന്നു പാർത്തു ശുദ്ധി ചെയ്തു നിൻ വീടിന്റെ
നിന്ദയകറ്റണമേ- എന്നുള്ളിലെ....

4. ജീവിതമിന്നും ശരിയായിട്ടില്ലയ്യോ
ജീവിപ്പിക്കൂ കർത്തനേ! -വന്നു
ജീവനും ശക്തിയും സ്നേഹവും തന്നെന്നെ
ജീവിപ്പിച്ചീടണമെ- എന്നുള്ളിലെ....

5. എന്നലങ്കാര വസ്ത്രം ധരിച്ചീടും ഞാൻ
ഇന്നുമുതൽ ദൈവമേ! മേലാൽ
എന്നിലശുദ്ധനും ചേലയില്ലാത്തോനും
ചേർന്നുവരികയില്ല എന്നുള്ളിലെ....

6. ഈ വിധത്തിൽ പരിപാലിക്കപ്പെട്ടിടാൻ
ദൈവാത്മാവേ! വന്നെന്നിൽ-എന്നും
ആവസിച്ചു തവ തേജസ്സാലെന്നുടെ
ജീവൻ പ്രശോഭിപ്പിക്ക എന്നുള്ളിലെ....

## 6

1. യേശു നല്ലവൻ അവൻ വല്ലഭവൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽപോലെ
സ്തുതിച്ചീടുക അവന്റെ നാമം

ഹാലേലുയ്യാ-ഹാലേലുയ്യാ (2)
മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവുമെന്നേശുവിന്

2. ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവനെങ്കലേക്കു ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി- ഹാലേ....

3. എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ കർത്താവിനു സ്തുതികൾ തന്നെ ഹാലേ....

4. എന്റെ കർത്താവേ! എന്റെ യഹോവേ!
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്ക് ശ്രേഷ്ഠന്മാർ തന്നെ ഹാലേ....

## 7

പോകുന്നേ ഞാനും എൻ ഗൃഹം തേടി
ദൈവത്തോടൊത്തുറങ്ങീടാൻ
എത്തുന്നേ ഞാനെൻ നാഥന്റെ ചാരെ
പിറ്റേന്നൊപ്പം ഉണർന്നിടാൻ

കരയുന്നോ നിങ്ങൾ എന്തിനായ് ഞാനെൻ
സ്വന്തദേശത്ത് പോകുമ്പോൾ
കഴിയുന്നു യാത്ര ഇത്രനാൾ കാത്ത
ഭവനത്തിൽ ഞാനും ചെന്നിതാ പോകുന്നേ....

ദേഹമെന്നൊരാവസ്ത്രമൂരി ഞാൻ
ആറടി മണ്ണിൽ ആഴ്ത്തവേ
ഭൂമിയെന്നൊരു കൂടുവിട്ടു ഞാൻ
സ്വർഗ്ഗമാം വീട്ടിൽ ചെല്ലവേ

മാലാഖമാരും ദൂതരും
മാറി മാറി പുണർന്നുപോയ്
ആധിവ്യാധികൾ അന്യമായ്
കർത്താവേ ജന്മം ധന്യമായ് പോകുന്നേ....

സ്വർഗ്ഗരാജ്യത്ത് ചെന്നനേരത്ത്
കർത്താവെന്നോടു ചോദിച്ചു
സ്വന്തബന്ധങ്ങൾ വിട്ടുപോന്നപ്പോൾ
നൊന്തു നീറിയോ നിൻമനം

ശങ്കകൂടാതെ ചൊല്ലി ഞാൻ
കർത്താവേ ഇല്ല തെല്ലുമേ
എത്തി ഞാനെത്തി സന്നിധേ
ഇത്രനാൾ കാത്ത സന്നിധേ പോകുന്നേ....

# 8

തന്നാലും നാഥാ! ആത്മാവിനെ
ആശ്വാസദായകനേ!
തന്നാലും നാഥാ! നിൻ ജീവനെ
നിത്യസഹായകനെ! (2) തന്നാലും....

1. അകതാരിലുണർവ്വിന്റെ പനിനീരുതൂകി
അവിരാമമൊഴുകിവരൂ!
വരദാനവാരിധേ! ഫലമേകുവാനായ്
അനുസ്യൂതമൊഴുകി വരൂ! (2) തന്നാലും....

2. പാപവും പുണ്യവും വേർതിരിച്ചേകുന്ന
ജ്ഞാനമായ് ഒഴുകി വരൂ!
ആത്മീയ സന്തോഷം ദാസരിൽ നൽകുന്ന
സ്നേഹമായ് ഒഴുകി വരൂ! (2) തന്നാലും....

## 9

ലോകമാം ഗംഭീര വാരിയിൽ
വിശ്വാസക്കപ്പലിൽ ഓടിയിട്ട്
നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടു കൂടെ വിശ്രമിപ്പാൻ

യാത്ര ചെയ്യും ഞാൻ ക്രൂശേ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

2. കാലം കഴിയുന്നു നാൾകൾപോയി
കർത്താവിൻ വരവു സമീപമായ്
മഹത്വനാമത്തെ കീർത്തിപ്പാനായ്
ശക്തീകരിക്ക നിൻ ആത്മാവിനാൽ യാത്ര.....

3. പൂർവ്വപിതാക്കളാം അപ്പോസ്തലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണി ലാഭം
അന്യരെന്നെണ്ണിയീലോകമതിൽ യാത്ര.....

4. ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും

5. ജീവൻ എൻ യേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തിടുമ്പോൾ
ശുദ്ധ പളുങ്കിൻ കടൽത്തീരത്തിൽ
.യേശുവിൻ പൊന്മുഖം മുത്തീടും ഞാൻ യാത്ര.....

6. ലോകത്തിൻ ബാലത കോമളത്വം
വസ്തുവകകൾ പൊൻനാണയങ്ങൾ
സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം
മേലുള്ളെറുശലേം നിത്യഗൃഹം യാത്ര.....

7. ലാഭമായ് തീരും സമസ്തവും ഞാൻ
കാഴ്ചയായ് വയ്ക്കുന്നു തൃപ്പാദത്തിൽ
അംഗപ്രത്യംഗമെൻ ഇന്ദ്രിയങ്ങൾ
ദൈവനാമത്തിൻ പുകഴ്ച്ചയ്ക്കായി

# 10

1. ഞാനെൻ നാഥനെ വാഴ്ത്തുന്നു
മോദം പൂണ്ടു പുകഴ്ത്തുന്നു
എളിയൊരു ദാസിയെ സകലേശൻ
വിരവൊടു തൃക്കൺ പാർത്തല്ലോ

2. രക്ഷകനലിവു നിറഞ്ഞെന്നിൽ
ദിവ്യവരങ്ങൾ ചൊരിഞ്ഞതിനാൽ
ഇന്നു തുടങ്ങി തലമുറകൾ
വാഴ്ത്തിടുമെന്നെ നിരന്തരമായ്

3. ഭക്തജനത്തിന് സകലേശൻ
നിത്യമനുഗ്രഹമരുളുന്നു
ഗർവ്വിത നപചയമേറ്റുന്നു
ബലമൊടു വിജയം നേടുന്നു

4. എളിയജനത്തെ വളർത്തുന്നു
ബലമുള്ളവരെ താഴ്ത്തുന്നു
ധനികർക്കൊന്നും നൽകാതെ
പശിയുള്ളവരെ പോറ്റുന്നു

5. അബ്രഹാമിനോടും സുതരോടും
പണ്ടേ ചെയ്തൊരു വാഗ്ദാനം
ദൈവം കരുണയോടോർത്തല്ലോ
തുണയിസ്രായേലിന് ചെയ്തല്ലോ

# 11

1. കർത്താവിലെന്നും എന്റെ ആശ്രയം
കർത്തൃസേവതന്നെ എന്റെ ആഗ്രഹം
കഷ്ടമോ നഷ്ടമോ എന്തു വന്നീടിലും
കർത്താവിൻ പാദം ചേർന്നു ചൊല്ലും ഞാൻ

ആർത്തുപാടി ഞാൻ ആനന്ദത്തോടെ
കീർത്തനം ചെയ്തെന്നും വാഴ്ത്തുമേശുവേ
ഇത്രനൽ രക്ഷകൻ വേറെയില്ലൂഴിയിൽ
ഹല്ലേലുയ്യാ പാടും ഞാൻ

2. തൻ സ്വന്തജീവൻ തന്ന രക്ഷകൻ
തള്ളുകയില്ലേതു ദുഃഖനാളിലും
തൻ തിരു കൈകളാൽ താങ്ങി നടത്തിടും
തൻ സ്നേഹം ചൊല്ലാൻ പോര വാക്കുകൾ ആർത്തു....

3. വിശ്വാസത്താൽ ഞാൻ യാത്രചെയ്യുമെൻ
വീട്ടിലെത്തുവോളം ക്രൂശിൻ പാതയിൽ
വൻതിര പോലൊരോ ക്ലേശങ്ങൾ വന്നാലും
വല്ലഭൻ ചൊല്ലിൽ എല്ലാം മാറിടും ആർത്തു....

4. എൻ സ്വന്ത ബന്ധുമിത്രരേവരും
എന്നെ കൈവിട്ടാലും ഖേദം എന്തിനാ
കൈവിടില്ലെന്നുതൻ വാഗ്ദത്തമുള്ളതാൽ
ആശ്രയിച്ചെന്നും ആശ്വസിക്കും ഞാൻ ആർത്തു....

# 12

1. എത്ര നല്ലവൻ എന്നേശു നായകൻ
ഏതു നേരത്തും നടത്തീടുന്നവൻ (2)
എണ്ണിയാൽ തീർന്നിടാ നന്മകൾ ചെയ്തവൻ
എന്നെ സ്നേഹിച്ചവൻ ഹാലേലുയ്യാ എത്ര....

2. നായകനവൻ നമുക്കു മുമ്പിലായ്
നൽവഴികളെ തുറന്നീടുന്നവൻ (2)
നന്ദിയാൽ പാടും ഞാൻ നല്ലവനേശുവേ!
നാടെങ്ങും ഘോഷിക്കും നിൻ മഹാസ്നേഹത്തെ (2) എത്ര....

3. പ്രിയരേവരും പ്രതികൂലമാകുമ്പോൾ
പാരിലേറിടും പ്രയാസവേളയിൽ (2)
പൊന്മുഖം കണ്ടു ഞാൻ യാത്ര ചെയ്തീടുവാൻ
പൊന്നുനാഥാ! കൃപ ഏകുക എനിക്ക് (2) എത്ര....

## 13

1. പരിശുദ്ധാത്മാവിൻ ശക്തിയാലെ ഇന്ന്
നിറയ്ക്കണേ നാഥാ ശക്തരായിത്തീരാൻ (2)
ആത്മസന്തോഷം കൊണ്ട് നിറയ്ക്കണേ പ്രിയനേ
ആത്മചൈതന്യം എന്നിൽ പകരുക പരനേ
ജയത്തോടെ ജീവിതം ധരയിൽ ഞാൻ ചെയ്‌വാൻ (2)

1. തിരുകൃപയല്ലോ ശരണമതെന്നിൽ
വൻകടങ്ങളകറ്റാൻ കഴിവുള്ള പരനേ (2) ആത്മ.....

2. മായയാമീ ലോകം തരും സുഖമെല്ലാം
മറന്നു ഞാനോടുവാൻ തിരുരാജ്യേ ചേരാൻ (2) ആത്മ.....

3. കുശവന്റെ കയ്യിൽ കളിമണ്ണുപോലെന്നെ
പണിയുക പരനേ തിരുഹിതം പോലെ (2) ആത്മ.....

## 14

നിൻ തിരുരക്തത്താൽ
കഴുകണമേയീശോ
നിൻ തിരുഹിതമെന്നിൽ
നിറവേറ്റണമേയീശോ

പാവനാത്മാവാൽ
നിറയ്ക്കണമെയീശോ
പാപഭാരങ്ങൾ
അകറ്റണമെയീശോ

നൽവരദാനങ്ങൾ
നല്കണമെയീശോ
നല്ലവഴിക്കെന്നെ
നയിക്കണമെയീശോ

അങ്ങേ സ്തുതിച്ചിടുവാൻ
വരമേകണമെയീശോ
അങ്ങേ വണങ്ങിടുവാൻ
കൃപയേകണമെയീശോ

പ്രാർത്ഥിക്കാനെന്നെ
പഠിപ്പിക്കണമീശോ
പ്രാർത്ഥനാ വരമെന്നിൽ
നൽകണമേയീശോ

വചനമയച്ചെന്നെ
സുഖമാക്കണമേയീശോ
വചനം ഘോഷിക്കാൻ
വിളിയേകണമേയീശോ

## 15

അതിരുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം
അളവുകളില്ലാത്ത സ്നേഹം
ദൈവസ്നേഹം നിത്യസ്നേഹം

ഏതൊരവസ്ഥയിലും യാതൊരു വ്യവസ്ഥകളും
ഇല്ലാതെ സ്നേഹിക്കും താതനു നന്ദി

1. ദൈവത്തെ ഞാൻ മറന്നാലും
ആ സ്നേഹത്തിൽ നിന്നകന്നാലും (2)
അനുകമ്പാർദ്രമാം ഹൃദയമെപ്പോഴും
എനിക്കായ് തുടിച്ചീടുന്നു
എന്നെ-ഓമനയായ് കരുതുന്നു അതിരു.....

2. അമ്മയെന്നെ മറന്നാലും -ഈ
ലോകമെന്നെ വെറുത്താലും (2)
അജഗണങ്ങളെ കാത്തിടുന്നവൻ
എനിക്കായ് തിരഞ്ഞിടുന്നു
എന്നെ-ഓമനയായ് കരുതുന്നു

## 16

1. ദൈവത്തിന്റെ കുഞ്ഞല്ലേ നീ
സങ്കടത്താൽ വാടീടല്ലെ
സഹനങ്ങൾ കൃപകളാക്കാൻ
യേശുവിന്റെ ക്രൂശിൽ നൽകൂ (2) ദൈവ....

2. ദുഃഖത്തിന്റെ താഴ്‌വരയിൽ
കുഞ്ഞേ ! നീ ഏകനല്ല (2)
നിനക്കായ് ഗത്സമനിൽ
പ്രാർത്ഥിച്ചവൻ കൂടെയുണ്ട് (2) ദൈവ....

3. ക്രൂശിന്റെ മാർവ്വിൽ നിന്നും
സങ്കടങ്ങൾ ഏറ്റെടുക്കാൻ (2)
ഉത്ഥിതനാം യേശുവെന്നും
നിന്നരികെ കാത്തുനിൽപ്പൂ (2) ദൈവ....

4. നിന്റെ ഹൃദയവാതിലിന്റെ
ഓടാമ്പൽ നീക്കി മോദം (2)
ജീവിതത്തിൻ നാഥനായി
യേശുവിനെ സ്വീകരിക്കൂ (2) ദൈവ....

# 17

1. ഉണർവ്വിൻ കൊടുങ്കാറ്റേ! നീ -വീശണമേ വീണ്ടും
തളരും മനസ്സുകളിൽ നീ-പുതിയൊരു ജീവൻ നൽകണമെ (2)
വീണ്ടും എനിക്ക് നൽകണമേ-പുതിയൊരു പെന്തക്കൂസ്താ (2)
അഭിഷേകത്തിൻ കൈ-കൾ നീ-എന്നിൽ നീട്ടണമേ ഉണർ...

2. അഗ്നി അയയ്ക്കണമേ -പരിശുദ്ധാത്മവേ!
ശക്തി അയയ്ക്കണമേ!-പരിശുദ്ധാത്മാവേ
ആദിയിലെപ്പോൽ ജനകോടികളെ - വീണ്ടും ഉണർത്തണമേ-
അത്ഭുതങ്ങളും അടയാളങ്ങളും-വീണ്ടും നൽകണമേ
അത്ഭുതമേകും കൈ-കൾ നീ-എന്നിൽനീട്ടണമേ ഉണർ...

3. സൗഖ്യം നൽകണമേ-പരിശുദ്ധാത്മാവേ!
ബന്ധനമഴിയട്ടെ-പരിശുദ്ധാത്മാവേ!
മാറാതീരാ വ്യാധികളെല്ലാം-സൗഖ്യം പ്രാപിക്കട്ടെ
തളർന്ന കൈകാൽമുട്ടുകളെല്ലാം സൗഖ്യം പ്രാപിക്കട്ടെ
അത്ഭുതമൊഴുകും കൈ-കൾ നീ എന്നിൽ നീട്ടണമേ ഉണർ...

## 18

എണ്ണമേറും പാപത്താൽ ഭാരമേറും ജീവിതം
എണ്ണ വറ്റിയ വിളക്കുമായ് നീങ്ങിടുന്നു ജീവിതം
വീണുടഞ്ഞ മൺപാത്രമാണു ഞാൻ നാഥാ!
വീണ്ടുമൊരു ജനനം നൽകിടേണമേ നാഥാ
കരുണ തോന്നണേ-എന്നിൽ അലിവുതോന്നണേ
പാപിയാണ് ഞാൻ നാഥാ! പാപിയാണ് ഞാൻ

1. പൂർവ്വപാപത്തിൻ ശാപം പേറിടുന്നു ഞാൻ
രോഗവും ദുരിതവും നാൾക്കുനാൾ വളരുന്നു (2)
ദൈവത്തിൻ ആത്മാവ് എന്നിൽ നിർവീര്യമായ്
പാപമെന്നെ പാതാളവഴിയിലെത്തിച്ചു കരുണ.....

2. എഴുന്നള്ളീടുവാൻ വൈകിടല്ലേ ദൈവമേ!
സ്നേഹവും കരുണയും നിറയ്ക്കണെ എന്നിൽ (2)
പത്തിരട്ടി സ്നേഹമോടെ തിരിച്ചുവന്നീടാം
വീണ്ടുമെന്നെ വഹിക്കണേനിൻ വിരിച്ച ചിറകുകളിൽ കരുണ.....

## 19

ഒന്നുവിളിച്ചാലോടിയെന്റെ അരികിലെത്തും
ഒന്നു സ്തുതിച്ചാലവനെന്റെ മനം തുറക്കും
ഒന്നു കരഞ്ഞാലോമനിച്ചെൻ മിഴി തുടയ്ക്കും

ഓ! എത്ര നല്ല സ്നേഹമെന്റെ ഈശോ!
ഓ! എത്ര നല്ല സ്നേഹമെന്റെ ഈശോ! ഒന്നു....

1. ഒന്നു കരഞ്ഞാലവനെന്റെ കരം പിടിക്കും
പിന്നെ കരുണാമയനായ് താങ്ങി നടത്തും
ശാന്തി പകരും എന്റെ മുറിവുണക്കും
എത്ര നല്ല സ്നേഹമെന്റെ ഈശോ!
ഓ! എത്ര നല്ല സ്നേഹമെന്റെ ഈശോ!

2. തന്നെ അനുഗമിക്കാനവനെന്നെ വിളിക്കും
തിരുവചനം പകർന്നെന്റെ വഴി തെളിക്കും
ശക്തി പകരും എന്നെ അനുഗ്രഹിക്കും
എത്രനല്ല സ്നേഹമെന്റെ ഈശോ!
ഓ! എത്ര നല്ല സ്നേഹമെന്റെ ഈശോ!

## 20

ക്ഷമാശീലനാമെന്നേശുവേ!
ശാന്തശീലനാമെന്നേശുവേ!
കഠിനമാമെൻ ഹൃദയം
തവഹൃദയം പോലെയാക്കണേ

1. ദ്രോഹങ്ങൾ സഹിച്ചു ഞാൻ തളർന്നീടുമ്പോൾ
കോപത്താലന്നുള്ളം തിളച്ചീടുമ്പോൾ
കുരിശിൽ പിടയും നേരവുമങ്ങേ
അധരം അരുളും വചസുരുവിടുവാൻ ക്ഷമാ.....

2. ത്യാഗങ്ങൾ സഹിച്ചു ഞാൻ വളർത്തിയവർ
ആഴത്തിൽ മുറിവേൽപ്പിച്ചകന്നീടുമ്പോൾ
കരുണാസ്പർശം നീയേകീടണേ
സൗഖ്യം തരണേ അലിവൊഴുകിടുവാൻ ക്ഷമാ.....

## 21

1. പാവനാത്മാവേ! എൻ ജീവദായകനേ!
ഇറങ്ങി നീ വാ-നിറഞ്ഞു നീ വാ
എന്റെ ഹൃദയത്തിൽ

2. സീനായ് മാമലയിൽ ഇറങ്ങി വന്നവനേ!
ആത്മദാഹം തീർക്കുവാനായ്
ഇറങ്ങി വാ ദേവാ (2)

3. രോഗപീഡകളിൽ മാനസവ്യാധികളിൽ
സൗഖ്യവും ശാന്തിയും കനിഞ്ഞരുളി
എന്നെ നയിക്കണമെ (2)

4. നിന്നുടെ വരദാനങ്ങൾ എന്നിൽ നിറയ്ക്കണമെ
ലോകശക്തിയെ ജയിച്ചീടുവാനായ്
വിൺമഴ പൊഴിക്കണമേ (2)

## 22

പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹമേ
ക്രൂശിതനായവനേ നീയെൻ ആശ്രയം
എല്ലാരും എന്നെ പിരിഞ്ഞപ്പോൾ
ആലംബം ഇല്ലാതലഞ്ഞപ്പോൾ
ഒറ്റയ്ക്കിരുന്നു കരഞ്ഞപ്പോൾ നീയെന്റെ
ആശ്വാസധാരയായ് വന്നു

എൻ പ്രിയരെല്ലാം എന്നെ വെറുത്തു
ആഴമേറും മുറിവുകൾ എന്നിൽ നൽകി
ഞാൻ ചെയ്യാത്ത കുറ്റം ചുമത്തി
എൻ മനസ്സിൽ ഒരുപാടു വേദനയേകി
നൊമ്പരത്താൽ എന്റെ ഉള്ളം പുകഞ്ഞു
നീറും നിരാശയിൽ തേങ്ങി
അപ്പോൾ നീയെന്റെ കാതിൽ പറഞ്ഞു
നിന്നെ ഞാൻ കൈവെടിയില്ല

നിൻ വചനങ്ങൾ എത്രയോ സത്യം
ഈ ലോകത്തിൻ മായാവിലാസങ്ങൾ വ്യർത്ഥം
ഞാൻ നിന്നോട് ചേരട്ടെ നാഥാ
നീയാണല്ലോ എന്നെ മറക്കാത്ത സ്നേഹം
തോരാത്ത കണ്ണീരുമായ്ക്കും യേശുവിൻ
കുരിശോടു ചേർന്നു ഞാൻ നിന്നു
അപ്പോൾ അവനെന്നെ വാരിപ്പുണർന്നു
വാത്സല്യ ചുംബനമേകി

## 23

കരയാൻ എനിക്കൊരു കരളേകൂ നാഥാ!
കറയെല്ലാം കഴുകിടുവാൻ
വരമേകൂ നാഥാ! കൃപയേകു നാഥാ!
അനുതാപപൂരിതനാകാൻ കരയാൻ....

1. അറിവേറെയുണ്ടെന്ന അഹംഭാവമോടെ
അരുതായ്മയിൽ ഞാൻ അകപ്പെട്ടുപോയി
അപരന്റെ മുമ്പിൽ മികവേറെ നാഥാ!

അവിടുത്തെ മുൻപിൽ കുറവേറെ നാഥാ
ആരും കാണാത്തതെല്ലാം ആഴം കാണുന്ന നാഥാ!
അനുതാപമായ് എൻ ദൈവമേ! എന്നിൽ അണയൂ... കരയാൻ....

2. അഹംഭാവമോടെ ഞാൻ നടന്നു
ആസക്തിയാലെ ഞാൻ വലഞ്ഞു
അലിവോടെയെന്നിൽ ഒന്നു തൊട്ടാൽ
അനുതാപമോടെൻ ഉള്ളുരുകും
മൗനമെൻ മനമുണരും -മാമക മാനസമൊഴുകും
കരുണാമയാ! എൻ ദൈവമേ! കനിയൂ എന്നിൽ കരയാൻ....

# 24

1. ഓ.... പാവനാത്മാവേ!
പറന്നിറങ്ങീടണേ
നിൻ വിശുദ്ധി എന്റെ ഹൃത്തിൽ
ഇന്ന് നീ നിറയ്ക്കണമേ

2. ഓ.... സ്വർഗ്ഗശക്തിയേ!
ശക്തി എന്നിൽ ഏകണേ
ദൈവസ്തുതി പാടിടാൻ
എന്നിൽ സ്നേഹം നൽകണേ ഓ... പാവ....

3. ഓ!.... സ്വർഗ്ഗകനലേ!
എൻ നാവിലിന്നു തൊടണേ
യേശുനാമം പുണ്യനാമം
പാരിതിലെന്നും ഘോഷിക്കാൻ ഓ... പാവ....

4. ഓ..... സ്വർഗ്ഗ ജ്യോതിസ്സേ!
എന്നാത്മാവിൽ തെളിയണമേ
എന്നുടെ ചിന്താ ചെയ്തികളെല്ലാം
നിന്നുടെ കൃപയാൽ നയിക്കണമെ ഓ... പാവ....

# 25

1. ഏഴുവിളക്കിൻ നടുവിൽ ശോ-ഭ പൂർണ്ണനായ്
മാറത്തു പൊൻകച്ച അണിഞ്ഞും -കാണുന്നേശുവേ
ആ-ദ്യനും-അന്ത്യനും -നീ മാത്രം-യേശുവേ
സ്തുതികൾക്കും-പുകഴ്ചയ്ക്കും - യോഗ്യൻ യേശുവേ!
ഹാ-ലേലുയ്യാ-ഹാ-ലേലുയ്യാ

2. നിന്റെ രൂപവും ഭാവവും എന്നിൽ ആകട്ടെ
നിന്റെ ആത്മശക്തിയും -എന്നിൽ കവിഞ്ഞിടട്ടെ ആദ്യ....

3. എന്റെ ഇഷ്ടങ്ങൾ ഒന്നുമേ-വേണ്ടെൻ യേ-ശുവേ
നിന്റെ ഹിതത്തിൻ നിറവിൽ-ഞാൻ പ്രശോഭിക്കട്ടെ ആദ്യ....

# 26

എന്നെ കൈപിടിച്ചു നടത്തുന്ന സ്നേഹം
എന്നെ കൈകളിൽ താങ്ങിടുന്ന സ്നേഹം
എന്നെ തോളിലേറ്റി താരാട്ട് പാടും
മെല്ലെ ചാഞ്ചക്കമാട്ടുന്ന സ്നേഹം

ആ സ്നേഹം -ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ് ദൈവം

1. എന്റെ കഷ്ടതകളേറ്റിടുന്ന ദൈവം
എന്റെ ദുഃഖങ്ങളേറ്റുവാങ്ങും സ്നേഹം
എന്റെ മുറിവുകളിൽ ആശ്വാസമേകി
എന്റെ മിഴിനീര് മായ്ക്കുന്ന സ്നേഹം

ആ സ്നേഹം -ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ് ദൈവം

2. എന്റെ പാപങ്ങൾ നീക്കിടുന്ന സ്നേഹം
എന്റെ ഭാരങ്ങൾ താങ്ങിടുന്ന സ്നേഹം
എന്റെ ആത്മാവിൽ ആമോദമേകി
എന്നെ മാറോട് ചേർക്കുന്ന സ്നേഹം

ആ സ്നേഹം -ആ സ്നേഹം
ആ ദിവ്യ സ്നേഹമാണ് ദൈവം

# 27

1. ആരാധനയ്ക്കു യോഗ്യനേ!
നിന്നേ ഞങ്ങൾ ആരാധിച്ചീടുന്നിതാ
ആഴിയും ഊഴിയും നിർമ്മിച്ച നാഥനേ! (2)
ആത്മാവിൽ ആരാധിക്കാം
നാഥാ! ഞങ്ങൾ നിത്യം സ്തുതിച്ചീടുന്നു

2. ഹോരേബിൽ മോശ കണ്ട
മുൾപ്പടർപ്പിൽ കത്തിയതാം അഗ്നി നീ
നിൻ മക്കളിൽ പകർന്നത്ഭുതം -ചെയ്യുവാൻ (2)
ബന്ധനം അഴിഞ്ഞിട്ടിന്ന് നിൻ ദാസർ
ആത്മാവിലാരാധിക്കാം ആരാധന.....

3. ചെങ്കടൽ കടന്നു മിര്യാം തൻ കൈകളിൽ
തപ്പെടുത്താർത്തതുപോൽ
പാപത്തിൻ ചങ്ങല പൊട്ടിച്ചെറിഞ്ഞതാൽ (2)
അങ്ങയെ ആരാധിക്കാം നാഥാ! ഞങ്ങൾ
ആത്മാവിലാരാധിക്കാം ആരാധന.....

4. ആദിമ നൂറ്റാണ്ടിൽ നിൻ ദാസർമേൽ
മർക്കോസിൻ മാളികയിൽ
നിൻ ആത്മപകർന്നപോൽ നിൻ ദാസർ മദ്ധ്യത്തിൽ (2)
നിൻ ശക്തി അയച്ചീടുക നാഥാ! നിന്നെ
ആത്മാവിലാരാധിക്കാം ആരാധന.....

5. വാഗ്ദത്തംപോലെ നിന്റെ സന്നിധാനേ
നിൻമക്കൾ കൂടീടുമ്പോൾ
മദ്ധ്യേ വന്നനുഗ്രഹംചെയ്തിടാമെന്നുര (2)
ചെയ്തവൻ നീ മാത്രമേ നാഥാ! നിന്നെ
ആത്മാവിലാരാധിക്കാം ആരാധന.....

6. പാപത്താൽ നിറയപ്പെട്ട എന്നെ നിന്റെ
പാണിയാൽ പിടിച്ചെടുത്തു
പാവനനിണം തന്നു പാപത്തിൻ കറപോക്കി (2)
രക്ഷിച്ചതാൽ നാഥാ! ഞാൻ എന്നാളും
ആത്മാവിലാരാധിക്കാം ആരാധന.....

7. കെട്ടുകളഴിഞ്ഞിടട്ടെ-വൻ രോഗങ്ങൾ
പൂർണ്ണമായ് നീങ്ങീടട്ടെ
നിൻ സഭ വളർന്നിട്ട് എണ്ണത്തിൽ പെരുകീടാൻ (2)
ആത്മാവിൽ ആരാധിക്കാം - നാഥാ! ഞങ്ങൾ
നിത്യം സ്തുതിച്ചീടുന്നു ആരാധന.....

## 28

1. നിന്റെ തകർച്ചയിൽ ആശ്വാസമേകാൻ
നിന്റെ തളർച്ചയിൽ ഒന്നുചേരാൻ
നിന്നെ താരാട്ടുപാടി ഉറക്കാൻ
ഇതാ! ഇതാ!  നിന്റെ അമ്മ

2. സ്നേഹത്തോടെന്നെ ഉദരത്തിൽ വഹിച്ചവളല്ലോ
ത്യാഗത്തോടെന്നെ കരങ്ങളിൽ താങ്ങിയോളല്ലോ
നിന്റെ വേദനയിൽ നിൻ സഹനത്തീയിൽ
വിങ്ങി വിതുമ്പും നിൻ ഹൃദയക്കോണിൽ
നിർമ്മല സ്നേഹത്തെളിനീര് നൽകാൻ
ഇതാ! ഇതാ! നിന്റെ അമ്മ

3. തിരുകുടുംബത്തിൻ നാഥയാണമ്മ
തിരുസഭയുടെ നാഥയാണമ്മ
നിത്യം പരിശുദ്ധ മറിയമാം അമ്മ
ഇതാ! ഇതാ! നിന്റെ അമ്മ

4. പാപികൾക്കെന്നും ആശ്രയമായവളല്ലോ
പാപികൾക്കായെന്നും പ്രാർത്ഥിക്കുന്നവളല്ലോ
പാപച്ചേറ്റിൽ നീ പിടയുമ്പോൾ
സ്വാന്തനമേകാൻ നിൻ കണ്ണീരൊപ്പാൻ
നിന്നെ എന്നും മാറാട് ചേർക്കാൻ
ഇതാ! ഇതാ! നിന്റെ അമ്മ

## 29

പാപബോധവും പശ്ചാത്താപവും
കർത്താവേ! എനിക്കേകണേ
കണ്ണീരോടും വിലാപത്തോടുമെൻ
പാപം ഞാനേറ്റു ചൊല്ലീടാം (2)

1. നീതിമാന്യനായ് അന്യരെ താഴ്ത്തി
ദുർവിധികൾ ഞാൻ ചെയ്യില്ല
പാപകരണം അന്യരാണെന്ന
ന്യായവാദവും ചെയ്യില്ല (2)   പാപ.....

2. ആത്മവഞ്ചന ചെയ്തു ഞാനെന്റെ
പാപത്തെ പൂഴ്ത്തി വയ്ക്കില്ല
പാപമേതുമേ എന്നിലില്ലെന്ന്
ചൊല്ലും വിഡ്ഢി ഞാനാകില്ല (2) പാപ.....

# 30

1. ഭയപ്പെടേണ്ട ഇനി ഭയപ്പെടേണ്ട
ഇമ്മാനുവേൽ നിന്റെ കൂടെയുണ്ട്
എണ്ണമില്ലാതുള്ള നന്മകൾ ഓർത്താൽ
വർണ്ണിപ്പാനായിരം നാവുകൾ പോരാ
2. കൂട്ടിനായാരും കൂടില്ലെന്നാലും-ഭയപ്പെടേണ്ടിനിയും
കൂടെ സഹിപ്പാൻ ആരുമില്ലെന്നാലും-ഭയപ്പെടേണ്ടിനിയും
തന്നുള്ളം കൈയ്യിൽ വരച്ചവൻ-നിന്റെ
കൂടെ നടക്കും കൂടെ വസിക്കും ഭയപ്പെടേണ്ട.....
3. സിംഹങ്ങൾ നടുവിൽ തള്ളപ്പെട്ടാലും-ഭയപ്പെടേണ്ടിനിയും
തീച്ചൂള നിന്നെ മൂടിയെന്നാലും-ഭയപ്പെടേണ്ടിനിയും
കൺമണി പോൽ നിന്നെ കാക്കുന്ന ദൈവം
തന്നുള്ളം കൈയ്യിൽ വഹിച്ചിടുമെന്നും ഭയപ്പെടേണ്ട.....

# 31

സമർപ്പണത്തിൻ സമയമാ-യ്
സമർപ്പിക്കുവിൻ സകലതും
ദൈവം നിന്നോടു ചോദിച്ചതൊക്കെയും
നൽകുവാനൊരുങ്ങീടുവിൻ സമർ.....

1. ദൈവേഷ്ടമാണെന്നു കരുതി നീ ചെയ്തതെല്ലാം
ദൈവേഷ്ടമല്ലായിരുന്നെന്നറിഞ്ഞീടുവിൻ
സമ്പാദ്യമാണെന്നു കരുതിയ നേട്ടമെല്ലാം
സൗഭാഗ്യമേകില്ല എന്നോർത്തു മനം തുറക്കൂ
ഇന്നെങ്കിലും -ഇനിയെങ്കിലും
സ്വന്തം വഴികൾ ത്യജിച്ചീടുവിൻ
സ്വർഗ്ഗീയ വഴിയെ ചരിച്ചീടുവിൻ സമർ.....

2. ബലിവേദിയിൽ വന്നുനില്ക്കുന്ന നിമിഷവും നിൻ
മനസ്സിൽ വെറുപ്പും വിരോധവും നിറഞ്ഞീടുകിൽ
സംപ്രീതനാകില്ല നാഥനീ കാഴ്ചകളിൽ
സ്വീകാര്യമാകില്ല നിന്നുടെ യാഗാർപ്പണം
ഇന്നെങ്കിലും-ഇനിയെങ്കിലും
അനുരഞ്ജനത്തിൻ വഴി തേടുവിൻ
സന്തോഷമായ് വന്ന് ബലിയേകുവിൻ സമർ.....

# 32

കാണുന്നു ഞാൻ വിശ്വാസത്താൽ
എൻ മുമ്പിൽ ചെങ്കടൽ രണ്ടാകുന്നു (2)
കാണാത്ത കാര്യങ്ങൾ കൺമുമ്പിലെന്നപോൽ
വിശ്വസിച്ചീടുന്നു എൻ കർത്താവേ കാണുന്നു....

1. യെരിഹോ മതിലുകൾ ഉയർന്നു നിന്നാൽ
അതിൽ വലിപ്പം സാരമില്ല
ഒന്നിച്ചു നാം ആർപ്പിട്ടെന്നാൽ
വന്മതിൽ വീഴും കാൽച്ചുവട്ടിൽ കാണുന്നു....

2. അഗ്നിയിൻ നാളങ്ങൾ വെള്ളത്തിൻ ഓളങ്ങൾ
എന്നെ തകർക്കുവാൻ സാധ്യമല്ല
അഗ്നിയിൽ ഇറങ്ങി വെള്ളത്തിൽ നടന്ന്
കൂടെ വരുവാൻ കർത്തനുണ്ട് കാണുന്നു....

3. നാലുനാളായാലും നാറ്റം വമിച്ചാലും
കല്ലറ മുൻപിൽ കർത്തൻ വന്നിടും
വിശ്വസിച്ചാൽ നീ മഹത്വം കാണും
സാത്താന്റെ പ്രവൃത്തികൾ തകർത്തിടുമേ കാണുന്നു....

# 33

ആരാധന.... ആരാധന.... ആരാധന.... (8)

1. അബ്രഹാമിൻ നാഥന് ആരാധന
യാക്കോബിൻ ദൈവമേ! ആരാധന
ഇസഹാക്കിൻ ഇടയനെ! ആരാധന

ഇസ്രായേലിൻ രാജനേ! ആരാധന
ആരാധന... ആരാധന.... ആരാധന.... ആരാധന...

2. ആത്മാവിൻ ആയിരം മുറിവുണക്കീടും
ആത്മീയ നിമിഷമീ ആരാധന
ആത്മശരീര വിശുദ്ധി നൽകും
അനുഗ്രഹനിമിഷമീ ആരാധന
ആരാധന....ആരാധന....ആരാധന....ആരാധന....

3. തുമ്പങ്ങൾ എല്ലാം മാറ്റുന്ന ദൈവം
അണയുന്നനിമിഷമീ ആരാധന
അലറുന്ന സാത്താനെ ആട്ടിയകറ്റുന്ന
അഭിഷേകനിമിഷമീ ആരാധന
ആരാധന....ആരാധന....ആരാധന....ആരാധന....

# 34

1. ഞാൻ നിന്നെ സൃഷ്ടിച്ച ദൈവം
ഞാൻ നിന്നെ രക്ഷിച്ച ദൈവം
ഞാൻ നിന്റെ പാതയിൽ എന്നും വെളിച്ചമായ്
നിന്നെ നയിക്കുന്ന ദൈവം

ഭയപ്പെടേണ്ട മകനേ! മകളേ!
ഞാൻ നിന്റെ ദൈവമല്ലേ!
കരയരുതേ ഇനിയെൻ  കൺമണിയേ
ഞാൻ നിന്റെ കൂടെയില്ലേ! (2)

2. ഞാൻ നിന്നെ സ്നേഹിക്കും ദൈവം
ഞാൻ നിന്നെ പാലിക്കും ദൈവം
ഞാൻ നിന്റെ മുറിവുകൾ സൗഖ്യപ്പെടുത്തും
സുരജീവദായകൻ ദൈവം ഭയപ്പെടേണ്ട.....

3. ഞാൻ നിന്നെ ലാളിക്കും ദൈവം
ഞാൻ നിന്നെ ശാസിക്കും ദൈവം
ഞാൻ നിന്റെ കണ്ണീർ തുടച്ചെന്നും നിന്നെ
ആശ്വസിപ്പിച്ചീടും ദൈവം ഭയപ്പെടേണ്ട.....

## 35

നിത്യവിശുദ്ധയാം കന്യാമറിയാമേ!
നിൻ നാമം വാഴ്ത്തപ്പെടട്ടെ
നന്മ നിറഞ്ഞ നിൻ സ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ (2)

1. കാറ്റുവിതച്ചു കൊടുങ്കാറ്റു കൊയ്യുന്ന
മേച്ചിൽ പുറങ്ങളിലൂടെ (2)
അന്തിക്കിടയനെ കാണാതലഞ്ഞിടും
ആട്ടിൻപറ്റങ്ങൾ ഞങ്ങൾ-മേയുമീ
ആട്ടിൻപറ്റങ്ങൾ ഞങ്ങൾ (2) നിത്യ....

2. ദുഃഖിതർ ഞങ്ങൾക്കായ് വാഗ്ദാനം കിട്ടിയ
സ്വർഗ്ഗകവാടത്തിൻ മുമ്പിൽ (2)
മുൾമുടി ചൂടി ശിരസ്സു നമിച്ചിതാ
മുട്ടി വിളിക്കുന്നു ഞങ്ങൾ എന്നും
മുട്ടി വിളിക്കുന്നു ഞങ്ങൾ (2) നിത്യ....

## 36

1. നിത്യസഹായനാഥേ! പ്രാർത്ഥിക്ക ഞങ്ങൾക്കായ് നീ
നിൻ മക്കൾ ഞങ്ങൾക്കായ് നീ - പ്രാർത്ഥിക്ക സ്നേഹനാഥേ!

2. നീറുന്ന മാനസങ്ങൾ - ആയിരമായിരങ്ങൾ
കണ്ണീരിൻ താഴ്വരയിൽ-നിന്നിതാ കേഴുന്നമ്മേ! നിത്യ....

3. കേൾക്കണേ രോദനങ്ങൾ -നയിക്കണേ നേർവഴിയിൽ
നിൻ ദിവ്യസൂനുവിങ്കൽ-ചേർക്കണേ മക്കളെ നീ നിത്യ....

## 37

ആകാശങ്ങളിലിരിക്കും ഞങ്ങളുടെ
അനശ്വരനായ പിതാവേ!
അവിടുത്തെ നാമം വാഴ്ത്തപ്പെടേണമേ
അവിടുത്തെ രാജ്യം വരേണമേ- ആകാശ.....

1. സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും
നിന്റെ സ്വപ്നങ്ങൾ വിടരേണമേ (2)

അന്നന്നു ഞങ്ങൾ വിശന്നുവരുമ്പോൾ
അപ്പം നൽകേണമേ
ആമേൻ...ആമേൻ....ആമേൻ.... ആകാശ.....

2. ഞങ്ങൾതൻ കടങ്ങൾ പൊറുക്കേണമേ
അങ്ങു ഞങ്ങളെ നയിക്കേണമേ (2)
അഗ്നിപരീക്ഷയിൽ വീഴാതെ ഞങ്ങളെ
രക്ഷിച്ചീടണമേ
ആമേൻ...ആമേൻ....ആമേൻ.... ആകാശ.....

# 38

ദൈവാരൂപിയേ! സ്നേഹജ്വാലയായ്
സ്വർഗ്ഗത്തിൽ നിന്നും നീ വരൂ
അഗ്നിനാളമായ് നവ്യജീവനായ്
ഞങ്ങളിൽ വന്നു വാണിടൂ

ശ്ലീഹന്മാരിൽ നിറഞ്ഞപോൽ
ശക്തിയേകി നയിക്കണേ! (2)

2. ശാന്തിയേകുന്ന ദിവ്യസന്ദേശം
മാനസാന്തരമാർഗ്ഗമായ് (2)
യേശു ഏകവിമോചകൻ എന്ന്
വിശ്വമാകെ ഉദ്ഘോഷിക്കാൻ (2) ശ്ലീഹന്മാ....

3. അത്ഭുതങ്ങളും രോഗശാന്തിയും
യേശുവിൻ തിരുനാമത്തിൽ (2)
സാദ്ധ്യമായെന്നും ഈ സമൂഹത്തിൽ
ദൈവരാജ്യം വളർന്നിടാൻ (2) ശ്ലീഹന്മാ

# 39

ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മനാഥൻ യേശുവിനെ ആരാധിക്കുന്നു
ആരാധിക്കുന്നു ഞങ്ങൾ ആരാധിക്കുന്നു
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു

1. ആത്മനാഥനേ! ഞങ്ങൾ മദ്ധ്യത്തിൽ വന്ന്
ആത്മാവാൽ നിറച്ചീടുക ആരാധിച്ചീടാൻ
ഇന്നു ഞങ്ങൾ വിശ്വാസത്താൽ ആരാധിക്കുന്നു
അന്നു നാഥൻ മുഖം കണ്ട് ആരാധിച്ചിടും ആരാധി....

2. സാറാഫുകൾ ആരാധിക്കും പരിശുദ്ധനേ!
സന്തോഷത്താൽ സ്വന്തമക്കൾ ആരാധിക്കുന്നു.
നിർമ്മല മനസ്സിൽ ഞങ്ങളിന്ന് ആരാധിക്കുന്നു
നീതിമാനേ! നിത്യം ശക്തി നൽകീടേണമേ ആരാധി....

3. ബന്ധനം അഴിയും കെട്ടുകളഴിയും ആരാധനയിങ്കൽ
കോട്ടകൾ തകരും ബാധകളൊഴിയും ആരാധനയിങ്കൽ
രോഗം മാറും ക്ഷീണം മാറും ആരാധനയിങ്കൽ
മൺകുടം ഉടയും തീ കത്തീടും ആരാധനയിങ്കൽ ആരാധി....

4. അപ്പോസ്തലർ രാത്രികാലേ ആരാധിച്ചപ്പോൾ
ചങ്ങലപൊട്ടി ബന്ധിതരെല്ലാം മോചിതരായല്ലോ
ഹല്ലേലുയ്യാ ഹല്ലേലുയ്യാ ഗീതം പാടീടാം
ഹല്ലേലുയ്യാ ഗീതം പാടി ആരാധിച്ചീടാം ആരാധി....

# 40

ആരാധ്യനേ! സമാരാധ്യനേ!
ആരിലും ഉന്നതനായവനേ!
ആരാധിക്കും ഞാൻ നിന്നെയെന്നും
ആയുസ്സിൻ നാൾകളെല്ലാം (2)

1. എന്റെ രോഗക്കിടക്കയതിൽ
എന്റെ സൗഖ്യപ്രദായകനേ!
എന്റെ രോഗസംഹാരകനേ!
എന്റെ സർവ്വവും നീ മാത്രമേ (2) ആരാധ്യനേ.....

2. എന്റെ വേദനയിൽ ആശ്വാസം
എന്റെ സാന്ത്വനം എന്നുമെന്നും
എന്റെ രക്ഷകനാമേശുവേ!
എന്റെ സങ്കേതം നീ മാത്രമേ (2) ആരാധ്യനേ.....

3. നിന്റെ പ്രത്യക്ഷ ദിവസമതിൽ
നിന്റെ വിശ്വസ്ത ദാസനായി
നിന്റെ വിശ്വസ്തത സാക്ഷിയായി
നിന്റെ സന്നിധേ എത്തീടാമേ (2) ആരാധ്യനേ.....

# 41

1. അമ്മേ! അമ്മേ! തായേ !
അമ്മയ്ക്കേക മകനേ!
ആത്മാവിലും സത്യത്തിലും ആരാധിക്കുന്നു ഓ.. അമ്മേ...

2. അമ്മേ! അമ്മേ! തായേ !
അപ്പം ഇല്ലാതാകുമ്പോൾ
അപ്പത്തിൽ വാഴുന്നോനെ ഞാനാരാധിക്കുന്നു ഓ.. അമ്മേ...

3. അമ്മേ! അമ്മേ! തായേ !
അദ്ധ്വാനത്തിൽ തളരുമ്പോൾ
രാപകൽ അദ്ധ്വാനിച്ചവനെ ഞാനാരാധിക്കുന്നു ഓ.. അമ്മേ...

4. അമ്മേ! അമ്മേ! തായേ !
ഏകനായിത്തീരുമ്പോൾ
ഗദ്സമിനിയിൽ പ്രാർത്ഥിച്ചവനെ ആരാധിക്കുന്നു ഓ.. അമ്മേ...

5. അമ്മേ! അമ്മേ! തായേ !
മനസ്സിൽ ഭാരം കൂടുമ്പോൾ
ശിരസ്സിൽ മുൾമുടിയണിഞ്ഞോനേ ഞാനാരാധിക്കുന്നു ഓ.. അമ്മേ...

6. അമ്മേ! അമ്മേ! തായേ !
കൈയ്യും മെയ്യും തളരുമ്പോൾ
കൈകാലുകളിൽ മുറിവേറ്റവനെ ആരാധിക്കുന്നു ഓ.. അമ്മേ...

7. അമ്മേ! അമ്മേ! തായേ !
കണ്ണീർക്കടലിൽ താഴുമ്പോൾ
കടലിനുമീതെ നടന്നവനെ ഞാനാരാധിക്കുന്നു ഓ.. അമ്മേ...

9. അമ്മേ! അമ്മേ! തായേ !
രോഗഭാരം പെരുകുമ്പോൾ
രോഗസൗഖ്യംതന്നവനെ ഞാനാരാധിക്കുന്നു ഓ.. അമ്മേ...

## 42

എനിക്കായ് എന്റെ ദൈവം
ഏകജാതനെ നൽകി
എനിക്കായ് എന്റെ ഈശോ
പരിഹാര ബലിയായ്

മനുഷ്യനുവേണ്ടി ക്രൂശിന്റെ മാറിൽ
പാപിയെപ്പോലെ പിടഞ്ഞവനേ
ദൈവസ്വഭാവം സ്നേഹമാണെന്ന്
ലോകസമക്ഷം തെളിയിച്ചു നീ — എനിക്കായ്....

നിന്ദനമേറ്റതും നഗ്നനായ് തീർന്നതും
ഞാൻ പാപബന്ധം വെടിയാൻ (2)
ദ്രോഹം പൊറുത്തതും കേണുപ്രാർത്ഥിച്ചതും
ഞാൻ അനുതാപിയായി തീരാൻ — എനിക്കായ്....

ചോര ചൊരിഞ്ഞതും ജീവൻ വെടിഞ്ഞതും
ഞാൻ നിത്യജീവൻ നേടാൻ (2)
ഉത്ഥിതനായതും അപ്പമായ് തീർന്നതും
ഞാൻ നിന്നിലെന്നെന്നും വാഴാൻ — എനിക്കായ്....

## 43

യേശുവല്ലാതാരുമില്ല താങ്ങുവാൻ ഒരാൾ
തണലേകുവാൻ ഒരാൾ
യേശുവല്ലാതാരുമില്ല ഏകുവാൻ ഒരാൾ
കരമേകുവാൻ ഒരാൾ

ശ്രുതിപോയ തംബുരുവാണ് ഞാൻ
ശ്രുതിയായ് നീ വരൂ
പാഴ്സ്വരമായൊരു മുരളിക ഞാൻ പാട്ടായ് നീ വരൂ
പ്രിയനെ, പ്രിയനെ നീ വരൂ.... — യേശു....

ദുഃഖങ്ങളേറി നീറുന്നനേരം ചാരെ നീ വരില്ലേ
കഷ്ടങ്ങളാലേ കരയുന്ന കാലം കണ്ണീരൊപ്പുകില്ലേ
തളർന്ന് തകർന്ന് കിടക്കുന്ന എന്റെ
താങ്ങായ് നീ വരില്ലേ! നാഥാ.... നാഥാ....
താങ്ങായ് നീ വരില്ലേ — യേശു....

ബന്ധങ്ങളെല്ലാം കൈവിടും നേരം
ബന്ധുവായ് നീ വരില്ലേ
സ്വന്തങ്ങൾ തള്ളിപ്പറയുന്നകാലം സാന്ത്വനമാവുകില്ലേ
ആത്മാവിൻ ബലമായ് സ്നേഹത്തിൻ തണലായ്
ഈശനേ നീ വരില്ലേ! ഈശോ.... ഈശോ....
ഇടയനായ് നീ വരില്ലേ..... യേശു....

## 44

ഒരു നിമിഷം എൻ യേശുവിൻ മുമ്പിൽ
ഒന്ന് മനസ്സ് തുറന്ന് പങ്കിടാൻ ദാഹം
കദനമേറുമെൻ കഥ പറയുമ്പോൾ
കരുണയോടത് മുഴുവൻ കേൾക്കാൻ
നാഥാ നീ മാത്രം എന്നെ കാത്തിരുന്നിതുവരെയും
ക്രൂശിൽ നീ ചേർത്തു എന്റെ രോഗദുരിതങ്ങളെല്ലാം ഒരു.....

കാരിരുമ്പിൻ ആണിയേക്കാൾ
കഠോര വേദനയേകി ഞാൻ
ഏറെ നാളായ് പാപം ചെയ്ത്
നിനക്ക് മുൾമുടി മെനഞ്ഞു ഞാൻ
ക്രൂശിതാ ക്ഷമിക്കൂ മറന്നുപോകില്ല
നിൻ സ്നേഹം ഞാൻ
മനസ്സ് ഞാനങ്ങിൽ അർപ്പിച്ചിടാം

പാപമെന്നിൽ ഇല്ലായെന്ന്
നിരന്തരം ഞാൻ ഓർത്തുപോയ്
നീതിമാനായ് ഞാൻ ചമഞ്ഞു
ചെയ്യേണ്ട നന്മകൾ മറന്നുപോയി
യേശുവേ കനിയൂ അകന്നു പോകാതെ നിന്നാത്മനേ
പകരണേ എന്നുമെൻ ജീവനിൽ

## 45

ഞാൻ ജീവിക്കുന്നു എന്നാൽ ഞാനല്ല
എന്നിൽ യേശു ജീവിക്കുന്നു
അവൻ ജീവിക്കുന്നു അവൻ ജീവിക്കുന്നു
എന്നിൽ യേശു ജീവിക്കുന്നു

യേശുനാഥനോടൊത്ത് ഞാൻ ക്രൂശിതനായ്
ഇനി വേറില്ല ജീവിതമീമഹിയിൽ (2)
എന്നെ സ്നേഹിച്ചവൻ, തന്നെ ഹോമിച്ചവൻ
തന്നിൽ മാത്രമാണെന്നുടെ ജീവിതമേ (2)

എനിക്കിനിമേൽ ജീവിതം ക്രിസ്തുവത്രേ
ഇനി മരണം എനിക്കൊരു നേട്ടമത്രേ (2)
ഞാൻ ജീവിക്കിലും ഞാൻ മരിക്കുകിലും
എന്റെ യേശുവിൽ ശാശ്വത ഭാഗ്യമത്രേ (2)

## 46

എന്റെ മുഖം വാടിയാൽ
ദൈവത്തിൻ മുഖം വാടും
എൻ മിഴികൾ ഈറനണിഞ്ഞാൽ
ദൈവത്തിൻ മിഴിനിറയും

ഞാൻ പാപം ചെയ്തകന്നീടുമ്പോൾ
ദൈവത്തിൻ ഉള്ളം തേങ്ങും
ഞാൻ പിഴകൾ ചൊല്ലീടുമ്പോൾ
ദൈവത്തിൻ കരളലിയും

ഞാൻ നന്മകൾ ചെയ്തീടുമ്പോൾ
ദൈവത്തിൻ മനം തുടിക്കും
അവനെന്നെ തോളിലെടുക്കും
സ്നേഹത്താൽ താലോലിക്കും

## 47

കർത്താവിന്റെ കരബലം പൂർണ്ണമായി വെളിപ്പെടും
അത്ഭുതങ്ങൾ സംഭവിക്കട്ടെ
കർത്താവിന്റെ കരബലം പൂർണ്ണമായി വെളിപ്പെടും
അടയാളങ്ങൾ സംഭവിക്കട്ടെ

ഇന്നിവിടെ ഈ നിമിഷം
ദൈവശക്തി വെളിപ്പെടട്ടെ
ഇന്നും ജീവിക്കുന്ന യേശുവിന്റെ സാന്നിദ്ധ്യത്തെ
ജനതകൾ കണ്ടിടട്ടെ

സത്യവിശ്വാസമാർഗ്ഗത്തിൽ ആയിരങ്ങൾ
കൂട്ടമായ് ചേർന്നിടട്ടെ
ഈജിപ്തിൽ മോശയുടെ കരങ്ങളാൽ വെളിപ്പെട്ട
അടയാളങ്ങൾ സംഭവിക്കട്ടെ (ഇന്നിവിടെ ഈ നിമിഷം)

പത്രോസിന്റെ നിഴലിൽ സൗഖ്യശക്തി വ്യാപരിച്ച
അടയാളങ്ങൾ സംഭവിക്കട്ടെ (ഇന്നിവിടെ ഈ നിമിഷം)

## 48

കരഞ്ഞാൽ കണ്ണീരൊപ്പും സ്നേഹമല്ലേ
എന്റെ നാഥനല്ലേ ഈശോ
തളർന്നാൽ താങ്ങിയെന്നെ ഓമനിക്കും
സ്നേഹനാഥനല്ലേ ഈശോ

എൻ മുഖം വാടുമ്പോൾ എൻ മനം നീറുമ്പോൾ
എന്റെ ചാരത്ത് ചേരുന്നു സാന്ത്വനമായ്

മനസ്സിൽ നിറയുന്ന മുറിവുകളെല്ലാം
വിരൽ തൊട്ടുണക്കീടുന്നു
ഭാരങ്ങൾ പേറി ഞാൻ വീണിടുമ്പോൾ
തോളിൽ വഹിച്ചീടുന്നു
ഒരു കുഞ്ഞിനെപ്പോൽ തിരുമാറിലവൻ
എന്നും എന്നെ ഉറക്കിടുന്നു

പകയാലെൻ മനം നീറിടുമ്പോൾ
ക്ഷമയായ് വന്നിടുന്നു
പിഴകൾ ഞാനേറ്റു ചൊല്ലിടുമ്പോൾ
മോചനം നൽകീടുന്നു
തന്റെ അനുഗ്രഹത്തിൻ തിരുക്കരങ്ങളവൻ
എന്റെ ശിരസ്സിൽ ചേർത്തീടുന്നു കരഞ്ഞാൽ....

## 49

സർവ്വശക്തനാണല്ലോ എന്റെ ദൈവം
ഇല്ലില്ല അസാദ്ധ്യമായൊന്നുമില്ല
അഖിലാണ്ഡത്തെ നിർമ്മിച്ചവൻ
എൻ പിതാവല്ലോ എൻ ആനന്ദം സർവ്വശക്ത....

റാഫാ യഹോവ എന്നെ സൗഖ്യമാക്കും
ശമ്മാ യഹോവ എങ്ങും അവനുണ്ട്
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എൻ ആനന്ദം സർവ്വശക്ത....

ശാലേം യഹോവ എന്റെ സമാധാനം
നിസ്സി യഹോവ എന്റെ ജയകൊടിയാം
ഈ ദൈവം എന്റെ ദൈവം
എൻ പിതാവല്ലോ എൻ ആനന്ദം സർവ്വശക്ത....

# 50

നിത്യപിതാവേ ആരാധന
നിത്യ സത്യമേ ആരാധന
നിത്യാത്മാവേ ആരാധന
നിതാന്ത സ്നേഹമേ ആരാധന
ആരാധന അങ്ങേക്കാരാധന (4)

സൃഷ്ടികളെല്ലാം സൃഷ്ടാവിനെ
ആരാധിച്ചീടുവിൻ
ഭൂവാസികളെ ദൈവപുത്രനെ
ആരാധിച്ചീടുവിൻ (2) ആരാധന അങ്ങേക്കാരാധന....

അവനല്ലോ ഏകരക്ഷകൻ
അവനല്ലോ ഏക ദായകൻ
അവനല്ലോ ജീവദായകൻ
അവനല്ലോ കാരുണ്യനാഥൻ ആരാധന അങ്ങേക്കാരാധന....

ഇസ്രായേലിൻ നായകനെ
ആരാധിച്ചീടുവിൻ
ഇരുളകറ്റിടും പൊൻപ്രഭയെ
ആരാധിച്ചീടുവിൻ ... (2)
അവനല്ലോ ലോകപാലകൻ
അവനല്ലോ പാപനാശകൻ
അവനല്ലോ സൗഖ്യദായകൻ
അവനല്ലോ രാജാധിരാജൻ ആരാധന അങ്ങേക്കാരാധന....

## 51

ദൈവത്തിന്റെ ആത്മാവിറങ്ങിവന്നു
മനുഷ്യർക്കുമേൽ ആവസിച്ചു
നിറയണമേ നിറയണമേ
പരിശുദ്ധാത്മാവേ നിറയണമേ

പാപവും രോഗവും അശുദ്ധിയെല്ലാം
ദൈവത്തിന്റെ ആത്മാവെടുത്തുമാറ്റി
നിരാശയും തകർച്ചയും കുറ്റബോധവും
ചാപല്യവും അവിടുന്ന് നീക്കിയല്ലോ നിറയണമേ... നിറയണമേ...

ബന്ധിതരേ അവിടുന്ന് മോചിപ്പിച്ചു
അന്ധരുടെ കണ്ണുകൾ തുറപ്പിച്ചല്ലോ
അടിമകൾ ക്രിസ്തുവിൽ സ്വതന്ത്രരായി
പുതുവത്സരത്തിൻ സ്വരം മുഴങ്ങി നിറയണമേ... നിറയണമേ...

യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുന്നു
അവിടുത്തെ നാമത്തിൽ ശാസിക്കുന്നു
അന്ധകാരമേ ബന്ധനങ്ങളെ
യേശുനാമത്തിൽ വിട്ടുമാറുക നിറയണമേ... നിറയണമേ..

ഏശയ്യ ജെറമിയ എസകിയേലും
പ്രവചിച്ചതെല്ലാം പൂർത്തിയാക്കി
ജോയേൽ പ്രവാചകൻ വഴി അരുളിച്ചെയ്തു
പരിശുദ്ധാത്മാവിൽ നിറയും നിങ്ങൾ നിറയണമേ... നിറയണമേ..

## 52

പുതിയൊരു ജനനം നൽകും
പരിശുദ്ധാത്മാവേ
പുതിയൊരു ശക്തിയിലുണരാൻ
കൃപ നീ ചൊരിയണമേ

പരിശുദ്ധാത്മാവേ എന്നിൽ നിറയണമേ
നിറഞ്ഞു കവിയണമേ കവിഞ്ഞൊഴുകണമേ

യോർദ്ദാൻ നദിയിലന്ന് പറന്നിറങ്ങിയപോൽ
വരദാനങ്ങളുമായ് ആഗതനാകണമേ
മാലിന്യങ്ങളകറ്റി അന്ധതയെല്ലാം നീക്കി
വിശ്വാസത്തിലുറയ്ക്കാൻ കൃപ നീ ചൊരിയണമേ (2)
പരിശുദ്ധാത്മാവേ....

സെഹിയോൻശാല തന്നിൽ തീനാവെന്നതുപോൽ
പാവന സ്നേഹവുമായ് ആഗതനാകണമേ (2)
സഹനം നിറയും ധരയിൽ ധീരതയോടെ ചരിക്കാൻ
അഗ്നിയിൽ സ്നാനം നൽകാൻ
കൃപ നീ ചൊരിയണമേ (2) പരിശുദ്ധാത്മാവേ....

# 53

മനസ്സൊരുക്കുക നാം ഒരു പുതുക്കത്തിനായ്
കർത്തനേശു സാക്ഷികളായ്
ഒത്തുചേർന്നിടാം ഒത്തുപാടിടാം
കർത്തനേശു മഹത്വത്തിനായ് (2)

1. കണ്ണുനീരിൽ നാം ഒരുമിച്ച് വിതച്ചീടുകിൽ
ആർപ്പോടെ കൊയ്തെടുക്കും
ആത്മശക്തിയിൽ അടരാടുമ്പോൾ
അവനായ് നാം ജയമെടുക്കും (2) മനസ്സൊ....

2. നീർത്തോടുകൾ തേടുന്ന മാൻപേടപോൽ
അതിദാഹത്തോടെ നമ്മൾ
ആത്മമാരിക്കായ് പ്രാർത്ഥിച്ചിടുമ്പോൾ
അവൻ നമ്മെ നിറച്ചീടുമേ (2) മനസ്സൊ....

3. ദൈവസ്നേഹത്തിൽ നാം ഒത്തുവളർന്നീടുമ്പോൾ
ലോകർ യേശുവേ അറിയും
സഭ ഏകമായ് ഒരു ദേഹമായ്
പ്രഭ വീശണം ഇഹത്തിൽ (2)

# 54

മൽപ്രിയനേ! എന്നേശുനായകനെ! എപ്പോൾ വരും
എൻ കണ്ണീർ തുടച്ചീടുവാൻ
അങ്ങയെ ആശ്ലേഷിപ്പാൻ

എന്നേശുവേ! വാനമേഘേ വേഗം
വന്നീടണേ (2)

1. മദ്ധ്യാകാശേ സ്വർഗ്ഗീയ ദൂതരുമായ് വന്നീടുമ്പോൾ
എനിക്കായ് മുറിവേറ്റതാം-ആ പൊന്മുഖം മുത്തുവാൻ
വെള്ളത്തിനായ് കേഴുന്ന വേഴാമ്പൽ പോൽ
വാഞ്ഛിക്കുന്നേ (2) മൽ...

2. വെൺമ വസ്ത്രം ധരിച്ചുയിർത്ത വിശുദ്ധ സംഘമതിൽ
ചേർന്നു നിൻ സവിധേ വന്നു-ഹല്ലേലുയ്യാ പാടുവാൻ
ബുദ്ധിയുള്ള നിർമ്മല കന്യകപോൽ
ഒരുങ്ങുന്നേ (2) മൽ...

3. സൂര്യചന്ദ്ര താരങ്ങളെ കടന്നു-സ്വർഗ്ഗനാട്ടിൽ
ആ പളുങ്കുനദീതീരേ-ജീവവൃക്ഷത്തിൻ തണലിൽ
എൻ സ്വർഗ്ഗ വീട്ടിൽ എത്തുവാൻ കൊതിച്ചീടുന്നേ
എൻ മണാളാ (2) മൽ...

# 55

മറവിടമായെനിക്കേശുവുണ്ട്
മറച്ചിടുമവനെന്നെ ചിറകടിയിൽ
മറന്നിടാതിവിടെന്നെ കരുതീടുവാൻ
മാറാതെ അവനെന്റെ അരികിലുണ്ട്

1. അനുദിനവും അനുഗമിപ്പാൻ
അവൻ നല്ല മാതൃകയാകുന്നെനിക്ക്
ആനന്ദ ജീവിത വഴിയിലിന്ന്
അനുഗ്രഹമായെന്നെ നടത്തിടുന്നു

2. വിളിച്ച ദൈവം വിശ്വസ്തനല്ലോ
വഴിയിൽ വലഞ്ഞു ഞാനലയാനിട-
വരികയില്ലവനെന്നെ പിരികയില്ല
വലതുകൈ പിടിച്ചെന്നെ നടത്തിടുന്നു

3. ഇതാ വേഗം ഞാൻ വാനവിരവിൽ
ഇനിയും വരുമെന്നരുളിച്ചെയ്ത
ഈ നല്ല നാഥനെ കാണുവാനായ്
ഇരവും പകലുമെണ്ണി വസിച്ചിടുന്നു

# 56

1. മാതാശുദ്ധിമതി! രണ്ടാമംബരമേ!
   കൃപ ഞങ്ങൾക്കേകാൻ മാതാവേ! നീ പ്രാ-ർത്ഥിക്ക
2. ബേത്‌ലഹേം പുരിയിൽ-ദൈവകുമാരനു നീ
   ജനനമതേകിയതാൽ-ഭാഗ്യവതി നീ മാതാവേ!
3. വൃദ്ധൻ ശീമോന്റെ-വചനം പോൽ ഹൃദയേ
   വ്യഥയാംവാളേറ്റ-മാതാ പ്രാർത്ഥിക്കടിയാ-ർക്കായ്
4. മെസ്രേം ദേശത്തെ-ക്കോമനസുതരക്ഷ-
   യ്ക്കായിനടന്നോരെൻ-മാതാപ്രാർത്ഥിക്കടിയ-ർക്കായ്
5. കാനാവിൽ നാഥൻ-ചെയ്തതുപോലടിയാർ
   കുറവുകളെല്ലാം നിൻ-പ്രാർത്ഥനയാൽ നീങ്ങി-ടണമേ
6. ഗോഗുൽത്താക്കുരിശി-ന്നരികിൽ കരളുരുകി
   കരഞ്ഞോരുമാതാവേ-കരയുന്നോർക്കായ് പ്രാ-ർത്ഥിക്ക
7. നാഥാ! നിൻ മാതാ-വിന്നുടെ പ്രാർത്ഥനയാൽ
   ഏഴകളാമടിയാ-ർക്കാമോദം നീ-ഏകണമെ.

# 57

1. മാറിടാത്ത യേശുനാഥൻ
   മാറ്റും നിന്റെ വേദന
   പാപത്താലും രോഗത്താലും
   കലങ്ങിടേണ്ട കടന്നുവാ
      കടന്നു വാ.... കടന്നു വാ.....
      യേശു നിന്നെ വിളിക്കുന്നു (2)
2. ലോകത്തിൻ ഭാരം ചുമക്കും
   യേശുവിങ്കൽ നീ കടന്നു വാ
   തളർന്ന നിന്റെ അന്തരാത്മ-
   ക്ലേശം നീക്കും കടന്നുവാ കടന്നുവാ....
3. ലോകം ബന്ധം കൈവെടിയും
   ദ്രോഹിച്ചു നിന്നെ പുറന്തള്ളും
   പാവനൻ താൻ സ്നേഹത്തോടെ
   അരികിലുണ്ട് കടന്നു വാ കടന്നുവാ....

## 58

മൃദുവായ് നീ തൊടുകിൽ
എന്നാത്മം സൗഖ്യം നേടും
ഹൃദയം ഇനിയെന്നും
നിൻ വാസഗേഹമാകും
കൺമുൻപിൽ നീ ഇല്ലെങ്കിലും
വിശ്വാസത്താലെ കാണുന്നിതാ മൃദുവായ്.....

1. ആത്മനാശ ഭീതിയാൽ
നിരാശയിൽ ഞാൻ താഴുമ്പോൾ (2)
അഭയം നീയേകി മുറിവിൽ തഴുകി
എൻ മോക്ഷം, നീയല്ലോ മൃദുവായ്.....

2. സാധ്യമല്ലെന്നോർത്തതാം
മഹാത്ഭുതങ്ങൾ നീ ചെയ്തു (2)
ജന്മം നിൻ പാദേ
സ്തുതിയായ് ഞാനേകാം
നിൻ സാക്ഷിയാകും ഞാൻ മൃദുവായ്.....

## 59

1. ശുദ്ധത തിങ്ങും കന്യകയേ!
മർത്തമറിയം മാതാവേ!
കന്യക മറിയാമേ! അമ്മേ!
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്
2. കന്യകമാരിൽ കന്യകയേ!
ദൈവത്തെ പ്രസവിച്ചവളേ- കന്യക....
3. സർവ്വേശ്വര കൃപമൂലമഹോ
പൂർണ്ണവ്രതയാം മാതാവേ!- കന്യക....
4. എല്ലാവരേക്കാൾ നിർമ്മലയേ!
സർവ്വോപരി ചാരിത്ര്യവതി- കന്യക....
5. നിർമ്മല ഹൃദയേ മാതാവേ!
കന്മഷമില്ലാക്കന്യകയേ- കന്യക....
6. വാത്സല്യം നിറയും തായേ!
വിസ്മയനീയേ മാതാവേ! കന്യക....

7. സ്രഷ്ടാവിൻ ജനനി നീയേ!
രക്ഷകനുടെ ജനനി നീയേ- കന്യക....
8. താഴ്മ നിറഞ്ഞൊരു മാതാവേ!
കാരുണ്യത്തിൻ നിറകുടമേ!- കന്യക....
9. നീതിയതിന്റെ ദർപ്പണമേ!
ജ്ഞാനത്തിൻ സിംഹാസനമേ! കന്യക....
10. അടിയാരുടെ ആനന്ദത്തിൽ
ഹേതുവതാകും മാതാവേ!- കന്യക....
11. ശുദ്ധാത്മാവിൻ ഭാജനമേ!
വിലയേറുന്നൊരു ഭാജനമേ!- കന്യക....
12. സുകൃതം, സ്നേഹം എന്നിവ തൻ
ഭാജനമാകും മാതാവേ!- കന്യക....
13. ആനന്ദത്തിൻ കുസുമം നീ
ദാവീദിൻ ഗോപുരവും നീ!- കന്യക....
14. അച്ഛസ്ഫടിക ഗോപുരമേ!
കാഞ്ചന ഭവനം നീയല്ലോ- കന്യക....
15. സാക്ഷിപ്പെട്ടകവും നീ താൻ
സ്വർഗ്ഗകവാടം നീ തന്നെ കന്യക....
16. അർക്കനുദിക്കും മുമ്പുള്ളാ-
താരം തായേ നീയല്ലോ- കന്യക....
17. രോഗികൾ തന്നൗഷധവും നീ
പാപികളുടെ അഭയവും നീയേ കന്യക....
18. കേഴുന്നോർക്കാനന്ദം നീ
വലയുന്നോർക്കാശ്വാസം നീ- കന്യക....
19. ക്രിസ്ത്യാനികളുടെ തുണ നീ താൻ
വാനവ രാജ്ഞി മാതാവേ!- കന്യക....
20. പൂർവ്വപിതാക്കൾ നിബിയാന്മാ-
രിവരുടെ രാജ്ഞീ-മാതാവേ!- കന്യക....
21. ശ്ലീഹർ സഹദേർ മൌദ്യാനർ-
ക്കൊക്കെ രാജ്ഞി മാതാവേ!- കന്യക....
22. കന്യകമാരുടെ രാജ്ഞീ നീ
സിദ്ധന്മാരുടെ രാജ്ഞീ നീ- കന്യക....

## 60

1. ശുദ്ധർ സ്തുതിക്കും വീടേ! ദൈവമക്കൾക്കുള്ളാശ്രയമേ
പരിലസിക്കും സ്വർണ്ണത്തെരുവീഥിയിൽ
അതികുതുകാൽ എന്നു ഞാൻ ചേർന്നീടുമോ?

വാനവരിൻ സ്തുതിനാദം സദാ മുഴങ്ങും ശാലേമിൽ
എന്നു ഞാൻ ചേർന്നീടുമോ-
പരസുതനേ! എന്നു ഞാൻ ചേർന്നീടുമോ (2)

2. മുത്തിനാൽ നിർമ്മിതമായുള്ള പന്ത്രണ്ടു ഗോപുരമേ!
തവ മഹത്വം കണ്ടിട്ടങ്ങാനന്ദിപ്പാൻ
മമ കൺകൾ പാരം കൊതിച്ചീടുന്നേ — വാനവ....

3. അന്ധതയില്ലാ നാടേ! ദൈവതേജസ്സാൽ മിന്നും വീടേ!
തവ വിളക്കാം ദൈവത്തിൻ കുഞ്ഞാടിനെ
അളവെന്യേ പാടി സ്തുതിച്ചീടും ഞാൻ — വാനവ....

4. കഷ്ടതയില്ലാ നാടേ!-ദൈവ ഭക്തരിൻ വിശ്രാമമേ!
പുകൾ പെരുകും പുത്തനെറുശലേമേ!
തിരുമാർവ്വിൽ എന്നും ഞാൻ ചാരീടുമേ — വാനവ....

5. ശുദ്ധവും ശുഭ്രവുമായുള്ള ജീവജലനദിയിൽ
ഇരുകരയും -ജീവവൃക്ഷഫലങ്ങൾ
പരിലസിക്കും ദൈവത്തിൻ ഉദ്യാനമേ! — വാനവ....

6. കർത്തൃസിംഹാസനത്തിൻ ചുറ്റും വീണകൾ മീട്ടിടുന്ന
സുരവരരെ-ചേർന്നങ്ങു പാടീടുവാൻ
പുതുമോദം പാരം വളരുന്നഹോ! — വാനവ....

## 61

ശുദ്ധാത്മാവേ! വന്നെന്നുള്ളിൽ വാസം ചെയ്യണേ
സത്യാത്മാവേ! നിത്യതയിലെത്തുവോളവും
ജീവനൂതുക.... ജീവദായകാ!
ജീവനാളമായ് എരിഞ്ഞുതീരുവാൻ (2)

1. പാപം നീതി ന്യായവിധി ബോധമേകീടാൻ-ഈ
ശാപഭൂവിൽ പെന്തക്കോസ്തിൽ വന്നൊരാവിയേ — ജീവനും....
2. അംബരത്തിൽ നിന്നിറങ്ങി അഗ്നിനാവുകൾ
അൻപോടമർന്നെല്ലാരിലും ശക്തിനാമ്പുകൾ — ജീവനും....

3. രണ്ടോ മൂന്നോ പേരെവിടെ എന്റെ നാമത്തിൽ
ഉണ്ടവിടെയുണ്ട് ഞാനെന്നേകി വാഗ്ദത്തം ജീവനും....
4. കല്ലായുള്ള ഹൃദയങ്ങളുരുക്കീടണേ
ഹല്ലേലുയ്യാ ഗീതം പാടാനൊരുക്കീടണേ.... ജീവനും....

# 62

ശ്ലീഹന്മാരിലിറങ്ങി വസിച്ചൊരു
പരിശുദ്ധാത്മാവേ
നിൻ പ്രിയ സുതരേ ദിവ്യവരത്താൽ
പൂരിതരാക്കണമേ (2)

സ്നേഹം നട്ടുവളർത്തിയ പാവന
ശാന്തി പരത്തിടുവാൻ
തളർന്നു താഴും കരളിൽപ്പുത്തൻ
ജീവനുണർത്തീടുവാൻ (2)

ഇരുണ്ടു പുകയും മാനസവേദിയി-
ലാശ കൊളുത്തിടുവാൻ
കരഞ്ഞു മങ്ങിയ കണ്ണിൽക്കാഞ്ചന
കാന്തി വിരിച്ചിടുവാൻ (2)

വരണ്ടുണങ്ങിയ മരുവിൽച്ചന്ദന
കുളിർക്കാറ്റൂതിടുവാൻ
കരിഞ്ഞുണങ്ങിയ തരുവിൻപ്പൂന്തളിർ
പുളകം ചാർത്തിടുവാൻ (2)

# 63

ശ്രീയേശുനാമം അതിശയനാമം
ഏഴയെനിക്കിമ്പനാമം

1. പാപപരിഹാരാർത്ഥം പാതകരെ തേടി
പാരിടത്തിൽ വന്ന നാമം
പാപമറ്റ ജീവിതത്തിൽ മാതൃകയെ
കാട്ടിത്തന്ന പാവനമാം പുണ്യനാമം ശ്രീയേശു....

2. എണ്ണമില്ലാ പാപം എന്നിൽനിന്നും നീക്കാൻ
എന്നിൽ കനിഞ്ഞ നാമം

അന്യനെന്ന മേലെഴുത്ത് എന്നേയ്ക്കുമായ് മായ്ച്ചുതന്ന
ഉന്നതന്റെ വന്ദ്യനാമം ശ്രീയേശു....

3. ഭൂതബാധിതർക്കും നാനാവ്യാധിക്കാർക്കും
മോചനം കൊടുക്കും നാമം
കുരുടർക്കും മുടന്തർക്കും കുഷ്ഠരോഗികൾക്കുമെല്ലാം
വിടുതലു നൽകും നാമം ശ്രീയേശു....

4. എല്ലാ നാമത്തിലും മേലായ നാമം
ഭക്തജനം വാഴ്ത്തും നാമം
എല്ലാ മുഴങ്കാലും മടങ്ങീടും തിരുമുമ്പിൽ
വല്ലഭത്വം ഉള്ള നാമം ശ്രീയേശു....

# 64

സ്തോത്രഗാനങ്ങൾ പാടി പുകഴ്ത്തീടുമേ
എല്ലാനാളിലും എൻ ജീവിതത്തിൽ (2)

1. നിന്റെ ദയ എൻ പ്രാണനെ കാത്തുകൊണ്ടതാൽ
എന്റെ അധരം നിന്നെ കീർത്തിക്കുമേ
എന്റെ ജീവകാലമെല്ലാം പുതുഗാനത്താൽ
അതുല്യനാമത്തെ സ്തുതിച്ചീടുമേ
സ്തോത്ര....

2. നിന്റെ നാമമല്ലോ എന്നും എന്റെ ആശ്രയം
നിന്നിൽ മാത്രം ഞാനെന്നും ആനന്ദിക്കും
നിന്നിൽ അല്ലോ നിത്യ ജീവഉറവ
ജീവവഴിയും നീ മാത്രമല്ലോ
സ്തോത്ര....

3. നിന്റെ വലംകൈ എന്നെ താങ്ങി നടത്തും
എന്റെ കാലുകൾ തെല്ലും ഇടറിടാതെ
എന്റെ ഗമനത്തെ സുസ്ഥിരമാക്കാൻ
നിന്റെ വഴിയിൽ ഞാൻ നടക്കുവാനായ്
സ്തോത്ര....

## 65

സർവ്വ നന്മകൾക്കും സർവ്വ ദാനങ്ങൾക്കും
ഉറവിടമാം എൻ യേശുവേ!
നിന്നെ ഞാൻ സ്തുതിച്ചിടുന്നു
ദിനവും പരനേ! നന്ദിയാൽ (2)

1. ലോകഇമ്പങ്ങളിൽ ഞാൻ ഭ്രമിച്ചു
ലോകമോഹങ്ങളിൽ ഞാൻ മുഴുകി (2)
കാണില്ലൊരുനാളും സ്വർഗ്ഗതാതൻ
ഹൃത്തിൽ മൂഢമായ് ഞാനുറച്ചു (2) സർവ്വ....

2. ആഴി ആഴത്തിൽ ഞാൻ കിടന്നു
കൂരിരുൾ എന്നെ മറപിടിച്ചു (2)
താതൻ തിരുക്കരം തേടി എത്തി
തന്റെ മാർവ്വോടു ചേർത്തണച്ചു (2) സർവ്വ....

3. പരിശുദ്ധാത്മാവാൽ നിറയ്ക്ക
അനുദിനവും എന്നെ പരനേ! (2)
തിരുവേലയെ തികച്ചീടുവാൻ
നൽവരങ്ങളെ നല്കീടുക (2) സർവ്വ....

## 66

സർവ്വവും യേശുനാഥനായ് സമർപ്പണം
ചെയ്തിടുന്നു സ്നേഹമോടെ ഞാൻ

1. എന്റെ ദേഹവും എന്റെ ദേഹിയും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
2. എന്റെ ജീവനും എൻ പുകഴ്ചയും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
3. എന്റെ ശക്തിയും എന്റെ ബുദ്ധിയും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
4. എന്റെ രോഗവും എന്റെ സൗഖ്യവും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
5. എന്റെ ദുഃഖവും എന്റെ മോദവും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
6. എന്റെ ആശയും എൻ നിരാശയും
നീയെനിക്കു തന്നതൊക്കെയും സർവ്വ....
7. എന്റെ ആധിയും എന്റെ വ്യാധിയും
നീയെനിക്കു തന്നതൊക്കെയും സർവ്വ....

## 67

1. സർവ്വസൃഷ്ടികളുമൊന്നായ് പുകഴ്ത്തിടുന്ന
സ്രഷ്ടാവിനെ സ്തുതിക്കും ഞാൻ
ഈ ക്ഷോണിതലത്തിൽ ജീവിക്കുന്ന നാളെല്ലാം
ഘോഷിച്ചിടും പൊന്നുനാഥനെ

    യേശു മാറാത്തവൻ യേശു മാറാത്തവൻ
    യേശു മാറാത്തവൻ ഹാ! എത്ര നല്ലവൻ
    ഇന്നുമെന്നും കൂടെയുള്ളവൻ (2)

2. തന്റെ കരുണയെത്രയോ അതിവിശിഷ്ടം
തൻ സ്നേഹമാശ്ചര്യമേ
എൻ ലംഘനങ്ങളും എൻ അകൃത്യങ്ങളുമെല്ലാം
അകറ്റിയ തന്റെ സ്നേഹത്താൽ — യേശു മാറാ...

3. രോഗശയ്യയിലെനിക്കു സഹായകനും
രാക്കാലഗീതവുമവൻ
നല്ല വൈദ്യനും ദിവ്യഔഷധവുമെൻ
ആത്മസഖിയുമവൻ തന്നെ — യേശു മാറാ...

4. തേജസ്സിൽ വാസം ചെയ്യുന്ന വിശുദ്ധരൊത്തു
അവകാശം ഞാനും പ്രാപിപ്പാൻ
ദിവ്യആത്മാവാൽ ശക്തീകരിച്ചെന്നെയും തൻ
സന്നിധിയിൽ നിറുത്തീടുമേ- — യേശു മാറാ...

5. സീയോനിൽ വാണിടുവാനായ് വിളിച്ചു തന്റെ
ശ്രേഷ്ഠോപദേശവും തന്നു
ഹാ! എന്തൊരത്ഭുതം ഈ വൻകൃപയെ ഓർക്കുമ്പോൾ
നന്ദികൊണ്ടെന്നുള്ളം തുള്ളുന്നേ- — യേശു മാറാ...

## 68

സീയോൻ യാത്രയതിൽ മനമേ
ഭയമൊന്നും വേണ്ടിനിയും

    അബ്രഹാമിൻ ദൈവം-ഇസഹാക്കിൻ ദൈവം
    യാക്കോബിൻ ദൈവമെന്നും കൂടെയുള്ളതാൽ (2)

1. ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ
ഒരു ഭോഷനായ് തോന്നിയാലും
ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ
എന്നും ശ്രേഷ്ഠനായ് മാറിടുന്നു — അബ്ബ....

2. ഒന്നിനെക്കുറിച്ചിനിയും
എനിക്കാകുല ചിന്തയില്ല
ജീവമന്നാ തന്നവൻ
എന്നെ ക്ഷേമമായ് പാലിക്കുന്നു — അബ്ബ....

3. മനുഷ്യരിൽ ആശ്രയമോ
ഇനി വേണ്ടാ നിശ്ചയമായ്
ദൈവത്തിൽ ആശ്രയമോ
അത് ഒന്നാണെനിക്കഭയം — അബ്ബ....

## 69

സീയോൻ സഞ്ചാരി ഞാൻ യേശുവിൽ ചാരി ഞാൻ
പോകുന്നു കുരിശിന്റെ പാതയിൽ (2)

1. മോക്ഷയാത്രയാണിത് ഞാൻ നടപ്പത്
കാഴ്ചയാലെയല്ല വിശ്വാസത്താലെയാ
വീഴ്ചകൾ താഴ്ചകൾ വന്നിടും വേളയിൽ
രക്ഷകൻ കൈകളിൽ താങ്ങിടും — സീയോൻ....

2. സാക്ഷികൾ സമൂഹം എന്റെ ചുറ്റിലും
നിൽക്കുന്നായിരങ്ങൾ ആകെയാലെ ഞാൻ
ഭാരവും പാപവും വിട്ടു ഞാനോടുമാ
നേരവും യേശുവേ നോക്കിടും — സീയോൻ....

3. ലോകമേതും യോഗ്യം അല്ലെനിക്കതാൽ
ശോകമില്ല ഭാഗ്യം ഉണ്ട് ക്രിസ്തുവിൽ
നാഥനു മുൾമുടി നൽകിയ ലോകമേ!
നീ തരും പേരെനിക്കെന്തിനായ്-? — സീയോൻ....

4. എന്നെ നേടുന്ന സന്തോഷമോർത്തതാൽ
നിന്ദകൾ സഹിച്ചു മരിച്ച നാഥനെ
ധ്യാനിച്ചും മാനിച്ചും സേവിച്ചും പോകയിൽ
ക്ഷീണമെന്തെന്നറികില്ല ഞാൻ — സീയോൻ....

5. ബാലശിക്ഷ നൽകുമെന്നപ്പനെങ്കിലും
ചേലെഴും തൻ സ്നേഹം കുറഞ്ഞുപോയിടാ
നന്മയെ തൻകരം നൽകുമെന്നീശനിൽ
എൻ മനം വിശ്രമം നേടിടും സീയോൻ....

# 70

1. സ്തുതിക്കും ഞാനെന്നും സ്തുതിക്കും ഞാൻ
സ്തുതിക്ക് യോഗ്യനാം യേശുവിനെ
വല്ലഭൻ എനിക്കു വലിയവ ചെയ്തു
വാഴ്ത്തും തൻ നാമം ഈ മരുവിൽ

ഹല്ലേലുയ്യാ - ഹല്ലേലുയ്യാ
ഹല്ലേലുയ്യാ - ഹല്ലേലുയ്യാ

2. ഉയരത്തിൽ നിന്നു തൻ കൈനീട്ടി
പെരുവെള്ളത്തിൽ നിന്നെന്നെ വലിച്ചെടുത്തു
ബലമുള്ള ശത്രുവിൻ കയ്യിൽ നിന്നും-എന്റെ
ആത്മാവിനെ അവൻ വിടുവിച്ചു ഹല്ലേ...

3. എന്റെ കാല്കളെ കലമാൻ പേടയ്ക്കു
തുല്യമായെന്നെ നടത്തുന്നവൻ
എന്നെ ഗിരികളിൽ നിൽക്കുമാറാക്കുന്നോൻ
രക്ഷയെന്നെ പരിചയെ നൽകീടുന്നു ഹല്ലേ...

# 71

സ്തുതി സ്തുതി എൻ മനമേ
സ്തുതികളിലുന്നതനെ
നാഥൻ നാൾതോറും ചെയ്ത നന്മകളോർത്തു
പാടുക നീ എന്നും മനമേ! (3)

1. അമ്മയെപ്പോലെ താതൻ
താലോലിച്ചണച്ചിടുന്നു
സമാധാനമായ് കിടന്നുറങ്ങാൻ
തന്റെ മാർവ്വിൽ ദിനം ദിനമായ് (2) സ്തുതി...

2. കഷ്ടങ്ങളേറിടുമ്പോൾ
എനിക്കേറ്റമടുത്ത തുണയായ്

ഘോരവൈരിയിൻ നടുവിലവൻ
മേശ നമുക്കൊരുക്കുമല്ലോ (2) സ്തുതി...

3. ഭാരത്താൽ വലഞ്ഞീടിലും
തീരാരോഗത്താൽ അലഞ്ഞീടിലും
പിളർന്നീടുന്നൊരടിപ്പിണരാൽ
തന്നിടുന്നു രോഗസൗഖ്യം (2)

4. സഹായ ശൈലമവൻ
സങ്കേതവും കോട്ടയും താൻ
നടുങ്ങീടുകയില്ലതിനാൽ
തൻ കരുണ ബഹുലമഹോ (2)

5. സിംഹങ്ങൾ അലറീടിലും
ബാലസിംഹങ്ങൾ പെരുമ്പാമ്പുകൾ
ചവിട്ടി തല മെതിച്ചീടുമേ
അവയിലും ജയം നേടുമേ (2) സ്തുതി...

# 72

സ്തോത്രഗാനങ്ങൾ പാടി പുകഴ്ത്തീടുമേ
എല്ലാ നാളിലും എൻ ജീവിതത്തിൽ (2)

1. നിന്റെ ദയ എൻ പ്രാണനെ കാത്തുകൊണ്ടതാൽ
എന്റെ അധരം നിന്നെ കീർത്തിക്കുമേ
എന്റെ ജീവകാലമെല്ലാം പുതുഗാനത്താൽ
അതുല്യനാമത്തെ സ്തുതിച്ചീടുമേ സ്തോത്ര....

2. നിന്റെ നാമമല്ലോ എന്നും എന്റെ ആശ്രയം
നിന്നിൽ മാത്രം ഞാനെന്നും ആനന്ദിക്കും
നിന്നിൽ അല്ലോ നിത്യ ജീവഉറവ
ജീവവഴിയും നീ മാത്രമല്ലോ സ്തോത്ര....

3. നിന്റെ വലംകൈ എന്നെ താങ്ങി നടത്തും
എന്റെ കാലുകൾ തെല്ലും ഇടറിടാതെ
എന്റെ ഗമനത്തെ സുസ്ഥിരമാക്കാൻ
നിന്റെ വഴിയിൽ ഞാൻ നടക്കുവാനായ് സ്തോത്ര....

## 73

1. യഹോവയിരേ-ദാതാവാം ദൈവം
നീ മാത്രം മതിയെനിക്ക്
യഹോവ റാഫാ-സൗഖ്യദായകൻ
തൻ അടിപ്പിണരാൽ സൗഖ്യം
യഹോവശമ്മാ-കൂടെയിരിക്കും
നൽകുമെൻ ആവശ്യങ്ങൾ

നീ മാത്രം മതി... നീ മാത്രം മതി...
നീ മാത്രം മതിയെനിക്ക് (2)

2. യഹോവ ഏലോഹിം-സൃഷ്ടാവാം ദൈവം
നിൻ വചനത്താൽ ഉളവായെല്ലാം
യഹോവ ഇല്ല്യോൻ-അത്യുന്നതൻ നീ
നിന്നെപ്പോലെ മറ്റാരുമില്ല
യഹോവ ശാലോം-എൻ സമാധാനം
നൽകി നിൻ ശാന്തി എന്നിൽ

നീ മാത്രം മതി... നീ മാത്രം മതി...
നീ മാത്രം മതിയെനിക്ക് (2) യഹോവ...

## 74

യേശു എൻ പക്ഷമായ് തീർന്നതിനാൽ
എന്തൊരാനന്ദമീ ഭൂവിൽ വാസം
ഹാ! എത്ര മോദം പാർത്തലത്തിൽ ജീവിക്കും നാൾ

1. ലോകം വെറുത്തവരേശുവോടു
ചേർന്നിരുന്നെപ്പോഴും ആശ്വസിക്കും
ഹാ!- ഭാഗ്യകനാൻ ചേരുംവരെ കാത്തിടേണം യേശു...

2. ഈ ലോകം ആക്ഷേപം ചൊല്ലിയാലും
ദുഷ്ടർ പരിഹാസം ഓതിയാലും
എൻ-പ്രാണനാഥൻ പോയതായ പാത മതി യേശു...

3. വേഗംവരാമെന്നുരച്ച നാഥാ!
നോക്കി നോക്കി കൺകൾ മങ്ങീടുന്നേ
എപ്പോൾ വരുമോ! പ്രാണപ്രിയാ! കണ്ടീടുവാൻ യേശു...

# 75

യേശുക്രിസ്തു ഉയിർത്തു ജീവിക്കുന്നു
പരലോകത്തിൽ ജീവിക്കുന്നു
ഇഹലോകത്തിൽ താനിനി വേഗം വരും
രാജരാജനായ് വാണീടുവാൻ

ഹാ-ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ
യേശുകർത്താവു ജീവിക്കുന്നു (2)

1. കൊല്ലുന്ന മരണത്തിൻ ഘോരതര-വിഷ
പ്പല്ല് തകർത്തതിനാൽ -ഇനി
തെല്ലും ഭയമെന്യേ മൃത്യുവിനെ നമ്മൾ
വെല്ലുവിളിക്കുകയായ് ഹാ....

2. എന്നേശു ജീവിക്കുന്നായതിനാൽ ഞാനും
എന്നേക്കും ജീവിക്കുമേ-ഇനി
തന്നെ പിരിഞ്ഞൊരു ജീവിതമില്ലെനി-
ക്കെല്ലാമെന്നേശുവത്രെ ഹാ....

3. മന്നിലല്ലെൻ നിത്യ-വാസമെന്നേശുവിൻ
മുന്നിൽ മഹത്വത്തിലാ-ഇനി
വിണ്ണിൽ ആ വീട്ടിൽ ചെന്നെത്തുന്ന നാളുകൾ
എണ്ണി ഞാൻ പാർത്തിടുന്നു ഹാ....

# 76

യേശു നല്ലവൻ അവൻ വല്ലഭൻ
അവൻ ദയയോ എന്നുമുള്ളത്
പെരുവെള്ളത്തിൻ ഇരച്ചിൽപോലെ
സ്തുതിച്ചീടുക അവന്റെ നാമം

ഹാലേലുയ്യാ-ഹാലേലുയ്യാ (2)
മഹത്വവും ജ്ഞാനവും സ്തോത്രവും ബഹുമാനം
ശക്തിയും ബലവുമെന്നേശുവിന്

2. ഞാൻ യഹോവയ്ക്കായ് കാത്തുകാത്തല്ലോ
അവനെങ്കലേക്കു ചാഞ്ഞുകേട്ടല്ലോ
നാശകരമായ കുഴിയിൽ നിന്നും
കുഴഞ്ഞ ചേറ്റിൽ നിന്നും കയറ്റി ഹാലേ....

3. എന്റെ കാൽകളെ പാറമേൽ നിർത്തി
എൻ ഗമനത്തെ സുസ്ഥിരമാക്കി
പുതിയൊരു പാട്ടെനിക്കു തന്നു
എൻ കർത്താവിനു സ്തുതികൾ തന്നെ ഹാലേ....

4. എന്റെ കർത്താവേ! എന്റെ യഹോവേ!
നീയൊഴികെ എനിക്കൊരു നന്മയുമില്ല
ഭൂമിയിലുള്ള വിശുദ്ധന്മാരോ
അവർ എനിക്കു ശ്രേഷ്ഠന്മാർ തന്നെ ഹാലേ....

# 77

യേശുമണവാളൻ നമ്മെ ചേർക്കുവാൻ
മദ്ധ്യവാനിൽ വെളിപ്പെടുവാൻ
കാലം ആസന്നമായ് പ്രിയരേ!
ഒരുങ്ങാം വിശുദ്ധിയോടെ....
ചേരും നാം വേഗത്തിൽ ഇമ്പവീടതിൽ
കാണും നാം അന്നാളിൽ പ്രിയൻ പൊന്മുഖം

1. ചടുചടെ ഉയിർക്കും വിശുദ്ധരെല്ലാം
കാഹളനാദം കേൾക്കുമ്പോൾ
പാരിൽ പാർത്തിടും നാം അന്നാളിൽ
രൂപാന്തരം പ്രാപിക്കും ചേരും....

2. രോഗ-ദുഃഖങ്ങളും മരണമതും
തെല്ലും നീ ഭയപ്പെടാതെ
ദേഹം മണ്ണോടു ചേർന്നെന്നാലും
രൂപാന്തരം പ്രാപിക്കും ചേരും....

3. യുദ്ധവും ക്ഷാമവും ഭൂകമ്പങ്ങളും
അടിക്കടി ഉയർന്നിടുമ്പോൾ
കാന്തൻ യേശു വരാൻ കാലമായ്
രൂപാന്തരം പ്രാപിക്കും ചേരും....

# 78

യേശു മതിയെനിക്കേശു മതി
ക്ലേശങ്ങൾ മാത്രം സഹിച്ചെന്നാലും
അപ്പോഴും പാടും ഞാൻ ദൈവമേ!- നീ എത്ര നല്ലവൻ

നീയല്ലാതാരുമില്ലീശനേ!- എന്റെ ഭാരം പോക്കാൻ
നീയല്ലാതാരുള്ളൂ രക്ഷകാ!- എന്റെ പാപം പോക്കാൻ
എന്നെ നീ ഏറ്റുകൊൾ ദൈവമേ!- അപ്പോൾ ഞാൻ ധന്യനായ് (2)

2. ജീവിതഭാരങ്ങൾ ഏറിയാലും
ജീവനാഥൻ കൈവെടിയുകില്ല
എന്നെ നടത്തുവോൻ ശക്തനാം-നീയെത്ര നല്ലവൻ നീയ....

3. ലോകത്തിലേകനായ് തീരുകിലും
രോഗത്താൽ ബാധിതനായീടിലും
കൈവെടിഞ്ഞിടാത്ത രക്ഷകാ!-നീയെത്ര നല്ലവൻ നീയ....

4. ഏറിയ തെറ്റുകൾ ചെയ്തെന്നാലും
പാപിയായ് മുദ്രണം ചെയ്തീടിലും
സ്നേഹത്താൽ കൈക്കൊള്ളും ദൈവമേ! നീയെത്ര നല്ലവൻ നീയ....

# 79

യേശു മഹോന്നതനേ മഹോന്നതനേ വേഗം കാണാം
മൽ പ്രേമകാന്തനെ കാണാം

1. സുന്ദരരൂപനെ ഞാൻ ഈ മേഘമതിൽ വേഗം കാണാം
മൽ പ്രേമകാന്തനെ കാണാം
കഷ്ടതയേറെ സഹിച്ചവരും കല്ലേറടിയിടി-
കൊണ്ടു മരിച്ചവരന്ന്
മശിഹായൊടു വാഴുമാ നാട്ടിൽ- യേശു....

2. പൊന്മണി മാലയവൻ എനിക്കു തരും ശുഭ്രവസ്ത്രം
നാഥനെന്നെ ധരിപ്പിക്കുമന്ന്
കണ്ണുനീരാകെ ഒഴിഞ്ഞിടുമേ ആയിരമാണ്ടു
വസിക്കുമവനുടെ നാട്ടിൽ
എനിക്കായ് ഒരുക്കിയ വീട്ടിൽ- യേശു....

3. രാപ്പകലില്ലവിടെ പ്രശോഭിതമായൊരു നാട്
നാലുജീവികൾ പാടുമവിടെ
ജീവജല നദിയുണ്ടവിടെ ജീവമരങ്ങളുമായ്
നിലകൊണ്ടൊരു ദേശം
നല്ലൊരു ഭൂവനദേശം യേശു....

## 80

യേശു വിളിക്കുന്നു, യേശു വിളിക്കുന്നു
സ്നേഹമോടെ തൻ കരങ്ങൾ നീട്ടി...
യേശുവിളിക്കുന്നു.... യേശു....

1. ആകുലവേളകളിൽ ആശ്വാസം നല്കിടും താൻ
എന്നറിഞ്ഞു നീയും യേശുവെ നോക്കിയാൽ
എണ്ണമില്ലാ നന്മ നല്കീടും താൻ... യേശു....

2. കണ്ണീരെല്ലാം തുടയ്ക്കും കൺമണിപോലെ കാക്കും
കാർമേഘം പോലെ കഷ്ടങ്ങൾ വന്നാലും
ചിറകിൻകീഴ് നിന്നെ കാത്തിടും താൻ... യേശു....

3. മനഃക്ലേശം നേരിടുമ്പോൾ ബലം നിനക്കുനൽകും
അവൻ നിൻ വെളിച്ചവും രക്ഷയുമാകയാൽ....
താമസമെന്യേ നീ വന്നീടുക.... യേശു....

4. സകല വ്യാധിയേയും സുഖമാക്കും വല്ലഭൻ താൻ
ആരായിരുന്നാലും ഭേദങ്ങൾ എന്നിയെ....
കൃപയാലെ സ്നേഹം നല്കിടും താൻ... യേശു....

## 81

യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടതാം
തന്റെ പ്രിയ ജനമേ! ഉണർന്നീടുക
തന്റെ വേലയെ തികച്ചു നാം ഒരുങ്ങീടുക
കാലമേറെയില്ലല്ലോ കാഹളം നാം കേട്ടീടാൻ
കാന്തൻ വരാറായ് നാമും പോകാറായ് (2)

1. യേശുവിന്റെ നാമത്തിൽ-വിടുതൽ നമുക്കുണ്ട്
സാത്താനോടെതിർത്തീടാം ദൈവജനമേ!
ഇനി തോൽവിയില്ല ജയം നമുക്കവകാശമേ കാലമേ....

2. ആത്മബലത്തോടെ നാം-കോട്ടകൾ തകർത്തീടും
രോഗം ദുഃഖം മാറീടും യേശു നാമത്തിൽ
ഇനി ഭീതിയില്ല ജയം നമുക്കവകാശമേ.... കാലമേ...

3. ശാപങ്ങൾ തകർന്നീടും-യേശുവിന്റെ നാമത്തിൽ
ഭൂതങ്ങൾ വിട്ടോടീടും യേശുനാമത്തിൽ
ഇനി ശോകമില്ല ജയം നമുക്കവകാശമേ.... കാലമേ....

## 82

1. യേശുവേ നിന്റെ രൂപമീയെന്റെ കണ്ണുകൾക്കെത്ര സൗന്ദര്യം
   ശിഷ്യനാകുന്ന എന്നെയും നിന്നെപ്പോലെയാക്കണം മുഴുവൻ
2. സ്നേഹമാം നിന്നെക്കണ്ടവൻ പിന്നെ സ്നേഹിക്കാതെ ജീവിക്കുമോ
   ദഹിപ്പിക്കണം എന്നെ അശേഷം സ്നേഹം നൽകണം എൻ പ്രഭോ
3. ദീനക്കാരെയും ഹീനൻമാരെയും ആശ്വസിപ്പിപ്പാൻ വന്നോനേ!
   ആനന്ദത്തോടു നിന്നെപ്പോലെ ഞാൻ കാരുണ്യം ചെയ്‌വാൻ നല്കുകേ
4. ദാസനെപ്പോലെ സേവയെ ചെയ്ത ദൈവത്തിൻ ഏകജാതനേ!
   വാസം ചെയ്യേണം ഈ നിൻ വിനയം എന്റെ ഉള്ളിലും നാഥനേ!
5. പാപികളുടെ വിപരീതത്തെ എല്ലാം സഹിച്ച കുഞ്ഞാടേ!
   കോപിപ്പാനല്ല ക്ഷമിപ്പാനുള്ള ശക്തി എനിക്കും നല്കുകേ
6. തന്റെ പിതാവിൻ ഹിതമെപ്പോഴും മോദമോടുടൻ ചെയ്തോനേ!
   എന്റെ ഇഷ്ടവും ദൈവഇഷ്ടത്തിനനുരൂപമാക്കേണമേ
7. രാത്രി മുഴുവൻ പ്രാർത്ഥിച്ചുണർന്ന ഭക്തിയുള്ളോരു യേശുവേ!
   പ്രാർത്ഥിപ്പാനായും ഉണരാനായും ശക്തിതരേണം എന്നുമേ
8. മനുഷ്യരിലും ദൂതന്മാരിലും അതിസുന്ദരനായോനേ!
   അനുദിനം നിൻ ദിവ്യസൗന്ദര്യം എന്നാമോദമാക്കേണമേ

## 83

1. യേശുവേ നീയെനിക്കായ്
   ഇത്രയേറെ സ്നേഹമേകാൻ
   അടിയനിൽ യോഗ്യതയായ് എന്തുകണ്ടു നീ?
   സ്നേഹമേ! നിൻ ഹൃദയം ക്ഷമയുടെ സാഗരമോ?
   നന്മകൾക്കു നന്ദിയേകാൻ എന്തുചെയ്യും ഞാൻ ? യേശുവേ....
2. മനഃസുഖമങ്ങുപോയി എനിക്കില്ല ശാന്തിതെല്ലും
   നിമിഷസുഖം നുകരാൻ കരളിനു ദാഹമെന്നും
   സഹനങ്ങളേറും നേരം-തിരഞ്ഞില്ല നിന്നെ നാഥാ!
   പകയുടെ തീക്കനലാൽ മുറിവുകളേറിയെന്നിൽ
   യേശു! പറയൂ നീ ഞാൻ യോഗ്യനോ? യേശുവേ....

3. നിരന്തരമെൻ കഴിവിൽ അഹങ്കരിച്ചാശ്രയിച്ചു
പലരുടെ സൻമനസ്സാൽ ഉയർന്നതു ഞാൻ മറന്നു
അടച്ചൊരു കോട്ട പോലായ് ഹൃദയത്തിൻ വാതിലെന്നും
എളിയവർ വന്നിടുമ്പോൾ തിരക്കിൻ ഭാവമെന്നും
യേശു! പറയൂ നീ ഞാൻ യോഗ്യനോ? യേശുവേ....

# 84

1. യേശുവോടു ചേർന്നിരിപ്പതെത്ര മോദമേ
യേശുവിനായ് ജീവിക്കുന്നതെത്ര ഭാഗ്യമേ
ആശ തന്നോടെന്നുമെന്നിൽ വർദ്ധിച്ചീടുന്നേ
ആശു തന്റെ കൂടെ വാഴാൻ കാംക്ഷിച്ചീടുന്നേ

2. പോക്കിയെന്റെ പാപമെല്ലാം തന്റെ യാഗത്താൽ
നീക്കിയെന്റെ ശാപമെല്ലാം താൻ വഹിച്ചതാൽ
ഓർക്കുന്തോറും സ്നേഹമെന്നിൽ വർദ്ധിച്ചീടുന്നേ
പാർക്കുന്നേ തൻ കൂടെ വാഴാൻ എന്നു സാദ്ധ്യമോ? യേശു....

3. ശ്രേഷ്ഠമേറും നാട്ടിലെന്റെ വാസമാക്കുവാൻ
ശോഭയേറും വീടെനിക്കൊരുക്കിടുന്നവൻ
കൈകളാൽ തീർക്കാത്ത നിത്യ പാർപ്പിടം തന്നിൽ
വാണിടുന്ന നാളിനായ് ഞാൻ നോക്കിപ്പാർക്കുന്നേ യേശു....

4. എന്നു തീരുമെന്റെ കഷ്ടം ഇന്നീ മന്നിലെ
അന്നുമാറുമെന്റെ ദുഃഖം നിശ്ചയം തന്നെ
അന്നുതന്റെ ശുദ്ധരൊത്തു പാടിയാർക്കുമേ
എന്നെനിക്കു സാദ്ധ്യമോ മഹൽ സമ്മേളനം യേശു....

5. നല്ലവനേ! വല്ലഭനേ! പൊന്നുകാന്തനേ!
അല്ലൽ തീർക്കാനെന്നു വന്നു ചേർത്തിടുമെന്നെ
തുല്യമില്ലാ മോദത്തോടെ വീണകളേന്തി
ഹല്ലേലുയ്യാ! ഗാനം പാടി വാണിടുവാനായ് യേശു....

# 85

രാജാധി രാജൻ മഹിമയോടെ
വാനമേഘത്തിൽ എഴുന്നള്ളാറായ്...(2)

1. ക്ലേശം തീർന്നു നാം നിത്യം വസിപ്പാൻ
   വാസമൊരുക്കാൻ പോയ പ്രിയൻ താൻ (2) രാജാ....

2. നിന്ദ കഷ്ടത പരിഹാസങ്ങൾ
   ദുഷികളെല്ലാം തീരാൻ കാലമായ് (2) രാജാ....

3. പ്രാണപ്രിയന്റെ പൊന്നുമുഖത്തെ
   തേജസ്സോടെ നാം കാണ്മാൻ കാലമായ് (2) രാജാ....

4. കാന്തനുമായി വാസം ചെയ്യുന്ന
   കാലം സമീപമായി പ്രിയരേ (2) രാജാ....

5. ഒരുങ്ങിനിന്നോർ തന്നോടുകൂടെ
   മണിയറയിൽ വാഴാൻ കാലമായ് (2) രാജാ....

6. യുഗായുഗമായ് പ്രിയൻ കൂടെ നാം
   വാഴും സുദിനം ആസന്നമായി (2) രാജാ....

7. കാഹളധ്വനി കേൾക്കും മാത്രയിൽ
   മറുരൂപമായ് പറന്നിടാറായ് (2) രാജാ....

# 86

1. രാജാധി രാജൻ വരുന്നിതാ
   തന്റെ വിശുദ്ധരെ ചേർത്തിടുവാൻ
   കർത്തൻ വരവിനായ് കാത്തിരിക്കുന്ന ഞാൻ
   കാരുണ്യനിധിയെ കാണുവാൻ വെമ്പുന്നേ
   കാലങ്ങൾ ദീർഘമാക്കല്ലേ - ഇനി (2) രാജാധി....

2. വാനവും ഭൂമിയും ഒഴിഞ്ഞുപോകുമേ
   നിത്യരാജ്യമെനിക്കായി നാഥനൊരുക്കുന്നേ
   എന്നതിൽ പൂകിടും ഞാൻ പ്രിയാ! (2) രാജാധി....

3. പീഢകൾ വന്നാലും ഭയമെനിക്കില്ല
   പാടുകൾ സഹിച്ച ക്രിസ്തു എൻ നായകൻ
   വൻകൃപ തന്നീടുമേ തന്റെ (2) രാജാധി....

4. എൻ ദേഹം രോഗത്താൽ ക്ഷയിച്ചെന്നാകിലും
   ദേഹരഹിതനായ് പ്രിയനെ കാണും ഞാൻ
   അവനെന്റെ വൈദ്യനല്ലേ ഇന്നു (2) രാജാധി....

5. സ്വർഗ്ഗീയ സീയോനിൽ പ്രിയനോടെന്നും ഞാൻ
വാണിടും നാളിനായ് കാത്തിടുന്നേ പ്രിയാ!
ആമേൻ കർത്താവേ! വരണേ വേഗം (2) രാജാധി....

# 87

ലോകത്തിൽ ഏക ആശ്രയം-എന്നേശു മാത്രം
ശോകങ്ങൾ ഏറിവന്നാലും
വേണ്ട ഈ ലോകയിമ്പം പ്രിയനേ! നീ മതി
എന്നും വാഴ്ത്തിപ്പാടും ഞാൻ

1. ഉറ്റവരായിരുന്നവർ-ദ്വേഷിച്ചാലും
മാറ്റമില്ലാത്ത സ്നേഹിതൻ
ക്ലേശം നിറഞ്ഞ ലോകയാത്രയിൽ-താങ്ങിടും
വിൺ ശക്തിയാലെ നിത്യവും ലോക....

2. തേടിയതല്ല ഞാൻ നിന്നെ-ക്രൂശിൻ സ്നേഹം
നേടിയേ പാപിയാമെന്നെ
ഓടുന്നു ലാക്കിലേക്കു പാടുകൾ-ഏറ്റു ഞാൻ
മാറുവാനാവതില്ലിനി- ലോക....

3. മാറായുണ്ടീ മരുവതിൽ-സാരമില്ല
മാറായിൻ നാഥനാമേശു
മാറാത്ത വാക്കു തന്നോൻ മാറുമോ-ആയവൻ
മാറാ മധുരമാക്കിടും ലോക....

4. വിശ്വാസക്കപ്പൽ താഴുമോ-ഈയുലകിൽ
ഈശാന മൂലനേറുന്നേ
ആശ്വാസമേകുവാൻ നീ വേഗമായ്-വന്നാലും
വിശ്വാസനായകാ പ്രിയാ! ലോക....

5. നിൻ ശക്തി, കാഴ്ച, ശബ്ദങ്ങൾ ഏറെ വേണം
വിശ്വാസപ്പോരിൽ നിൽക്കുവാൻ
പത്മോസിലെത്രനാൾ ഞാൻ ഏകനായ് പാർക്കണം
വിശ്വാസത്യാഗമില്ലാതെ ലോക....

# 88

1. ലോകമാം ഗംഭീരവാരിധിയിൽ
വിശ്വാസക്കപ്പലിൽ ഓടിയിട്ട്

നിത്യവീടൊന്നുണ്ടവിടെയെത്തി
കർത്തനോടുകൂടെ വിശ്രമിപ്പാൻ

യാത്ര ചെയ്യും ഞാൻ ക്രൂശേ നോക്കി
യുദ്ധം ചെയ്യും ഞാൻ യേശുവിനായ്
ജീവൻ വച്ചീടും രക്ഷകനായ്
അന്ത്യശ്വാസം വരെയും

2. കാലം കഴിയുന്നു നാൾകൾപോയി
കർത്താവിൻ വരവു സമീപമായി
മഹത്വനാമത്തെ കീർത്തിപ്പാനായി
ശക്തീകരിക്ക നിൻ ആത്മാവിനാൽ യാത്ര.....

3. പൂർവ്വപിതാക്കളാം അപ്പോസ്തലർ
ദൂരവെ ദർശിച്ചീ ഭാഗ്യദേശം
ആകയാൽ ചേതമെന്നെണ്ണീ ലാഭം
അന്യരെന്നെണ്ണീയീലോകമതിൽ യാത്ര.....

4. ഞെരുക്കത്തിൻ അപ്പം ഞാൻ തിന്നെന്നാലും
കഷ്ടത്തിൻ കണ്ണുനീർ കുടിച്ചെന്നാലും
ദേഹി ദുഃഖത്താൽ ക്ഷയിച്ചെന്നാലും
എല്ലാം പ്രതികൂലമായെന്നാലും യാത്ര.....

5. ജീവൻ എൻ യേശുവിൽ അർപ്പിച്ചിട്ട്
അക്കരെ നാട്ടിൽ ഞാനെത്തീടുമ്പോൾ
ശുദ്ധപളുങ്കിൻ കടൽത്തീരത്തിൽ
യേശുവിൻ പൊന്മുഖം മുത്തീടും ഞാൻ യാത്ര.....

6. ലോകത്തിൻ ബാലത കോമളത്വം
വസ്തുവകകൾ പൊൻനാണയങ്ങൾ
സ്ഥാനങ്ങൾ മാനങ്ങൾ നശ്വരമാം
മേലുള്ളെറുശലേം നിത്യഗൃഹം യാത്ര.....

7. ലാഭമായ് തീരും സമസ്തവും ഞാൻ
കാഴ്ചയായ് വയ്ക്കുന്നു തൃപ്പാദത്തിൽ
അംഗപ്രത്യംഗമെൻ ഇന്ദ്രിയങ്ങൾ
ദൈവനാമത്തിൻ പുകഴ്ചയ്ക്കായി യാത്ര.....

8. ലോകം ത്യജിച്ചതാം സിദ്ധന്മാരും
നിർമ്മല ജ്യോതിസ്സാം ദൂതന്മാരും

രക്തസാക്ഷികളാം സ്നേഹിതരും
സ്വാഗതം ചെയ്യും മഹൽ സദസ്സിൽ യാത്ര.....

9. വീണ്ടെടുപ്പിൻ ഗാനം പാടി വാഴ്ത്തി
രക്ഷകനേശുവെ കുമ്പിടും ഞാൻ
കഷ്ടത തുഷ്ടിയായ് ആസ്വദിക്കും
സാധുക്കൾ മക്കൾക്കീ ഭാഗ്യം ലഭ്യം യാത്ര.....

# 89

1. ലോകെ ഞാനെൻ ഓട്ടം തികച്ചു
സ്വർഗ്ഗഗേഹേ വിരുതിനായി
പറന്നീടും ഞാൻ മറുരൂപമായ്
പരനേശു രാജൻ സന്നിധൗ

ദൂതസംഘമാകവെ എന്നെ എതിരേല്ക്കുവാൻ
സദാ സന്നദ്ധരായ് നിന്നീടുന്നേ
ശുഭ്രവസ്ത്രധാരിയായ് എന്റെ പ്രിയന്റെ മുമ്പിൽ
ഹല്ലേലുയ്യാ പാടിടും ഞാൻ

2. ഏറെ നാളായ് കാണ്മാൻ ആശയായ്
കാത്തിരുന്ന എന്റെ പ്രിയനെ
തേജസ്സോടെ നാം കാണുന്ന നേരം
തിരുമാർവ്വോടണഞ്ഞീടുമേ ദൂത....

3. നീതിമാന്മാരായ സിദ്ധന്മാർ
ജീവനും വെറുത്ത വീരന്മാർ
വീണകളേന്തി ഗാനം പാടുമ്പോൾ
ഞാനും ചേർന്നു പാടിടുമേ ദൂത....

4. താതൻ പേർക്കായ് സേവ ചെയ്തതാൽ
താതനെന്നെ മാനിക്കുവാനായ്
തരുമോരോരോ ബഹുമാനങ്ങൾ
വിളങ്ങീടും കിരീടങ്ങളായ് ദൂത....

5. കൈകളാൽ തീർക്കപ്പെടാത്തതാം
പുതുശാലേം നഗരമതിൽ
സദാകാലം ഞാൻ മണവാട്ടിയായ്
പരനോടു കൂടെ വാഴുമേ.... ദൂത....

## 90

1. വത്സരേ! ദൂരത്തെന്തിനു നിൽക്കുന്നെ-
ന്നരികിൽ വരിൻ ശ്ലോമോ തരുവിൻ പ്രാർത്ഥിച്ചിടുവിൻ
സങ്കടകീർത്തനമെൻ-പേർക്കായ് പാടിടുവിൻ
മൃതി പാതാളകവാടത്തിൽ ബന്ധിച്ചെന്നെ

2. മരണത്തിൻ ദൂതൻ-പിറകെ വന്നപ്പോൾ
ചുറ്റും പാർത്തേൻ തുണ ചെയ്‌വാൻ വന്നില്ലാരും
വിളി കൂട്ടുന്നോർക്കായ്-വെളിവാകും നാഥാ!
നിൻ ദൈവികമാം വലഭാഗേ നിർത്തണമെന്നെ

3. വത്സലരേ! സത്യം-ഭയമാർന്നീടുന്നേൻ
കഠിനഭയത്താലെന്നെകതാരിളകീടുന്നു
ജഗതീ രക്ഷകനാം-മശിഹാ നൃപനെൻപേർ-
ക്കാൾ വിട്ടതിനാൽ പോകുന്നേൻ സങ്കടപൂർവ്വം

4. ഭുവനനിവാസികളേ! ശുഭമൊടു വാണിടുവാൻ
ലോകമയന്മാർക്കില്ല ഗുണം കാലം മൂലം
പോകുന്നേൻ നൽകാ-നെന്റെ കണക്കെല്ലാം
സർവ്വരഹസ്യവിധീശൻ തൻ തിരുസന്നിധിയിൽ

5. വൈരൂപ്യം സുമുഖർ-ക്കേകും മൃതിയേ! നീ
സ്നേഹിതനൊടു മോദിപ്പോനെ ഖേദിപ്പിക്കും
വന്നിനി നിൻഭരണം-നീക്കീ ദുഃഖിതരെ
സ്വപ്രഭയാൽ മോദിപ്പിക്കും നാഥൻ ധന്യൻ

6. പാഴൂഴിയിലുയരും-ശൂശാനപ്പൂക്കൾ
വസ്ത്രം കൈപ്പണിയല്ലാത്തതു ചാർത്തിടുംപോൽ
ആദാം മക്കൾക്കായ്-റൂഹ്ക്കുദിശാ നെയ്ത
വസ്ത്രമുയർപ്പിൽ ചാർത്തിടും പുണ്യാത്മാക്കൾ

## 91

വന്നീടുവിൻ യേശുപാദം ചേർന്നീടുവിൻ
പാപത്തെ വിട്ടോടീടുവിൻ
വരുന്നാരേയും ഒരു നാളും ഞാൻ
തള്ളുകയില്ലെന്നുരച്ചു യേശു- വന്നീടു....

1. പാപത്തിൻ ശമ്പളം മരണമേ
അതു നിന്നെ നശിപ്പിക്കുമേ
ദൈവകൃപയോ ക്രിസ്തുയേശുവിൽ നിത്യ
ജീവനാണെന്ന് വിശ്വസിച്ചിട്ടു- വന്നീടു....

2. ഇന്നു നീ മരിച്ചാൽ എങ്ങുപോം?
ദൈവകോപം നീങ്ങിയോ?
നിനക്കായ് യേശു കുരിശിൽ മരി-
ച്ചുയർത്തെഴുന്നള്ളി മഹിമയിൽ വന്നീടു....

3. മരണമോ നിനയാനേരത്ത്
അതു നിന്നെ സന്ധിക്കുമേ
മരിച്ചോർദൈവ-പുത്രന്റെ ശബ്ദം
കേട്ടു ജീവിക്കും നേരമായല്ലോ വന്നീടു....

4. ഇതാ ഞാൻ വേഗം വരുന്നുവെന്ന്
യേശുരാജൻ അരുളിയല്ലോ
യേശുവേ! വേഗം മേഘത്തിൽവന്നു
നിത്യരാജ്യത്തിൽ ചേർക്ക ഞങ്ങളെ വന്നീടു....

# 92

വരുവീൻ ഈ നല്ല സമയം വൃഥാവാക്കാതെ
നിന്നെ യേശു വിളിച്ചീടുന്നു വരുവീൻ....

1. വാഴ്വിൻ നാളെല്ലാം വിൺനാളായ്
ഭാരത്തോടെ നീ കഴിക്കുകയോ
വന്നുടൻ പാദം തേടീടും
വിണ്ണതിൽ നിന്നെ ചേർത്തീടുമേ വരുവീൻ....

2. കെട്ടിയ വീടും നിലംപൊരുളും
കണ്ടിടും ഉറ്റോർ ഉടയവരും
കൂടുവിട്ടു നിൻ ജീവൻ പോയാൽ
കൂടെവരാതെ വേർപെടുമേ- വരുവീൻ....

3. ഉലകം മായ അഴകു സമം
അതു നമ്പാതെ മയക്കും നിന്നെ
മരണം ഒരുനാൾ വന്നീടുമേ
മറക്കാതെ നിൻ രക്ഷകനെ- വരുവീൻ....

4. വാനത്തിൻ കീഴെ ഭൂമി മീതെ
വാനവനേശു നാമമെന്യേ
രക്ഷിപ്പാൻ മാർഗ്ഗം വേറെയില്ല
രക്ഷകനേശു താൻ വഴിയേ- വരുവീൻ....

5. തീരാത്ത പാപം വ്യാധിയേയും
മാറാത്ത എല്ലാ വേദനയും
ഘോരകുരിശിൽ ചുമന്നു നിന്നെ
സൗഖ്യമാക്കി തൻ അടിപ്പിണരാൽ- വരുവീൻ....

6. സത്യവചനം കേട്ടു നീ വാ
നിത്യജീവൻ നിനക്കേകീടുമേ
നിൻ പേരും ജീവപുസ്തകത്തിൽ
വെണ്മയായ് ഇന്ന് എഴുതീടുമേ- വരുവീൻ....

# 93

വഴിയരികിൽ പഥികനായ് കാത്തുനിൽക്കും നാഥൻ
വഴിതെറ്റിയാൽ സ്നേഹമോടെ തേടിയെത്തും നാഥൻ
അകലെനിന്നും കാണുംനേരം ഓടിയെത്തും ചാരേ
സ്നേഹമോടെ ചേർത്തുനിർത്തി ഉമ്മവയ്ക്കും നാഥൻ

1. പാപങ്ങൾ ചെയ്തു ചെയ്തു ഭാരമേറുമ്പോൾ
രോഗത്താൽ നിൻ മനസ്സിൽ ക്ലേശമേറുമ്പോൾ
ഓർക്കുക നീ ഓർക്കുക നീ
രക്ഷകനാം യേശു എന്റെ കൂടെയുണ്ടെന്ന്
സ്നേഹമുള്ള ദൈവമെന്റെ കൂടെയുണ്ടെന്ന് വഴി....

2. അന്ധന്മാർ അന്നവന്റെ കാരുണ്യം തേടി
ബധിരന്മാർക്കന്നവനാൽ കേൾവിയുമായി
ഓർക്കുക നീ ഓർക്കുക നീ
പാപികളെ തേടിവന്ന നാഥനുണ്ടെന്ന്
ക്രൂശിതനായ് മരിച്ചുയർത്ത യേശു ഉണ്ടെന്ന് വഴി....

# 94

വാ വാ യേശുനാഥാ! വാ വാ സ്നേഹനാഥാ!
ഹാ! എൻ ഹൃദയം തേടീടും സ്നേഹമേ! നീ

1. നീയെൻ പ്രാണനാഥൻ നീയെൻ സ്നേഹരാജൻ
നിന്നിലെല്ലാമെൻ ജീവനും സ്നേഹവുമേ- വാ വാ...
2. പാരിലില്ലിതുപോൽ-വാനിലില്ലിതുപോൽ
നീയൊഴിഞ്ഞുള്ളൊരാനന്ദം ചിന്തിച്ചീടാൻ വാ വാ...
3. പൂക്കൾക്കില്ല പ്രഭ തേൻ മധുരമല്ല
നീ വരുമ്പോഴെന്നാനന്ദം വർണ്ണ്യമല്ല വാ വാ...
4. വേണ്ട പോകരുതേ-നാഥാ നിൽക്കേണമേ
തീർത്തുകൊള്ളാം ഞാൻ നല്ലൊരു പൂമണ്ഡലം വാ വാ...
5. ആധിചേരുകിലും വ്യാധി നോവുകിലും
നീയരികിലെന്നാലെനിക്കാശ്വാസമേ വാ വാ...
6. ശാന്തിയിൽ നീന്തി നീന്തി-കാന്തിയിൽ മുങ്ങിമുങ്ങി
നിന്നിൽ ഞാനുമേ എന്നിൽ നീ ഇങ്ങനെ നാം വാ വാ...

# 95

വാഴും ഞാനെൻ രക്ഷിതാവിൻ കൂടെയെപ്പോഴും
തൻകൃപയിൽ ആശ്രയിക്കും എല്ലാ നാളും ഞാൻ
പാടും എന്നും ഞാൻ എന്റെ പ്രിയനായ്

1. എന്റെ പ്രിയൻ വാനിൽ നിന്നെഴുന്നള്ളീടുന്ന
മാറ്റൊലി ഞാൻ കേട്ടിടുന്നു നാട്ടിലെങ്ങുമേ
ക്ഷാമം ഭൂകമ്പം അതിനാരംഭം (2) വാഴും....
2. ക്ഷാമത്താലീക്ഷോണി എങ്ങും ക്ഷീണമാകുമ്പോൾ
എനിക്കെത്തിടാത്ത നിക്ഷേപമുണ്ടെന്റെ പ്രിയനിൽ
എന്നെ പോറ്റിടും എന്റെ രക്ഷകൻ (2) വാഴും....
3. ഇന്നലെക്കാളിന്നു ഞാനെൻ പ്രിയൻ നാടിനോ-
ടേറ്റം അടുത്തായതെനിക്കെത്രയാനന്ദം
എന്റെ പ്രിയനെ ഒന്നു കാണുവാൻ (2) വാഴും....
4. ഈ വാരിധിയിൽ വൻതിരയിൽ തള്ളലേറ്റു ഞാൻ
മുങ്ങിടാതെ പ്രിയനെന്റെ ബോട്ടിലുണ്ടല്ലോ
ഗാനം പാടിയെൻ നാട്ടിലെത്തുമേ (2) വാഴും....
5. എൻ രക്ഷിതാവേ! നിൻ വരവു കാത്തു കാത്തു ഞാൻ
ഈ ദുഷ്ടലോകെ കഷ്ടതകൾ എത്ര ഏൽക്കണം
നിന്നെക്കാണുമ്പോൾ എൻ ദുഃഖം തീർന്നുപോം (2) വാഴും....

## 96

വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു വാഴ്ത്തിടുന്നു ഞാൻ
എൻ രക്ഷകനെ നന്ദിയോടെ വാഴ്ത്തിടുന്നു ഞാൻ

1. മാട്ടിൻ തൊഴുത്തിൽ പിറന്ന മാന്യസുതനേ!
ഹീനവേഷം എടുത്തനിന്നെ വാഴ്ത്തിടുന്നു ഞാൻ

2. പാതകർക്കായ് നീതി വഴി ഓതിത്തന്നോനേ!
പാരിടത്തിൽ നിന്നെ ഓർത്തു വാഴ്ത്തിടുന്നു ഞാൻ

3. ഗദ്സമനേ ശിഷ്യരുമായ് പ്രാർത്ഥിച്ചവനേ!
രക്തവും വിയർത്തവനേ! വാഴ്ത്തിടുന്നു ഞാൻ

4. കുരിശെടുത്തു മലമുകളിൽ നടന്നുപോയോനേ!
തൃപ്പാദം രണ്ടും ചുംബിച്ചപ്പോൾ വാഴ്ത്തിടുന്നു ഞാൻ

5. കുരിശിലിരുമ്പാണികളാൽ തറയ്ക്കപ്പെട്ടോനേ!
ഏഴുമൊഴി ചൊന്നവനേ! വാഴ്ത്തിടുന്നു ഞാൻ

6. കുരിശിലേറി മരിച്ചുയർത്തു സ്വർഗ്ഗേ പോയോനേ!
നിത്യം ജീവിക്കുന്നവനേ! വാഴ്ത്തിടുന്നു ഞാൻ

7. ദൂതരുമായ് മേഘവാഹനേ വരുന്നോനേ!
വേഗം നിന്നെ കാൺമതിനായ് കാത്തിടുന്നു ഞാൻ

8. എന്നു മേഘേ വന്നു കാണാം രക്ഷകനേ! ഞാൻ
നോക്കി നോക്കി കാത്തിടുന്നേ നിൻ വരവിനായ്

9. നിൻ വരവിൽ മുന്നണിയായ് നിന്നിടണേ ഞാൻ
വാഴ്ത്തി വാഴ്ത്തി നിന്നീടണേ നിൻവരവിൽ ഞാൻ വാഴ്ത്തി....

## 97

വാഴ്ത്തീടുക സ്തുതിച്ചാർത്തിടുക
അവന്റെ നാമം ഉയർത്തിടുക (2)

1. പച്ചപ്പുൽ മേടുകളിൽ ദിനവും
പാലിപ്പതോർത്താൽ എങ്ങനെ നാം
പാലകനേശുവേ മറന്നിരിക്കും
തൻ ദയ ഒന്നായ് ഘോഷിച്ചിടാം വാഴ്ത്തീ...

2. ഈശാനമൂലൻ അടിച്ചുയർന്നു
പടകു തകർന്നെന്നു തോന്നിയപ്പോൾ
നൊടിയിൽ ജയം തന്ന രക്ഷകന്റെ
പാലനം ഓർത്തു നാം സ്തുതിച്ചീടുക വാഴ്ത്തീ...

3. ഇന്നെന്ന ഭാരത്താൽ ഞെരുങ്ങിയപ്പോൾ
ഒന്നും ഭയപ്പെടേണ്ടെന്നുര ചെയ്തില്ലേ
കാക്കയാൽ ഭക്തനെ പോറ്റിയ നാഥന്റെ
സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചീടുക വാഴ്ത്തീ...

4. കഷ്ടത്തിൻ കോട്ടയിൽ അകപ്പെട്ടപ്പോൾ
അപ്പുറം കടന്നിടാൻ പഴുതില്ലാതെ
അകത്തും പുറത്തും പീഢനം വന്നപ്പോൾ
രക്ഷിച്ച നാഥനെ സ്തുതിച്ചീടുക വാഴ്ത്തീ...

# 98

വിശുദ്ധിയെ തികച്ചു നാം ഒരുങ്ങി നിൽക്ക-പ്രിയൻ
വരുവതിൻ താമസം ഏറെയില്ല -തന്റെ
വാഗ്ദത്തങ്ങൾ പലതും നിറവേറുന്നേ-ഒരുങ്ങീടാം (2)

1. യുദ്ധങ്ങൾ ക്ഷാമങ്ങൾ ഭൂകമ്പം പല
വ്യാധികളാൽ ജനം നശിച്ചിടുന്നു -രാജ്യം
രാജ്യങ്ങളോടെതിർത്തു തുടങ്ങിയല്ലോ-ഒരുങ്ങീടാം (2)

2. കൊട്ടാരങ്ങൾ തുടങ്ങി കൊട്ടിൽ വരെ-ജനം
കണ്ണുനീർ താഴ്വരയിലല്ലയോ-ഒരു
സ്വസ്ഥതയുമില്ല മനുഷ്യർക്കിഹേ-ഒരുങ്ങീടാം (2)

3. ആകാശത്തിൻ ശക്തി ഇളകുന്നതാൽ-ഭൂവിൽ
എന്തുഭവിക്കുമെന്നോർത്തുകൊണ്ട്-ജനം
പേടിച്ചു നിർജ്ജീവരായിടുന്നേ-ഒരുങ്ങീടാം (2)

4. ബുദ്ധിമാന്മാർ പലർ വീണിടുന്നേ-ദൈവ
ശക്തി ത്യജിച്ചവരോടിടുന്നേ-ലോക
മോഹങ്ങൾക്കധീനരായ് തീരുന്നതാൽ-ഒരുങ്ങീടാം (2)

5. മേഘാരൂഢനായി വന്നീടുമേ-പതി
നായിരം പേരിലും സുന്ദരൻ താൻ-തന്റെ
കോമളരൂപം കണ്ടാനന്ദിപ്പാൻ-ഒരുങ്ങീടാം (2)

6. മാലിന്യപ്പെട്ടിടാതോടീടുക മണ-
വാളൻ വരവേറ്റം അടുത്തുപോയി-മണി
യറയിൽ പോയി നാം ആശ്വസിപ്പാൻ-ഒരുങ്ങീടാം (2) വിശുദ്ധി....

# 99

വിശ്വാസജീവിത പടകിൽ ഞാൻ
സീയോൻ നഗരിയിൽ പോകുന്നു ഞാൻ
വിശ്വാസനായകനേശുവേ നോക്കി
വിശ്രമദേശത്തു പോകുന്നു ഞാൻ

1. അലകൾ പടകിൽ അടിച്ചെന്നാൽ
അല്ലലൊരല്പവും ഇല്ലെനിക്ക്
ആഴിയും ഊഴിയും നിർമ്മിച്ച നാഥൻ
അഭയമായെന്നരികിലുണ്ട്. വിശ്വാസ....

2. നാനാപരീക്ഷകൾ വേദനകൾ
നന്നായെനിക്കുണ്ടെന്നായീടിലും
നാഥനെ ഉള്ളത്തിൽ ധ്യാനിച്ചു-എന്റെ
ക്ഷീണം മറന്നങ്ങുപോകുന്നു ഞാൻ വിശ്വാസ....

3. മരണനിഴലിൻ താഴ്‌വരയിൽ
ശരണമായെനിക്കേശുവുണ്ട്
കരളലിഞ്ഞു എൻ കൈകൾ പിടിച്ചു
താങ്ങി നടത്തുമെന്നന്ത്യം വരെ വിശ്വാസ....

4. വിണ്ണിലെൻ വീട്ടിൽ ഞാൻ ചെന്നുചേരും
കണ്ണുനീരൊക്കെയും അന്നുതീരും
എണ്ണിയാൽ തീരാത്ത വൻകൃപകൾ
വർണ്ണിച്ചുപാദത്തിൽ വീണീടും ഞാൻ വിശ്വാസ....

# 100

വീണ്ടെടുക്കപ്പെട്ട കൂട്ടമേ-വേഗമുണർന്നു
രക്ഷകന്റെ വേല ചെയ്യുവിൻ
അന്ത്യകാലം വന്നടുത്തേ
പെന്തക്കോസ്തിൻ ജ്വാലയാലെ
ചന്തമോടെ വേല ചെയ്താൽ
സ്വന്തനാട്ടിൽ പോയിടുമേ

1. അബ്രഹാം യിസഹാക്കു യാക്കോബ് എന്നീ വിശുദ്ധർ
എത്രനാളായ് പാർത്തലം വിട്ടു
കാത്തു കാത്തു നിന്നീടുന്ന സോദരാ! നീ ഓർത്തീടുക
പൂർത്തിയായ് നിൻ വേല തീർത്തു-
പാർത്തലം വെടിഞ്ഞുപോകാം വീണ്ടെ...

2. ഉന്നതവിളിക്കു യോഗ്യനേ! വിളിച്ചവന്റെ
സന്നിധിയിൽ നിന്നു മാറല്ലേ
മന്നിടത്തിൽ നിന്നെയോർത്തു ഉന്നതം വെടിഞ്ഞുവന്ന
നന്ദനന്റെ വന്ദ്യപാദം എന്നുമൊന്നായ് വന്ദിച്ചീടാം വീണ്ടെ...

3. ഈ ലോകരാജ്യം അസ്തമിക്കാറായ്
ആ ലോകരാജ്യം വേഗമിതാ ആഗമിക്കാറായ്
പാപമില്ലാ പരിശുദ്ധൻ പാരിടത്തിൽ വന്നു തന്റെ
പാവനമായ് ജീവിക്കുന്ന പാവനരെ ചേർത്തിടുമെ വീണ്ടെ...

4. ഇനി അല്പകാലം മാത്രമേയുള്ളൂ നാം എത്രവേഗം
കൃത്യമായി വേല തീർത്തിടാം
എത്രനാൾ ലഭിച്ചീടുമോ അത്രനാളും രക്ഷകന്റെ
പുത്രത്വത്തിൻ ആത്മാവാലെശക്തിയായ്തൻ വേലതീർക്കാം വീണ്ടെ...

## 101

വെള്ളത്തിന്മീതെ പരിവർത്തിച്ച
ദൈവത്തിൻ ആത്മാവേ
പരിശുദ്ധാത്മാവേ!.... പരിശുദ്ധാത്മാവേ!

1. ഉള്ളത്തിൽ ഇന്നു വന്നു നിറയേണമേ
കൊള്ളുവാനിടമില്ലാതൊഴുകേണമേ
ദാഹിക്കും ദേഹി കുളിരണിയേണമേ
പാപിക്കു ബോധനമേകണമേ
സത്യാരൂപിയാം നിത്യദൈവമേ
കത്തിപ്പടരണമിവിടെ.... (2)

2. ആദിഭൂവിൽ ജീവൻ നിറച്ചായതു പോലാകുവാൻ
ആത്മമാരി ചൊരിയേണം ആദിനാഥനേ!....
കൊണ്ടു നിന്നെ വേണ്ടും നേരം പണ്ട് ശുദ്ധന്മാർ
ഉണ്ടെന്നുള്ളിൽ കത്തും കനൽ കാറ്റടിക്കുമ്പോൾ (2) സത്യാ...

3. ചാവാറായശേഷിപ്പൊക്കെ പോഷിച്ചുണർന്നീടുവാൻ
ജീവന്നുറവുകളൊക്കെ തുറക്കണമേ....
സ്തേഫാനോസിനായ് തുറന്ന സ്വർഗ്ഗം ദർശിപ്പാൻ
അസ്ഥിക്കൂമ്പാരങ്ങൾ ജീവിച്ചാനന്ദിപ്പാൻ (2) സത്യാ...

# 102

1. ഹാ മനോഹരം! യാഹേ! നിന്റെ ആലയം
എന്തൊരാനന്ദം തവ പ്രാകാരങ്ങളിൽ
ദൈവമേ! എന്നുള്ളം നിറയുന്നു
ഹല്ലേലുയ്യാ പാടും ഞാൻ (2)
ദൈവം നല്ലവൻ എല്ലാവർക്കും വല്ലഭൻ
തൻമക്കൾക്കെന്നും പരിചയാം (2)
നന്മയൊന്നും മുടക്കുകയില്ല-
നേരായ് നടപ്പവർക്ക് (2)
2. ഒരു സങ്കേതം യാഹേ! നിന്റെ ആലയം
മീവൽ പക്ഷിക്കും ചെറുകുരികിലിനും
രാവിലെ നിൻ നന്മകളെ ഓർത്തു
പാടി സ്തുതിച്ചിടും ഞാൻ (2) ദൈവം....
3. ഞങ്ങൾ പാർത്തീടും നിത്യം നിന്റെ ആലയേ
ഞങ്ങൾ ശക്തരാം എന്നും നിന്റെ ശക്തിയാൽ
കണ്ണുനീരും കഴുമരമെല്ലാം
മാറ്റും അനുഗ്രഹമായ് (2) ദൈവം....

# 103

1. ഹൃദയം തകർന്നൊരുനാൾ യേശുവേ! നിന്നെ വിളിച്ചു
കരുത്തേകും നിൻ കരമെൻ തോളിൽ
പതിച്ചു ദുഃഖം മറഞ്ഞു എൻ മിഴികൾ നിറഞ്ഞൊഴുകി
2. കുരിശുകളോരോന്നായ് പെരുകുമ്പോൾ
അവശതയാൽ ചുറ്റും നോക്കീ ഞാൻ
കടമൊന്നും വീട്ടാൻ കഴിയാതെ
പടിവാതിൽ മുട്ടി തളരുമ്പോൾ
കാലക്കേടാണെന്നോതിയെല്ലാരും
വേഗം എന്നിൽ നിന്നകലുമ്പോൾ

നാണക്കേടിന്റെ നേരത്താരും
തെല്ലാശ്വാസം നല്കാനില്ലാതായ്
ക്രൂശിലേയ്ക്കൊന്നു നോക്കി ഞാൻ- ഹൃദയം....

3. സഹജരേ ഞാനെന്നും സ്നേഹിച്ചു
അവരുയരാൻ നന്നായ് യത്നിച്ചു
പകലും രാവും ഞാൻ പ്രാർത്ഥിച്ചു
സമയം ഞാനേറെ പങ്കിട്ടു
എന്നെത്തേടാനും കൂടെ നിൽക്കാനും
വരുമല്ലോ അവരെന്നാശിച്ചു
പണമില്ലാതായി ബലമില്ലാതായി
ആർക്കും വേണ്ടാ കറിവേപ്പിലയായ്
ദൈവത്തിൻ സ്നേഹം ഓർത്തു ഞാൻ ഹൃദയം....

# 104

നിൻ ദാനം ഞാൻ അനുഭവിച്ചു
നിൻ സ്നേഹം ഞാൻ രുചിച്ചറിഞ്ഞു (2)
യേശുവേ എൻ ദൈവമേ!
നീയെന്നും മതിയായവൻ (2)

1. യേശു എനിക്കു ചെയ്ത നന്മകളോർത്തിടുമ്പോൾ
നന്ദികൊണ്ടെൻ മനം പാടീടുമേ
സ്തോത്രഗാനത്തിൻ പല്ലവികൾ യേശുവേ....

2. ദൈവമേ! നിന്റെ സ്നേഹം എത്രനാൾ തള്ളിനീക്കി
അന്നു ഞാൻ അന്യനായ് അനാഥനായ്
എന്നാൽ ഇന്നോ ഞാൻ ധന്യനായ് യേശുവേ....

3. എൻ ജീവൻ പോയെന്നാലും എനിക്കതിൽ ഭാരമില്ല
എന്റെ ആത്മാവിനു നിത്യജീവൻ
എന്നേശുതാൻ ഒരുക്കിയല്ലോ (2) യേശുവേ....

4. നിത്യത ഓർത്തിടുമ്പോൾ എൻ ഹൃത്തടം ആനന്ദിക്കും
സ്വർഗ്ഗീയ സൗഭാഗ്യജീവിതം
വിശ്വാസക്കണ്ണാൽ ഞാൻ കണ്ടീടുന്നു (2) യേശുവേ....

## 105

നിർമ്മലമായൊരു ഹൃദയമെന്നിൽ
നിർമ്മിച്ചരുളുക നാഥാ!
നേരായൊരു നൽമാനസവും
തീർത്തരുളുകെന്നിൽ നീ ദേവാ! (2)

1. തവതിരുസന്നിധി തന്നിൽ നിന്നും
തള്ളിക്കളയരുതെന്നെ നീ
പരിപാവനനെയെന്നിൽ നിന്നും
തിരികെയെടുക്കരുതെൻ പരനേ! നിർമ്മല....

2. രക്ഷദമാം പരമാനന്ദം നീ
വീണ്ടും നൽകണമെൻ നാഥാ!
കൻമഷമിയലാതൊരു മനമെന്നിൽ
ചിൻമയരൂപാ! തന്നിടുകാ നിർമ്മല....

## 106

നീ എന്റെ രക്ഷകൻ നീ എന്റെ പാലകൻ
നീ എന്റെ അഭയസ്ഥാനം
നീറിടുംവേളയിൽ-നീയെനിക്കേകിടും
നന്മയിൻ നീരുറവ (2)

1. നീ ഞങ്ങൾക്കേകിടും നന്മകൾ ഓർത്തെന്നും
പാടിടും സ്തുതിഗീതങ്ങൾ (2)
ആകുലനേരത്തും ആനന്ദഗാനങ്ങൾ
പാടി ഞാനാശ്വസിക്കും നീറിടും....

2. ജീവിത സാഗരേ ഘോരമാം അലകൾ
അടിക്കടി ഉയർന്നീടുമ്പോൾ (2)
കർത്താവിലെപ്പോഴും സന്തോഷിച്ചാർക്കുവിൻ
സ്തോത്രയാഗം കഴിപ്പിൻ നീറിടും...

## 107

നീ എന്റെ സങ്കേതവും-നീ എന്റെ കോ-ട്ടയും
നീ എന്റെ പ്രാണനാഥൻ-നീയെൻ ദൈവം

ആരാധിക്കും ഞാൻ പൂർണ്ണഹൃദയത്തോടെ
തേടും നിൻ മുഖം ജീവകാലമെല്ലാം
സേവിച്ചിടും ഞാനെൻ സർവ്വവുമായ്-അടിയനിതാ

അടിയനിതാ ദേവാ! അടിയനിതാ ദേവാ....
അടിയനിതാ ദേവാ! അടിയനിതാ ദേവാ.... (2)

2. നീ എന്റെ രക്ഷകനും-നീ എന്റെ വൈ-ദ്യനും
നീ എന്റെ ആലംബവും-നീയെൻ ദൈവം ആരാധി....

3. നീ എന്റെ പാലകനും- നീ എന്റെ ആശ്വാ-സവും
നീ എന്റെ മറവിടവും-നീയെൻ ദൈവം- ആരാധി....

# 108

1. നീങ്ങിപ്പോയ് എന്റെ ഭാരങ്ങൾ
മാറിപ്പോയ് എന്റെ ശാപങ്ങൾ
സൗഖ്യമായെന്റെ രോഗങ്ങൾ
യേശുവിൻ നാമത്തിൽ (2)

2. ഹല്ലേലുയ്യാ ഞാൻ പാടിടും
യേശുവിനെ ആരാധിക്കും
ഹല്ലേലുയ്യാ ഞാൻ വാഴ്ത്തിടും
സർവ്വ ശക്തനായവനെ (2)

3. യേശുവിൻ നാമം വിടുതലായ്
യേശുവിൻ നാമം സൗഖ്യമായ്
യേശുവിൻ നാമം രക്ഷയായ്
യേശു എന്നെ വീണ്ടെടുത്തു ഹല്ലേലുയ്യാ....

4. യേശുവിൻ രക്തം ശുദ്ധിക്കായ്
യേശുവിൻ രക്തം കഴുകലായ്
യേശുവിൻ രക്തം സൗഖ്യമായ്
യേശുവിൻ രക്തത്താൽ ഹല്ലേലുയ്യാ....

# 109

1. നീയെന്റെ വെളിച്ചം-ജീവന്റെ തെളിച്ചം
നീയെൻ അഭയമല്ലേ-അമ്മേ! (2)
കൈവെടിയരുതേ കന്യാമറിയമേ
കനിവിൻ കേദാരമേ!-അമ്മേ! (2)

2. എന്റെ ഹൃദയം തകരും നേരം
എനിക്ക് താങ്ങായ് നിൽക്കേണമേ
നിന്റെ ദയതൻ കൽപ്പടവിൽ നീ
എന്നെ ഇരുത്തേണമെ അമ്മേ!-കനിവിൻ കേദാരമേ!

3. അപമാനത്തിൽ അഗ്നിയിലെരിയും
ഇടയകന്യകയാണു ഞാൻ
ഈ നശ്വരപഞ്ജരം വെടിയാൻ കനിയൂ
യേശുമാതാവേ! അമ്മേ!-കനിവിൻ കേദാരമേ!

# 110

പരമപിതാവിനു സ്തുതി പാടാം
അവനല്ലോ ജീവനെ നൽകിയവൻ
പാപങ്ങളാകവേ ക്ഷമിച്ചിടുന്നു
രോഗങ്ങളഖിലവും നീക്കിടുന്നു

1. അമ്മയെപ്പോലെന്നെ ഓമനിച്ചു
അപകടവേളയിൽ പാലിച്ചവൻ
ആഹാരപാനീയമേകിയവൻ
നിത്യമാം ജീവനെ നൽകീടുന്നു — പരമ....

2. ഇടയനെപ്പോലെന്നെ തേടിവന്നു
പാപക്കുഴിയിൽ നിന്നേറ്റിയവൻ
സ്വന്തമാക്കി നമ്മെ തീർത്തിടുവാൻ
സ്വന്തരക്തം നമുക്കേകിയവൻ — പരമ....

3. കൂടുകളെക്കൂടെ കൂടിളക്കി
പറക്കുവാനായ് നമ്മെ ശീലിപ്പിച്ചു
ചിറകുകളതിന്മേൽ വഹിച്ചു നമ്മെ
നിലം പരിചായി നാം നശിച്ചിടാതെ- — പരമ....

4. സ്തോത്രം ചെയ്യാം ഹൃദയംഗമായി
കുമ്പിടാം അവൻ മുമ്പിലാദരവായി
ഹല്ലേലുയ്യാ പാടാം മോദമോടെ
അവനല്ലോ നമ്മുടെ രക്ഷാനാഥൻ — പരമ....

## 111

പരിശുദ്ധൻ മഹോന്നത ദേവൻ
പരനെങ്ങും വിളങ്ങും മഹേശൻ
സ്വർഗ്ഗീയ സൈന്യങ്ങൾ വാഴ്ത്തി സ്തുതിക്കും
സ്വർലോക നാഥനാം മിശിഹാ.....
ആഹ...ഹാ...ഹാ....ലേ-ലുയ്യാ (3)

1. അവൻ അത്ഭുത മന്ത്രിയാം ദൈവം
നിത്യതാതനാം വീരനാം ദൈവം
ഉന്നതദേവൻ നീതിയിൻ സൂര്യൻ
രാജാധിരാജനാം മശിഹാ
ആഹ...ഹാ...ഹാ....ലേ-ലുയ്യാ (3) പരിശുദ്ധ....

2. കോടാകോടിതൻ ദൂതസൈന്യവുമായ്
മേഘാരൂഢനായ് വരുന്നിതാ വിരവിൽ
തൻ പ്രിയ സുതരെ തന്നോടു ചേർപ്പാൻ
വേഗം വരും യേശുമിശിഹാ...
ആഹ...ഹാ...ഹാ....ലേ-ലുയ്യാ (3) പരിശുദ്ധ....

## 112

പരിശുദ്ധാത്മാവേ! ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ! നീ അറിയുന്നു

1. ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോൽ ആത്മാവേ
അമിതബലം തരണേ പരിശുദ്ധാ...

2. ലോകത്തിൻ മോഹം വിട്ടോടീടുവാൻ
സാത്താന്യശക്തിയെ ജയിച്ചീടുവാൻ
ധീരതയോടു തൻ സേവചെയ്‌വാൻ
അഭിഷേകം ചെയ്തിടണേ പരിശുദ്ധാ...

3. കൃപകളും വരങ്ങളും ജ്വലിച്ചീടുവാൻ ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നീടുവാൻ
പിന്മഴയെ വീണ്ടും അയയ്ക്കേണമെ
നിൻജനം ഉണർന്നീടുവാൻ..... പരിശുദ്ധാ...

## 113

1. പാടി പുകഴ്ത്തിടാം ദേവദേവനേ
പുതിയതാം കൃപകളോടെ
ഇന്നലെയും ഇന്നും എന്നും
മാറായേശുവേ നാം പാടി പുകഴ്ത്താം (2)

യേശു എന്ന നാമമേ-എന്നാത്മാവിൻ ഗീതമേ!
എൻ പ്രിയ യേശുവേ! ഞാനെന്നും വാഴ്ത്തി പുകഴ്ത്തിടുമേ

2. ഘോരഭയങ്കര കാറ്റും അലയും
കൊടിയതായ് വരും നേരത്തിൽ (2)
കാക്കും കരങ്ങളാൽ ചേർത്തു മാർവ്വണച്ച
സ്നേഹം നിത്യം - പാടും ഞാൻ യേശു....

3. പെറ്റതള്ള കുഞ്ഞിനെ മറന്നാലും
ഞാൻ മറക്കാ- എന്ന വാർത്തയാൽ (2)
താങ്ങി എന്നെ തൻ കരത്തിൽവെച്ചു
ജീവപാതേ എന്നും ഓടും ഞാൻ യേശു....

4. ഭൂമിയിലെങ്ങും പോയി സാക്ഷിചൊല്ലുവീൻ
എന്നുരച്ച കല്പനയതാൽ (2)
ദേഹം ദേഹിയെല്ലാം ഒന്നായ് ചേർന്നു
പ്രിയനായ് വേല ചെയ്യും ഞാൻ- യേശു....

5. യോർദ്ദാൻ സമമനശോധനയിലും
താണുവീണുപോകാതെ
ആർപ്പിൻ ജയധ്വനിയോടെ
കാത്തുപാലിക്കുന്ന സ്നേഹ-മാശ്ചര്യം- യേശു....

## 114

പെന്തക്കോസ്തു നാളിൽ മുൻമഴ പെയ്യിച്ച
പരമപിതാവേ പിൻമഴ നൽക
പിൻമഴ പെയ്യേണം മാലിന്യം മാറേണം
നിൻ ജനമുണർന്നു വേല ചെയ്തീടാൻ

1. മുട്ടോളമല്ല അരയോളം പോരാ
വലിയോരു ജീവനദിയൊഴുകാൻ
നീന്തിയിട്ടല്ലാതെ-കടപ്പാൻ വയ്യാത്ത
നീരുറവ ഇന്നു തുറക്കനാഥാ പെന്ത....

2. ചലിക്കുന്ന എല്ലാ-പ്രാണികളുമിന്നു
ചലനമുണ്ടാക്കി ജീവൻ പ്രാപിപ്പാൻ
ചൈതന്യം നൽകേണം-നവജീവൻ വേണം
നിത്യതയിലെത്തി-ആശ്വസിച്ചിടാൻ — പെന്ത....

3. സൈന്യത്താലെയല്ല-ശക്തിയാലുമല്ല
ദൈവത്തിന്റെ ആത്മശക്തിയാലത്രെ
ആർത്തുപാടി സ്തുതിക്കാം-ഹല്ലേലുയ്യാ പാടാം
ആണിക്കല്ല് കയറ്റാം-ദൈവസഭ പണിയാം — പെന്ത....

# 115

പ്രാർത്ഥന കേൾക്കണമേ
കർത്താവേ! എൻ യാചന നല്കണമെ (2)

1. പുത്രന്റെ നാമത്തിൽ ചോദിക്കും കാര്യങ്ങൾ
ക്കുത്തരം തന്നരുളാ-മെന്നുള്ളൊരു-
വാഗ്ദത്തം പോൽ ദയവായ് — പ്രാർത്ഥന....

2. താതനും മാതാവും നീയെനിക്കല്ലാതെ
ഭൂതലം തന്നിലില്ലേ വേറാരുമെൻ
ആതങ്കം നീക്കിടുവാൻ — പ്രാർത്ഥന....

3. നിത്യതയിൽ നിന്നുള്ളത്യന്ത സ്നേഹത്താൽ
ശത്രുതയെ അകറ്റി- എനിക്കു
നീ പുത്രത്വം തന്നതിനാൽ — പ്രാർത്ഥന....

4. സ്വന്തകുമാരനെ ആദരിയാതെന്മേൽ
സിന്ധുസമം കനിഞ്ഞ-സംപ്രീതിയോർ-
ത്തന്തികേ-ചേർന്നിടുന്നേൻ — പ്രാർത്ഥന....

5. കള്ളന്റെ യാചന കേട്ടുള്ളലിഞ്ഞ നിൻ
തുല്യമില്ലാദയയോർത്തിതാ-വന്നേൻ
നല്ലവനേ! സദയം — പ്രാർത്ഥന....

6. യേശുവിൻ മൂലമെൻ-യാചന നൽകുമെ-
ന്നാശയിൽ കെഞ്ചീടുന്നേ- അല്ലാതെന്നിൽ
ലേശവും നന്മയില്ലേ — പ്രാർത്ഥന....

# 116

പ്രാർത്ഥനയാൽ സാധിക്കാത്ത കാര്യമില്ലൊന്നും
പ്രാർത്ഥിക്കാത്ത കാരണത്താൽ ലഭിക്കുന്നില്ലൊന്നും
യാചിക്കുന്നതെല്ലാം-നിങ്ങൾ പ്രാപിച്ചുവെന്ന്
വിശ്വാസത്തോടെ-പ്രാർത്ഥിക്കുകിൽ നിശ്ചയം ഫലം

1. നിങ്ങൾ എന്നിൽ-എൻ വചനം നിങ്ങൾക്കുള്ളിലും
വാസം ചെയ്യുകിൽ-യാചനകൾ സാദ്ധ്യമായിടും
എന്നോടു ചേർന്നൊരു നാഴിക ഉണർന്നിരിക്കാമോ?
പാപചിന്തകൾ-ഒഴിഞ്ഞുപോകാൻ മാർഗ്ഗമിതല്ലയോ? (2)
പ്രാർത്ഥന....

2. മടുത്തുപോകാ-തൊടുക്കത്തോളം-പ്രാർത്ഥിച്ചീടേണം
തടഞ്ഞുവച്ചാൽ-ഒടുങ്ങിടാത്ത ശക്തിപ്രാപിക്കാം
ഇന്നുവരെ-എൻ നാമത്തിൽ ചോദിച്ചില്ലല്ലോ
ചോദിപ്പിൻ-നിങ്ങൾക്കേക്കാം പൂർണ്ണസന്തോഷം (2) പ്രാർത്ഥന....

# 117

1. ഭൂവാസികളേ! യഹോവയ്ക്കാർപ്പിടുവിൻ -(2)
സന്തോഷത്തോടെ വന്നു കൂടുവിൻ
സംഗീതത്തോടെ സ്തുതി പാടുവിൻ

അവൻ നല്ലവനല്ലോ-ദയയെന്നുമുള്ളത്
അവൻ വല്ലഭനല്ലോ-സ്തുതിയെന്നുമുള്ളത് (2)

2. യഹോവ തന്നെ ദൈവമെന്നറിവീൻ
അവൻ നമ്മെ മെനഞ്ഞുവല്ലോ (2)
അവൻ നമുക്കുള്ളവൻ - നാം അവനുള്ളവൻ
അവനേ വാഴ്ത്തീടുവീൻ (2) അവൻ....

3. യഹോവ തന്നെ വിശ്വസ്തനെന്നറിവീൻ
അവൻ നമ്മെ വിടുവിച്ചല്ലോ (2)
അവൻ നല്ല ഇടയൻ തന്റെ ആടുകൾ നാം
അവനെ വാഴ്ത്തീടുവീൻ (2) അവൻ....

## 118

മൺമയമാം ഈയുലകിൽ കാൺമതു മായ
വൻ മഹിമ ധനം സുഖങ്ങൾ സകലതും മായ

1. മന്നിൽ നമ്മൾ ജീവിതമോ പുല്ലിനെപ്പോലെ
ഇന്നുകണ്ടു നാളെ വാടും പൂക്കളെപ്പോലെ മൺ.....

2. ധാന്യ, ധനം, ലാഭം, കീർത്തി ഹാ! നഷ്ടമാകും
മാന്യമിത്രരാകെ നമ്മെ പിരിഞ്ഞിനീം പോകും മൺ.....

3. ഏഴുപത്തോ ഏറെയായാൽ എൺപതുമാത്രം
നീളുമായുസ്സതു നിനച്ചാൽ കഷ്ടതമാത്രം മൺ.....

4. ലോകമരുഭൂവിൽ മർത്യരാശ്രയം തേടി
ശോകക്കൊടും വെയിലിലയ്യോ വീഴുന്നുവാടി മൺ.....

5. ദൈവമക്കൾ നമുക്കു സ്വർഗ്ഗം ഹാ! സ്വന്തദേശം
കേവലമീ പാരിടമോ വെറും പരദേശം മൺ.....

## 119

1. മദ്ധ്യാകാശത്തിങ്കൽ മണിപന്തലിൽ
മണവാട്ടി സഭയുടെ വേളി നടക്കും
മഹിമയിൽ വാഴുന്ന മണവാളനായ്
മാലിന്യം ഏല്ക്കാതെ നാം ഒരുങ്ങിനിൽക്ക (2) മദ്ധ്യാ....

വാനത്തിൽ മേഘത്തിൽ മദ്ധ്യവാനത്തിൽ
വന്നിടും കാന്തനായ് ഒരുങ്ങിനിൽക്കാം
വീണ്ടെടുക്കപ്പെട്ട ദൈവജനമേ!
വിശുദ്ധിയെ തികച്ചു നാം ഒരുങ്ങിനില്ക്കാം (2) മദ്ധ്യാ....

2. ഇത്രയും സ്നേഹം കിട്ടിയ-ഒരു മണവാട്ടി വെറെയില്ലല്ലോ
ഇത്രയും ഭാഗ്യമേറിയ-ഒരു മണവാട്ടി പാരിലില്ലല്ലോ
ഇനിയും കുറഞ്ഞോന്നു കഴിയുന്നേരം
വരുവാനുള്ളവൻ വേഗം വന്നീടും...(2) മദ്ധ്യാ....

3. ഇത്രയും സ്നേഹം നൽകിയ -ഒരു മണവാളൻ വേറെ ഇല്ലല്ലോ
ഇത്രയും രക്ഷ നൽകിയ- ഒരു രക്ഷകൻ ഭൂവിൽ ഇല്ലല്ലോ
സ്വന്തമാം ജീവനെ തന്നുവീണ്ടവൻ
തിരുരക്തം ചൊരിഞ്ഞു രക്ഷയേകിയോൻ (2) മദ്ധ്യാ....

# 120

1. മനമേ പക്ഷിഗണങ്ങളുണർ-ന്നിതാ പാട്ടു പാടിടുന്നു
   മനമേ നീയുമുണർന്നീട്ടേശു-പരനെ പാടി സ്തുതിക്ക
2. മനമേ നിന്നെ പരമോന്നതൻ-പരിപാലിക്കുന്നതിനെ
   നിനച്ചാൽ നിനക്കുഷസ്സിൽ കിട-ന്നുറങ്ങാൻ കഴിഞ്ഞീടുമോ
3. മൃഗജാലങ്ങളുണർന്നിടുന്ന-സമയത്തുനീകിടന്നു
   മൃഗത്തേക്കാളും നിർവ്വിചാരിയാ-യുറങ്ങാതെന്റെ മനമേ
4. മരത്തിൻകൊമ്പിലിരിക്കും പക്ഷി-ഉരയ്ക്കും ശബ്ദമതുകേ-
   ട്ടുറക്കം തെളിഞ്ഞുടനെ നിന്റെ -പരനെ പാടി സ്തുതിക്ക
5. പരനേശുതാതനതിരാവിലെ-തനിയെയൊരു വനത്തിൽ
   പരിചോടുണർന്നെഴുന്നേറ്റന്ന്-പ്രാർത്ഥിച്ചെന്നതും ഓർക്ക നീ
6. ഒരു വാസരമുഷസ്സായപ്പോൾ-പീലാത്തോസിന്റെ അരികെ
   പരനേശുവൊരജം പോൽനിന്ന-നില നീ ചിന്തിച്ചീടുക
7. പരനെതള്ളിപ്പറഞ്ഞ പത്രോസ്-അതിരാവിലെ സമയേ
   പെരുത്ത ദുഃഖം നിറഞ്ഞു-പുറത്തിറങ്ങി പൊട്ടിക്കരഞ്ഞു
8. മറിയാമതിരാവിലേശുവെ-കാണാഞ്ഞിട്ടുള്ളം തകർന്നു
   കരയുന്നതെന്തതുല്യസ്നേഹം-മനമേ നിനക്കതുണ്ടോ? മനമേ....